# ചാവറബിധിധ്യാനം

Kl. 616
6234

# ചാവറസിദ്ധിധ്യാനം

CARMEL JYOTHI
ALWAYE
THOTTAKATTUKARA

മൌണ്ട് കാർമ്മൽ ജനറലേററ്
ആലുവ-683 106

1995

# CHAVARASIDHIDHYANAM

(MALAYALAM)

*Prepared by*
Central Renewal Team

*Printed at*
Neethiman Press, Choondal

*Published by*
Mount Carmel Generalate
Aluva—683 106

*For Private Circulation Only*

# അവതാരിക

1996 ജനുവരി 3-ന് വാഴ്ത്തപ്പെട്ട ചാവറപ്പിതാവ് മരിച്ചിട്ട് 125 വർഷങ്ങൾ പൂർത്തിയാകുകയാണ്. ഇത്തരുണത്തിൽ നന്ദിയോടെയും, സ്നേഹത്തോടെയും ആ പുണ്യാത്മാവിനെ നമുക്കനുസ്മരിക്കാം. വാ. ചാവറപ്പിതാവും ലെയോപ്പോൾഡ് മൂപ്പച്ചനുമൊരുമിച്ച് നടത്തിയ പരിശ്രമത്തിന്റെ ഫലങ്ങളാണ് നമ്മുടെ സഭയിലൂടെ നാം ഇന്ന് അനുഭവിക്കുന്നത്. ഈ പുണ്യപിതാക്കന്മാർ തങ്ങളുടെ ജീവിതവും, ഉപദേശങ്ങളും, എഴുത്തുകളും വഴി കൈമാറിത്തന്നിട്ടുള്ള കാരിസത്തെക്കുറിച്ച് ഏതാനും വർഷങ്ങളായി നാം പഠിക്കുകയും, ധ്യാനിക്കുകയുമായിരുന്നു. ഈ 125-ാം ചരമവാർഷികത്തിനൊരുക്കമായി വാ. ചാവറപ്പിതാവിന്റെ സിദ്ധിയെക്കുറിച്ച് പഠിക്കുന്നതും, ധ്യാനിക്കുന്നതും ഏററവും അഭികാമ്യമെന്ന് പ്രത്യേകം എടുത്തുപറയേണ്ടതില്ലല്ലൊ. മാത്രമല്ല, "സി.എം.സി. യുടെ ആത്മചൈതന്യത്തിൽ ആഴപ്പെടാൻ ആഗ്രഹിക്കുകയും മാർഗ്ഗങ്ങൾ ആരായുകയും ചെയ്യുന്ന ഈ അവസരത്തിൽ സഭാംഗങ്ങൾ ഏവരും വാ. ചാവറപിതാവിന്റെ കൃതികൾ വിശദമായി പഠിച്ച് അദ്ദേഹത്തിന്റെ വ്യക്തിമുദ്രകളായ തിരുസ്സഭാദർശനവും ആദ്ധ്യാത്മികസമ്പന്നതയും" സ്വാംശീകരിച്ച് സ്വന്തമാക്കണമെന്ന് 1992-ൽ നടന്ന ജനറൽ ചാപ്റ്റർ ആഹ്വാനം ചെയ്തിട്ടുണ്ട്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിലാണ് 'ചാവറസിദ്ധി ധ്യാനം' എന്ന പേരിൽ ഒരു ധ്യാനം 1995-ൽ സഭാംഗങ്ങൾക്കുവേണ്ടി നടത്തുവാൻ തീരുമാനിച്ചത്.

വാ. ചാവറപ്പിതാവിന്റെ ചില പ്രത്യേക വാക്കുകളും, പ്രമേയങ്ങളും, അദ്ദേഹത്തിന്റെ ദർശനധ്യാനവും ഈ പുസ്തകത്തിന്റെ പേജുകളിൽ നമുക്ക് കണ്ടെത്തുവാൻ സാധിക്കും. തിരുക്കുടുംബത്തോടുള്ള പ്രത്യേക ഭക്തിയും ഇതിൽ തെളിഞ്ഞു കാണാം. ചാവറപ്പിതാവ് തിരുക്കുടുംബത്തിന് സ്വയം പ്രതിഷ്ഠിച്ചിരുന്നു. തിരുക്കുടുംബത്തിന്റെ സ്മരണ സദാ തന്നിൽ നിലനിർത്തിക്കൊണ്ടും, തിരുക്കുടുംബത്തോടൊപ്പം ജീവിച്ചുകൊണ്ടും അദ്ദേഹം സന്തോഷവും, കൃതജ്ഞതയും നിറഞ്ഞ ദൈവിക മനുഷ്യനായിത്തീർന്നു. ദൈവത്തെ 'അപ്പാ' എന്ന് വിളിക്കുന്നതിൽ അനുപമമായ സന്തോഷമനുഭവിച്ചു. അതിൽ നിന്നുയിർക്കൊണ്ട വിശ്വാസത്തിന്റേയും, പ്രത്യാശയുടേയും, സ്നേഹത്തിന്റേയും ഫലമായിരുന്ന 'കൂടെപ്പിറപ്പുകൾ'ക്കുവേണ്ടിയുള്ള ആത്മാർപ്പണം. തിരുസ്സഭയുടെ പ്രതിസന്ധിയിൽ അദ്ദേഹം കണ്ണുനീർചിന്തി പ്രാർത്ഥിച്ചിരുന്നു; പ്രാർത്ഥിക്കുവാൻ മററുള്ളവർക്ക് പ്രചോദനം നൽകി; പ്രാദേശിക സഭയുടെ വളർച്ചയ്ക്കായി

അദ്ധ്വാനിച്ചുകൊണ്ട് തിരുസ്സഭയുടെ വീരപുത്രനായിത്തീർന്നു. ഇങ്ങനെയുള്ള ചാവറപ്പിതാവിന്റെ പ്രത്യേകതകളെല്ലാം ഈ ആറ് ദിവസത്തെ ധ്യാനങ്ങളിലൂടെ നമുക്ക് അനുഭവിച്ചറിയാവുന്നതാണ്. ധ്യാനദിവസങ്ങൾ ഏററവും ഫലപ്രദമായി വിനിയോഗിക്കുവാൻ നമുക്കേവർക്കും ശ്രമിക്കാം. ചാവറപ്പിതാവ് കത്തുകളിൽ പറയുന്ന ഒരു കാര്യം ഓർമ്മയിൽവരുന്നു: "അമ്മ ഏഴാം പദവിവരെയെത്തി. നാലാം പദവിവരെയെങ്കിലും നമുക്കും എത്തണം" (കത്തുകൾ VII/8). മാത്രമല്ല, "മനുഷ്യർ മനസ്സുവയ്ക്കുന്ന കാര്യം മുക്കാലും നടക്കും, ശേഷം ദൈവവും നിറവേററും" എന്നും കത്തുകളിൽ നാം വായിക്കുന്നു (കത്തുകൾ IX/7). അതുകൊണ്ട് മാനസിക പ്രാർത്ഥനയിൽ വളന്ന് ആത്മാക്കളുടെ രക്ഷയ്ക്കായി അദ്ധ്വാനിക്കുവാൻ നമുക്ക് കൂടുതൽ ഉത്സുകരാകാം.

ഇങ്ങനെയൊരു സ്വപ്നം യാഥാർത്ഥ്യമായത് ഫാ. പോൾ കല്ലുവീട്ടിൽ സി. എം. ഐ. യുടെ പരിശ്രമഫലമായാണ്. സി. ആർ. ടി. കാക്കുവേണ്ടി അദ്ദേഹം 1993–ൽ നടത്തിയ ധ്യാനത്തെ അടിസ്ഥാനമാക്കിയാണ് ഈ ധ്യാനങ്ങൾ തയ്യാറാക്കിയിരിക്കുന്നത്. അദ്ദേഹത്തിന് സി. എം. സി. സഭയുടെ നാമത്തിൽ പ്രത്യേകം നന്ദിപറയുന്നു. ധ്യാനം തയ്യാറാക്കുവാൻ ഏറെ അദ്ധ്വാനിച്ച റിന്യൂവൽ ടീമംഗങ്ങളെ ഞാൻ അനുമോദിക്കുന്നു. അതുപോലെത്തന്നെ ഇതിന്റെ അച്ചടി ഭംഗിയായി നിർവ്വഹിച്ച ചൂണ്ടൽ നീതിമാൻ പ്രസ്സിലെ ഓരോ അംഗത്തിനും നന്ദിപറയുന്നു.

എല്ലാററിലുമുപരിയായി ദൈവാനുഗ്രഹത്തിന്റെ നാളുകളായി ഈ വർഷത്തെ നമുക്ക് കാണുകയും നന്ദിപറയുകയും ചെയ്യാം. വാ. ചാവറപ്പിതാവിന്റെ മദ്ധ്യസ്ഥത്താൽ നാം ഓരോരുത്തരുടേയുംമേൽ ദൈവം അനുഗ്രഹവർഷം ചൊരിയട്ടെ. മരിച്ച് മൺമറഞ്ഞുവെങ്കിലും തന്റെ സിദ്ധിയിലൂടെ ഇന്നും ആത്മനാ നമ്മോട് ബന്ധപ്പെട്ടുകൊണ്ടിരിക്കുന്ന നമ്മുടെ പുണ്യപിതാവിന്റെ ചൈതന്യം സ്വന്തമാക്കിക്കൊണ്ട്, അദ്ദേഹത്തിന്റെ സജീവസ്മരണ നിലനിർത്തുവാൻ ഈ ധ്യാനം സഹായിക്കട്ടെ എന്ന പ്രാർത്ഥനയോടെ ഈ പുസ്തകം അനുവാചകസമക്ഷം സമർപ്പിക്കുന്നു.

മൌണ്ട് കാർമ്മൽ ജനറലേററ്
ആലുവാ–683 106
3—1—'95

**സി. ബെനിക്കാസിയ**
സുപ്പീരിയർ ജനറൽ

# ഉള്ളടക്കം


പേജ്

പ്രാരംഭചിന്തകൾ

I കുടുംബദർശനം

1. പാർക്കുക, ഇരിക്കുക, നടക്കുക, സംസാരിക്കുക. 1
2. കുടുംബദർശനം 9
3. നാമം ധരിക്കുക, വണങ്ങുക 18
4. ഓർക്കുക 26
5. സമൂഹസല്ലാപം 34

II പ്രതിഷ്ഠ

1. പ്രതിഷ്ഠയുടെ ജീവിതം–അഗതിത്വം 37
2. ചൊർവിളി 46
3. മണവാളത്തം 51
4. മരിയസല്ലാപം 59
5. സമൂഹസല്ലാപം 63

III ചാവറപ്പിതാവിന്റെ ധ്യാനരീതി

1. തിരിയലും പിന്തിരിയലും 67
2. കാരുണ്യാനുഭവം 75
3. ധ്യാനരീതി 83
4. മരിയസല്ലാപം 90
5. സമൂഹസല്ലാപം 93

IV ദർശനധ്യാനം—I

1. ക്രൂശിതദർശനം 97
2. അനുതാപസല്ലാപം 106
3. മരിയസല്ലാപം 112

V ദർശനധ്യാനം—II

1, സീനായ്, സെഹിയോൻ, ഗാഗുൽത്താമല 119
2. മടിത്തട്ടും തിരുക്കുടുംബദർശനവും 127
3. തെളിയൽ 137
4. മരിയസല്ലാപം 145
5. സമൂഹസല്ലാപം 150

VI ദർശനധ്യാനം—III

1. തിരുക്കുടുംബത്തിലൂടെ ത്രിത്വകുടുംബത്തിലേക്കു് 153
2. ദൈവകൃപയ്ക്കുമുമ്പിൽ കൈകൂപ്പിനില്ക്കുന്ന വാ. ചാവറപ്പിതാവു് 161
3. മരിയസല്ലാപം 170
4. സമൂഹസല്ലാപം 176

# പ്രാരംഭചിന്തകൾ

"നീർച്ചാൽ തേടുന്ന മാൻപേടയെപ്പോലെ,
ദൈവമേ, എന്റെ ഹൃദയം അങ്ങയെ തേടുന്നു.
എന്റെ ഹൃദയം ദൈവത്തിനായി ദാഹിക്കുന്നു,
ജീവിക്കുന്ന ദൈവത്തിനുവേണ്ടിത്തന്നെ.
എപ്പോഴാണ് എനിക്ക് ദൈവസന്നിധിയിലെത്തി
അവിടുത്തെ കാണാൻ കഴിയുക" (സങ്കീ. 42/1–2)

ദൈവത്തിനുവേണ്ടി ദാഹിക്കുന്ന ഒരാത്മാവിന്റെ ഹൃദയത്തുടിപ്പുകളാണ് നാം കേട്ടത്.

ദൈവത്തെ ദർശിക്കുവാൻ മനുഷ്യനുള്ള ദാഹം ജന്മസിദ്ധമാണ്. അതുകൊണ്ടാണ് വി. അഗസ്റ്റീനോസ് പറയുന്നത്, ദൈവമേ നീയെന്നെ നിനക്കായ് സൃഷ്ടിച്ചു, നിന്നിൽ വിലയം പ്രാപിക്കുംവരെ ആത്മാവസ്വസ്ഥം എന്ന്. താല്ക്കാലികങ്ങളായ ലൗകികസുഖങ്ങൾ ആസ്വദിച്ചശേഷം സുബോധം വരുമ്പോൾ മനുഷ്യർ വീണ്ടും ദൈവദർശനത്തിനായി കൊതിക്കും. അല്പാല്പം തേൻ ശേഖരിച്ചുകൊണ്ടിരിക്കുന്ന തേനീച്ച ശോകാത്മകമായി മൂളിക്കൊണ്ടിരിക്കും. എന്നാൽ അതിന്റെ തേൻസഞ്ചി നിറഞ്ഞുകഴിയുമ്പോൾ അത് മൂളൽ നിർത്തി സ്വസ്ഥത പ്രാപിക്കുന്നു. ഇതുപോലെ ദൈവദർശനം ലഭിക്കുംവരെ മനുഷ്യരും അസ്വസ്ഥരായി നിലവിളിക്കും. ജെറീക്കോയിലെ കുരുടനെപ്പോലെ (മർക്കോ. 10/46–52) "കർത്താവേ, എനിക്ക് കാണണം" എന്ന് മനുഷ്യന്റെ ഉള്ളിന്റെ ഉള്ളിൽ അന്തരാത്മാവ് നിലവിളിക്കുകയാണ്. ഈ വിലാപമാണ്, ദർശനത്തിനുള്ള ദാഹമാണ് ചാവറപ്പിതാവിലും നാം കാണുന്നത്. പ്രത്യേകിച്ചും ആത്മാനുതാപം മൂന്നാംപാദം.

"കാരുണ്യനാഥനാം ദൈവകുമാരന്റെ
യാരുണ്യശോഭയെ കാണാകേണം" എന്നു പറഞ്ഞുകൊണ്ടാണ് ആ പാദം ആരംഭിക്കുന്നതുതന്നെ. മാനുഷവേഷം പൂണ്ട ആ മനോഹരരൂപത്തെ കാണണം, കാണണം എന്ന് ആവർത്തിച്ചാവർത്തിച്ച് ചാവറപ്പിതാവ് ഉരുവിടുന്നു. നമുക്കു തോന്നുന്ന ആവർത്തനവിരസത ആ പുണ്യപുരുഷന് അനുഭവ

പ്പെട്ടന്നില്ല. കാരണം ദശ്നദാഹം അത്രമാത്രം അദ്ദേഹത്തിനു് അനുഭവപ്പെട്ടിരുന്നു. ഈ ദാഹം നമുക്കും ലഭിക്കുവാൻ ഈ ധ്യാന ദിവസങ്ങളിൽ പ്രാത്ഥിക്കാം.

ഒരു കൊച്ചുകുഞ്ഞു് അപ്പച്ചനെ ആശ്രയിക്കുന്നതുപോലെയാണു് ചാവറപ്പിതാവു് ദൈവത്തിൽ ആശ്രയിച്ചതു്. തന്നെ തന്നെ ദൈവകരങ്ങളിലേയ്ക്കദ്ദേഹം വിട്ടുകൊടുത്തു. അതുകൊണ്ടാണു് ധ്യാനസല്ലാപം പേജ് 17–ൽ അദ്ദേഹം പറയുന്നതു്, "എൻെറ അപ്പാ ഈ പേരുകൊണ്ടല്ലാതെ നിന്നെ വിളിപ്പാൻ എൻെറ ഹൃദയം സമ്മതിക്കുന്നില്ല" എന്നു്. ദൈവപിതാവുമായി അത്രമാത്രം ആഴമായ വ്യക്തിബന്ധമുണ്ടായിരുന്നു അദ്ദേഹത്തിനു്. എങ്ങനെയാണു് ഈ ബന്ധം അദ്ദേഹം നേടിയെടുത്തതു്? ദിവ്യകാരുണ്യനാഥൻെറ മുമ്പിൽ അനുദിനവും നീണ്ട മണിക്കൂറുകൾ തന്നെ ധ്യാനലീനനായി അദ്ദേഹം ചെലവഴിച്ചിരുന്നു. പ്രാത്ഥനയുടെ ആ പരിശുദ്ധ മുഹൂത്തങ്ങളാണു് ഈ ബന്ധത്തിനു് നിദാനം (സി എം സി പ്രമാണരേഖ). ഈ ആബാ അനുഭവത്തിനുവേണ്ടിയാണു്–ദൈവദർശനത്തിനുവേണ്ടിയാണു് അദ്ദേഹം ദിവ്യകാരുണ്യസന്നിധിയിൽ ചെലവഴിച്ചതു്.

അതുകൊണ്ടു് ഈ ദിവസങ്ങളിൽ നമുക്കു് പൂണ്ണമായും ദിവ്യകാരുണ്യസന്നിധിയിൽ ആയിരിക്കാം. മലിനമായ മൺകുടങ്ങളെ അവിടുത്തെ സന്നിധിയിൽ സമപ്പിച്ചു് എളിമയോടെ ഉരുവിടാം,

സ്നേഹസ്വരൂപാ തവദർശനം
ഈ ദാസരിലേകിടു! എന്നു്.

ദൈവത്തിൻെറ ഈ ദശ്നം കിട്ടിയപ്പോഴാണു് അദ്ദേഹം യഥാത്ഥത്തിൽ ദർശനത്തിൻെറ മനുഷ്യനായതു്. നമ്മെക്കുറിച്ചുള്ള ദൈവത്തിൻെറ ഭാവിയെ (സ്വപ്നത്തെ) ഇന്നിലേയ്ക്കാവഹിക്കാനുള്ള കഴിവു്–അതാണു് ദർശനം. കേരളത്തെക്കുറിച്ചുള്ള ദൈവത്തിൻെറ സ്വപ്നത്തെ മുൻകൂട്ടിക്കണ്ടു് അതു് ഇന്നിലേയ്ക്കാവഹിക്കാൻ അദ്ദേഹത്തിനു് സാധിച്ചു. ദശ്നം ഇല്ലാതെ ചെയ്യുന്ന പ്രവത്തനങ്ങൾ പാളിപ്പോകും. അതിനാൽ വലിയ ദർശനത്തിൻെറ ഉടമകളാകുവാനുള്ള കൃപാവരം യാചിക്കാം.

## ഈ ധ്യാനത്തിന്റെ പ്രസക്തിയും ലക്ഷ്യവും

വാഴ്ത്ത. ചാവറപ്പിതാവിന്റെ 125-ാം ചരമവാർഷികമാണല്ലോ 1996 ജനവരി 3-ാം തിയതി. അതിനൊരുക്കമായി ചാവറപ്പിതാവിന്റെ ആദ്ധ്യാത്മികതയും സിദ്ധിയും പഠനവിഷയമാക്കുക സമുചിതമാണല്ലോ. ചാവറസിദ്ധി എന്താണെന്ന് മനസ്സിലാക്കുവാനും അത്ത് ഉൾക്കൊള്ളുവാനുമുള്ള ഒരു പരിശ്രമമാണ് ഈ ദിവസങ്ങളിൽ നാമിവിടെ നടത്തുക. ചാവറസിദ്ധിയുടെ സവിശേഷതകളാണ് ആബ്ബാനുഭവവും ദർശനവും.

## ധ്യാനത്തിന്റെ ഘടന

ഇത്രയും ആമുഖമായി പറഞ്ഞുകൊണ്ട് ധ്യാനത്തിന്റെ ഘടനയിലേയ്ക്ക് നമുക്ക് കടന്നുവരാം.

**ഒന്നാം ദിവസം:** ചാവറസിദ്ധിയുടെ കേന്ദ്രമായ കുടുംബദർശനത്തെക്കുറിച്ചും കുടുംബദർശനം ലഭിക്കുന്നതിന് സഹായകമായ ചാവറപ്പിതാവിന്റെതന്നെ ചില വാക്കുകളെക്കുറിച്ചുള്ള പഠനങ്ങളും വിചിന്തനങ്ങളുമാണ് ആദ്യദിവസം നടക്കുക. ഉദാ: പാർക്കുക, ഇരിക്കുക, നടക്കുക, സംസാരിക്കുക തുടങ്ങിയവ. "ഈശോമിശിഹായുടെ സ്നേഹത്തിൽ പാർപ്പിൻ, അവിടുത്തെ കൺമുമ്പിലിരിപ്പിൻ, അരികെ നടപ്പിൻ, എപ്പോഴും സംസാരിപ്പിൻ" (കത്തുകൾ VII/6) എന്ന വാക്യശകലങ്ങളെക്കുറിച്ചുള്ള ആദ്യധ്യാനംതന്നെ, നമ്മെ സ്നേഹവീക്ഷണ പ്രാർത്ഥനയുടെ നിലവാരത്തിലേയ്ക്കുയർത്തുന്നതാണ്.

**രണ്ടാം ദിവസം:** അഗതിത്വം, ചൊൽവിളി, മണവാളത്വം എന്നീ വ്രതങ്ങളിലൂടെ നമ്മുടെ പ്രതിഷ്ഠാജീവിതത്തെക്കുറിച്ച് ധ്യാനിക്കുന്നു. ചാവറപ്പിതാവ് എങ്ങനെ തിരുകുടുംബത്തേയും അതോടൊപ്പം പരി. ത്രിത്വകുടുംബത്തേയും ആശ്രയിക്കുകയും (അഗതിത്വം) തന്നിൽ ഭരണം നടത്താനനുവദിക്കുകയും (ചൊൽവിളി) തന്നിൽ ആയിത്തീരാൻ വിട്ടുകൊടുക്കുകയും (മണവാളത്വം) ചെയ്തു എന്ന് വിവരിക്കുന്നു.

**മൂന്നാം ദിവസം:** ദൈവം തന്നിലേയ്ക്ക് തിരിഞ്ഞിരിക്കുന്നതായി വിശ്വാസദൃഷ്ട്യാ കാണുന്ന ചാവറപ്പിതാവ്

ദൈവത്തിലേയ്ക്കു് തിരിഞ്ഞുകൊണ്ടു് ദൈവം എത്രയോ കാരുണ്യവാനാണെന്നു് അനുഭവിച്ചറിയുന്നു. ഈ അനുഭവം മററുള്ളവർക്കു് പകർന്നുകൊടുക്കുവാൻവേണ്ടി വ്യക്തിപരമായും പ്രപഞ്ചം മുഴുവനോടുകൂടിയും ദൈവത്തിലേയ്ക്കു് തിരിയുന്നതായി കാണുന്നു.

**നാലാം ദിവസം:** ക്രൂശിതനായ മിശിഹായുടെ ശിരസ്സും മുഖവും തിരുശരീരവുമെല്ലാം ധ്യാനിച്ചു് അനുതപിക്കുന്ന ചാവറപ്പിതാവിനെ ദർശിച്ചുകൊണ്ടു് നാം നമ്മുടെ പാപങ്ങളോർത്തു് അനുതപിക്കുന്നു.

**അഞ്ചാം ദിവസം:** ചാവറപ്പിതാവിന്റെ ദർശനധ്യാനത്തിൽ നാം ആഴപ്പെടുകയാണു്. പ്രാർത്ഥനാമുറിയെ അപ്പന്റെ വീടായിക്കാണുന്നതിനു് ചാവറപ്പിതാവു് ഉപയോഗിക്കുന്ന രൂപകങ്ങളായ സീനായ്, സെഹിയോൻ, ഗാഗുൽത്താമലകളെക്കുറിച്ചുള്ള ധ്യാനമാണു് ആദ്യമണിക്കൂറിൽ നടക്കുക. രണ്ടാംധ്യാനത്തിൽ മടിത്തട്ടും; ആ മടിത്തട്ടിൽ വന്നു പിറക്കുന്ന ദിവ്യഉണ്ണിയെ കണ്ടു് തെളിയുന്നതുമാണു് മൂന്നാം ധ്യാനം.

**ആറാം ദിവസം:** മാതാവും വി. യൗസേപ്പും ഉണ്ണീശോയെ ദർശിച്ചു് പ്രണമിക്കുന്നു. ഈ ദർശനത്തിലൂടെ ചാവറപിതാവു് പരി. ത്രിത്വദർശനത്തിൽ മുഴുകുന്നതായി നാം കാണുന്നു. അവസാനമായി ദൈവകൃപയ്ക്കുമുമ്പിൽ കൈകൂപ്പി നില്ക്കുന്ന ചാവറപ്പിതാവിനെയാണു് നാം കാണുക.

## ഈ ധ്യാനത്തിന്റെ പ്രത്യേകത

ചാവറപ്പിതാവു് തന്റെ ജീവിതകാലം മുഴുവൻ ദൈവത്തോടും മനുഷ്യരോടും സല്ലപിച്ചിരുന്നു. സന്തോഷസല്ലാപത്തിലൂടെ ജീവിതം ആഘോഷമാക്കിയിരുന്നു. ഈ സല്ലാപജീവിതത്തിന്റെ അനുഭവം സ്വന്തമാക്കുന്നതിനു് സഹായകമായി ഈ ധ്യാനത്തിൽ സല്ലാപചിന്തകൾ, ഏകാന്തസല്ലാപം, സമൂഹസല്ലാപം എന്നീ വാക്കുകളാണു് നാം ഉപയോഗിക്കുക.

ബാഹ്യവും ആന്തരികവുമായ മൗനം ഈ ധ്യാനം ഫലപ്രദമാക്കുവാനും അരൂപിയുടെ പ്രചോദനങ്ങൾ സ്വീകരിക്കുവാനും സഹായിക്കും.

V

## ചാവറഗീതം

താതാ താതാ എൻ ഏലിയാ താതാ
തീക്ഷ്ണതാ താളം കൊളുത്തുമേ താതാ
താതാ താതാ വിൺശിൽപിയാം താതാ
ദർശനഗേഹം ഉയത്തുമേ താതാ

താതാ താതാ സൽഭക്തനാം താതാ
നിൻസിദ്ധിയോഗമതേകണെ താതാ
താതാ താതാ എൻ ധന്യനാം താതാ
ധ്യാനസല്ലാപമുണത്തുമേ താതാ

താതാ താതാ വൻതാപത്തിൻ താതാ
ആത്മാനുതാപം വളത്തുമേ താതാ
താതാ തായതൻ ആരോമൽ സൂനോ
കന്യാതനയരായ് തീക്കണേ താതാ.

ഈ ധ്യാനത്തിൽ എല്ലാ ദിവസവും ഈ ഗീതം നാം ആലപിക്കും. ഏലിയാനിവ്യായെപ്പോലെ ദൈവത്തെക്കുറിച്ചുള്ള തീക്ഷ്ണതയാൽ എരിഞ്ഞ ചാവറപ്പിതാവിനോടു ആ തീക്ഷ്ണതാനാളം നമുക്കും തരാനുള്ള യാചനയാണ് ആദ്യ ഈരടിയിൽ. ജനഹൃദയങ്ങളിൽ ദൈവരാജ്യം സ്ഥാപിച്ച തോമാശ്ലീഹായെപ്പോലെ കേരളസഭയിൽ ദശനഗേഹം പണിത ചാവറപിതാവിനോട് നമ്മിലോരോരുത്തരിലും ആ ദർശനഗേഹം പണിതുയർത്താൻ അപേക്ഷിക്കുന്നതാണ് അടുത്ത രണ്ടുവരികളിൽ കാണുക. ചാവറപ്പിതാവിന്റെ സിദ്ധിയും ഉയരപ്പെട്ട ധ്യാനവും വലിയ അനുതാപവും മറ്റും ചാവറഗീതം നമ്മെ അനുസ്മരിപ്പിക്കുകയും ഒപ്പം അവ ലഭിക്കുവാനുള്ള അദമ്യമായ ആഗ്രഹം നമ്മിൽ വദ്ധിപ്പിക്കുകയും ചെയ്യുന്നു. പരി. അമ്മയുടെ പ്രിയപ്പെട്ട മകനായ ചാവറപ്പിതാവ് നമ്മെ എല്ലാവരേയും തന്റെ പ്രത്യേക സിദ്ധിയാൽ നിറയ്ക്കുവാനും മാതാവിന്റെ പ്രിയപ്പെട്ട മക്കളാക്കി രൂപപ്പെടുത്തുവാനും ഉള്ള പ്രാത്ഥനയോടെ ചാവറഗീതം അവസാനിക്കുന്നു.

# പാർക്കുക ഇരിക്കുക നടക്കുക സംസാരിക്കുക

ചാവറസിദ്ധിയുടെ ആഴങ്ങളിലേയ്ക്കിറങ്ങുവാനുള്ള അതിയായ ആഗ്രഹത്തോടെ നമുക്കു ധ്യാനത്തിലേയ്ക്കു കടന്നുവരാം. ഹൃദയത്തിന്റെ ഏകാന്ത നിശബ്ദതയിലേയ്ക്കു പ്രവേശിക്കാം. നമ്മുടെ സഭാസ്ഥാപകനായ ചാവറപിതാവിന്റെ വാക്കുകൾ തന്നെ നമുക്ക് ധ്യാനവിഷയമാക്കാം. ദൈവവചനത്തിന്റെ പശ്ചാത്തലത്തിൽ ഈ വാക്കുകൾ ഓരോന്നും നോക്കികാണണം. കാരണം ചാവറപിതാവിന്റെ ആദ്ധ്യാത്മികത ദൈവവചനാധിഷ്ഠിതമാണ്. ദൈവവചനം സ്വന്തം ജീവിതംകൊണ്ട് പ്രഘോഷിച്ച പുണ്യാത്മാവായിരുന്നു അദ്ദേഹം. ദൈവവചനത്തിന്റെ പശ്ചാത്തലത്തിൽ നോക്കുമ്പോൾ ഈ ഓരോ വാക്കും ആഴമായ അർത്ഥം ഉൾക്കൊള്ളുന്നുണ്ട്.

“ഈശോമിശിഹായുടെ സ്നേഹത്തിൽ പാർപ്പിൻ, എപ്പോഴും തന്റെ കൺമുമ്പിലിരിപ്പിൻ, തന്റെ അരികെ നടപ്പിൻ, തന്നോടുകൂടെ എപ്പോഴും സംസാരിപ്പിൻ” (കത്തുകൾ vii/6) ഇതാണ് ചാവറസിദ്ധി സ്വായത്തമാക്കുവാനുള്ള മാർഗ്ഗമായി പിതാവ് നമുക്ക് പറഞ്ഞുതരുന്നത്. “സ്നേഹത്താൽ ദൈവത്തോടുചേർന്ന് ആത്മമണവാളനായ ഈശോയോടൊന്നിച്ചിരുന്ന് സംസാരിക്കയത്രേ ഇതിന്റെ പ്രവൃത്തി” എന്നും ചാവറപിതാവ് നമ്മെ ഓർമ്മിപ്പിക്കുന്നു (ധ്യാനസല്ലാപം പേജ് 14). ഇതാണ് ഈ ദിവസങ്ങളിൽ നമുക്ക് ചെയ്യാനുള്ളത്. സ്നേഹിതന്റെ അടുത്തിരിക്കലാണിത്. അതിനാൽ, ഈശോമിശിഹാ നമ്മുടെ ഏകസ്നേഹവിഷയമായി മാറുന്നതിനായി നമ്മുടെ ഹൃദയത്തെ തിരുസന്നിധിയിൽ നമുക്കു സമർപ്പിക്കാം. ദൈവവചനത്തിന്റെ പശ്ചാത്തലത്തിൽ പാർക്കുക, ഇരിക്കുക, നടക്കുക, സംസാരിക്കുക എന്നീ വാക്കുകളുടെ ചൈതന്യത്തിലേയ്ക്ക് നമുക്ക് പ്രവേശിക്കാം.

## ഈശോമിശിഹായുടെ സ്നേഹത്തിൽ പാർക്കുവിൻ

പാർക്കുക എന്നു പറഞ്ഞാൽ വസിക്കുകയാണ്. പഴയ നിയമത്തിൽ ‘പാർക്കുക’ എന്നുപറയുന്നത് വളരെ സുഖപ്രദവും

വിശ്രമദായകവുമായ ഒന്നാണ്. ഈ പാക്ലലിൽ സൽക്കാരവും, ആഘോഷവും ഉണ്ട്. ആകുലതയോ, ഉൽക്കണ്ഠയോ, ആശങ്കയോ ഇല്ല. പ്രത്യുത സന്തോഷവും, സമാധാനവും, സംതൃപ്തിയുമാണ് നിറഞ്ഞുനില്ക്കുന്നത്. ഉല്പത്തിയുടെ പുസ്തകം 2/3–ൽ ദൈവം സൃഷ്ടികർമ്മം പൂർത്തിയാക്കി 7–ാം ദിവസം തന്റെ പ്രവൃത്തികളിൽനിന്ന് വിരമിച്ച് വിശ്രമിച്ചു എന്നുപറയുന്നുണ്ട്. സൃഷ്ടികളോടൊപ്പം സ്വസ്ഥമായി വസിക്കുന്ന അനുഭവമാണിത്. തന്റെ സൃഷ്ടികളിലെല്ലാം തന്റേതായ രൂപവും, ഭാവവും, സ്വരവും കണ്ട് ആനന്ദമനുഭവിച്ച്, സംതൃപ്തിയടഞ്ഞു എന്നാണ് നാം മനസ്സിലാക്കുക. വേറൊരു വാക്കിൽ പറഞ്ഞാൽ സൃഷ്ടിയുടെ ആഘോഷമായിരുന്നു ദൈവത്തിന്റെ വിശ്രമം. സാബത്ത് ആചരിക്കാൻ മനുഷ്യനോട് ദൈവം ആവശ്യപ്പെടുന്നത്, അവനും ഈ ആഘോഷത്തിൽ–വിശ്രമത്തിൽ പങ്കുപററാൻ വേണ്ടിയാണ്. ദൈവം സൃഷ്ടിയിൽ വസിക്കുന്നതിന്റെ, സൃഷ്ടികൾ ദൈവത്തിൽ വസിക്കുന്നതിന്റെ അവാച്യമായ ശാന്തിയും ആനന്ദനിർവൃതിയും അനുഭവിക്കാനുള്ള ക്ഷണമാണിത്.

ഇസ്രായേൽക്കാരുടെ ചരിത്രത്തിലേയ്ക്ക് നാം കടക്കുമ്പോൾ അവർ യുദ്ധംചെയ്ത് വാഗ്ദത്ത നാട് പിടിച്ചെടുത്തുകഴിഞ്ഞപ്പോൾ അവർക്ക് വിശ്രമമായി. അവർക്ക് ദൈവത്തോടൊപ്പം സ്വസ്ഥമായി വസിക്കാൻ ഭവനം സജ്ജമായി. സ്വസ്ഥതയുടേയും, ശാന്തിയുടേയും, ആഘോഷത്തിന്റേയും അനുഭവം. ഇതുപോലെ നമ്മുടെ ഓരോരുത്തരുടേയും ഹൃദയങ്ങളിൽ ദർശനഗേഹം ഒരുക്കി അതിൽ അവിടുത്തോടൊപ്പം സ്വസ്ഥമായി നാം വസിക്കണം, അതാണ് ചാവറപിതാവ് ആഗ്രഹിക്കുക.

പുതിയ നിയമ പാശ്ചാത്തലത്തിലേയ്ക്ക് നാം കടക്കുമ്പോൾ, നിത്യമായി ദൈവപിതാവിന്റെ ഭവനത്തിൽ വസിക്കുന്ന പുത്രനായ ഈശോയെയാണ് കാണുന്നത്. നിത്യമായി ദൈവപിതാവിന്റെ ഭവനത്തിൽ വസിക്കുന്ന അവിടുന്ന് നമുക്കായി ഒരുക്കിയിരിക്കുന്ന സന്നിധി കൂടാരത്തിൽ നമ്മെ വസിപ്പിക്കാൻ വേണ്ടി മാംസം ധരിച്ചു; നമ്മോടുകൂടെ പാർത്തു (യോഹ 1/14). വചനം മാംസമായി നമ്മുടെ ഇടയിൽ പാർക്കാൻ വന്നപ്പോഴുണ്ടായ അനുഭവം തിരസ്കരണത്തിന്റേതായിരുന്നു. ഈ സംഭവം ഏററവും ഹൃദയഭേദകമായി ചാവറ

പിതാവു് ആത്മാനുതാപം 4-ാം പാദത്തിൽ വിവരിക്കുന്നുണ്ടു്. ദൈവത്തോടൊത്തു് പാർക്കുവാൻ വിസമ്മതിച്ച, ദൈവത്തെ തങ്ങളിൽ പാർപ്പാൻ സമ്മതിക്കാതെ പുറംമതിലിൽ തള്ളിയ- തന്ത്യകലം. ഈ കഥ ഇനിയും നമ്മുടെ ഓരോരുത്തരുടേയും വ്യക്തിജീവിതത്തിൽ ആവർത്തിക്കപ്പെടരുതു് എന്ന നിർബന്ധം, വലിയ ആഗ്രഹം അദ്ദേഹത്തിനുണ്ടായിരുന്നു. ഈശോയുടെ സ്നേഹത്തിൽ പാർക്കുവിൻ എന്നതു് ആഴമായ അർത്ഥം ഉൾക്കൊള്ളുന്നുണ്ടു്.

ഈശോയുടെ സ്നേഹത്തിൽ പാർക്കുക എന്നുപറയുമ്പോൾ അതു് സ്വർഗ്ഗത്തിൽ വസിക്കുകയാണു്. ത്രിത്വകുടുംബത്തിൽ വസിക്കുകയാണു്. വീട്ടിൽ വസിക്കുന്നതു് മക്കളാണു്, മണവാട്ടിയാണു്. ഈശോയിൽ നാം വസിക്കുമ്പോഴാണു് നാം ദൈവപുത്രരായിത്തീരുന്നതു്. അതുവഴി ത്രിത്വകുടുംബത്തിൽ നാം ഉൾപ്രവേശിക്കുന്നു. അതുകൊണ്ടാണു് അവിടുന്നു് നമ്മോടു് അരുളിച്ചെയ്യുന്നതു് നിങ്ങൾ എന്നിൽ വസിക്കുവിൻ (യോഹ. 15/4-8). അതെ ദൈവപുത്രിയായ ഞാനും ആ സ്നേഹത്തിൽ പാർക്കണം. അവിടുത്തെ അരൂപിയാൽ നിറയപ്പെടണം (റോമ 8/14).

നിത്യമായ ഈ സാക്ഷാത്ക്കാരം ഭൂമിയിൽവെച്ചുതന്നെ ആസ്വദിക്കുവാൻ ഈശോ ശിഷ്യന്മാരെ-നമ്മെ ഓരോരുത്തരേയും ക്ഷണിക്കുന്നുണ്ടു് "വന്നുകാണുക, (യോഹ. 1/39) അവർ ചെന്നു് അവനോടുകൂടി പാർത്തു". ഈ പാർക്കലിന്റെ സന്തോഷവും സംതൃപ്തിയും ഒരു ആഘോഷമായി കൊണ്ടാടി. അലൗകികമായ ഒരാനന്ദമാണു് അവർക്കനുഭവപ്പെട്ടതു്. ചാവറപിതാവിന്റെ ഭാഷയിൽ കർത്താവിൽ 'സ്വസ്ഥം' ദൈവത്തിൽനിന്നു നമ്മെ അകറ്റുന്ന എല്ലാ ആശാപാശങ്ങളും ശമിച്ചു് സ്വസ്ഥമാകുന്ന അവസ്ഥ. ഈ പാർക്കൽ സ്വർഗ്ഗത്തിന്റെ മുന്നാസ്വാദനമാണു്. ദൈവത്തിന്റെ സ്വസ്ഥതയിലേയ്ക്കു് പ്രവേശിച്ചു് സ്വയം മറന്നു് അവിടുത്തോടുകൂടെ മാത്രം ആയിരിക്കുകയാണു്.

സ്നേഹത്തിൽ പാർക്കുന്നതിലൂടെ ഈ വിശ്രമത്തിന്റെ ആഘോഷത്തിലേയ്ക്കാണു് കർത്താവു് നമ്മെ പ്രവേശിപ്പിച്ചിരിക്കുന്നതു്. ഇവിടെ സന്നിധിയിൽ സാക്ഷാത്ക്കാരം പ്രാപിച്ചതിന്റെ അനുഭവം അവിടുന്നു് നമ്മിൽ നിറച്ചുതരും. ചാവറപിതാവിനോടൊപ്പം നമുക്കും പറയാം "പാർക്കുവാൻ കൊതി

ക്കുന്നു-കേറാക്കവോനാശിക്കുന്നു'' (ആത്മാ. 5/15). ഉത്തമഗീത ത്തിലെ മണവാട്ടിയെപ്പോലെ മണവാളനായ ഈശോയോടു കൂടെ പാർക്കുവാനുള്ള അദമ്യമായദാഹം (ഉത്തമഗീതം 2/3-6) എനിക്കുണ്ടാകണം. അപ്പോറം ആത്മമണവാളന്റെ സ്വരം നാം കേറാക്കും. ''ഞാൻ നിന്നെ സന്തോഷിപ്പിക്കും—അതു പോരെയോ ഒരു ക്ഷണനേരവും നിങ്ങളുടെ പക്കൽനിന്നു മാറാതെനില്ക്കുന്നു'' (ക. vii/6) ഈശോയുടെ സ്നേഹത്തിൽ പാക്കു മ്പോഴുള്ള ഈ സന്തോഷത്തിന്റെ, ആഘോഷത്തിന്റെ അനു ഭവമാണ് കർമ്മലയിലെ ഏകാന്തതയിൽ നമുക്ക് നല്കപ്പെ ടുന്നതു്.

ഈ ധ്യാനത്തിലേയ്ക്ക് നാം പ്രവേശിക്കുമ്പോറം നമ്മെ അസ്വസ്ഥതപ്പെടുത്തുന്ന എന്തെങ്കിലും വ്യഗ്രതയോ, ആകുലത കളോ, പ്രശ്നങ്ങളോ നമുക്കുണ്ടോ? അവിടുത്തെ സ്നേഹത്തിൽ പാർക്കുവാനുള്ള അവിടുത്തെ ക്ഷണം നമുക്ക് ശ്രവിക്കാം. നാം ആയിരിക്കുന്ന അവസ്ഥയിൽ ആ വലിയ സ്നേഹത്തിലേയ്ക്ക് നമുക്ക് ഉറംപ്രവേശിക്കാം. ആ സ്നേഹത്തിൽ പാക്കാം. ആ സ്നേഹം നമ്മുടെ വ്യക്തിത്വങ്ങളെ ഗ്രസിക്കട്ടെ. ആ സ്നേഹ ത്തിന്റെ പ്രകാശകിരണങ്ങറം നമ്മിൽ പ്രസരിക്കുമ്പോറം നമ്മിലെ അന്ധകാരം ഓടിയൊളിക്കും. നമ്മുടെ എല്ലാ അസ്വ സ്ഥതകളും, പ്രശ്നങ്ങളും നിത്യസ്നേഹമായ ഈശോയിലൂടെ നോക്കി കാണുമ്പോറം എല്ലാം സ്നേഹമായി, സന്തോഷമായി രൂപാന്തരപ്പെടും. ഈശോമിശിഹായുടെ സ്നേഹത്തിലാണ് ഞാൻ നിരന്തരം വസിക്കുന്നതു് എന്ന ശക്തമായ അനുഭവത്തിൽ നമുക്കായിരിക്കാം. അപ്പോറം എല്ലാററിലും ഞാൻ കർത്താ വിന്റെ മുഖം ദർശിക്കും.

''എത്രയും ചിത്രമാം നിൻമുഖപത്മത്തെ
ഏകാന്തപ്രേമത്താൽ പാക്കുന്നേഹം''

(ആത്മാനുതാപം III / 55-56 പേജ് 22)

എന്ന ചാവറ പിതാവിന്റെ മനോഭാവം നമുക്കുമുണ്ടാകും.

## എപ്പോഴും തന്റെ കൺമുമ്പിലിരിപ്പിൻ

പാർക്കാൻ ചെന്നാൽ ഇരിക്കണം. സ്നേഹത്തിൽ പാർക്കാൻ ചെന്നാൽ സ്നേഹത്തിലിരിക്കണം. കൺമുമ്പിലി രിക്കണം. ആരാണ് കൺമുമ്പിലിരിക്കുന്നതു്? ഭക്ത, ശിഷ്യ,

പ്രേയസി ഇവരാണ് കൺമുമ്പിലിരിക്കുന്നത്. "അവൾ കർത്താവിന്റെ വചനം കേട്ടുകൊണ്ട് അവന്റെ പാദത്തിങ്കലിരുന്നു" (ലൂക്കാ 10/39). ബഥനിയിലെ ഭക്തയായ മേരിയെയാണ് നാം ഇവിടെ കാണുന്നത്. ഈ ഭക്തയ്ക്ക് ഒരൊററ ആഗ്രഹമേയുള്ളു, ദൈവത്തെ കാണണം. ആ തണലിൽ എല്ലാം സുരക്ഷിതത്വവും സംതൃപ്തിയും കണ്ടെത്തണം.

കൺമുമ്പിലിരിക്കുന്ന ശിഷ്യ ഗുരു പറയുന്നതെല്ലാം ഹൃദയ ഫലകത്തിലേയ്ക്ക് ഒപ്പിയെടുക്കുകയാണ്, അതിനായി ഗുരുമുഖത്ത് കണ്ണുംനട്ടിരിക്കുകയാണ്, കാതു് കൂർപ്പിച്ചിരിക്കുകയാണ്. അവിടെ തികഞ്ഞ ഏകാഗ്രതയാണ്, നിശബ്ദതയാണ്. "ദാസന്മാരുടെ കണ്ണുകൾ യജമാനന്റെ കയ്യിലേയ്ക്കുന്ന പോലെ, ദാസിയുടെ കണ്ണുകൾ സ്വാമിനിയുടെ കയ്യിലേയ്ക്കുന്നതുപോലെ" (സങ്കീ. 123 / 2). ഇങ്ങനെ വേറൊരു സ്വരവും കേൾക്കാതിരിക്കുമ്പോഴാണ് ദൈവം തന്റെ സ്വരം നമ്മിൽ കേൾപ്പിക്കുന്നത്. നിരന്തരം ദൈവസ്വരത്തിന് കാതോർത്തിരിക്കുവാൻ, ദൈവഹിതം നിറവേററുവാൻ കൺമുമ്പിലിരിക്കുന്ന എനിക്ക് സാധിക്കുന്നുണ്ടോ?

പ്രേയസി പ്രിയന്റെ തണലിലാണ് കൺമുമ്പിലാണ് "വൃക്ഷങ്ങൾക്കിടയിൽ ആപ്പിൾമരംപോലെയാണ് എന്റെ പ്രിയൻ" (ഉത്തമഗീതം 2/3) അതിന്റെ തണലിൽ ഞാൻ ആനന്ദത്തോടെ ഇരുന്നു. "അവൻ തിരിച്ചുവന്ന് എന്റെ തണലിൽ വസിക്കും" (ഹോസിയ 14/7). പ്രിയന്റെ തണലിൽ, ആ കൺമുമ്പിൽ ശാശ്വതമായ സുരക്ഷിതത്വം കണ്ടെത്തുന്ന അനുഭവമാണിത്. ഈ കൺമുമ്പിൽ ചാവറ പിതാവ് ഇരുന്നു സാക്ഷാല്ക്കാരം പ്രാപിച്ചു. ദൈവത്തെക്കുറിച്ചും തന്നെക്കുറിച്ചും ഉള്ള ജ്ഞാനം ലഭിച്ചു. തന്റെ നിസ്സാരത കണ്ടെത്തി. ഈ ജ്ഞാനം കിട്ടിക്കഴിഞ്ഞപ്പോൾ അതിന്റെ ബഹിർഗമനമായ സ്തോത്രഗീതം അദ്ദേഹത്തിൽനിന്നുയർന്നു. "ജ്ഞാനത്തിന്റെ ബഹിർസ്ഫുരണമാണ് സ്തോത്രഗീതം" (പ്രഭാ. 15/10). പരിശുദ്ധ അമ്മ ദൈവത്തിന്റെ കൺമുമ്പിലിരുന്നവളാണ്. ദൈവിക ജ്ഞാനത്താൽ നിറഞ്ഞവളാണ്. ഞാനും കൺമുമ്പിലിരിക്കണം. നമ്മുടെ ഭാവന, ഓർമ്മ, ബുദ്ധി എല്ലാററിനോടും കൂടി കൺമുമ്പിലിരിക്കുവാൻ, ആ സാന്നിദ്ധ്യാനുഭവത്തിലിരിക്കുവാൻ നമുക്ക് ശ്രമിക്കാം.

ഇരിക്കുന്നതു തന്നെ തൃപ്തിയാകയും ചെയ്യും'' (ധ്യാനസല്ലാപം പേജ് 14–15). സ്നേഹത്തിലിരുന്നുള്ള സംസാരത്തിൻെറ ഉന്നത തലത്തിലെ നിശബ്ദതയാണിതു്. വാക്കുകൾക്കതീതമായി ഹൃദയത്തിൻെറ ഒന്നാകലിലെ ശാന്തിയാണിതു്. ഈ ശാശ്വത ശാന്തിയിൽ മനസ്സ് പൂർണ്ണമായും ലയിക്കണം എന്ന ദാഹ ത്തോടെ, ചാവറസിദ്ധി സ്വന്തമാക്കാനുള്ള ആഗ്രഹത്തോടെ, നമുക്ക് ഈശോമിശിഹായുടെ സ്നേഹത്തിൽ പാർക്കാം. കൺ മുമ്പിലിരിക്കാം. അരികെ നടക്കാം. സംസാരിക്കാം.

കൃപ: ഈശോമിശിഹായുടെ സ്നേഹത്തിൽ പാർക്കാൻ, കൺമു മ്പിലിരിക്കാൻ, അരികെ നടക്കാൻ, സംസാരിക്കാൻ– ആവശ്യമായ കൃപ.

സൂക്തം: ''ആ! എൻെറ കുഞ്ഞുമക്കളെ, ഈ ദിവസങ്ങളിൽ ഈശോമിശിഹായുടെ സ്നേഹം നിങ്ങൾ നല്ലവണ്ണം ധ്യാനിക്കണം''. (കത്തുകൾ VII/6)

''വായനമേൽ ഇഷ്ടമുണ്ടായാൽ ഏകാന്തത്തിന്മേൽ സന്തോ ഷമുണ്ടാകും. ഏകാന്തത്തിന്മേൽ സന്തോഷമുണ്ടാകുമ്പോൾ ആ ആത്മാവിനെ ഏകാന്തത്തിൽ വെച്ച് കാണ്മാനായിട്ട് ഈശോമിശിഹാ എഴുന്നെള്ളി ആത്മാവിനോടുകൂടെ സം സാരിച്ചു തുടങ്ങും'' (കത്തുകൾ VII/8)

''ധ്യാനം എന്നതു് ദൈവത്തോടുള്ള സംസാരമാകുന്നു. സ്നേഹത്താൽ ദൈവത്തോടു് ചേർന്ന് തന്നോടൊന്നിച്ചി രുന്നു്, സ്നേഹിതന്മാരോടൊന്നിച്ചുള്ള സംഭാഷണം എന്ന പോലെ, ആത്മമണവാളനായ ഈശോയോടൊന്നിച്ചി രുന്നു് സംസാരിക്കയത്രെ, ഇതിൻെറ പ്രവൃത്തി'' (ധ്യാന സല്ലാപം പേജ് 14).

## വായനകൾ

യോഹ. 1/14, 1/39, 15/4–8
ലൂക്ക. 10/39
ഉല്പത്തി 3/8, 5/24, 17/1
ഹോസി. 2/14–15, 14/2,
സങ്കീർത്തനം. 84
2 സാമു. 7/18
ധ്യാനസല്ലാപങ്ങൾ പേജ് 14, 15,
ആത്മാനുതാപം III, പേജ് 22
കത്തുകൾ VII/8

# കുടുംബദർശനം

ചാവറപ്പിതാവിന്റെ സിദ്ധി സ്വന്തമാക്കുവാൻ ആഗ്രഹിച്ച് ഈശോമിശിഹായുടെ സ്നേഹത്തിൽ പാത്ത് കൺമുമ്പിലിരുന്ന് അരികെ നടന്ന് എപ്പോഴും തന്നോട് സംസാരിച്ച് ആ നിശബ്ദതയിൽ ധ്യാനലീനരായി നാം കർത്താവിന്റെ സന്നിധിയിലിരിക്കുകയായിരുന്നു. ഇങ്ങനെയുള്ള പാർക്കലും, ഇരിക്കലും, സംസാരിക്കലുമൊക്കെ ചാവറപ്പിതാവിനെ ഒരു ദർശനലോകത്തിലേയ്ക്കു നയിച്ചു. മറെറാരു വാക്കിൽ പറഞ്ഞാൽ ചാവറപ്പിതാവ് ദർശനത്തിന്റെ മനുഷ്യനായി. അദ്ദേഹത്തിന്റെ ദർശനലോകത്തിലേയ്ക്കാണ് ഈ മണിക്കൂറിൽ നാമും ഉൾപ്രവേശിക്കേണ്ടത്. ഇതിന് അരൂപി നമ്മെ സഹായിക്കണം. ഈശോ പറഞ്ഞിട്ടുണ്ട് "സത്യാത്മാവ് വരുമ്പോൾ നിങ്ങളെ സത്യത്തിന്റെ പൂർണ്ണതയിലേയ്ക്ക് നയിക്കും. അവൻ എനിക്കുള്ളവയിൽനിന്ന് സ്വീകരിച്ച് നിങ്ങളോട് പ്രഖ്യാപിക്കും (യോഹ. 16/13–14) എന്ന്. അതുകൊണ്ട് അരൂപിയുടെ നിറവിനായി പ്രാർത്ഥിക്കാം.

## ദർശനദാഹം

ചാവറപ്പിതാവിന്റെ ദർശനലോകത്തിലേയ്ക്ക് ഉൾപ്രവേശിക്കണമെങ്കിൽ ചാവറപ്പിതാവിന്റേതുപോലുള്ള ഒരു ദർശനദാഹം നമുക്കുണ്ടാകണം. "കാണാകേണം" "കണ്ടുകൊണ്ടിരിക്കണം" ഇതായിരുന്നു ചാവറപ്പിതാവിന്റെ ജീവിതാഭിലാഷം. ഈശോയുടെ ജീവിതം മുഴുവനും 'കാണാകേണം' എന്ന് ആവർത്തിച്ചു പാടികൊണ്ട് ഈ ദർശനത്തിലേയ്ക്ക് കടന്നുവരുന്ന ചാവറപ്പിതാവിനെയാണ് ആത്മാനുതാപത്തിൽ നാം കണ്ടെത്തുന്നത്. (ആത്മാ. III) തന്റെ ജീവിതം മുഴുവൻ ഒരു ദർശനമാക്കി മാററുവാൻ പിതാവ് പരിശ്രമിച്ചു. തനിക്കു ലഭിച്ചിട്ടുള്ള ബുദ്ധിശക്തി, കഴിവുകൾ, സമയം, ആരോഗ്യം എല്ലാം തിരുമുമ്പിൽ സമർപ്പിച്ച് ദർശനത്തിനായി കാത്തിരുന്നു. ദർശനത്തിനുവേണ്ടി തന്റെ ജീവിതം മുഴുവനും ഉഴിഞ്ഞുവച്ചു എന്ന് പറയാം. ഇതിനുവേണ്ടി തപസ്സുചെയ്ത് കാത്തിരുന്നു. ദർശനത്തിനായി അദ്ദേഹം ഒരു കൊച്ചുകുഞ്ഞിനെപ്പോലെ ശാഠ്യം

പിടിക്കുന്നതും നമുക്ക കാണാം. 'എന്റെ അമ്മ മദലേത്താ യോടു നീ കല്പിച്ചപോലെയും അമ്മ ഏ. മറിയത്തിന്റെ പള്ളി വാതിൽ........................ഞാനും ഈ പാദം വിടുകയില്ല (ധ്യാനസല്ലാ. പേജ് 18). 'ഇനി താമസിച്ചാൽ ഞാൻ ചത്തു പോകും' (ധ്യാനസല്ല. പേജ് 16). ഈ ദാഹത്തിന്റെ തീവ്രതയാണ് നാം ഇവിടെ കാണുക. ഈ ദശനത്തിനുവേണ്ടി ഇനിയും നാം എന്തെല്ലാം ചെയ്യണമെന്ന് പിതാവ് നമ്മെ അനുസ്മരിപ്പിക്കുന്നു. മററെല്ലാ വ്യഗ്രതകളിൽനിന്നും അകന്ന് ക്രിസ്തുവിന്റെ പെട്ടകത്തിൽ സ്വയം അടച്ചുവെയ്ക്കണം വായനയിൽ ഇഷ്ടം വയ്ക്കണം. ഏകാന്തതയിൽ സന്തോഷിക്കണം. ഇങ്ങനെയുള്ള ആത്മാവിനെ കാണ്മാനായി ഈശോമിശിഹാ എഴുന്നള്ളിവരും. ദർശനവരം എന്ന വീഞ്ഞ് പകർന്നുതരും. എന്ന് ചാവറ പിതാവ് ഉറപ്പിച്ചുപറയുന്നു (കത്ത് VII/8). ഈ അനുഭവത്തിലേക്ക് നാമും കടന്നുവരണമെന്ന് ചാവറപ്പിതാവ് നമ്മെ ഓർമ്മിപ്പിക്കുന്നു. അതുകൊണ്ട് ദർശനാനുഭവം കിട്ടുവാനുള്ള വലിയ ദാഹത്തോടെ ചാവറപ്പിതാവിന്റെ ദശനലോകത്തിലേയ്ക്കു നമുക്ക കടന്നുവരാം.

## ദൈവത്തിന്റെ ദർശനം

ദൈവമാണ് ഏററവും വലിയ ദശനക്കാരൻ. സ്വർഗ്ഗത്തിൽ പരി. ത്രിത്വം പരസ്പരം സദാ ദശിച്ചുകൊണ്ടിരിക്കുകയാണ്. പരസ്പരം പങ്കുവെച്ചുകൊണ്ടിരിക്കുകയാണ്. പരസ്പരമുള്ള ദർശനത്തിന്റെ സമ്പൂർണ്ണതയാണ് പരിശുദ്ധ ത്രിത്വത്തിൽ നാം കാണുന്നത്. ഇവർ മൂന്നുപേരാണെങ്കിലും ഏകമായിരിക്കുന്ന കുടുംബാനുഭവം. ഇങ്ങനെയുള്ള കാണലിൽനിന്നു വരുന്നതാണ് സന്തോഷത്തിന്റെ ജീവിതം. ഇതാണ് സ്വർഗ്ഗീയജീവിതം. ഇതായിരുന്നു പറുദീസാ അനുഭവം. സ്വർഗ്ഗീയ കുടുംബത്തിന്റെ തന്നെ പ്രതിഛായയാണ്. പറുദീസായിൽ നാം കാണുന്നത്. എല്ലാവരിലും എല്ലായിടത്തും ദൈവത്തെ ദർശിച്ച് സല്ലപിച്ചുകൊണ്ടുള്ള ജീവിതം.

ഇസ്രായേൽ ജനത്തിന്റെ വിളിതന്നെ ദൈവകുടുംബത്തിലെ അംഗങ്ങളാകാൻ വേണ്ടിയുള്ളതായിരുന്നു. ''ഞാൻ നിങ്ങളുടെ ദൈവവും നിങ്ങൾ എന്റെ ജനവുമായിരിക്കും'' (ലേവ്യ. 26/11.). ഇതിനുവേണ്ടിയാണ് അവർ ദശനാലയം പണിതത്. ഇതുവഴിയായി ദൈവീക സാന്നിധ്യംകൊണ്ട്

ന്നിരുന്നു് മററുള്ള ജനങ്ങൾക്കു് ദർശനക്കൂടാരങ്ങളായി തീരാ
നുള്ളതായിരുന്നു അവരുടെ ദൈവവിളി. അതുപോലെ മനുഷ്യ
രക്ഷയ്ക്കുമായി ദൈവത്തിന്റെ കൃപ ഈ ഭൂമിയിൽ കടന്നുവന്നതു്
കുടുംബത്തിന്റെ അന്തരീക്ഷത്തിലാണു്. അതായിരുന്നു—തിരു
കുടുംബം. അവിടെ ഈശോ ദർശനക്കൂടാരമായിത്തീർന്നു. ഭൂമി
യിൽ ദർശനക്കൂടാരമായിത്തീർന്ന ഈശോ നിത്യവസതിയായ
പിതാവിന്റെ ഭവനത്തെക്കുറിച്ചാണു് ഈ ലോകത്തിലായിരു
ന്നപ്പോഴും സംസാരിച്ചതു്. അവിടെ കണ്ടതും കേട്ടതും പങ്കുവച്ചു
കൊണ്ടാണു് ദർശനക്കൂടാരമായിത്തീർന്നതു് (യോഹ. 14/2).
പിതാവിന്റെ ഭവനത്തിൽ വാസമുറപ്പിക്കാനായി ശിഷ്യരെ
ആനയിക്കുന്നവനാണു് യേശു. എല്ലാവരും പിതാവിന്റെ
കുടുംബത്തിൽ വാസമുറപ്പിക്കുക. ഇതാണു് ദൈവത്തിനു് മനു
ഷ്യനെക്കുറിച്ചുള്ള ദശ്നം. ദൈവത്തിനു് മനുഷ്യനെക്കുറിച്ചുള്ള
പദ്ധതിയാണിതു്. ജെറ. 29/11-ൽ എനിക്കു് നിങ്ങളെക്കുറിച്ചു്
ഒരു പദ്ധതിയുണ്ടു് നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള
പദ്ധതിയാണതെന്നു് പറയുന്നു. മനുഷ്യനു് ക്ഷേമവും ഐശ്വ
ര്യവും മംഗളവും കൈവരുത്തുന്ന പദ്ധതിയാണിതു്. അവി
ടുന്നു് വീണ്ടും പറയുന്നു. 'നിങ്ങളെ ചിതറിച്ചിരിക്കുന്ന എല്ലാ
സ്ഥലങ്ങളിലും ദേശങ്ങളിലുംനിന്നു് ഞാൻ നിങ്ങളെ ഒന്നിച്ചു
കൂട്ടും. (ജെറ. 29/14) എന്നു്. ഒരുമിച്ചുകൂട്ടുക, ഒരു കുടുംബ
മാക്കുക ഇതിനാണു് ദൈവം നമ്മെ വിളിച്ചിരിക്കുന്നതു്.

ഈ പദ്ധതി അഥവാ ദർശനം നമ്മെ സംബന്ധിച്ചിട
ത്തോളം നമ്മുടെ ഭാവിയുമായി ബന്ധപ്പെട്ടതാണു്. ദൈവ
ത്തിനു് നമ്മെപ്പററിയുള്ള സങ്കല്പം നമ്മുടെ നാളെയായി
കാണുന്നു, നാമാണതു് പൂർത്തിയാക്കേണ്ടതു്. ദർശനാനുഭവം
കിട്ടിയിട്ടുള്ളവർ ഈ നാളെയെ ഇന്നിലേയ്ക്കു് ആവഹിക്കും.
ദൈവത്തിന്റെ തന്നെ ദർശനത്തിൽ അവർ ഉൾച്ചേരും.

## ചാവറപ്പിതാവ് ദർശനം ലഭിച്ച മനുഷ്യൻ

ദൈവത്തിനു് നമ്മെക്കുറിച്ചുള്ള ഈ ദർശനം ദൈവ
സന്നിധിയിലിരുന്നു് ചാവറപ്പിതാവു് മനസ്സിലാക്കി. ചാവറ
പിതാവു് ദർശനത്തിന്റെ മനുഷ്യനായി. ദൈവത്തിനു് മനു
ഷ്യനെപ്പററിയുള്ള ഭാവി കുടുംബമാണെന്നു് അദ്ദേഹം മനസ്സി
ലാക്കി. ദൈവത്തിന്റെ ആഗ്രഹം ഇതാണു്—നമ്മുടെ 'ഭാവി'

ത്രിത്വമാകുന്ന കുടുംബമൊന്നിച്ച് ജീവിക്കുക, സദാ പിതാവിനെ കണ്ടുകൊണ്ടിരിക്കുക, സ്വർഗ്ഗീയമായ–ത്രിത്വത്തിന്റേതായ ജീവിതമാണ് താൻ ഈ ഭൂമിയിൽ ജീവിക്കേണ്ടതെന്ന് മനസ്സിലാക്കിക്കൊണ്ട് ദൈവത്തിന്റെ പദ്ധതിയെ ഇന്നിന്റെ ജീവിതത്തിൽ സാക്ഷാത്കരിക്കുക. ഇതു് നാം സ്വന്തമാക്കണം. ചാവറപ്പിതാവിനെപ്പോലെ ദൈവസന്നിധിയിൽ നീണ്ട മണിക്കൂറുകൾ കാത്തിരിക്കുമ്പോഴാണ് ഈ ദർശനം നമുക്ക് വെളിപ്പെട്ടുകിട്ടുന്നതു്. ഇങ്ങനെ നീണ്ട മണിക്കൂറുകൾ തിരുസന്നിധിയിൽ തപസ്സുചെയ്തു് കാത്തിരിക്കാനും തിരുസന്നിധിയിലിരുന്ന് ദർശനം ലഭിക്കാനും ആ ദർശനം എന്നിലൂടെ സാക്ഷാത്കരിക്കപ്പെടാനുമുള്ള ഒരു തീവ്രശ്രമമായി എന്റെ ജീവിതം മാറണം. അപ്പോഴാണ് ദൈവത്തിന്റെ സ്വപ്നം ഇന്ന് എന്നിൽ സാക്ഷാത്കരിക്കപ്പെടുക.

ദർശനാനുഭവം കിട്ടിയാലേ ദർശനം ജീവിക്കാനാവൂ. ത്രിത്വകുടുംബത്തിന്റെ ഈ ഭൂമിയിലെ പതിപ്പായി തിരുക്കുടുംബത്തെ ചാവറപ്പിതാവ് കണ്ടു. തിരുക്കുടുംബത്തിന് സ്വയം പ്രതിഷ്ഠിച്ചു. അതിന്റെ പ്രതീകമായി തിരുക്കുടുംബത്തിന്റെ ആഹാ കര്യാക്കോസ് ഏലിയ എന്ന പേരു് സ്വീകരിച്ചു. മാത്രമല്ല അനേകരെ ഈ ദർശനത്തിലേയ്ക്കാനയിക്കാൻവേണ്ടി തിരുക്കുടുംബത്തിന്റെ മാതൃകയിൽ തപസ്സുഭവനമായ ദർശന ഭവനങ്ങൾ പണിതു. ഇങ്ങനെയുള്ള ദർശനഭവനത്തിലിരുന്നു കൊണ്ട് ദൈവത്തിന്റെ, മനുഷ്യനെക്കുറിച്ചുള്ള സ്വപ്നങ്ങളിൽ പങ്കുചേർന്നു.

പഴയ നിയമത്തിൽ പൂർവ യൗസേപ്പ് ദൈവം ഇസ്രായേലിനു നല്കാനിരുന്ന ഭാവിയെക്കുറിച്ച് സ്വപ്നങ്ങൾ കാണുകയും അതു് സാക്ഷാത്കരിക്കാൻ തന്റെ ജീവിതം മുഴുവനായി ഉഴിഞ്ഞുവയ്ക്കുകയും ചെയ്തു. അങ്ങനെ നശിച്ചുകൊണ്ടിരുന്ന തന്റെ ഗോത്രത്തിലേയ്ക്ക് ഐശ്വര്യം കൊണ്ടുവന്നതായി വി. ഗ്രന്ഥത്തിൽ നാം വായിക്കുന്നു.

ദർശനം പ്രവാചകരുടെ പ്രത്യേക സിദ്ധിയാണ്. ഇവർ ദൈവത്തിന്റെ ഭാവിയെക്കുറിച്ച് മുൻകൂട്ടി കാണുകയും അതേക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ കാഴ്ചപ്പാടുള്ളവരാണ് ദർശനം ലഭിച്ചവർ. അത്ഭുതങ്ങൾ ചെയ്യാനും പ്രവചിക്കാനും ഉള്ള കഴിവ് എന്നതി

ഒന്നാകെ ദൈവികമായ ഉൾക്കാഴ്ചകൾകൊണ്ട് നിറഞ്ഞ് ദൈവത്തിന്റെ പദ്ധതി പൂർത്തിയാക്കുവാൻ സ്വന്തം ജീവിതം ഉഴിഞ്ഞുവയ്ക്കുന്നവരെയാണ് ദർശനം ലഭിച്ചവർ എന്നതുകൊണ്ട് നാം അർത്ഥമാക്കുന്നത്. ദൈവത്തിന്റെ ദർശനത്തിലേയ്ക്ക് ഉണർന്നപ്പോൾ ചാവറപ്പിതാവും ഒരു ക്രാന്തദർശിയും ദീർഘദർശിയുമായിത്തീർന്നു. തന്നെക്കുറിച്ചും മറ്റുള്ളവരെക്കുറിച്ചും വ്യക്തമായ കാഴ്ചപ്പാടുകൾ അദ്ദേഹത്തിനുണ്ടായിരുന്നു. അതുകൊണ്ട് ദർശനഭവനങ്ങൾ പണിയുന്നു.

റോക്കോസ് ശീശ്മയുടെ കാലത്ത് നമ്മുടെ സഭയെ സംബന്ധിച്ച ദൈവത്തിന്റെ സ്വപ്നം മനസ്സിലാക്കുകയും അതേക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുകയും ചെയ്തു. അതുപോലെ ഒരു നൂറ്റാണ്ടിനുമുമ്പ് അദ്ദേഹത്തിന്റെ ദീർഘദർശനത്തിൽനിന്ന് തുടങ്ങിവച്ച സംരംഭങ്ങൾ-ഹരിജനോദ്ധാരണം, വിദ്യാഭ്യാസം, കുടുംബനവീകരണം, സ്ത്രീവിമോചനം തുടങ്ങിയവ ഇന്നും സുവിശേഷവല്ക്കരണത്തിന്റെ ഭാഗങ്ങളായി തുടരുന്നു. മറ്റൊരു വാക്കിൽ പറഞ്ഞാൽ ചാവറപ്പിതാവിന്റെ ദർശനങ്ങളിൽ തുടങ്ങിവച്ചവയാണ് ഇന്നും തുടരുന്നത്. ഇങ്ങനെ നോക്കുമ്പോൾ ദർശനത്തിന്റെ ഒരു മനുഷ്യനായിട്ടാണ് ചാവറ പിതാവിനെ നാം കാണുന്നത്.

ചാവറ പിതാവിന്റെ ഈ ദർശനം ഒരു സിദ്ധിയായി, ചൈതന്യമായി നമുക്ക് ലഭിക്കണം. ഇതിന് നമ്മുടേതായ കാഴ്ചപ്പാടുകളിൽനിന്നും സ്വാർത്ഥമോഹങ്ങളിൽനിന്നും നാം വിമുക്തരാകണം. ദൈവത്തിന്റെ ദർശനങ്ങളിൽ ഉൾച്ചേർന്ന് ആ സ്വപ്നങ്ങൾ ഇന്നത്തെ ലോകത്തിൽ സാക്ഷാത്കരിക്കാൻ വേണ്ടിയാണ് ദർശനഭവനങ്ങൾ സ്ഥാപിച്ചത്. എന്ന ആഴമായ ബോധ്യം നമ്മിലേയ്ക്കിറങ്ങണം. എന്നെ കുറിച്ചും, മറ്റുള്ളവരെക്കുറിച്ചും, ഈ ലോകത്തെക്കുറിച്ചുമുള്ള ദൈവത്തിന്റെ സ്വപ്നം നടപ്പാകണമെങ്കിൽ ഞാൻ ദർശനക്കാരിയാകണം. യഥാർത്ഥത്തിലുള്ള ദർശനം ഇല്ലാതെ വരുമ്പോഴാണ് നമ്മുടെ പ്രവർത്തനങ്ങളിൽ പാളിച്ചകളുണ്ടാകുന്നത്. അഥവാ ഭൗതികമായവയെ ചുറ്റിപ്പറ്റി ഉപരിപ്ലവമായിമാത്രം നാം സ്വപ്നങ്ങൾ കാണുന്നു. ദൈവദർശനം ലഭിച്ചാൽ നമ്മിലുള്ള ദൈവികമല്ലാത്തതെല്ലാം കത്തിച്ചാമ്പലാകും (ഹെബ്ര. 12/29). ദൈവത്തിന്റെ സ്വപ്നങ്ങളിൽ ഉൾച്ചേർന്ന് അത് നിറവേറ്റുന്നതിലായിരിക്കും മുഴുവൻ ശ്രദ്ധയും.

## കുടുംബദർശനം

ദർശനത്തിന്റെ സാക്ഷാത്ക്കാരമായിട്ടാണ് ചാവറ പിതാവിന്റെ കുടുംബദർശനം നാം മനസ്സിലാക്കുന്നത്. ചാവറ പിതാവിന്റെ ദർശനത്തിന്റെ കാതൽ കുടുംബമാണ്. അദ്ദേഹത്തിന് കുടുംബത്തിന്റേതായ ഒരു ദർശനം അഥവാ സിദ്ധി സ്വന്തമായുണ്ടായിരുന്നു. കൂട്ടായ്മയുടെ ദർശനമാണിത്. ദൈവത്തെ പിതാവായും മറ്റുള്ളവരെ സഹോദരങ്ങളായും സ്വീകരിക്കുന്ന അനുഭവമാണിത്. ദൈവത്തെ അപ്പനായി കാണുന്ന ദർശനമാണ് അദ്ദേഹത്തിന് ലഭിച്ചത്. ആബ്ബാ അനുഭവം ആഴപ്പെട്ടപ്പോൾ അദ്ദേഹം പറയുകയാണ് 'എന്റെ അപ്പാ' ഈ പേരുകൊണ്ടല്ലാതെ എനിക്ക് അങ്ങയെ വിളിക്കാൻ പാടുന്നില്ലയെന്ന് (ധ്യാനസ. പേജ് 17). അപ്പന്റെ കുഞ്ഞുമകൻ എന്ന അനുഭവം കുടുംബദർശനത്തിലാണുണ്ടാകുന്നത്. ഈ കുടുംബദർശനാനുഭവത്തിലാണ് ചാവറപ്പിതാവ് നമ്മെ കൂടെ പിറന്നവർ എന്നർത്ഥമുള്ള കൂടപ്പിറപ്പുകൾ, (ഇരട്ടകൾ) മക്കൾ, കുഞ്ഞുങ്ങൾ എന്നൊക്കെ സംബോധന ചെയ്തിരുന്നത് (കത്ത് VI/4. IX / 14, 5). ഈലോകം മുഴുവനും ഒരു കുടുംബമായി കണ്ട് എല്ലാവരേയും ആ കുടുംബത്തിലെ അംഗങ്ങളായി സ്വീകരിക്കുന്ന വിശാലമായ ഒരു ഹൃദയമാണ് ചാവറപ്പിതാവിനുണ്ടായിരുന്നത്. അവിടെ ശത്രുവെന്നോ മിത്രമെന്നോ വ്യത്യാസമുണ്ടായിരുന്നില്ല. കുടുംബദർശനം വിശാലമായ ഒരു സ്നേഹഐക്യത്തിലേക്കാണ് നമ്മെ നയിക്കുന്നത്. ശത്രുക്കളെപ്പോലും കൂടപ്പിറപ്പുകളായി സ്വീകരിച്ച് എല്ലായിടത്തും അനുരഞ്ജനദൂതുമായി കടന്നു ചെല്ലാനും ഈ കുടുംബദർശനം നമ്മെ സഹായിക്കും.

## തിരുസഭയാകുന്ന കുടുംബം

തിരുസ്സഭയാകുന്ന കുടുംബത്തെക്കുറിച്ചുള്ള ചാവറപ്പിതാവിന്റെ കാഴ്ചപ്പാട് വളരെ ഉന്നതമാണ്. എല്ലാമക്കളേയും ഉൾക്കൊള്ളുന്ന ദൈവരാജ്യാനുഭവത്തിലേക്ക് സഭ വളരണമെന്നാണ് ചാവറപ്പിതാവാഗ്രഹിച്ചത്. സഭയെ അമ്മയെപോലെ സ്നേഹിച്ചതും ഈ കുടുംബദർശനത്തിൽ നിന്നുകൊണ്ടാണ്. ഈശോ തന്റെ മണവാട്ടിയായ സഭയ്ക്കുവേണ്ടി സ്വജീവൻ അർപ്പിച്ചതുപോലെ സഭയാകുന്ന കുടുംബത്തിനു

വേണ്ടി ചാവറപ്പിതാവും ജീവിതം ഉഴിഞ്ഞുവെച്ചു. ഈശോ പിതാവിനെ സമാദരിച്ച് പിതാവിന്റെ ജോലികൾ ചെയ്തു മാനവ വിമോചനത്തിന്റെയും രക്ഷയുടേതുമായ പിതാവിന്റെ തന്നെ ജോലികളാണ് ചാവറപ്പിതാവും ചെയ്തത്. 19 നൂറ്റാണ്ടുകളായിട്ടും വിശുദ്ധാത്മാക്കളില്ലാതെ മച്ചിയായിരിക്കുന്ന കേരളസഭയെയോർത്ത് അദ്ദേഹം വിലപിച്ചു. റോക്കോസ് ശീശ്മയും മറ്റ് അനൈക്യങ്ങളും തിരുസ്സഭയാകുന്ന കുടുംബത്തെ തകർക്കുന്നത് അദ്ദേഹം കണ്ടു. സഭയുടെ ഐക്യത്തിനു വേണ്ടി എല്ലാ കഷ്ടപ്പാടുകളും പരാജയങ്ങളും സ്വീകരിച്ചുകൊണ്ട് ഐക്യത്തിനായി പോരാടി.

'കേസരി രാജൻ നീ നിന്നുടെ സ്വമതം
കേരളമൊക്കെയും കാണാകേണം'!

(ആത്മാ. പേജ് 21)

ഈശോയുടെ മൗതികശരീരം അജ്ഞാനത്താലും അനൈക്യത്താലും വേദനിക്കുന്നത് അദ്ദേഹം കണ്ടു. ഏതുവിധേനയും ഈ ശരീരം ഒന്നാകണം, ഈശോ പ്രഘോഷിക്കപ്പെടണം ഇതായിരുന്നു ചാവറപ്പിതാവിന്റെ ആഗ്രഹം. 'ശുദ്ധമാന പള്ളിക്കായി പ്രാർത്ഥിപ്പിൻ' എന്ന് കത്തുകളിൽ പല പ്രാവശ്യം ആവർത്തിക്കുന്നതു കാണാം. മാർപ്പാപ്പയ്ക്കും, മെത്രാന്മാർക്കും ഇടവകക്കാർക്കും എഴുതിയിട്ടുള്ള നിരവധി കത്തുകളുണ്ട്. ചുരുക്കത്തിൽ വിശ്വാസത്തിന്റെ വലിയൊരു സംരക്ഷകനും വചന പ്രഘോഷണത്തിനായി ജീവിതം ഉഴിഞ്ഞുവച്ചവനുമായിരുന്ന ചാവറപ്പിതാവ്.

ചാവറപ്പിതാവിന്റെ കുടുംബദർശനം മനുഷ്യകുടുംബത്തിൽ മാത്രം ഒതുങ്ങിനിന്നില്ല. സ്വർഗ്ഗകുടുംബം, സസ്യകുടുംബം, പക്ഷികുടുംബം, ആകാശകുടുംബം, ജന്തുകുടുംബം എന്നിവയെല്ലാം പ്രപഞ്ചം മുഴുവനും ഒരു കുടുംബമായി പിതാവ് വീക്ഷിച്ചിരുന്നു. (ആത്മാ X:105—; X:221—242; IX:313—332, II 292—, V:5)

സഭയുടെ കൊച്ചു പതിപ്പായ കുടുംബങ്ങളെല്ലാം തിരുകുടുംബത്തിന്റെ മാതൃകയിലാകണമെന്ന് ചാവറപ്പിതാവ് ആഗ്രഹിച്ചു. അതിനുവേണ്ടി കുടുംബചട്ടങ്ങൾ എഴുതിയുണ്ടാക്കി. ഇങ്ങനെ ലോകം മുഴുവനും കുടുംബമായി കാണുമ്പോൾ ചാവറപിതാവ് പറയുന്നതുപോലെ നമ്മുടെ ഞാടിഞരമ്പുകളുടെ

ഇളക്കങ്ങളും കണ്ണുചിമ്മലും ശ്വാസംവിടുക മുതലായവയും പക്ഷി പറവകളുടെ സ്വരങ്ങളും നമുക്കുള്ള അപേക്ഷകളായിട്ട് തിരിച്ച് കർത്താവിൻെറ പ്രവൃത്തികളായിട്ട് കാഴ്ചവയ്ക്കാൻ സാധിക്കും (കത്ത് VII/3).

ദർശന വീട്ടിലും കുടുംബചൈതന്യവും കൂട്ടായ്മയും നിലനില്ക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. ആബ്ബാനുഭവത്തിലും തിരുക്കുടുംബദർശനത്തിലും വളരുന്നതനുസരിച്ച് കുടുംബാരൂപി നമുക്ക് അനുഭവമാകും. രക്തബന്ധത്തേക്കാൾ വലുതായ ഒരു ആത്മീയബന്ധം ചാവറപ്പിതാവിന് തൻെറ ആത്മീയമക്കളോടുണ്ടായിരുന്നു. സിസ്റ്റേഴ്സിനോട് പറയുന്നു: 'ഇപ്പോൾ നിങ്ങളുടെ സംബന്ധക്കാരേക്കാൾ എന്നേയും അപ്രകാരം ഞാനും സ്നേഹിപ്പാൻ എന്താ കാരണം' (കത്ത് VII/6). എത്ര കൊവേന്തകളുണ്ടായാലും ഒരു വീട്ട് ഒരമ്മയുടെ ഉദരത്തിൽനിന്ന് പിറന്ന് ആ തള്ളയുടെ പാൽ കുടിച്ചു വളർന്നവർ എന്നതിൻ വണ്ണമുള്ള പട്ടാങ്ങയായ സ്നേഹത്തിന് കുറവ് വരുത്താത്ത ഭവനങ്ങളായിരിക്കണം നമ്മുടേതെന്ന് പറയുന്ന (കത്ത് VI/4) ഇന്ന് നമ്മുടെ സമൂഹത്തിൽ എല്ലാവരേയും സ്വന്തം സഹോദരങ്ങളായി സ്വീകരിക്കാൻ നമുക്ക് കഴിയുന്നുണ്ടോ? മററുള്ളവരുടെ പ്രശ്നം എൻെറ പ്രശ്നമാകുന്നുണ്ടോ? കുടുംബദർശനത്തിൻെറ കൃപയ്ക്കായി നമുക്ക് പ്രാർത്ഥിക്കാം. അപ്പോൾ ചാവറപ്പിതാവ് പറയുന്നതുപോലെ ' പുണ്യം ചെയ്വാൻ വശമില്ലാത്തപ്പോൾ മററുള്ളവരുടെ പുണ്യം തൻേറതായി കാഴ്ചവെയ്ക്കാനും, പ്രാർത്ഥിക്കുമ്പോൾ ലോകംമുഴുവനിലുമുള്ള പ്രാർത്ഥനകളോട് ചേർക്കാനും, മരിച്ചുപോയ എല്ലാ വിശുദ്ധരുടേയും യോഗ്യതകളോട് ചേർക്കാനും നമുക്ക് സാധിക്കും'.

## ദർശന ഭവനത്തിൻെറ പ്രത്യേകതകൾ

1. ദർശനഭവനം പുണ്യസങ്കേതവും വേദകാര്യങ്ങൾ പഠിപ്പിക്കുന്ന സ്ഥലവുമാണ്.

സ്വർഗ്ഗീയപിതാവിൻെറ മുഖവും സ്വരവും എല്ലാവരിലും എല്ലാററിലും ദർശിക്കാൻ സാധിക്കുന്ന ത്രിത്വകുടുംബമാതൃകയിലുള്ള ജീവിതം നയിക്കുന്ന വ്യക്തികൾ താമസിക്കുന്ന സ്ഥലമാണ് പുണ്യസങ്കേതം. സഹനങ്ങളെ മഹത്വമാക്കി മാററുന്ന സ്നേഹഭവനമാണിത്. അതുപോലെ പെൺപൈതങ്ങൾക്കുള്ള

പുണ്യസങ്കേതമായിരിക്കണം നമ്മുടെ ഭവനങ്ങളെന്ന് ചാവറപിതാവ് നമ്മെ ഓർമ്മിപ്പിക്കുന്നു. വി. ഗ്രന്ഥത്തിൽ അഗാധപാണ്ഡിത്യമുണ്ടായിരുന്ന ചാവറപ്പിതാവ് വചനത്തെ കേന്ദ്രമാക്കി ജീവിക്കാൻ നമ്മെ ക്ഷണിക്കുന്നു. വചനാനുസൃതം ജീവിച്ചുകൊണ്ട് നമ്മുടെ സമൂഹങ്ങളെ നമുക്ക് പുണ്യസങ്കേതങ്ങളാക്കി മാററാം . . .

2. ദർശനക്കാരുടെ ജീവിതം സല്ലാപജീവിതമാണ്.

കുടുംബത്തിൽ പരസ്പരം സ്നേഹം പങ്കുവെച്ച് ഒരുമിച്ചു വസിക്കുന്നവരാണ് സല്ലപിക്കുന്നത്. പരി. ത്രിത്വത്തിൽ പിതാവും പുത്രനും പരിശുദ്ധാത്മാവും പരസ്പരം ദർശിച്ച് സല്ലപിക്കുന്നു. പരി. ത്രിത്വത്തിന്റെ ഈ ഭൂമിയിലെ പതിപ്പായ തിരുക്കുടുംബവും സല്ലാപജീവിതമാണ് നയിച്ചത്. അവർ പരസ്പരം കാണുന്നു—അറിയുന്നു—പങ്കുവയ്ക്കുന്നു, ദുഃഖത്തിന്റെ പരിണാമിക മഹത്വത്തിന്റേതാകുന്നു. അതുകൊണ്ട് ദർശനഭവനം എന്നു പറഞ്ഞാൽ ദർശനം കണ്ടുകൊണ്ടിരിക്കുന്നവരുടെ ഭവനവും, ദർശനം നല്കുന്നവരുടെ ഭവനവുമാണ്. തിരുക്കുടുംബത്തിൽ ജീവിച്ച ചാവറപ്പിതാവും ഹൃദയംനിറയെ ക്ഷമയും സ്നേഹവുമായി ദർശനകുടുംബത്തിൽ സല്ലാപത്തിന്റെ ജീവിതമാണ് നയിച്ചിരുന്നത്. ഐക്യത്തിന്റേയും സന്തോഷത്തിന്റേയും സമാധാനത്തിന്റേതുമായ ജീവിതം.

3. കർമ്മലെ കുടുംബത്തിൽനിന്നും ചൈതന്യം സ്വീകരിച്ചിരുന്ന ചാവറപ്പിതാവ് മൗനത്തിനും ഏകാന്തതയ്ക്കും വളരെയേറെ പ്രാധാന്യം നല്കിയിരുന്നു. മുറി മണവറയാണ്. കൊവേന്ത മോക്ഷമാണ്. മൗനവും ഏകാന്തതയുമാണ് ഇവിടത്തെ പ്രത്യേകതകൾ (കത്ത് VII/8)

4. ദർശനക്കാർക്ക് ദൈവം അപ്പനാണ്.

ദൈവത്തെ മനോഗുണമുള്ള അപ്പനായും മററുള്ളവരെ കൂടപ്പിറപ്പുകളായും കാണുന്നു. ഇതുവഴി ഒരു വിശ്വകുടുംബത്തിന്റെ [Cosmic family] അനുഭവമുണ്ടാകുന്നു. പിതാവായ ദൈവത്തിന്റെ എല്ലാ സമ്പത്തും തന്റേത്. മററുള്ളവരുടെ പുണ്യങ്ങളും കുറവുകളും തന്റേത്.

ഇങ്ങനെ തിരുക്കുടുംബത്തിൽ ജീവിച്ച് പരി. ത്രിത്വത്തിന്റെ കൂട്ടായ്മയിൽ വളർന്ന ചാവറപ്പിതാവ് ദർശനത്തിന്റെ

മനുഷ്യനായി, സ്നേഹത്തിന്റെ അവതാരമായി. തിരുസ്സന്നിധി യിലിരുന്ന് നമുക്കും ഈ കുടുംബദർശനം ഏറ്റുവാങ്ങാം. ദൈവ ത്തിന്റെ സ്വപ്നങ്ങൾ ഉള്ള മനുഷ്യരാകാം.

കൃപ: ചാവറപ്പിതാവിനെപ്പോലെ ആഴമായ കുടുംബദർശനം ലഭിക്കുന്നതുവഴി കുടുംബാത്മപ്രീതിയിൽ വളരുക.

സൂക്തം: ഈശോ മറിയം യൗസേപ്പ് എന്ന മഹാകുടുംബത്തെ എപ്പോഴും എന്റെ ഹൃദയത്തിൽ ഞാൻ കാണുകയും ഓർക്കുകയും വണങ്ങുകയും ചെയ്തിരുന്നതിനാൽ അവരുടെ അനുഗ്രഹം എപ്പോഴും എന്നെ സംരക്ഷിക്കുകൊണ്ടും മാമ്മോദീസായിൽ എനിക്കു കിട്ടിയ ദൈവപ്രസാദത്തെ നശിപ്പിക്കുന്നതിന് ഇടയായിട്ടില്ല എന്നു പറയുന്നതിന് ദൈവാനുഗ്രഹത്താൽ എനിക്കു ധൈര്യമുണ്ട്. (ആത്മീയ മക്കൾക്ക് എഴുതിയ ചാവരുൾ

പുസ്തകം—വാല്യം. ചാവറയച്ചൻ പേജ് 95).

## വായനകൾ

| | |
|---|---|
| ഉല്പ. 1/26–28 | ധ്യാനസല്ലാപം പേജ് 13–18 |
| യോഹ. 14/2 | ചാവറ കത്ത് VI/4 |
| യോഹ. 16/13–14 | ചാവറ കത്ത് VII/3, 6, 8, 10, 11 |
| ലേവ്യ. 26/11 | ആത്മാനുതാപം III |
| ജെറ. 29/11;14 | |
| ഹെബ്ര. 12/29 | |
| എഫേ. 3/14–18 | |

സല്ലാപചിന്തകൾ 3

# നാമം ധരിക്കുക–വണങ്ങുക

തിരുക്കുടുംബത്തിൽ ജീവിച്ച് ത്രിത്വകുടുംബത്തിന്റെ രഹസ്യങ്ങളിലേയ്ക്കു ഉൾപ്രവേശിച്ച ചാവറപ്പിതാവിനെയാണ് നാം കഴിഞ്ഞ ധ്യാനത്തിൽ കണ്ടത്. നമ്മുടെ പുണ്യപിതാവിന്റെ മദ്ധ്യസ്ഥതയിൽ നാമും ഈ കുടുംബദർശനത്തിലേയ്ക്ക് ഉൾപ്രവേശിക്കുവാൻ പരിശ്രമിക്കുകയായിരുന്നു.

നമ്മുടെ കുടുംബങ്ങളിലേയ്ക്ക് നാം നോക്കുമ്പോൾ മക്കൾക്ക് പേരിടുക, നാമം ധരിക്കുക എന്നത് ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. മക്കൾക്ക് കാരണവന്മാരുടെ പേരാണ് സാധാരണയായി നൽകുക. മക്കളിലൂടെ അവരുടെ നാമം നിലനില്ക്കണം ശാശ്വതീകരിക്കണം എന്ന ആശയമാണ് ഇതിന്റെ പിന്നിലുള്ളത്.

"സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ പിതൃത്വങ്ങൾക്കും നാമകാരണമായ പിതാവിന്റെ മുമ്പിൽ ഞാൻ മുട്ടുകൾ മടക്കുന്നു" (എഫേ. 3/14). ലോകത്തിൽ ഒരു നാമമേയുള്ളൂ. ദൈവനാമം. മറ്റെല്ലാ നാമത്തിന്റേയും ഉറവിടം പിതാവായ ദൈവമാണ്. നമ്മുടെ പേരുകളെല്ലാം ദൈവനാമവുമായി ബന്ധപ്പെട്ടതാണ്. ബൈബിളിൽ നാമംകൊണ്ടുദ്ദേശിക്കുക ഒരാളുടെ വ്യക്തിത്വമാണ്. നമ്മുടെ വ്യക്തിത്വം അഥവാ നാമം നാം ദൈവത്തിൽനിന്ന് സ്വീകരിച്ചിട്ടുള്ളതാണ്. വേറൊരു വാക്കിൽ പറഞ്ഞാൽ നമ്മുടെ അസ്തിത്വം, നമ്മുടെ നാമം നിലനില്ക്കുന്നത് ദൈവത്തിലാണ്.

ദൈവത്തിന്റെ വ്യക്തിത്വം സ്നേഹമാണ്. ഈ സ്നേഹം വളർന്ന് പുഷ്ടിക്കുന്നത് കുടുംബത്തിലാണ്. കുടുംബാന്തരീക്ഷത്തിൽ പരസ്പരമുള്ള സ്വീകരിക്കലിലൂടേയും, കൊടുക്കലിലൂടെയും പങ്കുവെയ്ക്കലിലൂടേയുമാണ്. ഇതിലൂടെ കുടുംബത്തിലുള്ള പല വ്യക്തികൾ സ്നേഹത്തിൽ ഒന്നായിത്തീരുകയാണ്. ഇതാണ് ത്രിത്വരഹസ്യമെന്ന് ഒരർത്ഥത്തിൽ നമുക്ക് പറയാം. പരിപൂർണ്ണമായ രമ്യത, പരോന്മുഖത, ശാശ്വതമായ ശാന്തി, സമാധാനം, മംഗളം, കല്യാണം, ക്ഷേമം ഇതാണ് നാം ഇവിടെ ദർശിക്കുക. എല്ലാം ആനന്ദമയം എല്ലാവരും സൗഭാഗ്യവാന്മാരായിത്തീരുന്ന അവസ്ഥ-തിരുക്കുടുംബത്തിൽ ചാവറപ്പിതാവ് ഇതാണ് ദർശിച്ചത്. ഭൗതിക സമ്പത്തിന്റെ സമൃദ്ധിയല്ല, ത്യാഗോജ്ജ്വലമായ സ്നേഹത്തിന്റെ സമ്പൂർണ്ണതയാണ് ഇവിടെ അദ്ദേഹം കണ്ടത്.

തിരുക്കുടുംബം ചാവറപ്പിതാവിന്റെ പ്രധാന ധ്യാനവിഷയമായിരുന്നുവെന്ന് നാം കണ്ടു. ധ്യാനം ചാവറപ്പിതാവിനെ സംബന്ധിച്ചിടത്തോളം ഒരു അനുഭവമായിരുന്നു. ഈ അനുഭവത്തിനായി തിരുക്കുടുംബത്തിൽ അദ്ദേഹം ജീവിച്ചു. തിരുക്കുടുംബത്തിൽ ഒരംഗമായിത്തീർന്ന അദ്ദേഹം കണ്ടത് പിതാ

വിൻെറ നാമം മഹത്വപ്പെടുത്തുന്ന പുത്രനായ ഈശോയെയാണ്. "ഞാനും പിതാവും ഒന്നാകുന്നു" (യോഹ. 10:30) എന്നു പറഞ്ഞ് പിതാവിൻെറ നാമവുമായി ഒന്നായിച്ചേരുന്ന പുത്രൻ. അതുപോലെ മാതാവും യൗസേപ്പിതാവും ദൈവപിതാവിൽ തങ്ങളുടെ അസ്ഥിത്വം കണ്ടെത്തി, പിതാവിൻെറ വ്യക്തിത്വവുമായി ഒന്നായിച്ചേർന്ന് ആ നാമം തങ്ങളുടെ ജീവിതത്തിലൂടെ പ്രഘോഷിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്ന കാഴ്ചയാണ് ചാവറപ്പിതാവ് ദർശിക്കുന്നത്. ത്രിത്വകുടുംബത്തിൻെറത്തന്നെ തുടർച്ചയാണ് ഭൂമിയിലെ തിരുക്കുടുംബമെന്ന് അദ്ദേഹം അനുഭവിച്ചറിഞ്ഞു.

ഇതു കണ്ടപ്പോൾ തനിക്കും തിരുക്കുടുംബത്തിൻെറ നാമം ധരിച്ച് ദൈവനാമം മഹത്വപ്പെടുത്തണമെന്ന് വലിയ ആഗ്രഹം ഉദിച്ചു. തൻെറ കൊച്ചുജീവിതത്തിലൂടെ ദൈവത്തെ ഈ ഭൂമിയിൽ സന്നിഹിതമാക്കണം. സ്വർഗ്ഗം ഭൂമിയിൽ സ്ഥാപിക്കണം. തന്നിലൂടെ എല്ലാവരും ദൈവത്തെ ദർശിക്കണം. അങ്ങനെ അപ്പൻെറ നാമം നിലനിർത്തുന്ന ഉത്തമ മകനായി തീരണം. ഈശോയുടെ ജീവിതം, തിരുക്കുടുംബത്തിൻെറ ജീവിതം തന്നിലൂടെ തുടരണം. ഈ ആഗ്രഹത്തോടെ അദ്ദേഹം തിരുക്കുടുംബത്തിൻെറ ആഹാ കര്യാക്കോസ് ഏലിയാ എന്ന നാമം സ്വീകരിച്ചു. അദ്ദേഹം എങ്ങിനെയാണ ആ നാമം തൻെറ ജീവിതത്തിൽ അന്വർത്ഥമാക്കിയതെന്ന് നമുക്കു കാണാം.

ഈശോ മറിയം യൗസേപ്പ് എന്ന നാമം പരി. ത്രിത്വത്തിൻെറ നാമവുമായി ബന്ധപ്പെട്ടതാണ്.

## ഈശോ

തിരുക്കുടുംബത്തിൻെറ കേന്ദ്രം ഈശോയാണ്. ഈശോ എന്ന നാമം ചാവറപ്പിതാവ് എങ്ങനെ തൻെറ ജീവിതത്തിൽ അന്വർത്ഥമാക്കി? 'ഈശോ' എന്നുള്ളതിൻെറ പൂർണ്ണമായ രൂപം 'യാഹ്‌വേഷ്വാ' എന്നാണ്. അതു് ലോപിച്ചാണ് യേശു, ഈശോ എന്നെല്ലാം വന്നത്. ഇതിൽനിന്നും 'യാഹ്‌വെ' എന്ന ദൈവത്തിൻെറ നാമവുമായി ബന്ധപ്പെട്ടതാണ് ഈശോയുടെ നാമം എന്ന് വ്യക്തമാണ്. ഈശോയെന്ന വാക്കിൻെറ അർത്ഥം രക്ഷകൻ എന്നാണ്. ഈശോ ദൈവനാമം ധരിച്ച് ദൈവവുമായി ഒന്നായിത്തീരുന്നതു നാം കാണുന്നുണ്ട്. (യോഹ. 10:30)

ഞാനും പിതാവും ഒന്നാണ്‌ അതായത്‌ നാമം ധരിക്കലിലൂടെ നാം തന്നെ ആ നാമം ആയിത്തീരണം. ഇസ്രായേൽക്കാരുടെ ചരിത്രത്തിൽ ഇറങ്ങിവന്ന്‌-ഈജിപ്റ്റിലേയ്ക്ക്‌ ഇറങ്ങിവന്ന്‌ അവരുടെ അനുദിനജീവിതത്തിൽ അവരോടുകൂടി ഒന്നുചേർന്ന്‌, അവരുടെ വേദനകളിൽ പങ്കുപററി, അവരുടെ വിജയവും പരാജയവും, സന്തോഷവും ദുഃഖവും തന്റേതാക്കിമാററി, അവരോടുകൂടി ഒന്നായിത്തീർന്ന ഒരു ദൈവത്തെയാണ്‌ യാഹ്‌വെയിൽ നാം കാണുക. പുതിയ ഇസ്രായേലിന്റെ ചരിത്രത്തിലേയ്ക്കു ഇറങ്ങിവന്ന പുത്രനായ ഈശോയിൽ പിതാവിന്റെ അതേ പ്രവൃത്തി തന്നെ തുടർന്നുകൊണ്ട്‌ ഞാനും പിതാവും ഒന്നാണെന്ന്‌ പ്രഖ്യാപിച്ചു.

രണ്ടാമതായി ദൈവനാമം ധരിച്ച ഈശോ ചെയ്തതു്‌ ദൈവത്തിന്റെ നാമം മഹത്വപ്പെടുത്തുകയാണ്‌ (യോ. 17/4). തന്റെ പ്രവൃത്തികളിലൂടെ അവിടുന്ന്‌ ദൈവനാമം പ്രഘോഷിച്ചു മഹത്വപ്പെടുത്തി. അങ്ങേ നാമത്തിൽ ഇവരെ കാത്തുകൊള്ളണമെയെന്ന്‌ യോഹ. 17/11-ൽ ഈശോ പ്രാർത്ഥിക്കുന്നുണ്ട്‌. ദൈവനാമത്തിൽ മനുഷ്യർക്ക്‌ രക്ഷകൊണ്ടുവരുന്നവനാണ്‌ ഈശോ. ദൈവത്തിന്റേയും മനുഷ്യരുടേയും ഇടയിൽ മദ്ധ്യസ്ഥനായി നിന്നുകൊണ്ട്‌ ശിഥിലമായ ദൈവമനുഷ്യബന്ധം പുനഃസ്ഥാപിക്കുന്നു. അങ്ങനെ ദൈവനാമം മഹത്വപ്പെടുത്തി.

ചാവറപ്പിതാവും തന്റേതായ വ്യക്തിത്വത്തിൽനിന്നുകൊണ്ട്‌ ഈശോയുടെ നാമം ജീവിക്കുവാൻ ശ്രമിക്കുകയാണ്‌. അദ്ദേഹം ഈശോയുടെ പേരു്‌ ധരിച്ച്‌ ഈശോയുടെ രക്ഷയാണ്‌ കേരളത്തിലേയ്ക്ക്‌ കൊണ്ടുവന്നതു്‌. പള്ളിക്കൂടങ്ങൾ സ്ഥാപിക്കുവാനുള്ള ആഹ്വാനത്തിലൂടെ അജ്ഞതയിൽനിന്നുള്ള രക്ഷ, പള്ളിപ്രസംഗങ്ങൾ, നാല്പതുമണി ആരാധന, പ്രസിദ്ധീകരണങ്ങൾ മുതലായവയിലൂടെ അവിശ്വാസത്തിൽനിന്ന്‌ രക്ഷ, സന്യാസസഭകൾ സ്ഥാപിച്ചുകൊണ്ട്‌ തിരുസ്സഭയുടെ പൊതുവെയുള്ള രക്ഷ, എല്ലാ കുടുംബങ്ങളേയും തിരുക്കുടുംബമാക്കുവാനുള്ള യത്നത്തിലൂടെ കുടുംബങ്ങൾക്കു രക്ഷ, ഹരിജനങ്ങൾക്കായി സ്കൂളുകൾ സ്ഥാപിച്ചുകൊണ്ട്‌ സമുദായത്തിൽ താഴെക്കിടയിലുള്ളവർക്ക്‌ രക്ഷ, അങ്ങനെ കേരളജനതയുടെ സമഗ്രമായ രക്ഷയ്ക്കുവേണ്ടി പരിശ്രമിച്ചു. ഈശോയുടെ നാമവുമായി ഒന്നായി

ദൈവനാമത്തിന്റെ കൊച്ചുകൊച്ചു പതിപ്പുകളായി നമ്മുടെ പേരുകൾ കാണുവാൻ സാധിക്കണം. നമ്മുടെ വ്യക്തിത്വം ദൈവത്തിലാണ് നിലകൊള്ളുന്നതു്. ദൈവനാമവുമായി നമ്മുടെ തനിമയിൽ, നാം ഒന്നിക്കുമ്പോഴാണ് നമ്മുടെ നാമം ശാശ്വതമായിത്തീരുന്നതു്. അപ്പോഴാണ് വെളി. 3/12-ൽ പറയുന്നതു് നമ്മിൽ അന്വർത്ഥമാവുക. അവന്റെമേൽ ദൈവത്തിന്റെ നാമവും ദൈവനഗരത്തിന്റെ നാമവും എന്റെ പുതിയ നാമവും ഞാൻ എഴുതും.

അപ്പ. പ്രവർത്തനങ്ങൾ 3/6-7, 4/12, 9/27-28 ഇവിടെയെല്ലാം ഈശോയുടെ നാമത്തിൽ അപ്പസ്തോലപ്രവർത്തനങ്ങൾ ചെയ്യുന്ന ശിഷ്യരെയാണ് നാം കാണുക. ശിഷ്യന്മാരുടെ മുഖമുദ്ര ഈശോയുടെ നാമത്തിൽ സംസാരിക്കുക, ഈശോയുടെ നാമത്തിൽ പ്രവർത്തിക്കുക എന്നതാണ്. ഈശോയുടെ പ്രവർത്തി തുടരുക, പൂർത്തിയാക്കുക, അതുവഴി പിതാവിന്റെ നാമം മഹത്വപ്പെടുത്തുക, അവിടത്തെ നാമം പൂജിതമാക്കുക ഇതാണ് ക്രിസ്തു ശിഷ്യരായ നമ്മുടെ കടമ.

ചാവറപ്പിതാവ് തിരുക്കുടുംബത്തിന്റെ നാമം ധരിച്ച് ആ നാമം ആയിത്തീർന്നതുപോലെ നാമും നമ്മുടെ വ്യക്തിത്വങ്ങളെ ദൈവനാമവുമായി ബന്ധപ്പെടുത്തി കണ്ട് ആ നാമവുമായി ഒന്നായിച്ചേരണം. ആ നാമത്തെ നമ്മുടെ ജീവിതംകൊണ്ട്, പ്രവർത്തികൊണ്ട്, സംസാരംകൊണ്ട്, പ്രഘോഷിക്കുകയും ചെയ്യണം.

ദൈവത്തിന്റെ മുമ്പിലിരുന്ന് നമ്മുടെ സംസാരം, ജീവിതം, പ്രവർത്തികൾ നമുക്ക് പരിശോധിക്കാം. എന്റെ ജീവിതംകൊണ്ട് ദൈവനാമത്തിന്റെ മഹത്വം, അതിരുകളില്ലാത്ത അവിടത്തെ സ്നേഹം, കരുണ ഇവയെല്ലാം എല്ലാവർക്കും അനുഭവവേദ്യമാകുന്നുണ്ടോ? ദൈവനാമത്തിന്റെ ശക്തി ഞാനുമായി ബന്ധപ്പെടുന്നവർക്ക് എന്തുമാത്രം അനുഭവിക്കാൻ കഴിയുന്നു? ഓരോ ദിവസവും ദൈവനാമം നമ്മിൽ ആയിത്തീരുവാൻ, നാം തന്നെ ദൈവനാമമായി മാറുവാൻ ആഗ്രഹിക്കുകയും പരിശ്രമിക്കുകയും അരൂപിയുടെ സഹായം തേടുകയും ചെയ്യുന്നുണ്ടോ? പത്രോസ് ശ്ലീഹായിലൂടെ അന്ന് ആ മുടന്തൻ അനുഭവിച്ച സ്നേഹത്തിന്റെ അത്ഭുതകരമായ ശക്തി നമ്മിലൂടെയും പ്രവഹിക്കട്ടെ.

വണങ്ങുക

പരിശുദ്ധ ത്രിത്വത്തിലും, തിരുക്കുടുംബത്തിലും ജീവിച്ച ചാവറപ്പിതാവ് ഈ കുടുംബങ്ങളിലെ അംഗങ്ങൾ പരസ്പരം വണങ്ങി ജീവിക്കുന്നത് മാതൃകയാക്കുകയാണ്. ഇതിൽനിന്ന് എല്ലാ മനുഷ്യമക്കളേയും ദൈവമക്കളായി കണ്ട് വണങ്ങി ജീവിക്കുന്നതിനുള്ള സിദ്ധി ചാവറപ്പിതാവിന് ലഭിക്കുന്നു.

ചാവറപ്പിതാവ് നമ്മെ ഓരോരുത്തരേയും തിരുക്കുടുംബത്തിന് പ്രതിഷ്ഠിക്കുന്നു. തിരുക്കുടുംബത്തിൽ ജീവിച്ചുകൊണ്ടു പരസ്പരം വണങ്ങുവാനും ആദരവ് പ്രകടിപ്പിക്കുവാനുമുള്ള സിദ്ധി നമുക്കും ആർജ്ജിക്കാം. "ഓരോരുത്തരും താഴ്മയോടെ മറ്റുള്ളവരെ തങ്ങളെക്കാൾ ശ്രേഷ്ഠരായി കരുതണം" (ഫിലി. 2/3). ഈ ചൈതന്യം ഉൾക്കൊണ്ടു് നമുക്ക് പരസ്പരം ആദരിക്കാം, വണങ്ങാം.

ദർശനഭവനങ്ങളായ നമ്മുടെ സമൂഹങ്ങൾ പരസ്പരം വണങ്ങുന്നവരുടെ സമൂഹമാണോ? വെറും മാനുഷിക മാനദണ്ഡങ്ങൾ വെച്ചാണോ നാം ബഹുമാനാദരവുകൾ പ്രകടിപ്പിക്കുന്നത്? പരിമിതികൾ കണ്ടെത്താതെ, വ്യവസ്ഥകളില്ലാതെ വണങ്ങുവാൻ നമുക്കു സാധിക്കുന്നുണ്ടോ? നാമും നമ്മുടെ സഹോദരങ്ങളും ദൈവം വസിക്കുന്ന ദേവാലയങ്ങളാണെന്ന ചിന്തയുണ്ടോ? നാം പരസ്പരം വണങ്ങി ജീവിക്കുമ്പോൾ തിരുക്കുടുംബദർശനവും, ത്രിത്വദർശനവും ലോകത്തിനു നല്കുവാൻ കഴിയും. ഇതിനാണു നാം വിളിക്കപ്പെട്ടിരിക്കുന്നതു്. ചാവറപ്പിതാവ് വിഭാവനം ചെയ്ത ദർശനഭവനം, പരസ്പരം വണങ്ങിയുള്ള നമ്മുടെ ജീവിതത്തിലൂടെ സാക്ഷാൽക്കരിക്കാം.

കൃപ: ദൈവനാമത്തിന്റെ കൊച്ചു കൊച്ചു പതിപ്പായ നമ്മുടെ നാമം ജീവിച്ചുകൊണ്ട് എല്ലാവരിലും ആ നാമത്തെ കണ്ട് അവരെ വണങ്ങി ദൈവനാമത്തിന്റെ പ്രഘോഷകരായി ജീവിക്കുവാനുള്ള കൃപ.

സ്മരണ: 1 "ഞാൻ എന്റെ ആയുഷ്കാലം മുഴുവൻ പരിശുദ്ധ ത്രിത്വത്തിലാണ് ജീവിതം കഴിച്ചിരുന്നത്. എന്റെ പേര് തിരുക്കുടുംബത്തിന്റെ കുര്യാക്കോസ് എന്ന് ധരിച്ചിരിക്കുന്നതു് ഈ ഓർമ്മയ്ക്കു വേണ്ടിയാണ്" (അന്ത്യവചസ്സുകൾ)

(മലങ്കര സഭാമാതാവിന്റെ ഒരു വീരസന്താനം" പേജ് 319)

1 ''ഒരമ്മയുടെ ഉദരത്തിൽനിന്ന് പിറന്നു, ആ തള്ളയുടെപാൽ കുടിച്ചു വളർന്നവർ എന്നതിൽ വണ്ണമുള്ള പട്ടാംഗയുള്ള സ്നേഹത്തിന് ഒരിക്കലും ഭേദംവരത്താതെ മേൽക്കുമേൽ വർദ്ധിച്ചുവരിക'' (കത്തു. VI/4)

2 ''ആ കർത്താവെ നിന്നോടു ഒന്നു് ഞങ്ങളാം ആകുംവരെ ഞങ്ങളിൽനിന്നു് അകലല്ലെ'' (കത്തു VII/6)

വായനകൾ:

| | |
|---|---|
| എഫേ. 3:14 | അപ്പ: 3; 6 |
| യോഹ. 10:30 | അപ്പ: 4: 12 |
| യോഹ. 17:4 | അപ്പ: 9;27-28 |
| യോഹ. 17:11 | ഫിലി. 2:3 |
| വെളി. 3:12 | |

സല്ലാപചിന്തകൾ 4

# ഓർക്കുക

കുടുംബദർശനത്തിൽ നിന്നാണ് ചാവറപ്പിതാവിന് ഓർക്കുക എന്ന സിദ്ധി ലഭിച്ചത്. കുടുംബാംഗങ്ങൾ പരസ്പരം ഓർക്കുകയും ഓർമ്മിപ്പിക്കുകയും ചെയ്യുക സാധാരണമാണല്ലോ. ആഴമായ ബന്ധമാണ് ഓർമ്മയ്ക്ക് നിദാനമെന്ന് ഇതിൽനിന്ന് വ്യക്തമാണ്. ഓർക്കൽ അതിന്റെ പൂർണ്ണതയിൽ ചാവറപിതാവ് ദർശിക്കുന്നത് ത്രിത്വകുടുംബത്തിലാണ്. ഇവിടെ പിതാവും പുത്രനും പരിശുദ്ധാത്മാവും പരസ്പരം ഓർക്കുന്നു. ത്രിത്വകുടുംബത്തിന്റെ തനിപ്പകർപ്പാണ് തിരുക്കുടുംബത്തിൽ ചാവറപ്പിതാവ് ദർശിക്കുന്നത്. അവിടെ യൗസേപ്പിതാവും മാതാവും സദാ ഈശോയെ ഓർക്കുന്നു. ഈശോ യൗസേപ്പിതാവിനേയും മാതാവിനേയും ഓർക്കുന്നു. തിരുക്കുടുംബത്തിൽ ജീവിച്ച് ചാവറപ്പിതാവും ഓർമ്മയുടെ സിദ്ധി സ്വന്തമാക്കി.

## മനുഷ്യനെ ഓർക്കുന്ന ദൈവം

രക്ഷാകരചരിത്രംതന്നെ ദൈവത്തിന്റെ ഓർക്കലിന്റെ ചരിത്രമാണ്. ദൈവമാണ് മനുഷ്യനെ ആദ്യം ഓർക്കുന്നത്. ദൈവപിതാവിന്റെ ഓർമ്മയിൽ മനുഷ്യൻ ആദ്യമായി രൂപം

കൊണ്ടു നമുക്ക് നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാമെന്ന് പരസ്പരം ഓർമ്മപ്പെടുത്തി (ഉല്പത്തി 1/26-27) പരി. ത്രിത്വം മനുഷ്യന് രൂപം നല്കി. പാപംമൂലം അധഃപതിച്ച മനുഷ്യവർഗ്ഗത്തെ ദൈവം വീണ്ടും ഓർക്കുന്നു. അവർക്ക് രക്ഷകനെ വാഗ്ദാനം ചെയ്യുന്നു (ഉല്പത്തി 3/15). വീണ്ടും വിദ്വേഷവും സ്പർദ്ധയും അസൂയയും കലഹവുംമൂലം ചിന്നിച്ചിതറിയ മനുഷ്യകുലത്തെ അവിടുന്ന് ഓർക്കുകയും അവരുടെ ദയനീയസ്ഥിതിയിൽ മനസ്സലിഞ്ഞ് ഒരു ജനതയെ അവരിൽനിന്ന് രൂപപ്പെടുത്തുവാൻ മുൻകൈയെടുക്കുന്നതും നാം കാണുന്നുണ്ട്. ഈ ഇസ്രായേൽജനം ഈജിപ്തിലെ അടിമത്വത്തിൽ കഷ്ടതയനുഭവിക്കുമ്പോഴും ദൈവമാണ് അവരെ ആദ്യം ഓർക്കുന്നത്. അവിടുന്ന് അബ്രാഹത്തോടും ഇസഹാക്കിനോടും ചെയ്ത ഉടമ്പടി ഓർക്കുകയും അടിമത്വത്തിൽനിന്ന് അവരെ രക്ഷിക്കുകയും ചെയ്യുന്നു (പുറപ്പാട് 2/24-25).

പ്രവാചകരിലൂടെ ദൈവം ആവർത്തിച്ചുപറയുന്ന ഒരു കാര്യമാണ് മനുഷ്യനെ നിരന്തരം അവിടുന്ന് ഓർക്കുന്നുവെന്ന്. അമ്മ തന്റെ കുഞ്ഞിനെ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല (ഏശ. 49/15). കാലത്തിന്റെ പൂർണ്ണതയിൽ സ്വന്തം പുത്രനെത്തന്നെ ഈ ഭൂമിയിലേയ്ക്ക് അയച്ചുകൊണ്ട് മനുഷ്യൻ തന്റെ നിരന്തരമായ ഓർമ്മയുടെ വിഷയമാണെന്ന് വ്യക്തമാക്കി. പരിശുദ്ധാത്മാവിലൂടെ മനുഷ്യജന്മം എടുത്ത പുത്രൻ സ്വന്തം രക്തത്തിലൂടെ ഈ സ്നേഹത്തിന്റെ ഉടമ്പടിക്ക് ശാശ്വതമായ മുദ്രവെച്ചു.

## ഓർക്കുക, ഓർമ്മിപ്പിക്കുക പ്രവാചക ദൗത്യം

തിന്മയിലേയ്ക്ക് ചാഞ്ഞിരിക്കുന്ന മനുഷ്യൻ പലപ്പോഴും ദൈവവുമായുള്ള ഉടമ്പടിബന്ധം മറന്ന് സ്വന്തം ഇഷ്ടമനുസരിച്ച് പാപത്തിന്റെ വഴിയിൽ ചരിക്കുന്നത് ചരിത്രത്തിലുടനീളം കാണുന്ന ഒരു യാഥാർത്ഥ്യമാണ്. ഈ അവസരത്തിൽ അവർ ശത്രുക്കളുടെ കരങ്ങളിൽ അകപ്പെട്ട് വിപ്രവാസത്തിൽ കഴിയുന്നതും നാം കാണുന്നുണ്ട്. ഇവിടെ പ്രവാചകന്മാർ രംഗപ്രവേശം ചെയ്ത് അവരെ ദൈവവുമായുള്ള ഉടമ്പടിയെക്കുറിച്ചും അവരുടെ ദൗത്യത്തെക്കുറിച്ചും ഓർമ്മിപ്പിക്കുന്നു. അവരുടെ ചരിത്രത്തിൽ ദൈവം ചെയ്ത അത്ഭുതകൃത്യങ്ങളും, വാരിക്കോരി

കർത്താവിൻെറ തിരുരഹസ്യം ഓർക്കുന്ന ചാവറപ്പിതാവ് ഈശോയെ ഓർപ്പിക്കുന്നതും ഈശോ ചാവറപ്പിതാവിനെ ഓർപ്പിക്കുന്നതും കാണാം. ഹേറോദേസിനോട് മിണ്ടാതിരുന്നതുപോലെ എന്നോടുള്ള സംഭാഷണവും നിർത്തരുതെയെന്ന് ഈശോയെ ഓർമ്മിപ്പിക്കുന്നു (ആത്മാനുതാപം. VII/417-419). ഞാനാണ് നിൻെറ അപ്പനും അമ്മയും നീയെൻെറ മകനാണ് എന്ന് ഈശോ ചാവറപ്പിതാവിനെ ഓർമ്മിപ്പിക്കുന്നു. (ആത്മാ: VII/345-346). ഹൃദ്യമായ പിതൃപുത്ര ബന്ധമാണ് ഈ ഓർമ്മപ്പെടുത്തലിൽ നാം കാണുന്നത്.

ദിവ്യകാരുണ്യസന്നിധിയിൽ നീണ്ട മണിക്കൂറുകൾ ചെലവഴിച്ചുകൊണ്ട് വി. കുർബ്ബാനയുടെ രഹസ്യങ്ങളിലേക്ക് അദ്ദേഹം ഉൾപ്രവേശിച്ചു. "വിശുദ്ധ കുർബ്ബാന കൈക്കൊണ്ട് കർത്താവിൻെറ സ്നേഹത്തെക്കുറിച്ചു ഓർക്കണമെന്ന് അദ്ദേഹം സിസ്റ്റേഴ്സിനെ ഓർപ്പിക്കുന്നുണ്ട് (കത്ത് VII/6). വിശുദ്ധ കുർബ്ബാനയിൽ മൂന്നു ഓർമ്മകളാണുള്ളത്. ദൈവപിതാവിൻെറ സ്നേഹം, പുത്രൻെറ കൃപ, പരിശുദ്ധാത്മാവിൻെറ സഹവാസം. ഈ സ്നേഹരഹസ്യത്തിലുൾചേർന്ന് പരി. ത്രിത്വത്തിൽ ജീവിക്കുവാനാണ് ചാവറപ്പിതാവ് നമ്മോട് ആവശ്യപ്പെടുന്നത്.

കർത്താവിൻെറ തിരുരഹസ്യങ്ങളെ ഓർക്കുമ്പോൾ ചാവറ പിതാവിന് തൻെറ പാപാവസ്ഥയേയും അയോഗ്യതയേയും കുറിച്ച് ആഴമായ ബോദ്ധ്യമുണ്ടാകുന്നു. (ആത്മാ. II/290-304, II/337-352, IV/193-200, VII/220-232). പാപിയും നിസ്സാരനുമായ താൻ കർത്താവിൻെറ രക്ഷണീയ രഹസ്യങ്ങളിലേക്ക് പൂർണ്ണമായി ഉൾപ്രവേശിക്കുവാൻ യോഗ്യനല്ല, അതുകൊണ്ട് കർത്താവിൻെറ പീഡാസഹനവും മരണവും തൻേറതാക്കിപ്പകർത്തി സഹരക്ഷകയായിത്തീർന്ന പരി. അമ്മയെ ഓർക്കുകയും ഓർപ്പിക്കുകയും ചെയ്യുന്നു (ആത്മാ. II/224-249, IV/205, VI/201, VII/189-212).വി. യൗസേപ്പിതാവിനേയും ഓർക്കുന്നു, ഓർപ്പിക്കുന്നു. (IV/201-204) മിശിഹായുടെ പെസഹാനുഭവം സ്വന്തമാക്കി ഈശോയുമായി ഗാഢൈക്യം പുലർത്തിയിരുന്ന വിശുദ്ധരേയും മാലാഖമാരേയും അദ്ദേഹം ഓർക്കുന്നുണ്ട്.

(ധ്യാനസല്ലാപം പേജ് 16)

## കൂടപ്പിറപ്പുകളെ ഓർക്കുന്ന വലിയ വ്യക്തിത്വം

സ്വർഗ്ഗീയ കുടുംബത്തോടൊത്ത് ദൈവസാന്നിദ്ധ്യത്തിൽ ജീവിച്ച ചാവറപ്പിതാവ് ദൈവീക മനുഷ്യനായി. അഖിലപ്രപഞ്ചം മുഴുവനും ഒരു കുടുംബമെന്ന ദർശനം അദ്ദേഹത്തിൽ ആഴപ്പെട്ടു. തൽഫലമായി അദ്ദേഹം ഓർമ്മയുടെ നിറകുടമായി മാറി. തനിക്ക് ജന്മം നൽകിയ സ്വന്തം കുടുംബത്തെ അദ്ദേഹം ഓർക്കുന്നുണ്ട്. ദർശനകുടുംബത്തേയും ഓർക്കുന്നുണ്ട്. ദർശനകുടുംബത്തിൽ കൂടപ്പിറപ്പുകൾ പരസ്പരം ഓർക്കണമെന്നും ഹൃദ്യമായ സ്നേഹബന്ധം വളർത്തണമെന്നും അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. അതുകൊണ്ടാണ് തക്ക ആവശ്യമില്ലെങ്കിലും വികാരിമാർ തമ്മിൽ എഴുത്തുകൾ അയച്ച് കൂടപ്പിറപ്പുകളുടെ സൗഖ്യവർത്തമാനങ്ങളെ അറിയുകയും അറിയിക്കുകയും ചെയ്യണമെന്ന് ആവശ്യപ്പെടുന്നത് (കത്തുകൾ VI/4).

അദ്ദേഹത്തിന്റെ വലിയ കുടുംബത്തിൽ തന്റെ ജീവിതവുമായി ബന്ധപ്പെട്ട എല്ലാവരും തനിക്ക് ദൃക്സാക്ഷികളായിരുന്നു. ഓരോരുത്തരേയും വ്യക്തിപരമായി അറിയുകയും പേരും സ്വഭാവവുമെല്ലാം കൃത്യമായി ഓർത്തിരിക്കുകയും ചെയ്തിരുന്നുവെന്ന് നാളാഗമത്തിൽനിന്നും വ്യക്തമാണ്. അവിടെ വലിപ്പച്ചെറുപ്പവ്യത്യാസമില്ല. ഇട്ടൻ മുതലായ പണിക്കാരെയും അദ്ദേഹം അനുസ്മരിക്കുന്നുണ്ട്. ആഴമായ ആത്മീയബന്ധത്താൽ എല്ലാവരുമായി ഒന്നായിത്തീരുന്ന അനുഭവമാണ് ഇവിടെ നാം ദർശിക്കുക. ആബാനുഭവത്തിൽനിന്നും കുടുംബദർശനത്തിൽനിന്നും ഉരുത്തിരിയുന്ന സാഹോദര്യമാണ് ചാവറപിതാവിൽ കാണുന്നത്. ഈ സാഹോദര്യത്തിനുവേണ്ടി കേഴുന്ന ഒരു ലോകത്തിലാണ് നാമിന്ന് ജീവിക്കുന്നത്. നമ്മുടെ പിതാവിന്റെ ഈ സിദ്ധി നമുക്ക് സ്വന്തമാക്കാം.

കൂടപ്പിറപ്പുകളുടെ കൊച്ചുകൊച്ചു ആവശ്യങ്ങൾപോലും ഓർത്തിരിക്കത്തക്ക രീതിയിൽ ആഴമേറിയ ഒരു വ്യക്തിബന്ധം ചാവറപ്പിതാവിനുണ്ടായിരുന്നു. സ്വയം മറന്ന് മറ്റുള്ളവരെ ഓർക്കുവാനും അവരുടെ ആവശ്യങ്ങളിൽ അവരെ സഹായിക്കുവാനും അദ്ദേഹം സദാ സന്നദ്ധനായിരുന്നു. ഇതിന് എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും അദ്ദേഹത്തിന്റെ ജീവിതത്തിൽനിന്നും എടുത്തു കാണിക്കുവാൻ സാധിക്കും. പുതിയ മഠത്തിലേയ്ക്ക് മാറിത്താമസിക്കുന്ന അവസരത്തിൽ സിസ്റ്റേഴ്സ്

സിന് ആവശ്യമായ നിസ്സാരസാധനങ്ങൾപോലും മുറികളിൽ സജ്ജീകരിച്ചതിനുശേഷമാണ് അവരെ കൂട്ടികൊണ്ടു പോകുന്നത് (സി. എം. സി. നാളാഗമം വാല്യം പേജ് 53) ആദ്ധ്യാത്മിക വളർച്ചയ്ക്ക് ആവശ്യമായ പുസ്തകങ്ങൾ കാണുമ്പോൾ തന്റെ ആത്മീയമക്കളെ ഓർക്കുകയും അവർക്കായി അതുകൊടുത്തുവിടുകയും ചെയ്യുന്നതായി കാണാം (കത്തു. VII/1, VII/10, VII/11). കൂടാതെ മാങ്ങ, മുളക് തുടങ്ങിയവയും സിസ്റ്റേഴ്സിനെ ഓർത്ത് കൊടുത്തുവിടുന്നതായി കാണാം (കത്തു. VII/8). ഇങ്ങനെയുള്ള ഓർമ്മകളിലൂടെ സ്നേഹബന്ധങ്ങൾ നിലനിർത്തണമെന്ന സന്ദേശമാണ് ഇതിലൂടെ അദ്ദേഹം നമുക്കു നല്കുന്നത്.

ശത്രുമിത്ര ഭേദമെന്യേ എല്ലാവരേയുംകുറിച്ചുള്ള ഓർമ്മകൾ സൂക്ഷിക്കുവാൻ ചാവറപ്പിതാവ് ശ്രദ്ധിക്കുകയും ആത്മീയമക്കളോടു അപ്രകാരം ചെയ്യുവാൻ ആവശ്യപ്പെടുകയും ചെയ്തു. തനിക്കെതിരായി കോടതിയിൽ കേസുകൊടുത്ത മുട്ടുചിറ കളപ്പുരയ്ക്കൽ മാത്തൻ എന്നയാളിന്റെ തറവാടിന് കഴിയുന്ന ഉപകാരം ചെയ്യണമെന്ന് മാന്നാനത്തു കൊവേന്തക്കാരോട് ആവശ്യപ്പെടുന്നുണ്ട്. കൂടാതെ തങ്ങൾക്കു ഉപകാരം ചെയ്യുവരുടേയും ഓർമ്മക്കാർ ആകണമെന്നും മരണപത്രികയിൽ എഴുതിവെച്ചിട്ടുണ്ട് (കത്തു. VI/4). മറ്റുള്ളവരുടെ തെറ്റുകൾ ഓർത്ത് സന്തോഷിക്കാതെ അവരുടെ പുണ്യങ്ങളോർത്ത് സന്തോഷിക്കണമെന്ന് നമ്മെ ഓർപ്പിക്കുന്നുണ്ട് (കത്തു VII/3).

തന്റെ ഇല്ലായ്മയെക്കുറിച്ചും പാപാവസ്ഥയെക്കുറിച്ചും ആഴമായ ബോദ്ധ്യമുണ്ടായിരുന്ന ചാവറപ്പിതാവ് ദൈവഓർമ്മയിലാണ് തന്റെ ശരണം മുഴുവനും കണ്ടെത്തിയിരുന്നത്. ആത്മാ. VII/357–"നിൻ സ്മരണയിതല്ലാതെ ശരണം മറ്റൊന്നില്ലാ." ദൈവത്തോടുള്ള ബന്ധം വർദ്ധിക്കുന്നതനുസരിച്ചാണ് ദൈവഓർമ്മയും വർദ്ധിക്കുന്നത്. നിരന്തരം ദൈവഓർമ്മയിലായിരിക്കുവാൻ മാത്രം സ്നേഹബന്ധത്തിൽ നാം വളർന്നിട്ടുണ്ടോ?

ഓർമ്മയുടെ ജീവിതം നമ്മിൽ എത്രമാത്രം സജീവമാണെന്ന് നമുക്കൊന്നു പരിശോധിക്കാം. കൂടപ്പിറപ്പുകളെ ഓർക്കുവാനും അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി വേണ്ടതു് ചെയ്തു കൊടുത്ത് അവരെ സന്തോഷിപ്പിക്കുന്ന കലയിൽ നാം ബോധപൂർവ്വം വളരേണ്ടതുണ്ട്. നമുക്കു ചുറ്റുമുള്ള വേദനിക്കുന്ന

ഓരോന്നും നാം പ്രത്യേകം ഓർക്കണം. നമ്മെ ഏതെങ്കിലും വിധത്തിൽ ഉപദ്രവിക്കുകയും വേദനിപ്പിക്കുകയും ചെയ്യുന്നവർക്ക് നന്മ ചെയ്തുകൊണ്ട് നല്ല ഓർമ്മകൾ സൂക്ഷിക്കുവാൻ നാം എത്രമാത്രം ശ്രദ്ധിക്കുന്നുണ്ട്. സമൂഹത്തിലെ കൊച്ചു കൊച്ചു കാര്യങ്ങൾ ഓർത്തിരിക്കുവാനും സ്വയം മറന്ന് ത്യാഗങ്ങൾ ഏറ്റെടുത്ത് സമൂഹജീവിതം ഹൃദ്യമാക്കുവാനും നമുക്ക് ഓരോരുത്തർക്കും പരിശ്രമിക്കാം . . .

എന്റെ കുടുംബമെന്ന അനുഭവമുണ്ടെങ്കിൽ ഓർമ്മ സജീവമാകും. സമൂഹജീവിതം സന്തോഷകരമാകും. സ്വയം മറന്ന് എല്ലാവരേയും ഓർക്കുന്ന, പരസ്പരം ഓർമ്മിപ്പിക്കുന്ന ജീവിതശൈലി വളർന്നുവരും. പരി. ത്രിത്വത്തിന്റെ ചെറിയ പതിപ്പായി നമ്മുടെ ഭവനങ്ങൾ മാറും. കുടുംബാരൂപിയിൽ വളരുവാൻ നമുക്ക് പരിശ്രമിക്കാം. അതിനായി ആത്മവിസ്മൃതിയോടെ സഹനത്തിന്റേയും സ്വയംദാനത്തിന്റേയും മാർഗ്ഗത്തിലൂടെ നമുക്ക് മുന്നേറാം. ഇങ്ങനെ ജീവിക്കുമ്പോൾ ദൈവത്തിന്റേയും മനുഷ്യരുടേയും മനസ്സിൽ ഓർമ്മകളായി എന്നും നിലനില്ക്കും. ഈ അനുഭവത്തിലേയ്ക്ക് വളരുവാൻ ചാവറപ്പിതാവ് നമ്മെ സഹായിക്കട്ടെ.

കൃപ: സ്വയം മറന്ന് ദൈവത്തേയും സഹോദരങ്ങളേയും ഓർത്തുകൊണ്ടുള്ള ജീവിതം നയിക്കുവാനും അങ്ങനെ കുടുംബാരൂപിയിൽ വളരുവാനുമുള്ള കൃപ.

സൂക്തങ്ങൾ: 1 ആ പ്രിയമുള്ള കുഞ്ഞുങ്ങളെ സർവ്വേശ്വരൻ നമ്മുടെ കർത്താവ് എങ്ങിനെ നമ്മുടെ കാര്യങ്ങളെ വിചാരിച്ചു നടത്തുന്നുവെന്ന് ഓർപ്പിൻ (കത്തുകൾ VII/11).

2 നിങ്ങളുടെ സ്നേഹമണവാളന്റെ സ്വരം എത്ര മധുരമുള്ളതെന്ന് ഓർക്കുവിൻ (കത്തുകൾ VII/7).

3 ആ ഒന്ന ഓർത്തുകൊള്ളുക. നമ്മൾ തമ്മിൽ തമ്മിൽ എന്തു ബന്ധം. നിങ്ങൾ എവിടെ കിടക്കുന്നു, ഞാൻ എവിടെ കിടക്കുന്നു; നിങ്ങളെ ഞാനറിയുമോ. ഇപ്പോൾ നിങ്ങളുടെ സംബന്ധക്കാരെക്കാൾ എന്നെയും അപ്രകാരം ഞാനും നിങ്ങളെ സ്നേഹിപ്പാനെന്തു കാരണം (കത്തുകൾ VII/6).

4 വി. കർബ്ബാന കൈക്കൊണ്ട് കർത്താവിന്റെ സ്നേഹത്തെ ഓർക്കുക (കത്തുകൾ VII/6).

വായനകൾ:

ഉല്പത്തി 1/26–27
ഉല്പത്തി 3/15 ആത്മ. VII/417–419,
പുറപ്പാട് 2/24–25 ആത്മ. II/290–304, II/337, 352.
പുറപ്പാട് 33/13–14 ആത്മ. II/244–249 ... VII/345–346.
പുറപ്പാട് 32/11–14 കത്തുകൾ VII/11, VII/6, VI/4
നിയമാ. 9/25–29. VII/3

# സമൂഹസല്ലാപം

ദർശനഭവനത്തിൽ നിരന്തരം ദൈവത്തോട് സല്ലപിച്ച വാ. ചാവറപ്പിതാവിന്റെ ലോകത്തേയ്ക്ക് നാം പ്രവേശിച്ചിരിക്കുകയാണ്. ത്രിത്വകുടുംബത്തിന്റെ ഈ ഭൂമിയിൽ കാണപ്പെട്ട പ്രതീകമായ തിരുക്കുടുംബത്തിൽ വസിച്ച് നിരന്തരം സല്ലാപം തുടർന്നുകൊണ്ടിരുന്ന ചാവറപ്പിതാവിനോടുചേർന്ന് നമുക്കും ത്രിത്വകുടുംബത്തോടും തിരുക്കുടുംബത്തോടും കൂടിയായിരിക്കുവാൻ ശ്രമിക്കാം. അവിടെ ഈശോയുടെ സ്നേഹത്തിൽ പാർത്ത്, അരികെ ഇരുന്ന്, കൂടെനടന്ന് കൺമുമ്പിൽ ദർശിച്ച് ആ തിരുസാന്നിദ്ധ്യം അനുഭവിക്കാം . . .

ദിവ്യഈശോയെ അങ്ങയുടെ സാന്നിദ്ധ്യ സുഖത്തിൽ ഞങ്ങൾ സർവ്വവും മറക്കട്ടെ. ദൈവപിതാവെ ഞങ്ങൾക്ക് ഒരേ ഒരു ആഗ്രഹമേയുള്ളൂ. അങ്ങേ ഭവനത്തിൽ വസിച്ച് അവിടുത്തെ ആസ്വദിക്കണം.

മൗനം . . .

(ഗാനം . . .)

കർത്താവെ ബലഹീനരും പരിമിതികൾ ഉള്ളവരുമായ ഞങ്ങളുടെ ഭാവനയും മനസ്സും ഞങ്ങൾ അറിയാതെ ലൗകീകവും നശ്വരവുമായവയിൽ പരതിനടക്കുന്നു. എങ്കിലും കരുണാർദ്രമായ അവിടുത്തെ സ്നേഹത്തിലാണ് ഞങ്ങൾ ജീവിക്കുന്നത്. അങ്ങയുടെ ചാരെ ഇരുന്ന് ഞങ്ങൾ അവിടുത്തെ സ്വരം കേൾക്കട്ടെ. ഞങ്ങൾ ജീവിക്കുന്നതും ജോലി ചെയ്യുന്നതും ഞങ്ങളുടെ ഇരിപ്പും നടപ്പുമെല്ലാം അവിടുത്തെ സ്നേഹത്തിലാണ്. ഒരു ശിശു അമ്മയുടെ ചാരെ ഇരുന്ന് ആനന്ദനിർവൃതിയടയു

ശിഷ്യന്മാരെപ്പോലെ അവിടുത്തെ ചാരെ ഞങ്ങൾ ഇരിക്കട്ടെ. ശിഷ്യൻ ഗുരുവിന്റെ ചാരെ ഇരിക്കുന്നതുപോലെയും മണവാട്ടി മണവാളന്റെ അരികെ ഇരിക്കുന്നതുപോലെയും ഞങ്ങളും ആ സാന്നിധ്യത്തിന്റെ മാധുര്യം ആസ്വദിക്കട്ടെ. കുരിശെടുത്തു് അനുഗമിക്കുകയെന്ന അവിടുത്തെ ആഹ്വാനം ഞങ്ങൾ ശ്രവിക്കുന്നു. ഞങ്ങൾ അവിടുത്തെ അനുഗമിക്കാനുള്ളവരാണ്. ഈശോ പിതാവിന്റെ പാതയിലൂടെ നടന്നതുപോലെ ഞങ്ങളുടെ ഓരോ അടികളും അവിടുത്തെ പാതയിലൂടെ എടുത്തുവയ്ക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അവിടുത്തെ അനുഗമിക്കുന്ന ഞങ്ങൾക്ക് അവിടുത്തെ സദാ കണ്ടുകൊണ്ടിരിക്കണം. ആ ദർശനം അനുഭവിക്കണം . . . അവിടുന്ന് ഈ ലോകത്തെ ദർശിച്ചതുപോലെ എല്ലാവരെയും ഒരു കുടുംബമായി ദർശിക്കുവാൻ ഞങ്ങൾക്ക് വരം തരണമെ . . . അവിടുത്തോടുകൂടി പാർത്ത്, കൺമുമ്പിൽ ഇരുന്ന്, സ്വരം കേട്ട്, അനുഗമിച്ച് എപ്പോഴും അവിടുത്തെ ധരിച്ച് . . . സഹോദരങ്ങളെയും ദർശിച്ച് ജീവിക്കുവാനുള്ള നമ്മുടെ ആഗ്രഹത്തെ അവിടുത്തെ മുമ്പിൽ സമർപ്പിച്ചുകൊണ്ട് ഒരു നിമിഷം മൗനമായി നിലകൊള്ളാം.

(ഗാനം . . .)

നാം അവിടുത്തെ മാത്രമായിത്തീരുമ്പോൾ, എല്ലാവരെയും സഹോദരങ്ങളായി കാണുവാനുള്ള വിശാലദർശനം നമുക്കു ലഭിക്കും. ഈ ദർശനാനുഭവം ലഭിക്കുമ്പോൾ ദൈവത്തെ ഓർക്കുവാനും അവിടുത്തെ നാമം ധരിക്കുവാനും വണങ്ങുവാനും നമ്മുടെ സഹോദരങ്ങളെ ഓർത്ത് വണങ്ങി, അവർക്കുവേണ്ടി ജീവിക്കുവാനുള്ള ഒരു ദാഹം നമുക്കുണ്ടാകും. ചാവറപ്പിതാവും മറ്റു വിശുദ്ധാത്മാക്കളും ഈ ലോകത്തെ ഒരു mystic അനുഭവത്തിലൂടെയാണ് നോക്കിക്കണ്ടത്. ഒരു നിമിഷം നമ്മുടെ ജീവിതത്തിൽ ദൈവം ചെയ്ത അനുഗ്രഹങ്ങൾ ഓരോന്നായി നമുക്ക് ഓർക്കാം . . . നമ്മുടെ ശ്വാസം, ജീവൻ, കുടുംബം, ദൈവവിളി, നമ്മുടെ കഴിവുകൾ, പ്രേഷിതമണ്ഡലങ്ങൾ ഇങ്ങനെ ദൈവം നയിച്ച പരിപാലനയുടെ കരങ്ങൾ ഓർക്കാം . . . എല്ലാറ്റിനും നന്ദി പറയാം . . .

(മൗനം . . .)

ദൈവനാമത്തിന്റെ കൊച്ചുകൊച്ചുപതിപ്പുകളാണ് നമ്മുടെ നാമം. അവിടുത്തെ വ്യക്തിത്വം നാം ജീവിക്കണം.

നാം സ്നേഹിക്കുമ്പോൾ, കരുണ കാണിക്കുമ്പോൾ, ക്ഷമിക്കുമ്പോൾ നമ്മുടെ ജീവിതം ദൈവനാമത്തിന്റെ പ്രഘോഷണവും ആഘോഷവുമായിത്തീരുന്നു. സഹനത്തിലൂടെ–ശൂന്യവല്കരണത്തിലൂടെ–എളിമയിലൂടെ നമ്മിൽ ദൈവം ആയിത്തീരാൻ നമുക്ക് അനുവദിക്കാം . . . അവിടുത്തെ സന്നിധിയിൽ ഇരുന്നു നമുക്ക് നമ്മെത്തന്നെ വിലയിരുത്താം. നമ്മെ സ്പർശിച്ചതും നമുക്കു ലഭിച്ച ഉൾക്കാഴ്ചകളും ഏറ്റുപറഞ്ഞുകൊണ്ട് അവിടുത്തെ സ്തുതിക്കാം . . . ആരാധിക്കാം . . . നന്ദിപറയാം . . .
.................................................................................................

ദൈവസന്നിധിയിലിരുന്നപ്പോൾ "അവിടുത്തെ അത്ഭുതകരമായ സകല പ്രവൃത്തികളെയും ഞാൻ ഉദ്ഘോഷിക്കും" (സങ്കീ. 26/2) എന്നു് സങ്കീർത്തകൻ ഏറ്റു പറഞ്ഞു. വീണ്ടും "കർത്താവെ, എന്നെ പരിശോധിക്കുകയും പരീക്ഷിക്കുകയും ചെയ്യുക, എന്റെ ഹൃദയവും മനസ്സും ഉരച്ചു നോക്കുക" എന്നാണു് ദൈവസന്നിധിയിൽ ഉദ്ഘോഷിച്ചതു്. നമുക്കും ഈ നിമിഷം കർത്താവിന്റെ സന്നിധിയിലിരുന്നു് പരിശോധിക്കാം.

വലിയ ദാഹത്തോടെ ഞാനിന്നു് ആ ദിവ്യസ്നേഹത്തിൽ പങ്കുകയായിരുന്നോ? സ്നേഹത്തിൽ, ആ കൺമുമ്പിലിരുന്നു്, കൂടെ നടന്നു്, സംസാരിച്ചതിന്റെ ശാന്തി ഈ നിമിഷം എനിക്കനുഭവപ്പെടുന്നുണ്ടോ? ഇന്നു് അവിടുത്തെ ചാരെ ഇരുന്നു് നിശ്ശബ്ദതയിൽ ഹൃദയപൂർവ്വം സ്നേഹം പകർന്നതിന്റെ നിർവൃതിയിലാണോ ഞാനിപ്പോൾ? ദർശനഗേഹത്തിൽ, കുടുംബാന്തരീക്ഷത്തിൽ ഞാൻ എത്രമാത്രം വളർന്നു? വർഷങ്ങളോളം ദർശനഭവനത്തിൽ ഒരുമിച്ചുവസിച്ച എന്റെ അധികാരികൾ, സഹോദരങ്ങൾ ഇവരുമായി എന്റെ ബന്ധം എങ്ങനെ? വിശ്വംമുഴുവനും ഒരു കുടുംബമായി, എല്ലാവരും സഹോദരരായി കാണാനുള്ള എന്റെ താത്പര്യവും പരിശ്രമവും എപ്രകാരം? എന്റെ ദൈവം എന്നെ ഓർത്ത എത്ര അനുഭവങ്ങളാണു് എനിക്കുള്ളതു്. ഈ അനുഭവത്തിൽ എല്ലാവരേയും ഓർക്കാൻ എനിക്കു് സാധിച്ചോ? ആരെയെങ്കിലും അകററിനിർത്തിയോ?

(നന്ദിയുടെ ഗാനം)

# പ്രതിഷ്ഠയുടെ ജീവിതം–അഗതിത്വം

തിരുക്കുടുംബത്തിലും ത്രിത്വകുടുംബത്തിലും ജീവിച്ച് കുടുംബദർശനം സ്വന്തമാക്കിയ ചാവറപ്പിതാവ് ആ ദർശനത്തിന്റെ ആഴങ്ങളിലേയ്ക്ക് ഇറങ്ങി ജീവിക്കുന്നതാണ് നാം ഇന്നലെ കണ്ടത്. ഈ കുടുംബദർശനത്തിലേയ്ക്ക് തന്നെ നയിച്ച തിരുക്കുടുംബത്തിന് ചാവറപ്പിതാവ് തന്നെത്തന്നെ പ്രതിഷ്ഠിച്ചു. ഈ പ്രതിഷ്ഠാജീവിതത്തിന്റെ ആന്തരീകതയിലേയ്ക്ക് ഇറങ്ങുകയാണ് ഇന്നത്തെ ധ്യാനത്തിന്റെ ലക്ഷ്യം.

''നമ്മുടെ പാവപ്പെട്ട സഭയേയും അംഗങ്ങളായ നിങ്ങൾ എല്ലാവരേയും ഈ തിരുക്കുടുംബത്തിന് ഞാൻ പ്രതിഷ്ഠിക്കുന്നു. തിരുക്കുടുംബത്തെ നിങ്ങൾ ആശ്രയിക്കുവിൻ, നിങ്ങളുടെ ഹൃദയങ്ങളിൽ ആ തിരുക്കുടുംബം അധികാരം നടത്തട്ടെ''

(മലങ്കരസഭാമാതാവിന്റെ വീരസന്താനം–പേജ് 315)

പ്രതിഷ്ഠിക്കുകയെന്ന് പറഞ്ഞാൽ മാററിനിർത്തപ്പെടുക, സമർപ്പിക്കുക, മററൊരാളുടേതായിത്തീരുക എന്നൊക്കെയാണ് അർത്ഥമാക്കുന്നത്. ദൈവം ഇസ്രായേൽജനങ്ങളെ ഈ പ്രതിഷ്ഠയുടെ കാര്യം ബോദ്ധ്യപ്പെടുത്തുവാനായി ആദ്യജാതരേയും ആദ്യഫലത്തേയും തനിക്ക് സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. (പുറപ്പാട് 13:1–2, നിയമാവർത്തനം 26:1–2, നിയമാ. 15:19–23). വിളവ് മുഴുവനും ജനം മുഴുവനും ദൈവത്തിന്റേതാണെന്ന് പറയുന്നതിന്റെ പ്രതീകമാണിത്.

പഴയ നിയമത്തിൽ രാജാക്കന്മാരേയും പുരോഹിതരേയും ദൈവത്തിന്നായി പ്രതിഷ്ഠിച്ചിരുന്നു. പ്രതിഷ്ഠിക്കുമ്പോൾ അവരെ തൈലംകൊണ്ട് അഭിഷേകം ചെയ്തിരുന്നു. (സങ്കീ. 133/2) തൈലം വ്യക്തികളുടെ രോമകൂപങ്ങളിലേയ്ക്ക് ഇറങ്ങിച്ചെല്ലുന്നതുപോലെ ദൈവത്തിന്റെ അനുഗ്രഹം പ്രതിഷ്ഠിതരുടെ വ്യക്തിത്വത്തെ മുഴുവൻ ഗ്രസിക്കുന്നു. പ്രതിഷ്ഠിക്കപ്പെട്ട വ്യക്തി അവിശ്വസ്തത കാണിക്കുമ്പോൾ ഈ അനുഗ്രഹം ശാപമായി മാറും.

ഈ പ്രതിഷ്ഠയുടെ ഫലമായി അവർ ദിവ്യമാക്കപ്പെട്ടവരും ഇസ്രനിക്ഷേപങ്ങളുമായിത്തീരുന്നു (പുറപ്പാട് 19/5).

ദൈവത്തിന്റെതന്നെ ഏററവും വലിയ സമ്പത്തായി മാറുകയാണ്. (ഉല്പത്തി 12/2–3) അബ്രാഹത്തോട് ചെയ്ത വാഗ്ദാനം ഇവരിൽ നിറവേറുന്നു. "ഞാൻ നിന്നെ അനുഗ്രഹിക്കും, നിന്നിലൂടെ ഭൂമുഖത്തെ വംശങ്ങളെല്ലാം അനുഗ്രഹീതമാകും". മററു ജനങ്ങൾക്കു ദൈവാനുഗ്രഹം വാങ്ങിച്ചുകൊടുക്കുവാനുള്ള ഉത്തരവാദിത്വമാണ് ഇവർക്കുള്ളത്. ശുശ്രൂഷയിലൂടെ ദൈവത്തിന്റെ ക്ഷേമവും ഐശ്വര്യവും സ്നേഹവും കരുണയും മററുള്ളവർക്ക് പകരുക അതാണ് പ്രതിഷ്ഠിതരുടെ ദൗത്യം. ദൈവത്തിന്റേയും മനുഷ്യരുടേയും മദ്ധ്യത്തിൽ മദ്ധ്യസ്ഥരായി നില്ക്കേണ്ട പുരോഹിതരാണിവർ (ഉല്പത്തി 18/23–33). ഈ സത്യം മറന്ന് ദൈവാനുഗ്രഹത്തെ (ഭൂമി, മക്കൾ) ജന്മാവകാശമായും പിതൃസ്വത്തായും കരുതി മററു ജനങ്ങളുമായി പങ്കുവെയ്ക്കാതെ തനിച്ചാസ്വദിക്കുവാനുള്ള പ്രലോഭനം ഇസ്രായേൽക്കാർക്കുണ്ടായി. ശുശ്രൂഷയ്ക്കുപകരം അടിമകളാക്കുവാനുള്ള പ്രവണതയാണ് അവരിലുണർന്നത്. ദൈവത്തിലാശ്രയിക്കുവാൻ വിളിക്കപ്പെട്ടവർ പ്രതിഷ്ഠ മറന്ന് ഇഷ്ടംപോലെ ജീവിച്ചു. ദൈവമാണ് തങ്ങളെ പ്രതിഷ്ഠിച്ചതെന്നും തങ്ങൾ സന്നിധികൂടാരങ്ങളാണെന്നുമുള്ള സത്യം വിസ്മരിച്ചു. അതിന്റെ ഫലമായി ദൈവശാപം അവർ ഏററുവാങ്ങി–രാജ്യംതന്നെ നഷ്ടപ്പെട്ടു.

പ്രതിഷ്ഠിക്കുക എന്നു പറഞ്ഞാൽ അടിമവെയ്ക്കുക എന്നൊരു അർത്ഥംകൂടിയുണ്ട്. അടിമവെയ്ക്കപ്പെട്ടവർക്ക് ഹീബ്രുവിൽ 'എബെദ്' എന്ന പദമാണ് ഉപയോഗിച്ചിരുന്നത്. എബെദ് വെറും ദാസനോ അടിമയോ അല്ല. യജമാനന്റെ ആഗ്രഹങ്ങളും ആദർശങ്ങളും ജീവിക്കുന്ന വ്യക്തിയാണ്. യജമാനന്റെ സന്തോഷവും ദുഃഖവും സമ്പത്തും എല്ലാം തന്റേതുകൂടിയാണെന്ന ബോദ്ധ്യത്തിൽ യജമാനനിൽ കണ്ണുംനട്ട് കഴിയുന്നവൻ–അദ്ദേഹത്തിനുവേണ്ടി ജീവൻപോലും ബലികഴിക്കുന്നവൻ. യജമാനനാകട്ടെ എബെദിന്റെ എല്ലാ കാര്യങ്ങളിലും അതീവശ്രദ്ധാലുവുമാണ്. തന്റെ ഇഷ്ടഭാജനമാണവൻ. ഈ പ്രതിഷ്ഠവഴി മനുഷ്യനെ സ്വയം കടപ്പെടുത്തുന്ന ദൈവത്തെയാണ് നാം കാണുന്നത്. പ്രതിഷ്ഠിതരായ നാം നമുക്കുവേണ്ടി ഒന്നും മാററിവെയ്ക്കാതെ, മററുള്ളവർക്കുവേണ്ടി ജീവിക്കുവാൻ യജമാനന്റെ മുഖത്തു കണ്ണുംനട്ടിരിക്കുന്നവരാകണം.

## ഈശോ പ്രതിഷ്ഠിതൻ

പ്രതിഷ്ഠയുടെ പൂർണ്ണത ഈശോയിലാണ് നാം കാണുന്നത്. മാമ്മോദീസായിൽ ആത്മാവിന്റെ അഭിഷേകംവഴി പ്രതിഷ്ഠിതനായ ഈശോ ഈ പ്രതിഷ്ഠ പൂർത്തീകരിക്കുന്നത് മരണംവരെയുള്ള ഉടമ്പടിയോടുകൂടിയാണ്. "എനിക്കുള്ളതെല്ലാം അങ്ങയുടേതും അങ്ങേയ്ക്കുള്ളതെല്ലാം എന്റേതും" (യോഹ. 17/10) എന്നായിരുന്നു ഈശോയാകുന്ന പ്രതിഷ്ഠിതന്റെ ഹൃദയം, അവരും സത്യത്താൽ വിശുദ്ധീകരിക്കപ്പെടാൻവേണ്ടി എന്നെത്തന്നെ ഞാൻ വിശുദ്ധീകരിക്കുന്നു. പിതാവ് ഈശോയെ മറ്റുള്ളവർക്കുവേണ്ടി പ്രതിഷ്ഠിച്ചു. പിതാവ് തന്നിൽ വർഷിച്ച അനുഗ്രഹങ്ങളെല്ലാം കുരുടനിലേയ്ക്കും, തളർവാതരോഗിയിലേയ്ക്കും, പാപികളിലേയ്ക്കും ഒഴുക്കി പിതൃഹിതം നിർവഹിക്കുകയായിരുന്നു ഈശോ. സ്വന്തം ജീവൻതന്നെ ബലികഴിച്ചുകൊണ്ട് അവിടുന്ന് പിതാവിന്റെ സന്നിധികൂടാരമായി തീർന്നു.

## പ്രതിഷ്ഠ ചാവറപ്പിതാവിന്റെ വീക്ഷണത്തിൽ

ചാവറപ്പിതാവ് തിരുക്കുടുംബത്തിന് നമ്മെ പ്രതിഷ്ഠിച്ചുവെന്നു നാം കണ്ടുകഴിഞ്ഞു. തിരുക്കുടുംബത്തിന് നമ്മെ പ്രതിഷ്ഠിച്ചുവെന്നു പറയുമ്പോൾ ത്രിത്വകുടുംബത്തിനാണ് നാം പ്രതിഷ്ഠിതരായിരിക്കുന്നത്. തന്റെ മുമ്പിൽ സ്നേഹത്തിൽ പരിശുദ്ധരും നിഷ്കളങ്കരുമായിരിക്കുവാൻ ലോകസ്ഥാപനത്തിനു മുമ്പുതന്നെ അവിടുന്ന് നമ്മെ ക്രിസ്തുവിൽ തിരഞ്ഞെടുത്തു പ്രതിഷ്ഠിച്ചു (എഫേ. 1/4). നിത്യസ്നേഹത്തിലുള്ള ഈ പ്രതിഷ്ഠയെ തിരുക്കുടുംബത്തിലൂടെയുള്ള പ്രതിഷ്ഠയായി ചാവറപിതാവ് കാണുകയാണ്. ഈ പ്രതിഷ്ഠയെക്കുറിച്ചാണ് ചാവറപിതാവ് കന്യാസ്ത്രീകൾക്കുള്ള കത്ത് VII/2-ൽ "നിങ്ങൾ കരേറിയിരിക്കുന്ന അന്തസ്സ് എത്ര ഉയരപ്പെട്ടതും സ്തുതിക്കപ്പെട്ടതും ആകുന്നു" എന്ന് അവരെ ഓർമ്മിപ്പിക്കുന്നത്. മാമ്മോദീസായിലൂടെ ക്രിസ്തുവിൽ പരിശുദ്ധ ത്രിത്വത്തിന് പ്രതിഷ്ഠിതരായ നാം സന്യാസവ്രതങ്ങളിലൂടെ ആ പ്രതിഷ്ഠ–സമർപ്പണം കൂടുതൽ ആഴത്തിൽ ജീവിക്കുവാനായി വിളിക്കപ്പെട്ടിരിക്കുന്നു. ഇതിന് തിരുക്കുടുംബത്തെത്തന്നെ നമുക്കു മാതൃകയാക്കാം. തിരു

കുടുംബത്തിൽ സമർപ്പണത്തിന്റെ, സ്നേഹത്തിന്റെ പൂർണ്ണത യാണ് നാം കാണുന്നത്. മാതാവും യൗസേപ്പിതാവും പ്രതിഷ്ഠാ ജീവിതംവഴി ദൈവത്തെക്കൊണ്ട് നിറയുകയായിരുന്നു.

നമ്മുടെ പ്രതിഷ്ഠാജീവിതം നമുക്കും മറ്റുള്ളവർക്കും അനു ഗ്രഹമായിത്തീരാറുണ്ടോ? ശുശ്രൂഷയിലൂടെ ദൈവത്തിന്റെ കാരുണ്യവും സ്നേഹവും സഹോദരങ്ങളിലേയ്ക്ക് പകരുന്നതിൽ നാം എത്രമാത്രം വളർന്നിട്ടുണ്ട്? നമ്മുടെ സഹോദരങ്ങളുടെ വേദന സ്വന്തം വേദനയായിക്കണ്ട് തിരുസന്നിധിയിൽ അവ ർക്കായി മാദ്ധ്യസ്ഥം വഹിക്കുവാൻ സാധിക്കുന്നുണ്ടോ?

ചാവറപ്പിതാവിന്റെ ഭാഷയിൽ അഗതിത്തം, ചൊൽ വിളി, മണവാളത്തം എന്നീ മൂന്ന് പറഞ്ഞൊപ്പുകളിലൂടെയാ ണ് പ്രതിഷ്ഠാജീവിതം നാം ജീവിക്കുന്നത്. ഈ മൂന്ന് വ്രതങ്ങ ളിലൂടെ തിരുക്കുടുംബത്തെ ആശ്രയിക്കുവാനും, തിരുക്കുടുംബം നമ്മിൽ അധികാരം നടത്തുവാനും, തിരുക്കുടുംബം നമ്മിൽ ആയിത്തീരുവാനും നാം അനുവദിക്കുകയാണ്.

### അഗതിത്വം

ഈ പറഞ്ഞൊപ്പുവഴി ദൈവത്തിലുള്ള ആശ്രയമനോ ഭാവമാണ് നമ്മിൽ വളരേണ്ടത്. സ്വന്തം ശക്തികൊണ്ട് ഒന്നും സാദ്ധ്യമല്ലയെന്ന ബോദ്ധ്യമുള്ളപ്പോഴാണ് നാം മറ്റുള്ള വരെ ആശ്രയിക്കുന്നത്. ആത്മാർത്ഥമായി ആശ്രയിക്കണമെ ങ്കിൽ ഞാൻ ഒന്നുമല്ല എന്ന യാഥാർത്ഥ്യത്തിലേയ്ക്ക് കടന്നുവര ണം– അഗതിയാകണം (അനാവിം). അബ്രാഹത്തോട് നാടും വീടും ഉപേക്ഷിച്ച് അഗതിയായിത്തീരുവാനാണ് ദൈവം ആവശ്യപ്പെട്ടത്. അദ്ദേഹം തനിക്കുള്ളതെല്ലാം മറ്റുള്ളവർക്ക് കൊടുത്തുകൊണ്ട് അക്ഷരാർത്ഥത്തിൽത്തന്നെ അഗതിയായി. ഇസ്രായേലിന്റെ ചരിത്രത്തിലും ഇത് നമുക്ക് കാണുവാൻ കഴിയും. അടിമത്വത്തിൽ കഴിഞ്ഞിരുന്ന അവർ തികച്ചും അഗതികളായി മാറി, അപ്പോഠം അവർ ദൈവത്തെ വിളിച്ചു. ദൈവം ആ വിളികേട്ടു. ഗതികെട്ട ഇസ്രായേലിനെ ഗതിയുള്ള വരാക്കി. അങ്ങനെ ദൈവത്തിൽ ആശ്രയിക്കുവാൻ പഠി പ്പിച്ചു. ശിശുമനോഭാവം കൈവന്നു.

ദൈവം ഇസ്രായേലിനെ അഗതികളാക്കുവാൻ, പ്രതിഷ്ഠ ജീവിക്കുവാൻ പഠിപ്പിക്കുന്നത് തുടർന്നുള്ള അവരുടെ ചരിത്ര

ത്തിൽ നമുക്കു കാണാം (പുറപ്പാട് 13/17–22, .16/1–17/7). ഇതിനായി അവരെ മരുഭൂ അനുഭവത്തിലൂടെ കടത്തിവിടുന്നു. സുഖഭോഗങ്ങൾക്കും സമൃദ്ധിക്കും ആഡംബരത്തിനും അവിടെ ഒട്ടും സ്ഥാനമില്ലായിരുന്നു. വസിക്കുവാൻ സ്ഥിരമായി ഒരു സ്ഥലവുമായിരുന്നില്ല. നിരന്തരമായ അലച്ചിലിന്റേതായിരുന്നു അവരുടെ ജീവിതം. ചെന്നെത്തുന്നിടത്തു താല്ക്കാലിക കൂടാരങ്ങളടിച്ച് അവർ പാർത്തു. ധരിക്കുവാൻ ഒരുതരം പരുക്കൻ വസ്ത്രങ്ങൾ മാത്രം. ഭക്ഷണം, വെള്ളം എല്ലാററിനും യാഹ്‌വെയായിരുന്നു ഏകാശ്രയം. അവർ എപ്പോൾ യാത്രചെയ്യണമെന്നും എപ്പോൾ വിശ്രമിക്കണമെന്നും അവിടുന്നുതന്നെ തീരുമാനിക്കുന്നു. ദൈവാശ്രയത്വത്തിൽ കേന്ദ്രീകൃതമായ ഒരു ജീവിതം. ഉല്പത്തി 32/22–32–ൽ യാക്കോബിനെ അഗതിയാക്കുന്നതു് നാം കാണുന്നു. ശത്രുക്കളിൽനിന്നു് ഓടിരക്ഷപ്പെടാൻ ആവാതെവിധം അഗതിയായപ്പോൾ അദ്ദേഹം ദൈവത്തെ അള്ളിപ്പിടിച്ചു. കാനാൻകാരി സ്ത്രീയും ഈശോയെ അള്ളിപ്പിടിച്ച് ഗതിയുള്ളവളായിത്തീരുന്നു (മത്താ. 15/21–28).

അഗതിയായിത്തീരുന്നതിന്–ദൈവത്തിൽ ആശ്രയിക്കുന്നതിന് ഞാൻ എന്ന ഭാവത്തിൽനിന്നു് പുറത്തു് കടക്കണം. സ്വയം ശൂന്യവല്ക്കരണത്തിലൂടെ മാത്രമെ ദൈവാനുഗ്രഹം സ്വീകരിക്കുവാൻ ഒരുവൻ പ്രാപ്തനാകുകയുള്ളു. 'അഹം' കേന്ദ്രീകൃതമായ ഒരു വ്യക്തിയിൽ ദൈവത്തിന് പ്രവർത്തിക്കുവാനോ അവനെ അനുഗ്രഹങ്ങൾകൊണ്ട് നിറയ്ക്കുവാനോ കഴിയുകയില്ല. ഒരു വ്യക്തി തന്നെത്തന്നെ എത്രമാത്രം ശൂന്യവല്ക്കരിക്കുന്നുവോ അത്രയും ദൈവാനുഗ്രഹംകൊണ്ട് അയാൾ സമ്പന്നനാകും.

## അഗതിത്വം തിരുക്കുടുംബത്തിൽ

തിരുക്കുടുംബത്തിൽ ഈ അഗതിത്വം അതിന്റെ പൂർണ്ണതയിൽ കാണുവാൻ കഴിയും. മനുഷ്യരക്ഷ സാധിക്കുവാൻ ഈശോ ദൈവത്തോടുള്ള സമാനത കാര്യമാക്കാതെ മനുഷ്യനായി ശിശുവായി അഗതിയായിത്തീരുന്നതാണ് ഫിലി. 6/2–8ൽ നാം കാണുന്നതു്. മററുള്ളവരുടെ പാപങ്ങൾ വഹിച്ച് പാപികളുടെ പ്രതീകമായി, തീർത്തും അഗതിയായിത്തീരുകയാണ് മാമ്മോദീസായിലും ഗദ്സമനിയിലും കാൽവരിയിലും. ദരിദ്രനായി ഒന്നും തനിക്കായി മാററിവെയ്ക്കാതെ സമ്പൂർണ്ണ

സുരക്ഷിതത്വം ദൈവപിതാവിൽ മാത്രം കണ്ടെത്തുന്ന ഈശോ യെയാണു നാം ദർശിക്കുന്നത്. മാതാവും യൗസേപ്പിതാവും യഥാ ത്ഥത്തിൽ അഗതികളായി ദൈവത്തിൽ മാത്രം സുരക്ഷിതത്വം കണ്ടെത്തിയവരാണ്.

## അഗതിത്വം ചാവറപ്പിതാവിന്റെ ജീവിതത്തിൽ

ചാവറപ്പിതാവിന് ഈ അഗതിത്വത്തിന്റെ യഥാർത്ഥ ഉൾക്കാഴ്ച ലഭിച്ചിരുന്നു. ആത്മാനുതാപം II/309–310 വരി കളിൽ

"ഭൂമിയുമതിൻമീതെ കാണുന്ന സമസ്തവും

ഭേദം കൂടാതെ മാറി നീങ്ങുന്നു ക്ഷണേ ക്ഷണേ" എന്നു പറയുന്നത് ഈ മനോഭാവത്തിൽ നിന്നുകൊണ്ടാണ്. ഭൂമി യിൽ ഒന്നിനും, തന്നെ സമ്പന്നനാക്കാൻ കഴിയുകയില്ല എന്നു ബോദ്ധ്യമായി. ഈ ബോദ്ധ്യം എല്ലാ സുരക്ഷിതത്വത്തിൽ നിന്നും അദ്ദേഹത്തെ വിട്ടതലാക്കുന്നു. സെമിനാരിയിൽ പഠിക്കു മ്പോൾ തന്നെ അമ്മയും അപ്പനും ഏക സഹോദരനും മരിച്ചു. യഥാർത്ഥത്തിൽ അഗതിയായിത്തീരുന്ന അനുഭവം ദൈവം ചാവറപ്പിതാവിന് നല്കി, കർത്താവാണു തന്റെ ഓഹരിയും പാനപാത്രവും എന്ന സത്യത്തിന്റെ ആഴത്തിലേയ്ക്ക് നയിച്ചു.

ചാവറപ്പിതാവിന് താൻ ഒന്നുമല്ലയെന്ന ആഴമായ ബോദ്ധ്യമുണ്ടായിരുന്നു. ഇത് ധ്യാന സല്ലാപത്തിലും ആത്മാനു താപത്തിലും നമുക്കു കാണുവാൻ കഴിയും. ധ്യാന സല്ലാപം പേജ് 15–ൽ അഗതി, വകതിരിവില്ലാത്തവൻ, മഹാപാപി, ഏറ്റവും നിസ്സാരൻ എന്നൊക്കെയാണ് തന്നെപ്പററി പറയു ന്നത്. ഇതേ പദങ്ങൾ ആത്മാനുതാപത്തിലും നാളാഗമത്തിലും ആവർത്തിച്ചു പറയുന്നുണ്ട്. സുവിശേഷത്തിലെ ചുങ്കക്കാരന്റെ മനോഭാവമാണിത്. പ്രീശൻ തന്റെ തന്നെ പുണ്യങ്ങളിൽ ആനന്ദിച്ചു. അതെല്ലാം തന്റെ യോഗ്യതയായി കരുതി. അഹ ങ്കാരം അഥവാ താൻപോരിമ മനോഭാവം, സ്വന്തം പുണ്യങ്ങൾ നല്കുന്ന ആശ്വാസം ഇവയിൽനിന്നെല്ലാം ചാവറപ്പിതാവ് വിമുക്തനാണെന്ന് കാണാം. തനിക്ക് യഥാർത്ഥത്തിൽ ഒന്നുമി ല്ലായെന്ന ബോദ്ധ്യത്തോടെ തിരുക്കുടുംബത്തിൽ പൂർണ്ണമായി ആശ്രയിക്കുന്നു.

## ചോദിച്ചു വാങ്ങുന്ന ചാവറപ്പിതാവ്

തനിക്കില്ലാത്തതു് മററുള്ളവരോട്ട് ചോദിച്ചു വാങ്ങുന്ന ചാവറപ്പിതാവിനെ ധ്യാനസല്ലാപത്തിൽ നമുക്കു കണ്ടെത്താൻ കഴിയും. ഉയരപ്പെട്ട പുണ്യമില്ലാത്ത കാരണം കല്ല്യാണ ഉടുപ്പും ചോദിച്ചുതന്നെ വാങ്ങുന്നു. ധ്യാനവരം ലഭിക്കുവാൻ അമ്മത്രേസ്യായോട്ട് ചോദിക്കുന്നു. പുണ്യവാന്മാരുടെ ഐക്യത്തിൽ അവരുടെ പുണ്യവും തനിക്കു തരണമെന്നു് ആവശ്യപ്പെടുന്നു.

ഇതുപോലെ ഭൗതിക കാര്യങ്ങൾക്കായും മററുള്ളവരോട്ട് ചോദിക്കുന്നതായി കാണാം. 18 രൂപകൊണ്ടു് മഠം പണി തുടങ്ങിയപ്പോൾ ബാക്കിയെല്ലാം ചോദിച്ചുവാങ്ങുവാൻ തയ്യാറാവുകയാണ്. ഉപവിശാലയെന്ന പുതിയ സംരംഭം തുടങ്ങുവാൻ മററുള്ളവരിൽനിന്നു് സഹായം ചോദിച്ചുവാങ്ങുവാൻ കൈനഗിരിക്കാരെ അദ്ദേഹം ഉപദേശിക്കുന്നതു് കാണാം. "എന്റെ വചനംകേട്ട് കർത്താവിനെ പ്രതി നാണമില്ലാത്തവരാകുവിൻ" (കത്തുകൾ IX/7).

## ജീവിതാനുഭവങ്ങളെ നന്ദിയോടെ വീക്ഷിക്കുന്ന ചാവറപ്പിതാവ്

യഥാർത്ഥത്തിൽ അഗതിയായിരിക്കുന്നവന്റെ ഹൃദയത്തിൽനിന്നും നന്ദിയുടെ വികാരങ്ങൾ ഉയർന്നുവരും—നിസ്സാര കാര്യങ്ങളിൽകൂടി ദൈവപരിപാലന കാണുവാനും അവിടുത്തേക്കു് നന്ദി പറയുവാനും കഴിഞ്ഞിരുന്നു. ചാവറപ്പിതാവ് സഹോദരങ്ങൾക്കു് എഴുതിവെച്ച മരണപത്രികയിൽ (കത്തുകൾ VI/4) കർമ്മലീത്താ സഭയിൽ ആയിരിക്കുവാൻ ഇടവന്നതിനു് നന്ദി പറയുന്നു. ജോലി ചെയ്യിക്കാൻ പണമില്ലാതെ വന്നപ്പോൾ "കൂലികൊടുക്കുവാൻ പണമില്ലല്ലോയെന്നു് വിചാരിക്കേണ്ട നാം വേലയെടുപ്പിക്ക പണം തമ്പുരാൻ തരും. ഇതു് നമ്മുടെ വകയല്ലാ പിന്നെയോ ഈശോമിശിഹായുടെ പത്രമേനിയത്രെ നാം വേല ചെയ്താൽ മതി" (കത്തു. VII/5) ഇങ്ങനെ ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുന്നവർക്കു് ഒരു പുസ്തകം കണ്ടെത്തിയാലും നന്ദിയുടെ വികാരങ്ങൾ ഹൃദയത്തിൽനിന്നു് ഉയർന്നുവരും (കത്തുകൾ VII/10).

അർഹമായതു് നിഷേധിക്കുമ്പോഴും അതിലും ദൈവപരിപാലന കണ്ടു് സ്വീകരിക്കുവാൻ അദ്ദേഹത്തിനു് കഴിഞ്ഞു. അഞ്ചുകോൽ പൊക്കമുള്ള മതിലുകെട്ടി മഠം തുടങ്ങണമെന്നു് ചാവറയച്ചനോടു് പറഞ്ഞ മെത്രാനച്ചൻതന്നെ പനമ്പുകൊണ്ടുള്ള മഠത്തിൽ പാർപ്പിക്കുന്നതിനുള്ള അനുവാദം ലെയോപ്പോൾദ് അച്ചനു് കൊടുത്തു (സമ്പൂർണ്ണകൃതി Vol. I page 233). ഇവിടെയും പിതാവിനു് യാതൊരു വിഷമവും ഉണ്ടായിരുന്നില്ല. ദൈവതിരുമനസ്സു് നടക്കണം, നടത്തണം എന്നുമാത്രം.

അഗതിയായ ചാവറപ്പിതാവിന്റെ മറ്റൊരു പ്രത്യേകതയായിരുന്നു ദൈവത്തിൽ ശരണപ്പെടുക–പ്രത്യാശയർപ്പിക്കുക എന്നതു്. ഒരിക്കലും ക്ഷീണിക്കുകയോ പരാജയഭീതി നിഴലിക്കുകയോ ചെയ്യാത്ത ശരണമായിരുന്നു അദ്ദേഹത്തിന്റേതു്. ''സർവ്വവല്ലഭമുള്ള തമ്പുരാനെ നിന്റെ അറുതിയില്ലാത്ത പിതാവിനടുത്ത അനുഗ്രഹത്തിന്മേൽ ആശ്രയിച്ചു് ശരണപ്പെട്ടു് ഇവിടെ നില്ക്കുന്നേൻ'' (ധ്യാനസല്ലാപം പേജ് 44). ആത്മാനുതാപത്തിലും കത്തുകളിലും ദൈവത്തിൽമാത്രം പ്രത്യാശ വെയ്ക്കുന്ന പിതാവിനെ കാണുവാൻ കഴിയും (ഉദാ:– ആത്മാ. II/239, IV/213–214, VII/367–368, കടശ്ശിയപേക്ഷ 73–76, കത്തുകൾ V/14. VII/2).

## അദ്ധ്വാനിക്കുന്ന ചാവറപ്പിതാവ്

ഈശോ ദരിദ്രനായതു് മറ്റുള്ളവരെ സമ്പന്നരാക്കുവാൻ വേണ്ടിയായിരുന്നു. ഇതുപോലെ തനിക്കുള്ളതെല്ലാം മറ്റുള്ളവർക്കുവേണ്ടി ചെലവഴിച്ചു് അവരെ ഉയർത്താൻവേണ്ടി വളരെയധികം അദ്ധ്വാനിച്ചു. പട്ടിണി കിടന്നും അത്യദ്ധ്വാനംചെയ്തും ആരോഗ്യം നഷ്ടപ്പെടുത്തിയുമാണു് നമ്മുടെ സഭയേയും തിരുസഭയേയും വളർത്തിക്കൊണ്ടുവന്നതു്. നമ്മുടെ സമ്പത്തു് അതു് ഏതുവിധത്തിലുള്ളതായാലും (ആരോഗ്യം, സമയം, കഴിവുകൾ, പ്രത്യേക സിദ്ധികൾ) മറ്റുള്ളവരെ സമ്പന്നരാക്കുവാൻ വേണ്ടിയാണു്. നമ്മുടെ ഭവനങ്ങൾ ഭൗതിക സുരക്ഷിതത്വങ്ങൾക്കുപരി പുണ്യത്തിന്റെ എരിവും വർദ്ധനവുമുള്ള ലാളിത്യത്തിന്റെ ഭവനങ്ങളായിരിക്കണം. നമ്മുടെ ആദ്ധ്യാത്മിക സമ്പത്തു് മറ്റുള്ളവരുമായി പങ്കുവെച്ചു് അവരെക്കൂടി സമ്പന്നരാക്കുകയെന്ന ലക്ഷ്യമായിരുന്നു ദർശനഭവനം പണിയുവാൻ

ചാവറപ്പിതാവിനെ പ്രേരിപ്പിച്ചത്. കണക്കുകൾ എഴുതി സൂക്ഷിക്കുന്നതും ദാരിദ്ര്യവ്രതത്തിന്റെ ഒരു ഭാഗംതന്നെയാണെന്ന് VII/7-ൽ അദ്ദേഹം സഭാംഗങ്ങളെ പഠിപ്പിക്കുന്നു.

ഇങ്ങനെ അഗതിത്വത്തിന്റെ–ദാരിദ്ര്യത്തിന്റെ എല്ലാ വശങ്ങളും സഭാംഗങ്ങളെ പഠിപ്പിക്കുക മാത്രമല്ല തന്റെ ജീവിത ലാളിത്യത്തിലൂടെ മാതൃക നല്കുകയും ചെയ്തു. വികാരിജനറാളും പ്രിയോർജനറാളും ആയിരുന്ന ചാവറയച്ചന്റെ മുറിയിൽ ഒരു ദിവസം കയറിച്ചെന്ന മെത്രാനച്ചന് ഇരിപ്പിടം കൊടുക്കുവാൻ തക്കതായ കസേരയില്ലായിരുന്നു. സ്വന്തം കസേര നീക്കിയിട്ടു കൊടുത്ത് ചാവറയച്ചൻ പെട്ടിപ്പുറത്തിരുന്നു. ചാവറപ്പിതാവിന്റെ മുറിയിലുള്ള എളിയ സൗകര്യങ്ങളെക്കുറിച്ച് അതിശയിക്കുകയായിരുന്നു മെത്രാനച്ചൻ (ഫാ. ജോൺ റൊമെയോ പാലൂരിയുടെ, വാഴ്ത്ത. ചാവറയച്ചൻ പേജ് 90). മഠം പണികഴിപ്പിച്ച് അന്നത്തെ കാലത്തെ എല്ലാ സൗകര്യങ്ങളും നമുക്ക് ലഭിക്കുന്ന പിതാവ് സ്വന്തം ജീവിതത്തിൽ അഗതിത്വം അതിന്റെ പൂർണ്ണതയിൽത്തന്നെ ജീവിക്കുകയായിരുന്നു. മേശയും ഒരു കസേരയും മേശപ്പുറത്ത് നാലഞ്ചു പുസ്തകങ്ങൾ, കട്ടിലിന് മേൽക്കട്ടിയില്ല, വിരിയില്ല, ഒരു തലയിണ, ഒരു പെട്ടി കഴിഞ്ഞു മുറിയിലെ സാധനങ്ങൾ. ദാരിദ്ര്യത്തിന്റെ ആന്തരീകതയിലേയ്ക്ക് ഇറങ്ങിച്ചെന്ന് ദൈവത്തിൽമാത്രം ആശ്രയം വെയ്ക്കുവാൻ എത്രമാത്രം നമുക്ക സാധിക്കുന്നുണ്ട്. ചുരുങ്ങിയ സാഹചര്യത്തിൽ സന്തോഷവും സംതൃപ്തിയും കണ്ടെത്തുവാൻ നമുക്ക കഴിയുമോ?

ധ്യാ.: പ്രതിജ്ഞയുടെ ജീവിതം അതിന്റെ പൂർണ്ണതയിൽ ജീവിക്കുക; അഗതിയായി നിന്ന് ദൈവത്തിൽ സമ്പൂർണ്ണ ആശ്രയം കണ്ടെത്തുക.

സൂക്തങ്ങൾ: 1. ''ഓ, എന്റെ തമ്പുരാന്റേയും കർത്താവിന്റേയും മണവാട്ടികളായ മഹാരാജ സ്ത്രീകളെ! നിങ്ങൾ കരേറിയിരിക്കുന്ന അന്തസ്സ എത്രയും ഉയരപ്പെട്ടതും സ്തുതിക്കപ്പെട്ടതും തന്നെ'' (കത്തുകൾ VII/2).

2. ദൈവത്തോടുള്ള പറഞ്ഞൊപ്പ ചെയ്ക, ഇതായിത് നമ്മുടെ നാഡിഞരമ്പുകളുടെ ഇളക്കങ്ങളും കണ്ണുചിമ്മുക, ശ്വാസംവിടുക മുതലായതും പക്ഷിപറവകളുടെ സ്വരങ്ങളും

ഇതൊക്കെയും നമുക്കുള്ള അപേക്ഷകളായിട്ട് തിരിച്ച് ഓരോന്നിനും, ശേഷം ആകമാനമായിട്ടും കർത്താവിന്റെ പ്രവൃത്തിയോടു ചേർത്ത് കാഴ്ചവെയ്ക്കുക. ഇതിനാലെ നമ്മുടെ കുറവുകൾ മാഞ്ഞുപോകുന്നു. ഏറിയ പുണ്യസമ്പത്തുകളും കിട്ടുന്നു.

3 "ഭൂമിയുമതിൻമീതെ കാണുന്ന സമസ്തവും
ഭേദംകൂടാതെ മാറിനീങ്ങുന്നു ക്ഷണേ ക്ഷണേ"

(ആത്മാ. II/309–310)

വായനകൾ:

| | | | |
|---|---|---|---|
| പുറപ്പാട് | 13:1–2 | യോഹ. | 17:10 |
| നിയമ. | 15:19–23 | എഫേ. | 1:4 |
| | | ഫിലി. 2/5–9, ലൂക്കാ. 42/22–34 | |
| നിയമ. | 26:1–2 | കന്യാസ്ത്രീകൾക്കുള്ള കത്ത് | VII/11, VII/2 |
| ഉല്പത്തി. | 18:23–33 | | VII/3 |
| പുറപ്പാട് | 19:5 | ധ്യാനസല്ലാപം | 13–15, കടശ്ശിയപേക്ഷ |

സല്ലാപചിന്തകം 2

# ചൊൽവിളി

അനുസരണത്തിന് ചാവറപ്പിതാവ് പറയുന്ന പേരാണ് ചൊൽവിളി. ചൊൽവിളിയിലൂടെ തിരുക്കുടുംബം നമ്മിൽ അധികാരം നടത്തുവാൻ നാം അനുവദിക്കണം.

ചാവറപ്പിതാവിന്റെ കുടുംബദർശനത്തിൽ നിന്നാണ് ചൊൽവിളി എന്ന പ്രയോഗം വരുന്നത്. പേരുചൊല്ലിക്കൊണ്ടുള്ള വിളിയാണത്. അപ്പനാണ് മക്കളെ പേരുചൊല്ലി വിളിക്കുക. അപ്പൻ വിളിക്കുമ്പോൾ മക്കൾ അപ്പനെ കാണുന്നു. അതായത് ആ സ്വരത്തിൽ മക്കൾ പിതാവിനെ കാണുന്നു. അപ്പന്റെ വിളിക്ക് മക്കൾ പ്രത്യുത്തരം നൽകുമ്പോഴാണ് ചൊൽവിളി പൂർണ്ണമാവുക. അപ്പൻ വിളിക്കുന്നതനുസരിച്ച് മക്കൾ അപ്പന്റെ ഹിതം അറിയുകയാണ്. അപ്പനെത്തന്നെയാണ് ഇതുവഴി അറിയുന്നത്. പിതാവിന്റെ വിളികേട്ട് ഇംഗിതം അറിഞ്ഞ് നിറവേറുന്നതിലൂടെ പിതൃപുത്രബന്ധം

[illegible]. പിതാവിന് തന്റെ ഹിതാനുസാരം മക്കളെ [illegible]വാനാണ് ഓരോ വിളിയും നമുക്ക തരുന്നത്. പിതാവിന്റെ ഓരോ വിളിക്കും നാം പ്രത്യുത്തരം നല്കുമ്പോഠം [illegible] നമ്മിൽ അധികാരം നടത്തുകയാണ്. വലിയ കുടുംബബന്ധത്തിൽനിന്നുള്ള ഒരു പ്രവൃത്തിയാണ് ഈ 'ആമ്മേൻ' [illegible].

## അനുസരണം-അലൌകികമായ സ്നേഹാനുഭവം

പിതാവിന്റെ വിളിക്ക് ഈശോ എപ്പോഴും ആമ്മേൻ പറഞ്ഞിരുന്നു. എല്ലാ സ്വരത്തിലും ഈശോ പിതാവിന്റെ സ്വരമാണ് കേട്ടത്. എല്ലാ മുഖങ്ങളിലും പുത്രൻ പിതാവിന്റെ മുഖമാണ് കണ്ടത്. അതുകൊണ്ട് ഈശോയ്ക്ക് എപ്പോഴും പറയാൻ സാധിച്ചു "ഇതാ ഞാൻ നിന്റെ ഹിതം നിറവേററുവാൻ വരുന്നു എന്ന്" (ഹെബ്ര. 10/9).

പിതാവ് സദാ നമ്മെ വിളിച്ചുകൊണ്ടിരിക്കുന്നു. ഈ വിളി നിത്യതയോളം തുടർന്നുകൊണ്ടേയിരിക്കുന്നു. ഇതിനുള്ള പ്രത്യുത്തരം സ്നേഹത്തിന്റെ നല്കലാണ്. ഇതൊരു അലൌകികമായ സ്നേഹാനുഭവമാണ്. ഈശോ സൃഷ്ടികളായ തന്റെ മാതാപിതാക്കളിലും അധികാരികളിലും സഹജരിലും, പീലാത്തോസിന്റെ വിധിവാചകത്തിലുമെല്ലാം ദൈവപിതാവിന്റെ ചൊൽവിളിയാണ് കേട്ടത്. ഒരു ശബ്ദം-ഒരു നാമം-ഒരു വിളി. എല്ലാ സ്വരവും ഒരു സ്വരമായി പകരുന്ന അനുഭവം. അതുകൊണ്ടാണ് അവസാന നിമിഷത്തിലും പിതാവേ അങ്ങേ തൃക്കരങ്ങളിൽ എന്റെ ആത്മാവിനെ സമർപ്പിക്കുന്നു എന്നുപറയാൻ കഴിഞ്ഞത്.

ചൊൽവിളിയിലൂടെ തിരുക്കുടുംബം ഭരണം നടത്തട്ടെ എന്നു പറയുമ്പോഠം പരിശുദ്ധ ത്രിത്വത്തിന്റെ ഭരണമാണ് നടക്കേണ്ടത്. ത്രിത്വത്തിൽ ഒന്നാകുമ്പോഴാണ് തിരുക്കുടുംബത്തിലുള്ള നമ്മുടെ പ്രതിഷ്ഠ പൂർത്തീകരിക്കുക. പരി. ത്രിത്വത്തിൽ വിലയം പ്രാപിക്കാനായിട്ടാണ് പിതാവ് നിരന്തരം വിളിച്ചുകൊണ്ടിരിക്കുന്നത്. 'ഞാൻ നിന്നെ പേരുചൊല്ലി വിളിച്ചിരിക്കുന്നു-നീ എന്റേതാണ്.' ആ വിളിക്ക് ഞാൻ എന്നെത്തന്നെ സമർപ്പിക്കണം. അർത്ഥം മനസ്സിലാകാത്തപ്പോഴും ഓരോ വിളിക്കും ആമ്മേൻ പറയാൻ സാധിക്കണം

മെങ്കിൽ എന്റെ സ്വാതന്ത്ര്യം ഞാൻ മരിക്കണം. അതുകൊണ്ടാണ് 'അനുസരണം ബലിയേക്കാരം ശ്രേഷ്ഠം' എന്നു പറയുന്നത്. ചാവറപ്പിതാവ് കന്യാസ്ത്രീകൾക്കുള്ള കത്തിൽ പറയുന്നുണ്ട് "നിങ്ങളുടെ സ്നേഹമണവാളന്റെ സ്വരം എത്രയോ മധുരമുള്ളതാണെന്നു കേൾപ്പിൻ." ചൊൽവിളിക്കു കീഴ്വഴങ്ങുമ്പോഴാണ് പിതാവിന്റെ സ്വരം മാധുര്യമുള്ള അനുഭവമായി മാറുന്നത്. പിതാവിന്റെ വിളി, അത് ആരിലൂടെ വന്നാലും എനിക്കതു് സ്വീകരിക്കുവാൻ സാധിക്കുന്നുണ്ടോ?

## ചൊൽവിളി—തിരുക്കുടുംബത്തിൽ

ഇവിടെ യൗസേപ്പിതാവും മാതാവും ഈശോയുടെ സ്വരം കേൾക്കാൻ കാത്തിരിക്കുന്നു. അതിന് നിരന്തരം ആമ്മേൻ പറയുന്നു. ഈശോയാകട്ടെ യൗസേപ്പിതാവിന്റെയും മാതാവിന്റെയും സ്വരത്തിൽ പിതാവിന്റെ സ്വരംകേട്ട് അനുസരിക്കുന്നു. അങ്ങനെ തിരുക്കുടുംബം പരി. ത്രിത്വത്തിന്റെ ഒരു പതിപ്പായി, ചാവറപ്പിതാവ് ദർശിക്കുകയാണ്. ഈ തിരുക്കുടുംബത്തിൽ ജീവിച്ച ചാവറപ്പിതാവും ചൊൽവിളി തന്റെ വ്യക്തിത്വത്തിൽ സ്വീകരിച്ചു.

## ചൊൽവിളി-ദർശനഭവനത്തിൽ

പരി. ത്രിത്വത്തിന്റെയും തിരുക്കുടുംബത്തിന്റെയും തനിപ്പകർപ്പായിരിക്കണം ദർശനഭവനമെന്ന് ചാവറപ്പിതാവിന് നിർബന്ധമുണ്ടായിരുന്നു. ദർശനഭവനത്തിൽ ഓരോ വ്യക്തിയും എല്ലാ സ്വരത്തിലും ദൈവപിതാവിന്റെ വിളി ശ്രവിക്കുമ്പോൾ പിതാവിന്റെ ദർശനം കിട്ടുന്നു. എത്രമാത്രം നാം ചൊൽവിളിയനുസരിച്ചു ജീവിക്കുന്നുവോ അത്രമാത്രം ദൈവപിതാവിന്റെ ദർശനം നമ്മിൽ ആഴമായി പതിയുമെന്നും, ദൈവത്താൽ നിറയപ്പെട്ട ദൈവിക മനുഷ്യരായിത്തീരുമെന്നും ചാവറപ്പിതാവിന് വ്യക്തമായ ധാരണയുണ്ടായിരുന്നു. അതുകൊണ്ടാണ് കന്യാസ്ത്രീകൾക്കുള്ള കത്തിൽ (VII/5) 'ചൊൽവിളി, എളിമ, ഉപവി ഇവയ്ക്കായി ഉത്സാഹിക്കുവിൻ' എന്നു പറയുന്നത്. സ്വർഗ്ഗത്തിലാണ് നമ്മുടെ ദർശനം പൂർണ്ണമാവുക. അപ്പോൾ ഒരു സ്വരം—ഒരു മുഖം—പിതാവിന്റെ മുഖം. അപ്പോൾ ത്രിത്വകുടുംബവും തിരുക്കുടുംബവും അധികാരം നടത്തുന്നതായി അനുഭവപ്പെടും. ദൈവത്തിന് ഇഷ്ടമുള്ളതു് പ്രവർത്തിക്കാൻ

അധികാരം കൈകളിലാണതു്. അങ്ങനെ ദൈവം എല്ലാററിലും എല്ലാമായിത്തീരും. "സന്യാസിയുടെ ഏകമായ അടയാളം സ്വന്തമനസ്സിനെ ഉപേക്ഷിച്ചു് കണ്ണും ചെവിയുമില്ലാത്ത ശവശരീരമത്രെ" എന്നു് ചാവറപ്പിതാവു് പറയുന്നു (കത്തു്. VI/4).

## ഉൾവിളി- ചാവറയച്ചന്റെ ജീവിതത്തിൽ

സെമിനാരി വിദ്യാർത്ഥിയായിരിക്കുമ്പോൾത്തന്നെ അനുപമമായ അനുസരണത്തിന്റെ മൂശയിലിട്ടു് വാർത്തെടുക്കുവാൻ ദൈവം നിശ്ചയിച്ചു. അപ്പനും അമ്മയും ഏകസഹോദരനും കോളറപിടിച്ചുമരിച്ചപ്പോൾ ചിററപ്പന്മാരുടെ നിർബന്ധമനുസരിച്ചു് കൂടെപ്പോകുവാനുള്ള മല്പാനച്ചന്റെ കല്പന ചാവറ പിതാവിന്റെ എല്ലാ പ്രതീക്ഷകളും തകർക്കുന്നതായിരുന്നു. കണ്ണുനീരോടെ ആ 14 വയസ്സുകാരൻ അതിനു വഴങ്ങി. കുടുംബ കാര്യങ്ങൾ വേഗത്തിൽ ശരിയാക്കി സെമിനാരിയിൽ തിരിച്ചു വന്നു.

പട്ടമേററശേഷം പള്ളികളിൽ ധ്യാനം പ്രസംഗിക്കാനായിരുന്നു ചാവറപ്പിതാവിനു് താല്പര്യം. എന്നാൽ പള്ളിപ്പുറത്തു് മല്പാനച്ചന്റെ സഹായിയായി ശെമ്മാശ്ശന്മാരെ പഠിപ്പിക്കാനാണു് പിതാവിനെ നിയോഗിച്ചതു്. തന്റെ വ്യക്തിപരമായ താല്പര്യങ്ങളെല്ലാം നുറുങ്ങപ്പെടാൻ അനുവദിച്ചുകൊണ്ടു അനുസരണത്തിന്റെ ബലിക്കല്ലിൽ സ്വയം സമർപ്പിച്ചു. ഏതു സാഹചര്യത്തിലും അനുസരിക്കുക എന്നതു് ചാവറപ്പിതാവിന്റെ ഒരു ജീവിതശൈലിയായിരുന്നു.

## അനുസരണം-സ്വാതന്ത്ര്യത്തിന്റെ അനുഭവം

വരാപ്പുഴ മെത്രാപ്പോലീത്തായുമായുള്ള ബന്ധത്തിൽ അനുസരണത്തിന്റെ പരിശുദ്ധി പ്രകടമാക്കിയ അവസരങ്ങളുണ്ടു്. കൊവേന്തപ്പണി തുടരാതിരിക്കുവാൻ പള്ളിപ്പുറം വികാരിയാക്കി മാററുന്നു, മുപ്പത്തിരണ്ടുവർഷം ജീവിച്ച മാന്നാനത്തുനിന്നു് കൂനമ്മാവിലേയ്ക്കു് മാററുന്നു. അവസാന നാളിലും തന്റെ അസുഖം, കാലാവസ്ഥ, എല്ലാം അവഗണിച്ചുകൊണ്ടുതന്നെ പിതാവു് പറഞ്ഞു: "അധികാരികൾ പറയുന്നതു് കൂടാതെ എനിക്കു് മറെറാരു മനസ്സുണ്ടോ" എന്നു്.

പിതാവിൻെറ അനുസരണം കേവലം അന്ധമായിരുന്നില്ല. 50 നോമ്പ്, 25 നോമ്പ് മുഴുവൻ ഉപവസിക്കുക ഇവിടത്തെ കാലാവസ്ഥയ്ക്ക് ദുഷ്കരമായി അനുഭവപ്പെട്ടതിനാൽ ശ്ലൈഹിക സിംഹാസനത്തിൽനിന്നും അതു ഇളവുചെയ്തുതരണമെന്നു ബച്ചിനെല്ലി മെത്രാപ്പോലീത്തായെ അറിയിക്കുന്നു. ചാവറ പിതാവിൻെറ നയം ഇതായിരുന്നു—'ചെന്നുകണ്ട് സങ്കടം പറയുക. കൈക്കൊണ്ടില്ലെങ്കിൽ ചൊൽവിളി കേൾക്കുക'. P. C. 14–ലും സി എം സി പ്രമാണരേഖ നമ്പർ 30–ലും ഈ ചൈതന്യം നമുക്ക് കാണാം.

അധികാരികളെ വിശ്വാസചൈതന്യത്തിൽ വീക്ഷിച്ച് വിധേയത്വം പ്രകടിപ്പിക്കുന്ന കാര്യത്തിൽ ചാ. പിതാവ് ഏവർക്കും മാതൃകയാണ്. തൻെറ സഭാംഗങ്ങളോട് അവിടുന്ന് പറയുന്നുണ്ട്: തലവനെ ഈശോമിശിഹാ ആയിട്ട് വിചാരിച്ച് അയാളുടെ സ്വരം ഈശോയുടെ തിരുവചനമായി കൈക്കൊള്ളുക. അധികാരികളോടുള്ള നമ്മുടെ ആദരവും അനുസരണവും എങ്ങനെ? അധികാരം ദൈവത്തിൽനിന്നുള്ളതാണെന്നും, അവരും ബലഹീനരാണെന്നും ഓർക്കാറുണ്ടോ? അധികാരിയുടെ പോരായ്മ തീർക്കേണ്ടതു് എൻെറ കടമയാണെന്ന കുടുംബാരൂപി എനിക്കുണ്ടോ?

നമ്മുടെ അനുസരണത്തിന് 3 പദവികൾ ഉണ്ടായിരിക്കണമെന്ന് ചാ. പിതാവ് പറയുന്നുണ്ട്.

1. മേലുള്ള അധികാരികളെ അനുസരിക്കുക.
   (മാർപ്പാപ്പ, മെത്രാന്മാർ, സുപ്പീരിയർ ജനറൽ, പ്രൊവിൻഷ്യൽ സുപ്പീരിയർ)
2. കീഴ്ത്തലവന്മാരെ അനുസരിക്കുക.
3. തമ്മിൽത്തമ്മിലും അനുസരണമുള്ളവരായിരിക്കുക.

മുഖംനോക്കി നാം അനുസരിക്കുമ്പോൾ വെറും സംസാരികളുടെ കൂട്ടമാകും. വിശ്വാസവീക്ഷണത്തിൽ നാം അനുസരിക്കുമ്പോൾ ദൈവികമനുഷ്യരായിതീരും.

കുടുംബദർശനമുണ്ടെങ്കിലേ ചൊൽവിളിയിൽ വളരാൻ കഴിയൂ. അപ്പോഴാണ് തിരുക്കുടുംബത്തിന്, ത്രിത്വകുടുംബത്തിന് എന്നിൽ അധികാരം നടത്താൻ സാധിക്കുന്നുണ്ട് എന്നു പറയുവാനും, അതിൻെറ ധന്യത അനുഭവിക്കുവാനും സാധിക്കുന്നതു്.

കൃപ: അനുനിമിഷം പേരുചൊല്ലി വിളിക്കുന്ന പിതാവിന്റെ സ്വരംകേട്ട്, അതിന് എപ്പോഴും ആമ്മേൻ പറഞ്ഞ്, ചൊൽവിളിക്കുത്തരം കൊടുത്ത് എന്റെ പ്രതിഷ്ഠാജീവിതം കൂടുതൽ ധന്യമാക്കുവാനുള്ള കൃപക്കായി പ്രാർത്ഥിക്കാം.

സൂക്തങ്ങൾ: "ചൊൽവിളി, എളിമ, ഉപവി ഇവക്കായി പരിശ്രമിക്കുവിൻ" (കത്ത് VII/5)

"സന്യാസിയുടെ ഏകമായ അടയാളം, സ്വന്തമനസ്സിനെ ഉപേക്ഷിച്ച് കണ്ണും ചെവിയുമില്ലാത്ത ചൊൽവിളിയത്രെ" (കത്ത് VI/4)

"വിരോധമായിട്ടുള്ള കാര്യങ്ങളിൽ നിന്റെ തിരുമനസ്സിന്ന് എന്റെ മനസ്സിനെ ഒപ്പിപ്പാനും എത്രയും മേൽപ്പെട്ടതും നെറിവുള്ളതും സ്നേഹിക്കപ്പെട്ടതുമായ തമ്പുരാന്റെ തിരുമനസ്സ് എല്ലാപ്പഴും സ്നേഹിക്കപ്പെട്ടതും പുകഴപ്പെട്ടതും ആയിരിക്കട്ടെ എന്ന എപ്പോഴും ചൊല്ലുവാനും ഉറച്ചു നിശ്ചയിച്ചിരിക്കുന്നേൻ" (ധ്യാനസല്ലാപങ്ങൾ—പേജ് 68)

വായനകൾ:

മത്താ: 26/36-46, ലൂക്ക. 23/46, ഹെബ്രാ. 10/7-9.
സി എം സി പ്രമാണരേഖ നമ്പർ 28.
കത്തുകൾ: VI/4.

സല്ലാപചിന്തകൾ 3

# മണവാളത്തം: ആയിത്തീരൽ

ബൈബിളിലെ ദൈവത്തിന്റെ കഥ ആയിത്തീരലിന്റേതാണ്. മനുഷ്യനിൽ ആയിത്തീരുവാൻ, ഒന്നായിത്തീരുവാൻ ആഗ്രഹിക്കുന്നവനാണ് ദൈവം. മനുഷ്യജീവിതത്തിലുംപ്രവേശിച്ച് അവന്റെ ജീവിതം തന്റേതാക്കി പകർത്തുന്ന ദൈവമാണവിടുന്ന്. മനുഷ്യന്റെ അസ്തിത്വം പൂർണ്ണമാകുന്നത് ദൈവം അവനിൽ ആയിത്തീരുമ്പോഴാണ്. ഇസ്രായേലിന്റെ ചരിത്രത്തിൽ ആയിത്തീരാൻ ദൈവം ഈജിപ്റ്റിലേയ്ക്ക് ഇറങ്ങിവന്നു; പുറപ്പാടനുഭവത്തിലൂടെ അവരെ നയിച്ചു. പകൽ മേഘസ്തംഭമായും, രാത്രി അഗ്നിസ്തംഭമായും അവരെ അനുഗമിച്ചു.

അവരുടെ അനുദിനജീവിതത്തിൽ പങ്കുപററി അവരുടെ വേദന തൻെറ വേദനയാക്കി അവരിൽ ആയിത്തീരുകയാണ്. മനുഷ്യൻെറ ചരിത്രത്തിൽ ആയിത്തീരാൻ പററാത്തതിൽ വേദനയനുഭവിക്കുന്ന ദൈവത്തെയാണ് ഇസ്രായേലിൻെറ ചരിത്രത്തിൽ നാം കാണുന്നത്.

ആയിത്തീരുവാനുള്ള ദൈവത്തിൻെറ ദാഹമാണ് ഉടമ്പടി ബന്ധത്തിൽ കാണുന്നത്. വധൂവരന്മാർ തമ്മിലുള്ള സ്നേഹ ഐക്യമായും ഇതിനെ ചിത്രീകരിക്കുന്നുണ്ട്. മണവാട്ടിയുടെ ജീവിതസാഫല്യം മണവാളനുമായി ഒന്നായിത്തീരുന്നതിലാണ് അടങ്ങിയിരിക്കുന്നത്. സ്നേഹത്തിൻെറ പൂർണ്ണത മനുഷ്യാത്മാവും, ദൈവാത്മാവും ഒന്നായിത്തീരുന്ന അനുഭവമാണ്. ദൈവം നമ്മിൽ ആയിത്തീർന്നുകൊണ്ട് നമ്മെ പരിശുദ്ധരാക്കുകയാണ് ചെയ്യുന്നത്. താൻ തെരഞ്ഞെടുത്ത ജനം പരിശുദ്ധരായിരിക്കണം എന്നത് ദൈവത്തിൻെറ ആഗ്രഹമാണ്. "നിങ്ങളും നിങ്ങളെത്തന്നെ വിശുദ്ധീകരിക്കുകയും, പരിശുദ്ധരായിരിക്കുകയും ചെയ്യുവിൻ" (ലേവ്യർ 11/44–45) കാരണം ഞാൻ പരിശുദ്ധനാകുന്നു. ദൈവത്തിൻെറ പരിശുദ്ധിയിലേയ്ക്ക് കടന്നുവരാൻ മനുഷ്യൻ ശുദ്ധീകരണപ്രക്രിയയിലൂടെ കടന്നുപോകണം (ലേവ്യർ 4/13–21). കുഞ്ഞാടിൻെറ രക്തമെടുത്ത് തളിച്ച് ശുദ്ധീകരണപ്രക്രിയയെ ബാഹ്യമായി പ്രകടിപ്പിക്കുന്നതുപോലെ തന്നെ ആന്തരീകമായ ശുദ്ധീകരണ പ്രക്രിയയിലൂടെയും ഇസ്രായേൽ കടന്നുപോയി (പുറപ്പാട് 13/17–18). ഇങ്ങനെ ശുദ്ധീകരിക്കപ്പെട്ട്, പവിത്രീകരിക്കപ്പെട്ട് ഇസ്രായേൽ ദൈവസാന്നിദ്ധ്യംകൊണ്ട് നിറയുന്നു. ദൈവസാന്നിദ്ധ്യംകൊണ്ട് നിറഞ്ഞ കന്യകയും, മാതാവുമാണ് ഇസ്രായേൽ (ജെറ. 31/4, സങ്കീ. 87/5).

മനുഷ്യനുമായി ഒന്നായിത്തീരുവാനുള്ള ദൈവത്തിൻെറ ആത്മദാഹം പൂർണ്ണമാകുന്നത് ഈശോയിലാണ്. ഈശോ എന്ന വ്യക്തിയിൽ പിതാവ് ആയിത്തീർന്നു. പിതാവ് തന്നിൽ ആയിത്തീരുവാൻ അവിടുന്നനുവദിച്ചു. "എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു" (യോഹ. 14/9) എന്നുപറയുവാൻതക്ക വിധം പിതാവുമായി ഒന്നായിത്തീർന്നു. തിരുനാളിൻെറ അവസാനത്തെ മഹാദിനത്തിൽ ഈശോ ശബ്ദമുയർത്തിപ്പറഞ്ഞു: "ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എൻെറ അടുക്കൽ

വന്നു കുടിക്കട്ടെ'' (യോഹ. 7/37). നമ്മിൽ ആയിത്തീരുവാനുള്ള ഈശോയുടെ ആഗ്രഹമായിരുന്നു അത്. അതുപോലെതന്നെ കുരിശിൽ സ്നേഹത്തിന്റെ പൂർണ്ണത കണ്ട് അതുമായി ഒന്നായിത്തീരുവാൻ അവിടുന്ന് ആഗ്രഹിച്ചിരുന്നു; അതിനായി ദാഹിച്ചിരുന്നു. ''എനിക്കൊരു സ്നാനം സ്വീകരിക്കുവാനുണ്ട്. അത് നിവൃത്തിയാകുവോളം ഞാൻ എത്ര ഞെരുങ്ങുന്നു.'' (ലൂക്ക 12/50). ഈ ദാഹം കുരിശിലാണ് പൂർത്തിയാകുന്നത്. ആ പൂർണ്ണതയിലേക്ക് നീങ്ങുമ്പോഴും അവിടുന്ന് വീണ്ടും പറയുന്നു: ''എനിക്ക് ദാഹിക്കുന്നു'' (യോഹ 19/28). തന്റെ ആത്മാവിനെ പിതാവിന് സമർപ്പിച്ചുകൊണ്ട് രക്തത്താലുള്ള ഉടമ്പടി ഈശോ പൂർത്തിയാക്കുന്നു. അതുവഴി പിതാവുമായി, മനുഷ്യവർഗ്ഗവുമായി അവിടുന്ന് ഒന്നായിത്തീർന്നു; ആയിത്തീരൽ പൂർണ്ണമാകുന്നു. തന്റെ വ്യക്തിത്വത്തിന്റെ പരിപൂർണ്ണ സമർപ്പണത്തിലൂടെയാണ് ഈശോ ഇത് സാധിച്ചത്. ഇതുതന്നെയാണ് ബ്രഹ്മചര്യജീവിതത്തിലൂടെ നമ്മിലും നടക്കുന്നത്. നമ്മിൽ ആയിത്തീരാൻ ആഗ്രഹിക്കുന്ന ദൈവത്തിനുള്ള പരിപൂർണ്ണ സമർപ്പണമാണിത്.

വാ. ചാവറപ്പിതാവ് ബ്രഹ്മചര്യത്തെ മണവാളത്തമായിട്ടാണ് കാണുന്നത്. മണവാളത്തം അതിന്റെ പൂർണ്ണതയിലെത്തുന്നത് ബലിയിടപ്പെടുന്ന സ്നേഹത്തിലൂടെയാണ് അഥവാ സഹനത്തിലൂടെയാണ്. ആയിത്തീരലും, ഒന്നായിത്തീരലും യാഥാർത്ഥ്യമാകുന്നത് കുരിശിലൂടെയാണ്. ചാവറപിതാവിന്റെ വീക്ഷണത്തിൽ കാൽവരിമല വിവാഹപ്പന്തലും, കുരിശ് മണവറയുമാണ്. ആത്മാനുതാപം VIII/13–105–ൽ ഈശോയുടെ, മണവാളന്റെ കാൽവരിയിലേക്കുള്ള ഗമനമാണ് ചിത്രീകരിക്കുക. VIII/77–ൽ ഗാഗുൽത്താപന്തൽ എന്നു പറയുന്നത് വിവാഹപ്പന്തലാണ്. മണവാളൻ അണിഞ്ഞൊരുങ്ങി ആഘോഷത്തോടുകൂടി വിവാഹപ്പന്തലിലേക്ക് നടക്കുകയാണ്. മഹത്വത്തിന്റെ, സന്തോഷത്തിന്റെ മണിക്കൂറാണത്. ഇങ്ങനെയുള്ള മണവാളനോടുകൂടി മണവറയിലേക്കുള്ള യാത്രയാണ് മണവാളത്തം.

## 1. വിവാഹപ്പന്തലിലേയ്ക്കുള്ള യാത്ര

കുരിശിനോട് സല്ലപിച്ചുകൊണ്ടാണ് ഈശോ തന്റെ യാത്ര ആരംഭിക്കുന്നത്.

"ഓ മമ സ്നേഹധാമമെ, സ്വീവായെ നീ
വേഗമായ് വന്നു നിൻെറ കൈകളിൽ കൈക്കൊാാക മാം"
"ഓ എൻെറ സ്നേഹധാമമായ കരിശേ, വേഗം വന്ന് എന്നെ നിൻെറ കൈകളിൽ സ്വീകരിച്ചാലും. എൻെറ സ്നേഹഭാജനങ്ങളായ ഈ ഭൂമിയിലെ മക്കളെ പ്രിയംകരനായ പിതാവിൻെറ മുമ്പിൽ നിർത്തുന്നതിനായി കരിശാകുന്ന അംത്താരയുടെ മീതെ നിലകൊണ്ട് എന്നെത്തന്നെ അർച്ചനയായി അർപ്പിക്കുന്നതിന് സ്നേഹത്തോടും സന്തോഷത്തോടുംകൂടെ എത്രയോ നാളായി ഞാൻ നിന്നെ കാത്തിരിക്കുന്നു. നിൻെറ മീതെ കിടന്ന് സുഖനിദ്ര ചെയ്യുന്നതിന് എൻെറ മനസ്സ് ദാഹംകൊണ്ട് മോഹിച്ചു. നീയാണ് ഞാൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങാൻ കാരണം.

കരിശ് സഖിയാണ്; തൻെറ ശരീരത്തെ അതിനോട് യോജിപ്പിക്കുകയാണ്. എൻെറ വിജയത്തിന് കാരണം നീ തന്നെയാണ്. അനേകം പേർ ഈ പാതയെ അനുഗമിക്കും. കാരണം മോക്ഷകവാടം തുറക്കാനുള്ള താക്കോലാണിത്. എൻെറ പിതാവേ, മനുഷ്യകുലം മുഴുവൻ എൻെറ ഗോത്രക്കാരായി മാറിയിരിക്കുന്നു."

കരിശിനോട്ട് സല്ലപിക്കുന്ന ഈശോയുടെ മനോഭാവങ്ങളോട്ട് ഉറംച്ചേരുവാൻ നമുക്ക തയ്യാറാകാം. കാരണം, ഈശോയാണ് മണവാളത്തത്തിൻെറ പ്രതീകം. കരിശിനെ മഹത്വത്തിൻെറ വിനാഴികയായി സ്വീകരിക്കുന്ന ഈശോയോടൊന്നായിത്തീരുവാനാണ് ചാവറപ്പിതാവ് നമ്മെ ക്ഷണിക്കുന്നത്. ഇത് സാധിക്കണമെങ്കിൽ നമ്മിലെ ജഢിക പ്രവണതകളോട്ട് ഓരോ നിമിഷവും വിടപറയണം. നമ്മുടെ ജീവിതത്തെ നിരന്തരവും, സജീവവും, ബോധപൂർവ്വകവുമായ ഒരു ഹോമബലിയായി സമർപ്പിക്കണം (റോമ. 12/1). ഈ ബലി അപ്പണമാണ്, കരിശാണ് നമ്മുടെ ഉദ്ദേശ്യങ്ങളേയും ഹൃദയത്തേയും പവിത്രമാക്കുന്നത്.

വിശുദ്ധിയെക്കുറിച്ചുള്ള ചാവറപ്പിതാവിൻെറ കാഴ്ചപ്പാട് ഉന്നതവും, കാക്കശ്യസ്വഭാവമുള്ളതുമായിരുന്നു. മാലാഖാസ്തുടത്ത പരിശുദ്ധിയോടെ ജീവിക്കാനാഗ്രഹിച്ചതുകൊണ്ട് ഏററവും നിസ്സാരമായ കാര്യങ്ങരം പോലും ഏററുപറഞ്ഞ് പശ്ചാത്തപിക്കുന്നത് നാം കാണുന്നുണ്ട്. (ആത്മാ. II/337–349). ആയിത്തീരുന്നതനുസരിച്ച് ആത്മാനുതാപം വദ്ധിക്കുക

യാണ്. "നീ തന്ന കണ്ണുകളെ തിന്മ ചെയ്യുന്നതിന് ഞാൻ ഉപകരണമാക്കി. നല്ല കാര്യങ്ങൾ കേൾക്കാൻ തന്ന കാതുകൾ ഞാൻ ദുരുപയോഗിച്ചു". ഏററം നിസ്സാരമായ കാര്യങ്ങൾ പോലും എണ്ണിയെണ്ണിപ്പറഞ്ഞ് വിലപിക്കുന്നതിന് കാരണം ഉന്നതമായ ദൈവസ്നേഹമാണ്. ഈശോയുമായുള്ള വ്യക്തിപരമായ ബന്ധത്തിൽ വളരുന്നതിന് അവിഭക്തവും, സഹനങ്ങളാൽ ശുദ്ധീകരിച്ച് പവിത്രമാക്കപ്പെട്ടതുമായ സ്നേഹമാണാവശ്യം. ഈ സ്നേഹമാണ് ഈശോ കാംക്ഷിക്കുന്നത്. ചാവറ പിതാവ് പറയുന്നു: "ഓ എന്റെ തമ്പുരാന്റെയും, കർത്താവിന്റെയും മണവാട്ടികളായ മഹാരാജസ്ത്രീകളെ, നിങ്ങൾ കരേറിയിരിക്കുന്ന അന്തസ്സ് എത്രയും ഉയരപ്പെട്ടതും സ്തുതിക്കപ്പെട്ടതും തന്നെ" (കത്തുകൾ VII/2). ഒരു ഉത്തമ സുഹൃത്തിനെപ്പോലെ ഈശോയുടെ സാന്നിധ്യവും, സൗഹൃദവും അനുഭവിച്ച ചാവറ പിതാവ്, നമ്മിൽ ഒന്നായിത്തീരുവാനുള്ള ഈശോയുടെ ദാഹത്തെക്കുറിച്ചും പറയുന്നുണ്ട്. "ഞാൻ നിന്നെ സന്തോഷിപ്പിക്കും എന്നു പറഞ്ഞുകൊണ്ട് ഒരു ക്ഷണനേരവും നിങ്ങളുടെ സമീപത്തുനിന്ന് മാറാതെ നില്ക്കുന്നു. നീ എന്നെ സ്നേഹിക്കണം എന്നു മാത്രം തന്റെ ആഗ്രഹം" (കത്തുകൾ VII/6). "അപ്പോഴൊ, എപ്പോഴും തന്നെയല്ലാതെ മററു സ്നേഹം നിങ്ങൾക്കുണ്ടോ എന്നും ഏതു നിങ്ങൾക്കാവശ്യം എന്നും എപ്പോഴും നിങ്ങളുടെ കൂടെ അകത്തും പുറത്തും സൂക്ഷിച്ചു നടക്കുന്ന നിങ്ങളുടെ സ്നേഹമണവാളന്റെ സ്വരം എത്രയോ മധുരമുള്ളതാകുന്നുവെന്നോർപ്പിൻ" (കത്തുകൾ VII/7). വിവാഹപ്പന്തലിലേക്കുള്ള യാത്രയൊക്കെ മറന്ന്, നമ്മുടെ മണവാളന്റെ സ്വരത്തിന് കാതോർക്കാതെ, മററ് പല സ്വരങ്ങളും ഇമ്പമായിക്കണ്ട് എത്രയോ പ്രാവശ്യം മററ് സ്വരങ്ങൾക്ക് പിന്നാലെ നാം പരക്കം പാഞ്ഞിട്ടുണ്ട്. നമ്മുടെ സ്നേഹവിഷയങ്ങളും, സ്നേഹബന്ധങ്ങളും ഈ മണവാളനെ നമ്മിൽനിന്നും അകററിയിട്ടുണ്ടോ എന്ന് നമുക്ക് ചിന്തിച്ചു നോക്കാം.

നമ്മുടെ പ്രമാണരേഖ നമ്പർ 14-ൽ പറയുന്നു: "യേശുവിന്റെ മീതെ മറെറാരു സ്നേഹവിഷയമില്ലെന്നും, യേശുവാണ് നമ്മുടെ ഹൃദയം കാത്തുകഴിയുന്ന പരമസൗന്ദര്യമെന്നും". ബ്രഹ്മചര്യവ്രതംവഴി ഈ സത്യം നാം പ്രഖ്യാപിക്കുകയാണ്. ചാവറപ്പിതാവിന്റെ ഭാഷയിൽ ഇതു് 'ഏകാന്തപ്രേമമാണ്'.

“എത്രയും ചിത്രമാം നിൻമുഖപത്മത്തെ
ഏകാന്തപ്രേമത്താൽ പാർക്കുന്നേഹം.”

ഇതിന് തടസ്സമായി നില്ക്കുന്ന മറ്റു പല കാര്യങ്ങളും, വായനകളും, ജഡികസന്തോഷങ്ങളും നിരന്തരം ഉപേക്ഷിക്കണം. അദ്ദേഹം പറയുന്നു: “നിങ്ങളുടെ മഹാരാജാവിന്റെ കാവ്യത്തിയായ മണവാട്ടിയെ കരേററിയ പല്ലക്കിനുകൂടെയും തടിച്ച ശകടലാസ്സിന്റെ മൂടലാൽ മൂടപ്പെട്ടതായി മററുള്ള കാഴ്ച കൈയിൽ നിന്നും അകററുന്നു. എങ്കിൽ നിങ്ങളുടെ ശുദ്ധമണവാളന് എത്ര തന്നെ ഏററമായിരിക്കും” (കത്തുകൾ VII/2). ഇങ്ങനെ അവിഭക്തമായ ഹൃദയത്തോടെ അവിടുത്തെ തന്നെ നോക്കിപ്പാർത്തുകൊണ്ട് നടക്കുമ്പോഴാണ് കുരിശിനോടുള്ള സല്ലാപം നമുക്കും എളുപ്പമായിത്തീരുന്നത്. നമ്മുടെ ഹൃദയം ദൈവസ്നേഹം കൊണ്ട് നിറയുന്നത്. അപ്പോഴാണ് സല്ലാപം നടക്കുന്നത്. അവിടുത്തെ തിരുമുഖം എല്ലാമുഖങ്ങളിലും കാണുവാനും തിരുസ്വരം എല്ലാ സ്വരങ്ങളിലും കേൾക്കുവാനും സാധിക്കുന്നത്.

## 2. മണവാളത്തം വിവാഹപ്പന്തലിലേയ്ക്കുള്ള ഘോഷയാത്രയും മണവറ പ്രവേശനവും

ഇസ്രായേലിൽ വിവാഹപരിപാടികൾ വളരെ ആഘോഷപൂർവ്വമാണ് നടത്തുന്നത്. ഇടത്തും, വലത്തും ഉത്തമസ്നേഹിതരും, സുഹൃത്തുക്കളുമായിട്ടാണ് വരൻ വധുവിന്റെ വീട്ടിലേയ്ക്കു പോവുക. ആർപ്പും കുരവയും അകമ്പടി സേവിക്കും; വിശിഷ്ടാഭരണങ്ങളും, വിശേഷവസ്ത്രങ്ങളുമുണ്ടാകും. ഈ ഘോഷയാത്രയോടാണ് കുരിശിലേയ്ക്കുള്ള ഘോഷയാത്രയെ ചാവറ പിതാവ് ഉപമിച്ചിരിക്കുന്നത്. കുരിശിന്റെ മഹത്വം കണ്ടെത്തിയുള്ള നടപ്പാണിത്. തന്നെ അപമാനിക്കുകയും, പീഢകളേല്പിക്കുകയും ചെയ്യുവരെയെല്ലാം ഉത്തമസുഹൃത്തുക്കളായി സ്വീകരിച്ചുകൊണ്ടുള്ള നടപ്പാണിത്. അപ്പോൾ ആരേയും ഒഴിവാക്കാതെ എല്ലാവരേയും ഹൃദയംഗമമായി സ്നേഹിക്കുന്നതിനുള്ള കല നമ്മുടെ സ്വന്തമായിത്തീരും. ഉത്തമഗീതത്തിലെ മണവാട്ടി പറയുന്നതുപോലെ നമുക്കും പറയാം: “നിന്റെ അധരം എന്നെ ചുംബനംകൊണ്ട് പൊതിയട്ടെ” (ഉത്തമ. 1/1). വിശ്വാസത്തിന്റേയും, സ്നേഹത്തിന്റേതുമായ ചുംബനം കർത്താവിൽനിന്നും ദാനമായി സ്വീകരിക്കുമ്പോഴാണ് മണവാളനോടുകൂടി കുരിശിന്റെ ഘോഷയാത്രയിൽ പങ്കെടുക്കുവാൻ നമുക്കും സാധിക്കുക.

ഉത്തമഗീതത്തിലെപ്പോലെ, മണവാളത്തത്തിന്റെ ദിവസത്തിൽ ഈ യാത്ര കാണാൻ സെഹിയോൻ പുത്രിമാരെ ക്ഷണിക്കുന്നുണ്ട് (ആത്മാ. VIII/70). നിങ്ങളുടെ പ്രിയംകരനായ മണവാളനെ നിങ്ങൾ കാണുവിൻ എന്ന് പറയുന്നു. രാജാവായ സോളമന് അദ്ദേഹത്തിന്റെ അമ്മ പ്രേമപൂർവ്വം ചാർത്തിയ കിരീടം ധരിച്ച് പ്രിയ മണവാട്ടിയോടു ചേർന്ന് നടത്തിയ യാത്രയാണിത്. തുടർന്ന് മണവാളൻ ധരിച്ചിരിക്കുന്ന ആഭരണങ്ങളെക്കുറിച്ച് പറയുന്നു: "നിന്റെ സ്നേഹമണവാളന്റെ കഴുത്തിലേയ്ക്കു നോക്കുക. നിന്റെ കണ്ണുകൾക്ക് കാണാൻ കഴിയാത്ത ഒരു മാലയാണ് കഴുത്തിലിട്ടിരിക്കുന്നത്. അവിടുത്തെ കരങ്ങളിൽ കിടക്കുന്ന വളകൾ എത്രയോ വിചിത്രമായിരിക്കുന്നു" (ആത്മാ. VIII/81–82). വേദനകളും പരാജയങ്ങളും, ശാരീരികപീഢകളും വിലയേറിയ, വിവാഹത്തിനായി സമ്മാനിച്ച ആഭരണങ്ങളായി മാറിയിരിക്കുന്നു. ഇങ്ങനെയുള്ള വിവാഹാഘോഷയാത്രയിൽ അനുഗമിക്കുവാനുള്ള വിളിയാണ് നമുക്ക് ലഭിച്ചിരിക്കുന്നത്. ബഹുമാനം, കീർത്തി, സ്വയസ്നേഹം എന്നിവയെല്ലാം ഉപേക്ഷിച്ച് മണവാളന്റേതായ ആഭരണങ്ങൾ നാമും ധരിക്കണം. മണവാളൻ നല്കുന്ന ആത്മീയാഭരണങ്ങൾ ധരിച്ച് ആഘോഷത്തോടുകൂടി കുരിശാകുന്ന മണവറയിലേയ്ക്കു പ്രവേശിക്കലാണ് മണവാളത്തം. ദൈവം നമ്മിൽ ആയിത്തീരുവാൻ, ഒന്നായിത്തീരുവാൻ നമ്മെത്തന്നെ സമർപ്പിക്കുന്നതാണ് മണവാളത്തം. ബദ്‌ലഹം മുതൽ കാൽവരിവരെ ഈശോ ജീവിച്ചു കാണിച്ചുതന്നതിതാണ്. ഈശോയെപ്പോലെ കാൽവരിയാകുന്ന വിവാഹപ്പന്തലിൽ പ്രവേശിക്കുന്നവർക്ക് സഹനവും, വേദനയും മഹത്വത്തിന്റെ വിനാഴികകളാണ്. അവിടെ പിറുപിറുപ്പും, ആവലാതികളുമില്ല. ഇങ്ങനെയുള്ള കാഴ്ചപ്പാടിലേയ്ക്കു വളരുമ്പോഴാണ് മണവാളത്തം നാം ജീവിക്കുന്നത്. മണവറ പ്രവേശനം നടക്കുന്നത്. ഇതാണ് സ്വർഗ്ഗാനുഭവം. മണവാളത്തത്തിന്റെ പാരമ്യമാണിത്. അവിടെ വിരുന്നുണ്ട്. ആഘോഷമായ വസ്ത്രങ്ങളും ആഭരണങ്ങളുമില്ലെങ്കിൽ അവിടെ പ്രവേശനമില്ല, എന്ന കാര്യം നമുക്കോർത്തിരിക്കാം.

(ധ്യാ. സ. പേജ് 13)

## 3. പ്രിയനോട് ഒന്നിച്ചിരുന്നുള്ള സല്ലാപം

മണവാളനോടൊന്നിച്ച് മണവറയിൽ പ്രവേശിച്ച് മഹത്വത്തിന്റെ ജീവിതം നയിക്കുമ്പോൾ ഒന്നായിത്തീരൽ

നടക്കുന്നു; സ്നേഹത്തിൽ ലയിക്കുന്നു. ഹോസിയ പ്രവാചകൻ പറയുന്നതുപോലെ പ്രിയന്റെ തണലിലുള്ള പ്രിയതമയുടെ ഇരിപ്പാണ് മണവാളത്തം (ഹോസി. 7/14). നിത്യമായി 'പാർക്കുന്ന' അനുഭവമാണിത്. ബഥാനിയായിലെ മറിയത്തെപോലെ, പ്രിയനിൽ സാക്ഷാത്ക്കാരം കണ്ടെത്തി സംതൃപ്തിയും, സന്തോഷവും വിശ്രമവും, അനുഭവിക്കുന്നതാണിത്. കുരിശിന്റെ തണലിൽ വിശ്രമം കൊള്ളുന്ന ജീവിതം. സ്നേഹിക്കുവാൻവേണ്ടി സ്വയം മറക്കുന്ന ജീവിതം. ഈ ദർശനം ലഭിച്ചവരാണ് ദർശനഭവനത്തിലുള്ളവർ. ദൈവത്തെ ആയിത്തീരാൻ അനുവദിക്കുന്ന സ്ഥലമാണ് പുണ്യസങ്കേതം. അവിടെ ''ഞാൻ നിന്നിൽ ഒന്നായിത്തീരും'' എന്ന് ദൈവം നമ്മോട് പറഞ്ഞൊത്തിരിക്കുകയാണ്. ഈ പറഞ്ഞൊക്കലാണ് ബ്രഹ്മചര്യവ്രതം.

തിരുക്കുടുംബത്തിൽ യൗസേപ്പിതാവും മാതാവും ഈ ദർശനം ലഭിച്ചവരായിരുന്നു. ആയിത്തീരലിന്റെ ജീവിതമാണ് അവർ നയിച്ചത്. വിവാഹാഘോഷയാത്രയിൽ അനുയാത്ര ചെയ്യുന്ന മാതാവിൽ ഒന്നായിത്തീരലിന്റെ പൂർണ്ണത കാണാം. ഈ മാതാവിനോടുകൂടിയാണ് നാമും യാത്ര ചെയ്യേണ്ടത്. അപ്പോൾ ബലിജീവിതം തുടരുവാനും ആത്മീയമാതൃത്വത്തിന്റെ പൂർണ്ണതയിൽ എത്തിച്ചേരാനും നമുക്ക് സാധിക്കും. സഹനത്തിലൂടെ ആത്മാക്കളെ ജനിപ്പിക്കുവാനുള്ളതാണ് നമ്മുടെ ദൈവവിളി. ഈശോയ്ക്ക് ജന്മം നല്കുന്ന ജീവിതം. അതാണ് നമ്മുടെ സാക്ഷാത്ക്കാരം. കുരിശാകുന്ന മണവറയിൽ പ്രവേശിച്ച് ഈശോ നമ്മെ എല്ലാവരേയും സ്വർഗ്ഗപിതാവിന്റെ കുടുംബത്തിലെ അംഗങ്ങളാക്കി. തന്റെ സഹനത്തിലൂടെ പരി. അമ്മ ഈ ലോകത്തിന്റെ മുഴുവൻ മാതാവായി. ബലിജീവിതം കുരിശാകുന്ന മണവറയിലെ നിത്യസ്നേഹത്തിന്റെ വിരുന്നാണ് നമുക്ക് നല്കുന്നത്. ഈ വിരുന്ന് ഭുജിച്ച് മണവറയിൽ നമ്മുടെ നാഥനോടുകൂടി നിത്യവും സല്ലാപം നടത്തുവാൻ നമുക്കാഗ്രഹിക്കാം. ഇങ്ങനെ ജീവിച്ചതുകൊണ്ട് 'സാക്ഷാൽ ദൈവമനുഷ്യനെന്ന്'' മറ്റുള്ളവർ ചാവറപ്പിതാവിനെപ്പറ്റി പറഞ്ഞു. ദൈവം നമ്മിൽ ഒന്നായിത്തീരുമ്പോഴാണ് നമ്മളും ദൈവമനുഷ്യരാകുക; ബ്രഹ്മനിൽ ചരിക്കുന്നവരാകുക. ചാവറപിതാവിനെപ്പോലെ നമുക്കും പറയാം: ''യേശുവേ, ഞങ്ങൾ നിന്നിൽ ഒന്നായിത്തീരുംവരെ ഞങ്ങളിൽനിന്ന് അകലല്ലേ'' (കത്തുകൾ VII/6).

കൃപ: സഹനത്തിൽ മഹത്വംകണ്ടെത്തി, ഗാഗുൽത്തായാകുന്ന വിവാഹപ്പന്തലിലേയ്ക്ക് നാഥനോടൊന്നിച്ച് ആഘോഷമായി നടന്നുനീങ്ങുവാനും അങ്ങനെ ബ്രഹ്മചര്യജീവിതം സ്നേഹത്തിന്റെ അനുഭവമാകുവാനുമുള്ള കൃപ.

സൂക്തങ്ങൾ: 1. "എത്രയും ചിത്രമാം നിൻമുഖ പത്മത്തെ
ഏകാന്തപ്രേമത്താൽ പാർക്കുന്നഹം".
(ആത്മാനുതാപം III, അനുബന്ധം 55-56)

2 "ആ! എന്റെ കുഞ്ഞുങ്ങളെ, നിങ്ങളെപ്പോലെ ഈ ഭൂമിയിൽ രണ്ടിനും സുഖമുള്ളവരാരു"" (കത്തുകൾ VII/7).

3 "തന്റെ മണിയറയായ നിങ്ങളുടെ മുറിയിൽ തന്നോടുകൂടെ നിങ്ങൾ തെളിവിൽ എനിക്കുവേണ്ടിയും അപേക്ഷിപ്പിൻ" (കത്തുകൾ VII/2).

വായനകൾ:

ഹോസിയ 2/14, ജറമിയ 2/2-3, കൊളോ. 1/22,
റോമ 12/1-3, ആത്മാനുതാപം VIII/13-100
കത്തുകൾ VII/2.

## മരിയ സല്ലാപം

അനാദിയിലെ നമ്മെ തെരെഞ്ഞെടുത്ത് സ്വന്തമാക്കിയ നല്ല ദൈവത്തെ നമുക്കൊന്നിച്ചു സ്തുതിക്കാം. പ്രപഞ്ചത്തിലെ എല്ലാ സൃഷ്ടജാലങ്ങളോടും, വിശിഷ്യാ എല്ലാ മനുഷ്യകുടുംബത്തോടും, ചാവറപ്പിതാവിനോടും ചേർന്ന് ഇന്നത്തെ കൊന്ത നമുക്കാരംഭിക്കാം. പരി. അമ്മേ, ആശ്വാസം കണ്ടെത്താനാകാതെ ഉഴലുന്ന അനേകായിരങ്ങളെ ഞങ്ങൾക്ക് ചുറ്റും കാണുന്നു. വേദനിക്കുന്ന സമൂഹങ്ങളിൽ-കുടുംബങ്ങളിൽ ആശ്വാസം പകരാൻ ഞങ്ങളെ ശക്തരാക്കിയാലും. തിരുക്കുടുംബത്തിന്റെ മനോഭാവത്തോടെ വിശ്വംമുഴുവൻ ദർശിക്കാനുള്ള വിശാലവീക്ഷണം ഞങ്ങൾക്ക് നൽകണമേ. പരി. അമ്മേ, ഒടുങ്ങാത്ത വിശ്വാസവും, ദൃഢമായ പ്രത്യാശയും ഉയരപ്പെട്ട ദൈവസ്നേഹവും നല്കി ഞങ്ങളെ അനുഗ്രഹിച്ചാലും.

വിശ്വാസപ്രമാണം. 1 സ്വ. 3 നന്മ. 1 ത്രിത്വ.

ഒന്നാം രഹസ്യം: പ്രതിഷ്ഠിതർ ദൈവാനുഗ്രഹത്തിന്റെ സ്രോതസ്സുകളായിത്തീരുന്നു.

'നിന്നെ ഞാൻ അനുഗ്രഹിക്കും, നീ മററുള്ളവർക്ക് അനുഗ്രഹമായിരിക്കും. അങ്ങനെ നിന്നിലൂടെ ഭൂമുഖത്തെ വംശങ്ങളെല്ലാം അനുഗ്രഹീതമാകും' എന്ന് അബ്രാഹത്തോടുചെയ്ത ഉടമ്പടി ദൈവത്തിനായി മാററിവെയ്ക്കപ്പെട്ട പ്രതിഷ്ഠിതരായ നമ്മിൽ അന്വർത്ഥമാകണം നമ്മുടെ ജീവിതംവഴി. ദൈവം നമ്മെ ആദ്ധ്യാത്മികവും ഭൗതികവുമായ അനുഗ്രഹങ്ങൾകൊണ്ട് നിറച്ചിരിക്കുകയാണ്. ഈ അനുഗ്രഹങ്ങൾ നമുക്കു മാത്രമായി മാററിവെയ്ക്കാതെ, മററുള്ളവരിലേയ്ക്ക് ഒഴുക്കിക്കൊടുക്കേണ്ടവരാണ് നാം. നമ്മുടെ കൂടപ്പിറപ്പുകൾക്ക് ക്ഷേമം നല്കുന്നതിന് സമർപ്പിതരായ നാം ശൂന്യമാക്കപ്പെടണം, തകർക്കപ്പെടണം. ഇതിന് ഈശോയാണ് നമ്മുടെ മാതൃക. പിതാവുമായുള്ള സഹവാസത്തിൽനിന്നും ലഭിച്ച അനുഗ്രഹങ്ങൾ രോഗികളിലേയ്ക്ക്–പാപികളിലേയ്ക്ക്–ദുഃഖിതരിലേയ്ക്ക് ഒഴുക്കി ഈശോ സ്വയം ശൂന്യമാക്കിക്കൊണ്ടിരുന്നു. ഒഴിഞ്ഞ കരങ്ങളുമായി ദൈവസന്നിധിയിൽ നിന്ന്, നിറകൈകളോടെ സഹോദരങ്ങളിലേയ്ക്ക് തിരിയുന്ന ഈശോയിൽ നമുക്കും കണ്ണുറപ്പിക്കാം.

ഇസ്രായേൽ തങ്ങളുടെ ഏററവും വലിയ അനുഗ്രഹമായ ദൈവസാന്നിദ്ധ്യം സഹോദരങ്ങളിലേയ്ക്ക് പകരാതെ–അവരെ വിജാതീയരായിക്കണ്ടതിനാൽ ദൈവസാന്നിദ്ധ്യവും ദേവാലയവും മററ് അനുഗ്രഹങ്ങളും അവർക്കു നഷ്ടപ്പെട്ടതായി നാം കാണുന്നു.

പരി. അമ്മേ, ദൈവത്തിന് പ്രതിഷ്ഠിതയായ അമ്മയെപോലെ, പ്രതിഷ്ഠയുടെ ജീവിതം നയിക്കുവാൻ ഞങ്ങളെ അനുഗ്രഹിച്ചാലും. ദൈവം ഞങ്ങൾക്ക് ദാനമായി നല്കുന്ന സിദ്ധികൾ പങ്കുവയ്ക്കുന്നതിൽ ഞങ്ങളെ തീക്ഷ്ണമതികളാക്കിയാലും

1 സ്വ. 10 നന്മ. 1 ത്രിത്വ.

രണ്ടാം രഹസ്യം: പ്രതിഷ്ഠാജീവിതത്തിലൂടെ ഈശോയുടെ രാജകീയ പൗരോഹിത്യത്തിൽ പങ്കുപററുന്നു.

ഈശോയെ, യുഗങ്ങൾക്കും, തലമുറകൾക്കും മുമ്പ് അങ്ങ് എന്നെ വിളിച്ചു. എന്നെ സ്വന്തമാക്കി–അഭിഷേചിച്ചു. അങ്ങയുടെ രാജത്വത്തിൽ പങ്കാളിയാക്കി. രാജകീയ പൗരോഹിത്യത്തിന്റെ ധർമ്മങ്ങൾ നിർവ്വഹിക്കേണ്ടതിനായി അങ്ങ്

എനിക്ക് അലിവുള്ള ഹൃദയവും, കനിവുള്ള കണ്ണുകളും നൽകിയല്ലോ. നിരാശയുടെ നീർച്ചുഴിയിൽപ്പെട്ടുഴലുന്നവരെ പ്രത്യാശയുടെ പ്രകാശത്തിലേയ്ക്ക് നയിക്കുവാൻ പ്രതിഷ്ഠിതയായ എൻെറ ഹൃദയത്തിൽ അങ്ങ് മന്ത്രിക്കുന്നല്ലൊ. ഈശോനാഥാ അങ്ങ് എന്നെ അഭിഷേചിച്ചത് സ്വയം വിസ്മരിക്കാനാണ്. സ്വാർത്ഥതയുടെ സുരക്ഷിതത്വത്തിൽനിന്നും പുറത്തുകടക്കാനാണ്.

കൃപാമയനേ, അല്പം ശാന്തിക്കും തണലിനുമായി ദാഹിക്കുന്നവർക്ക് ആശ്വാസമേകുവാൻ സ്നേഹത്തിൻേറയും ശാന്തിയുടേയും ആത്മാവിനാൽ ഞങ്ങളെ അഭിഷേചിക്കണമേ . . .

ചാവറപ്പിതാവേ, അങ്ങയെപ്പോലെ കാലത്തിൻെറ ചുവരെഴുത്തുകറം കണ്ടറിഞ്ഞ് ക്രിയാത്മകമായി പ്രവർത്തിക്കാൻ ഞങ്ങളെ ശക്തരാക്കിയാലും. എത്രയും പരി. അമ്മേ, ഈ പ്രാർത്ഥന ദയാപൂർവ്വം കേറംക്കണമേ.

1സ്വ. 10നന്മ. 1ത്രിത്വ.

മൂന്നാം രഹസ്യം: പ്രതിഷ്ഠാജീവിതത്തിലൂടെ ഈശോയുടെ പ്രവാചകത്വത്തിൽ പങ്കുപററാം.

സൃഷ്ടിയുടെ ആരംഭത്തിലുണ്ടായിരുന്ന രമ്യത, ആദത്തിൻെറ പാപത്തോടെ നഷ്ടപ്പെട്ടു. ഈ രമ്യത–സമാധാനം വീണ്ടെടുക്കാനാണ് അവിടുന്ന് ഈ ലോകത്തിൽ മനുഷ്യനായി ജന്മമെടുത്തത്.

ഈശോയെ, അങ്ങ് ഞങ്ങളിൽ വസിച്ച് ഞങ്ങളുടെ ജീവിതത്തിൽ നഷ്ടപ്പെട്ടുപോയ ആ രമ്യത–സമാധാനം വീണ്ടെടുക്കാൻ ഞങ്ങളെ സഹായിക്കണമെ.

ഈശോനാഥാ, ഞങ്ങളുടെ ജീവിതത്തിലേയ്ക്ക് കടന്നുവന്ന് ബലഹീനരും, വേദനിക്കുന്നവരുമായവരെ ശ്രദ്ധിക്കുവാൻ, അവർക്ക് അർഹിക്കുന്ന നീതി നടത്തിക്കൊടുക്കുവാൻ അങ്ങയുടെ പ്രവാചകത്വത്തിൽ പങ്കുപററുന്ന ഞങ്ങളേയും അനുഗ്രഹിച്ചാലും. പ്രതിഷ്ഠാജീവിതത്തിലൂടെ സഹോദരങ്ങളുമായി രമ്യതയിലേയ്ക്ക്–സ്നേഹത്തിലേയ്ക്ക്– ഐക്യത്തിലേയ്ക്ക് വളരുവാൻ പരി. അമ്മേ ഞങ്ങറംക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കണമേ.

1സ്വ. 10നന്മ. 1ത്രിത്വ.

നാലാംരഹസ്യം: അഗതിത്വത്തിൻെറ ആന്തരികചൈതന്യം സ്വന്തമാക്കാം.

ചാവറപ്പിതാവ് ഈലോകത്തിൻെറ നിസ്സാരതയും ക്ഷണികതയും മനസ്സിലാക്കിയപ്പോഠം ഉന്നതമായ പരമസത്തയെ സ്വന്തമാക്കാൻ ഹൃദയം വെമ്പൽകൊണ്ടു. വ്രതത്രയത്തിലൂടെ ദൈവത്തിനു പരമാധികാരം നൽകാൻ അദ്ദേഹം ആഗ്രഹിച്ചു. അഗതിത്വം എന്ന വ്രതത്തിലൂടെ ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കാൻ ചാവറപ്പിതാവിനു കഴിഞ്ഞു. പരിമിതമായ സാഹചര്യങ്ങളെ വിശ്വാസവീക്ഷണത്തിൽ കാണാനും, തിരുകുടുംബത്തിൽ ആശ്രയിക്കാനും ഞങ്ങളെ പഠിപ്പിക്കുന്ന ചാവറപിതാവേ, ദാരിദ്ര്യത്തിൽ സന്തോഷവും സമാധാനവും അനുഭവിക്കാൻ ഞങ്ങളെ പ്രാപ്തരാക്കിയാലും.

ഏതു സാഹചര്യത്തിലും ദൈവീകപരിപാലന കാണുവാനും, ദൈവത്തിൽ ആശ്രയിക്കാനും, എല്ലാ അനുഭവങ്ങളിലും സന്തോഷത്തോടെ-നന്ദിയോടെ വർത്തിക്കാനും വേണ്ട കൃപ പരിശുദ്ധ അമ്മേ, അമ്മയുടെ മാദ്ധ്യസ്ഥം വഴി ഞങ്ങഠംക്കു നൽകണമെ. 1സ്വ. 10നന്മ. 1ത്രിത്വ.

അഞ്ചാം രഹസ്യം: ചൊൽവിളിയിലൂടെ എല്ലാ സ്വരത്തിലും ദൈവസ്വരം ശ്രവിക്കുന്നു.

പിതൃഹിതം നിർവ്വഹിക്കാൻ കുരിശുമരണംവരെ അനുസരിച്ച ഈശോയെ അനുകരിച്ച് സ്വജീവിതത്തിൽ ചൊൽവിളിയുടെ ഉദാത്ത മാതൃക കാണിച്ചുതന്ന വാഴ്ത്തപ്പെട്ട ചാവറപിതാവേ, അനുസരണത്തിൻെറ ബലിവേദിയിൽ സ്വയം മറന്നു ഞങ്ങളെ സമർപ്പിക്കാൻ ശക്തരാക്കിയാലും. 'ചൊൽവിളി കേഠംക്കുന്നവൻ ഈ കൊവേന്തയിൽ വെച്ചുതന്നെ മോക്ഷത്തിലുള്ള ത്രിത്വത്തിൻെറ സമാധാനം അനുഭവിക്കും' എന്നു ഉറപ്പു നല്കിയ ചാവറപ്പിതാവേ, അധികാരികളിലൂടേയും സഹോദരങ്ങളിലൂടേയും കേഠംക്കുന്ന ദൈവസ്വരത്തിനു ആമ്മേൻ പറയുവാൻ ഞങ്ങളെ ശക്തിപ്പെടുത്തിയാലും.

എല്ലാവരിലും ഞങ്ങളുടെ സ്നേഹമണവാളൻെറ സ്വരം കേഠംക്കുവാൻ പരിശുദ്ധ അമ്മേ, അവിടുത്തെ പുത്രനോടു മാദ്ധ്യസ്ഥം വഹിക്കണമേ. അനുസരണത്തിലൂടെ ഞങ്ങഠംക്കു കൈവരുന്ന സ്വാസ്ഥ്യതയും സമാധാനവും അനുഭവിക്കാൻ ഞങ്ങ

ളെ പ്രാപ്തരാക്കിയാലും. പരിശുദ്ധ അമ്മേ, അമ്മയെപ്പോലെ ദൈവീകസ്വരത്തിന് കാതോർത്തുകൊണ്ട് ഞങ്ങളിൽനിന്ന്– ഞങ്ങളുടെ അഹത്തിൽനിന്ന് പുറത്തു കടക്കാൻ ഞങ്ങളെ സഹായിച്ചാലും. വിശ്വാസവീക്ഷണത്തോടെ അനുസരിക്കാനും അതുവഴി ഞങ്ങളിലും ഞങ്ങളുടെ സമൂഹത്തിലും പ്രപഞ്ചം മുഴുവനിലും ദൈവഹിതം നിറവേറ്റുവാൻ ഞങ്ങളെ കരുത്തുററ ഉപകരണമാക്കിയാലും. 1സ്വ. 10നന്മ. 1ത്രിത്വ.

സമാപന പ്രാർത്ഥന:

സ്നേഹപിതാവേ, അങ്ങേയ്ക്ക് സമർപ്പിതരായ ഞങ്ങളിതാ കൂപ്പുകരങ്ങളോടെ സമർപ്പണ ചൈതന്യത്തോടെ ഞങ്ങളുടെ യാചനകളുമായി അങ്ങയുടെ തിരുമുമ്പിൽ നില്ക്കുന്നു. കരുണയും സ്നേഹവും വാത്സല്യവുമുള്ള അമ്മവഴി ഞങ്ങളുടെ യാചനകൾ അങ്ങേയ്ക്ക് സമർപ്പിക്കുന്നു. 'എത്രയും ദയയുള്ള മാതാവേ എന്ന ജപം ചൊല്ലി പ്രാർത്ഥിച്ചപ്പോൾ മലപോലെ വന്ന കാര്യം മലരുപോലെ'യായിത്തീർന്ന അനുഭവം ചാവറപ്പിതാവിനുണ്ടായല്ലോ. ചാവറപ്പിതാവിന്റെ മക്കളായ നമുക്കും ആ ശരണത്തോടെ എത്രയും ദയയുള്ള മാതാവേ എന്ന ഗാനം പാടി അമ്മയുടെ മാദ്ധ്യസ്ഥം അപേക്ഷിക്കാം.

## സമൂഹസല്ലാപം

സ്വർഗ്ഗീയമായ ഈ ദേവാലയത്തിൽ, അപ്പന്റെ മുമ്പിൽ വന്നിരിക്കുന്ന നമുക്ക്, തനിയെ യാതൊന്നും സാധ്യമല്ല. അപ്പന്റെ പേച്ചതിരിയാത്ത മക്കളാണ് ഞങ്ങളെങ്കിലും ഞങ്ങളോർക്കുന്നു, ഞങ്ങൾ തനിച്ചല്ല എന്ന്. സ്വർഗ്ഗീയ കുടുംബത്തോടു ചേർന്ന്, തിരുക്കുടുംബത്തോടു ചേർന്ന്, ഞങ്ങളുടെ കർമ്മലസഭാ കുടുംബത്തോടു ചേർന്ന്, എല്ലാററിലും ഉപരിയായി നീണ്ടമണിക്കൂറുകൾ അപ്പന്റെ മുമ്പിൽ ധ്യാനലീനനായ ചാവറപ്പിതാവിനോടു ചേർന്നാണ് ഞങ്ങൾ സ്വർഗ്ഗീയ അനുഭവത്തിലേയ്ക്ക് കടന്നുവന്നിരിക്കുന്നതു്. ഇവരുടെയെല്ലാം യോഗ്യതകൊണ്ട് ഞങ്ങൾക്കും സ്നേഹത്തിന്റെ ലഹരിയുള്ള വീഞ്ഞു് പകർന്നുതരുമെന്ന് ശരണപ്പെടുന്നു. നമ്മുടെ ഈ ഉറച്ച വിശ്വാസം, അപ്പന്റെ

# തിരിയലും പിന്തിരിയലും

ചാവറപ്പിതാവിന്റെ കൃതികളിലെ പ്രത്യേകിച്ചും ആത്മാനുതാപത്തിലെ പ്രധാന പ്രമേയങ്ങളിലൊന്നാണ് തിരിയലും പിന്തിരിയലും. മനുഷ്യൻ സ്വാഭാവികമായിത്തന്നെ ദൈവത്തിലേയ്ക്ക് തിരിഞ്ഞിരിക്കേണ്ടവനാണ്; അഥവാ തിരിഞ്ഞിരിക്കുവാൻ വിളിക്കപ്പെട്ടവനാണ്; ദൈവാഭിമുഖ്യമുള്ളവനാകുക അതാണവന്റെ വിളി. ഇങ്ങനെ പൂർണ്ണമായും ഏകാഗ്രമായും ദൈവത്തിലേയ്ക്ക് തിരിയുന്ന അവസ്ഥയാണ് സ്വർഗ്ഗരാജ്യം. അവിടെ പരി. ത്രിത്വത്തിന്റെ ജീവിതം തിരിയലിന്റെ ജീവിതമാണ്. പിതാവ് പുത്രനിലേയ്ക്കും പുത്രൻ പിതാവിലേയ്ക്കും പരിശുദ്ധാത്മാവിലൂടെ നിത്യമായും സ്ഥിരമായും തിരിഞ്ഞിരിക്കുന്നു. ഇതാണ് പരി. ത്രിത്വത്തിന്റെ സൗഭാഗ്യം.

സൃഷ്ടിയുടെ ചരിത്രം പിതാവ് ലോകത്തിലേയ്ക്ക് തിരിഞ്ഞതിന്റെ ചരിത്രമാണ്. പരി. ത്രിത്വത്തിന്റെ സൗഭാഗ്യത്തിലേയ്ക്ക് എല്ലാവരേയും ഉൾചേർക്കുന്നതിന് പിതാവ് ലോകത്തിലേയ്ക്ക് തിരിയുന്നതാണ് സൃഷ്ടിയുടെ കഥ. അങ്ങനെ സൃഷ്ടികർമ്മത്തിലൂടെ ത്രിതൈ്വക ദൈവം മനുഷ്യനിലേയ്ക്ക് തിരിഞ്ഞു. അപ്പോൾ മനുഷ്യൻ ദൈവത്തിലേയ്ക്കും തിരിഞ്ഞു. മനുഷ്യനോടുകൂടി മറ്റു ജീവജാലങ്ങളും ദൈവത്തിലേയ്ക്ക് തിരിഞ്ഞു. ഇതാണ് പറുദീസായുടെ സാരസംഗ്രഹം.

ദൈവത്തിലേയ്ക്ക് പൂർണ്ണമായി തിരിഞ്ഞിരുന്ന ഈ മനുഷ്യൻ ദൈവത്തിൽനിന്ന് പിന്തിരിയുന്നതാണ് പിന്നീട് മനുഷ്യന്റെ ചരിത്രത്തിൽ നാം കാണുന്നത്. ദൈവത്തെ കൂടാതെ തന്നിലേയ്ക്കുതന്നെ തിരിയുക, മറ്റുള്ളവരിലേയ്ക്ക് തിരിയുക, സൃഷ്ടജാലങ്ങളിലേയ്ക്ക് തിരിയുക ഇതാണ് പിന്തിരിയൽ അഥവാ പാപം. മനുഷ്യൻ ദൈവത്തിൽനിന്നു പിൻതിരിഞ്ഞപ്പോൾ ദൈവം തങ്ങളിൽനിന്നും പിൻതിരിയുന്നതായി മനുഷ്യനു തോന്നി. ദൈവത്തിന്റെ സാന്നിദ്ധ്യം നഷ്ടപ്പെട്ടപ്പോൾ അവന് നരകത്തിന്റെ അനുഭവമുണ്ടായി. ദൈവം അവരെ ശത്രുക്കൾക്ക് വിട്ടുകൊടുത്തുകൊണ്ട് അവരെ തന്നിലേയ്ക്ക്

പിതാവിലേയ്ക്കു് നിത്യം തിരിഞ്ഞിരിക്കുന്ന ഈശോ മററുള്ളവരോടുകൂടിയാണു് തിരിഞ്ഞിരുന്നതു്. ഈശോയാണു് പിതാവിലേയ്ക്കു് തിരിയുന്നതിൻെറ നമ്മുടെ മാതൃക. ലൂക്കാ 9/28 ff–ൽ ഈശോ പിതാവിലേയ്ക്കു് തിരിയുന്നതിനെപ്പററി പറയുന്നു. കുരിശുമരണത്തെക്കുറിച്ചു്, സഹനത്തെക്കുറിച്ചു് ശിഷ്യരെ അറിയിച്ചപ്പോൾ അവർക്കു് ഇടർച്ചയുണ്ടായി. ഈ പശ്ചാത്തലത്തിൽ പ്രാർത്ഥിക്കുവാൻ അവിടുന്നു് താബോറിലേയ്ക്കു് പോകുന്നു. ഇവിടെ മനുഷ്യപുത്രൻ ദൈവപുത്രനായി രൂപാന്തരപ്പെടുന്നതു് ശിഷ്യർ കണ്ടു. അവർ ഈശോയുടെ മഹത്വം ദർശിച്ചു. മനുഷ്യപുത്രൻ ദൈവത്തിലേയ്ക്കു് തിരിഞ്ഞപ്പോൾ അവൻ ദൈവമായി പകരുന്നു. മൂശയും ഏലിയായും സംസാരിക്കുന്നതു് ഗാഗുൽത്തായെക്കുറിച്ചാണു്. ഗാഗുൽത്തായുടെ ശരിയായ രൂപം മഹത്വത്തിൻേറതാണു്. ഗാഗുൽത്താ കല്യാണപന്തലും, കുരിശു് മണവറയുമാണു്. ഇവിടെ ഈശോ ഗാഗുൽത്തായുടെ, സഹനത്തിൻെറ യഥാർത്ഥ രൂപം കാണിച്ചുകൊടുക്കുകയാണു്.

സഹനത്തിൻെറ അർത്ഥം കാണാൻ സാധിക്കാതെ കഷ്ടപ്പെടുന്ന അവസരത്തിലും പിതാവിലേയ്ക്കു് തിരിയാൻ ഈശോ പഠിപ്പിക്കുന്നു. ഇങ്ങനെ പിതാവിലേയ്ക്കു് തിരിഞ്ഞു് സഹനത്തിൻെറ മഹത്വം കണ്ടെത്തുവാൻ, കുരിശാകുന്ന മണവറയിൽ പ്രവേശിച്ചു് ക്രൂശിതനുമായി ഒന്നായിത്തീർന്നു് ഉത്ഥാനത്തിൻെറ ആനന്ദം അനുഭവിക്കുവാൻ നമുക്കു് സാധിക്കണം.

ലൂക്കാ. 5/16–ൽ ഈശോ പിതാവിലേയ്ക്കു് തിരിയുന്നതിനെപ്പററി പറയുന്നു. പകൽ മുഴുവനും നന്മചെയ്തു് ചുററിസഞ്ചരിച്ചതിനുശേഷം വിജനസ്ഥലത്തേയ്ക്കു് പിൻവാങ്ങി പ്രാർത്ഥിക്കുന്ന ഈശോയെയാണു് നാം ഇവിടെ കാണുന്നതു്. കുരിശു് കിരീടമാണു്, സഹനം മഹത്വമാണു് എന്ന പരമമായ ജ്ഞാനം നല്കുകയാണു് അവിടുന്നു് തൻെറ പ്രസംഗത്തിലൂടെ ചെയ്തതു്. അതോടൊപ്പം ആദ്ധ്യാത്മികവും ശാരീരികവുമായ പലരോഗങ്ങളും അവിടുന്നു് സുഖപ്പെടുത്തി. പകൽ താൻകണ്ട മനുഷ്യരുടെ രോഗം, അജ്ഞത, പട്ടിണി, അസ്വസ്ഥത, വേദന ഇവയെല്ലാം ദൂരീകരിക്കുന്നതിനു് ശക്തിപ്രാപിക്കുന്നതിനായി രാത്രിയിൽ അവിടുന്നു് പിതാവിലേയ്ക്കു് തിരിയുന്നു. അജ്ഞത, പട്ടിണി, രോഗം ഇവയെല്ലാം മനുഷ്യനിലെ അന്ധകാരത്തി

ന്റെ പ്രതീകമാണ്. കർത്താവ് രാത്രിയിൽ പ്രാർത്ഥിക്കുവാൻ പോയി എന്ന് പറയുമ്പോൾ മനുഷ്യനിലെ ഈ അന്ധകാരമെല്ലാം തന്നിൽ ഉൾക്കൊണ്ട് പിതാവിലേക്ക് തിരിയുന്നു എന്നാണർത്ഥം. അപ്പോൾ സ്വർഗ്ഗം മുഴുവൻ മനുഷ്യരിലേക്ക് തിരിയുന്നു. പ്രകാശം വരുന്നു. ദൈവം മനുഷ്യരിലേക്ക് തിരിഞ്ഞ് അവരെ ദൈവമക്കളാക്കുന്നു.

മനുഷ്യന്റെ കണ്ണുനീര് കണ്ട് നെടുവീർപ്പിട്ട് കണ്ണുനീർചിന്തിയാണ് ഈശോ പിതാവിലേക്ക് തിരിയുന്നത് (യോഹ. 11/32–42). ആയിരിക്കുന്ന അവസ്ഥയിൽ പിതാവിലേക്ക് തിരിയുന്നു. മനുഷ്യപാപത്തിന്റെ കാസയുമായി അവിടുന്ന് പിതാവിലേക്ക് തിരിയുന്നു (ലൂക്ക. 22/41–45). അത് സ്വീകരിക്കുവാനുള്ള തന്റെ കഴിവില്ലായ്മ– തന്റെ ഉള്ളിലെ അവസ്ഥ– പിതാവിന്റെ മുമ്പിൽ തുറന്നുവയ്ക്കുന്നു. മരണത്തിന്റെ മുമ്പിൽ, സഹനത്തിന്റെ മുമ്പിൽ പേടിച്ചുവിറച്ചു നില്ക്കുന്ന മനുഷ്യന്റെ രൂപം സ്വയം സ്വീകരിച്ച് അവരോടൊപ്പം ഈശോ പിതാവിലേക്ക് തിരിയുന്നു. സഹനത്തിൽ നിന്നും ഓടിപോവുകയല്ല, അവയോടൊപ്പം പിതാവിലേക്ക് തിരിയണം എന്നവിടുന്ന് കാണിച്ചുതരുന്നു.

മർക്കോ. 15/34–ൽ "എന്റെ ദൈവമേ, എന്റെ ദൈവമേ എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിച്ചു," ഈ സമയം തങ്ങൾ എല്ലാവരാലും, ദൈവത്താൽപോലും ഉപേക്ഷിക്കപ്പെട്ടു എന്ന അനുഭവത്തിൽ ഉൾപ്പെട്ട ആളുകളുടെ നീരാശയും വേദനയും ഉൾക്കൊണ്ട് പിതാവിലേക്ക് തിരിയുന്നു. ഇങ്ങനെയുള്ള സന്ദർഭത്തിലും ദൈവത്തിലേക്ക് തിരിയാം എന്ന് അവിടുന്ന് കാണിച്ചു തരുന്നു. നമ്മൾ തന്നെ ദൈവത്താൽ ഉപേക്ഷിക്കപ്പെടുന്നു എന്ന അവസ്ഥയിൽ വേദനിക്കുന്നവരിലേക്കും ഈശോ സ്വർഗ്ഗരാജ്യം കൊണ്ടുവരികയാണ്. 'അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ സമർപ്പിക്കുന്നു.' മനുഷ്യന്റെ നൈരാശ്യം പ്രതീക്ഷയായി പകർത്തുകയാണിവിടെ ചെയ്യുന്നത്.

ലൂക്ക. 22/32–ൽ ഈശോ പത്രോസിനുവേണ്ടി പിതാവിനോട് പ്രാർത്ഥിക്കുന്നു; പിതാവിലേക്ക് തിരിയുന്നു. സ്വന്തം ശക്തിയിൽ ആശ്രയിച്ച് ഈശോയെ വിശ്വസ്തതാപൂർവ്വം പിൻതുടരാൻ തനിക്കു കഴിയും എന്ന് പ്രഖ്യാപിക്കുകവഴി പത്രോസ് സാത്താന്റെ പിടിയിലമരുകയാണ്. താൻ എന്തോ ആണ്;

തനിക്കു് എന്തോ ഉണ്ടു് എന്നു് ഭാവിക്കുന്നവരുടെ പ്രതീകമാണു് പത്രോസ്. സാത്താൻ അവരിലേയ്ക്കു് തിരിഞ്ഞിരിക്കുകയാണു്. ഇങ്ങനെയുള്ളവരേയും പിതാവിലേയ്ക്കു് തിരിയിക്കുക നമ്മുടെ കടമയാണു്. അവരോടു് ചേർന്നു് ദൈവത്തിലേയ്ക്കു് നാം തിരിയണം. ഈശോ പഠിപ്പിച്ച 'സ്വർഗ്ഗസ്ഥനായ പിതാവേ' . . . എന്ന പ്രാർത്ഥനയുടെ രത്നച്ചുരുക്കം നമ്മെ പിതാവിലേയ്ക്കും പിതാവിനെ നമ്മിലേയ്ക്കും തിരിയിപ്പിക്കുക എന്നതാണു്.

## തിരിയൽ-ചാവറപിതാവിൽ

ത്രിത്വകുടുംബത്തിന്റെ ഭൂമിയിലെ തനിപ്പകർപ്പായ തിരുക്കുടുംബത്തിലാണു് പൂർണ്ണഹൃദയത്തോടുകൂടിയുള്ള തിരിയൽ ചാവറപ്പിതാവു് ദർശിക്കുന്നതു്. മാതാവും യൗസേപ്പിതാവും പൂർണ്ണമായും ഈശോയിലേയ്ക്കു് തിരിഞ്ഞിരിക്കുന്നു. ഈശോ മാതാവിലേയ്ക്കും യൗസേപ്പിതാവിലേയ്ക്കും തിരിഞ്ഞിരിക്കുന്നു. പിതാവിന്റെ മുഖവും സ്വരവുമാണു് ഈശോ അവരിൽ ദർശിച്ചതു്.

തിരുക്കുടുംബത്തെ അനുകരിച്ചു് ചാവറപ്പിതാവും ദൈവത്തിലേയ്ക്കു് തിരിയുന്നു. മററുള്ളവരോടുകൂടിയാണു് ചാവറ പിതാവു് ദൈവത്തിലേയ്ക്കു് തിരിയുന്നതു്.

—ആദ്യമായി ചാവറപ്പിതാവു് സ്വന്തം കുടുംബവുമായി ദൈവത്തിലേയ്ക്കു് തിരിയുന്നു. ആത്മാനുതാപം 1/45-48 ൽ സ്വന്തം അമ്മയിലൂടെ ദൈവം നൽകിയ നന്മകളോർത്തു് നന്ദിയോടെ ദൈവത്തിലേയ്ക്കു് തിരിയുന്നു.

—തന്റെ ജനത്തോടുകൂടി തിരിയുന്നു. ആത്മാനുതാപം II/163-164; 245-252. അവരുടെ പാപങ്ങൾ തന്റേതായി കണ്ടുകൊണ്ടു് അവരോടൊപ്പം ദൈവത്തിലേയ്ക്കു് തിരിയുന്നു. എല്ലാത്തെററിനും കാരണക്കാരൻ ഞാൻ തന്നെ, എന്നെ ഉപേക്ഷിക്കരുതെ എന്നു് പറഞ്ഞു് ദൈവത്തിലേയ്ക്കു് തിരിയുന്നു.

—തന്റെ സ്വന്ത ശക്തികൊണ്ടു് ദൈവത്തിലേയ്ക്കു് തിരിയാൻ താൻ അശക്തനാണു് എന്നു് മനസ്സിലാക്കിയ ചാവറപ്പിതാവു് വിശുദ്ധരുടെ കുടുംബത്തോടൊപ്പം തിരിയുന്നു. ധ്യാന സല്ലാപങ്ങളിൽ, മാതാവു്, മൂന്നു് മറിയ

മാർ, വി. അമ്മത്രേസ്യാ, വി. യൗസേപ്പിതാവ് ഇവരോട്ട കൂടി ചാവറപ്പിതാവ് തിരിയുന്നതു് നാം കാണുന്നു.

—പ്രപഞ്ചത്തോടൊപ്പം ദൈവത്തിലേയ്ക്കു് തിരിയുന്നു.
(ആത്മാനുതാപം II/290–316)

—കേരളം മുഴവനോടും, ഭൂതലം മുഴവനോടുംകൂടെ തിരിയുന്നു.

'കേസരി രാജൻ നീ നിന്നുടെ സ്വമതം
കേരളമൊക്കെയും കാണാകേണം'

അന്ധകാരത്തിൻെറ പിടിയിലമർന്ന ഈ ലോകം മുഴവനോടും പ്രത്യേകിച്ച് തൻെറ നാടായ കേരളത്തോടൊപ്പം തിരിയുന്നു. (ആത്മാനുതാപം–അനുബന്ധം 3/25–26)

—ആയിരിക്കുന്ന അവസ്ഥയിൽ തിരിയുന്ന ധൂർത്തപുത്രൻെറ സ്വാതന്ത്ര്യത്തോടെ തിരിയുന്ന ചാവറപ്പിതാവ്.
(ധ്യാനസല്ലാപം–പേജ് 16)

## നമ്മുടെ തിരിയൽ

ഈശോയെപ്പോലെ, ചാവറപ്പിതാവിനെപ്പോലെ, നാമും വ്യക്തിപരമായും, മററുള്ളവരോടും, മററുള്ളവയോടും, പ്രപഞ്ചം മുഴവനോടുംകൂടി ദൈവത്തിലേയ്ക്കു് തിരിയണം. അതാണ് നമ്മുടെ കടമ; നമ്മുടെ ദൈവവിളി. ഒന്നാമതായി നാം ആയിരിക്കുന്ന വിധത്തിൽ തിരിയണം. പൂർണ്ണമായ സിദ്ധികളോടും കഴിവുകളോടും കുറവുകളോടും, ആത്മാവോടും ശരീരത്തോടും ഒന്നും മാററിവയ്ക്കാതെ പച്ചയായിട്ടുള്ള മനുഷ്യൻ, അതുപോലെ ദൈവത്തിലേയ്ക്കു് തിരിയണം. ഇസ്രായേൽക്കാർ ചെയ്യതിങ്ങനെയാണ്–ദേഷ്യമാണെങ്കിൽ ദേഷ്യത്തോടെ; നിരാശയാണെങ്കിൽ അങ്ങനെ ദൈവത്തിലേയ്ക്കു് തിരിഞ്ഞു. ഉദ:–എന്തുകൊണ്ട് നീ സഹായിക്കുന്നില്ല, എന്തുകൊണ്ട് ഞങ്ങൾക്കിങ്ങനെ സംഭവിക്കുന്നു . . . . ശത്രുക്കളോട് വൈരാഗ്യമുണ്ടെങ്കിൽ ആ വൈരാഗ്യത്തോടെ–എല്ലാ വികാരങ്ങളും അതുപോലെ തന്നെ ദൈവത്തിൻെറ മുമ്പിൽ പ്രകടിപ്പിക്കുന്നു. അവർ ഏതു സാഹചര്യത്തിലാണോ അതേ സാഹചര്യത്തിൽതന്നെ ദൈവത്തിലേയ്ക്കു് തിരിയുന്നു. അവർ അവരോടുതന്നെയല്ല ദൈവത്തോടാണ് എല്ലാം പറയുന്നതു്.

വിജയങ്ങളോടും പരാജയങ്ങളോടുംകൂടി ആയിരിക്കുന്ന അവസ്ഥയിൽ, ആയിരിക്കുന്ന സ്ഥലത്തു് ദൈവത്തിലേയ്ക്കു്

ധ്യാനമണിക്കൂറിൽ നാം യാചിച്ചതു്. വാ. ചാവറപ്പിതാവു് ദൈവത്തിലേയ്ക്കു് സദാ തിരിഞ്ഞിരുന്നതുകൊണ്ടു് ദൈവകാരുണ്യം ആഴത്തിൽ അനുഭവിക്കാൻ അദ്ദേഹത്തിനു സാധിച്ചു.

ഇങ്ങനെ ദൈവത്തിലേയ്ക്കു് തിരിഞ്ഞിരിക്കുന്ന ആത്മാവു് സദാ അനുഭവിക്കുന്നതു് അവിടുത്തെ കാരുണ്യമാണു്. ദൈവവുമായുള്ള ബന്ധമനുസരിച്ചാണു് ഈ കാരുണ്യാനുഭവം നമ്മിൽ ആഴപ്പെടുക. ദൈവം തന്റെ കാരുണ്യം നൽകിക്കൊണ്ടാണു് ഓരോ നിമിഷവും നമ്മെ തന്നിലേയ്ക്കു് വിളിച്ചുകൊണ്ടിരിക്കുന്നതു്. ഇങ്ങനെയുള്ള ദൈവകാരുണ്യത്തിന്റെ കഥയാണു് ഇസ്രായേൽ ചരിത്രത്തിലുടനീളം നാം കാണുക. ദൈവം തങ്ങളുടെ ജീവിതത്തിലേയ്ക്കു് ഇറങ്ങിവന്ന അനുഭവമായിരുന്നു അവർക്കുണ്ടായിരുന്നതു്. ഈജിപ്തിലെ അടിമത്വത്തിൽനിന്നുള്ള മോചനം വലിയ കാരുണ്യാനുഭവമായിരുന്നു അവർക്കു്. സങ്കീ. 136–ൽ തന്റെ ജീവിതത്തിലേയ്ക്കു് ദൈവകാരുണ്യം ഒഴുകിയെത്തിയ അനുഭവം എണ്ണിയെണ്ണിപ്പറയുകയാണു് സങ്കീർത്തകൻ. അതുപോലെ, പ്രവാചകന്മാർ ദൈവത്തിന്റെ കാരുണ്യപ്രവൃത്തികളം ഇസ്രായേൽക്കാരെ നിരന്തരം ഓർമ്മിപ്പിക്കുന്നതു് നാം കാണുന്നുണ്ടു്. അവിശ്വസ്തരായ ഇസ്രായേലിലേയ്ക്കാണു് ദൈവം കാരുണ്യം വർഷിക്കുന്നതു് (ഹോസി. 11/1–9) അതായതു്, ദൈവകാരുണ്യം വർഷിക്കപ്പെടുന്നതു് മനുഷ്യാത്മാവിന്റെ വിശുദ്ധിയെ അടിസ്ഥാനമാക്കിയല്ല എന്നു സാരം. അവിശ്വസ്തതകാണിച്ചാലും കാരുണ്യം കാണിക്കുന്ന ദൈവം. സ്വത്രക്കാരനും തന്റേടിയുമായ യാക്കോബിലേയ്ക്കു് ദൈവം തന്റെ കാരുണ്യം വർഷിക്കുന്നു. അവൻ പറയുന്നു: "കർത്താവേ അങ്ങു് ഈ ദാസനോടു് കാണിച്ച കാരുണ്യത്തിനും വിശ്വസ്തതയ്ക്കും ഞാൻ ഒട്ടും അർഹനല്ല" എന്നു് (ഉല്പ. 32:10). അബ്രാഹം, സാറ, ഹന്ന ഇവരോടെല്ലാം ദൈവം കാരുണ്യം കാണിച്ചതായി നാം മനസ്സിലാക്കുന്നു. ദൈവകാരുണ്യം മനുഷ്യന്റെ പിന്നാലെ ചെല്ലുന്ന സ്നേഹമാണു്. ദൈവത്തെ നാം വേദനിപ്പിക്കുമ്പോഴും ആ വേദന സ്വയം ഏറ്റുകൊണ്ടു് നമ്മുടെ പുറകെ വരുന്ന ദൈവം.

## കാരുണ്യപൂർണ്ണത ഈശോയിൽ

"അവന്റെ പൂർണ്ണതയിൽനിന്നു് നാമെല്ലാം കൃപയ്ക്കുമേൽ കൃപ സ്വീകരിച്ചിരിക്കുന്നു. എന്തുകൊണ്ടെന്നാൽ നിയമം മോശ

വഴി നല്കപ്പെട്ടു. കൃപയും സത്യവുമാകട്ടെ, യേശുക്രിസ്തുവഴി ഉണ്ടായി'' (യോഹ. 1/16-17). ഈശോ തന്നെയും കാരുണ്യമെന്ന നാമമായി മാറുന്നു. എന്റെ നാമം തന്നെ കാരുണ്യത്തിന്റെ നാമമാക്കാൻ കടന്നുവന്ന് എന്നെ രക്ഷിച്ച ദൈവം. രക്ഷ, അത് ദൈവത്തിന്റെ അനന്തകാരുണ്യാനുഭവമാണ്. ഈശോയുടെ ജീവിതത്തിൽ ഉടനീളം ഈ കാരുണ്യപ്രവൃത്തികൾ കാണാം. പാപിനിയായ സ്ത്രീയോടും കുഷ്ഠരോഗികളോടും കുരുടരോടുമെല്ലാം അവിടുന്ന് കാരുണ്യം കാണിക്കുന്നു. അവരിലേയ്ക്ക് പരിധിയില്ലാതെ കാരുണ്യം ഒഴുക്കിക്കൊടുക്കുന്നു. ഈ കാരുണ്യാനുഭവം അവരുടെ ഹൃദയങ്ങളെ ചലിപ്പിച്ചു. അതവരെ അനുതാപത്തിലേയ്ക്കും മാനസാന്തരത്തിലേയ്ക്കും നയിച്ചു (ജ്ഞാനം 11/23). ഈശോയുടെ കാരുണ്യപ്രവൃത്തികൾ എത്രമാത്രം ഞാൻ എന്നിലേയ്ക്ക് ആവഹിച്ചെടുക്കുന്നുവോ അതനുസരിച്ചാണ് എനിക്ക് രക്ഷ അഥവാ കാരുണ്യാനുഭവം ഉണ്ടാവുക.

കൗദാശികജീവിതത്തിലൂടെ സഭാമാതാവ് നമ്മെ ദൈവത്തിന്റെ ഈ അനന്തകാരുണ്യത്തിൽ പങ്കുചേർക്കുകയാണ്. അവിടുത്തെ കാരുണ്യത്തിന്റെ ഏറ്റവും ഉന്നതമായ പ്രകാശനമാണ് വി. കുർബ്ബാന. ദിവ്യബലിയിൽ ആദ്യന്തം ഈ ദൈവികകാരുണ്യമാണ് നാം അനുഭവിക്കുന്നത്. നമ്മുടെ ദിവ്യബലിയിലെ പ്രാർത്ഥനകൾ നാം ശ്രദ്ധിക്കുകയാണെങ്കിൽ കാരുണ്യം എന്ന പദം 30-ൽ അധികം പ്രാവശ്യം ആവർത്തിച്ചാവർത്തിച്ച് ചൊല്ലുന്നുണ്ട്. അവസാനം "നിന്റെ അളവററ കാരുണ്യം കണ്ട കണ്ണുകൾക്ക് നിന്റെ അനുഗ്രഹദായകമായ പ്രത്യാഗമനം കാണുവാൻ ഇടവരട്ടെ'' എന്ന് പ്രാർത്ഥിക്കുന്നു. ഇവിടെ സഭാകുടുംബം ഒന്നുചേർന്ന് ദൈവകാരുണ്യം സ്വീകരിച്ച് ത്രിതൈകുടുംബത്തിലേയ്ക്ക് പ്രയാണം ചെയ്യുന്നതിനെയാണ് നാം അനുസ്മരിക്കുക. അനുരഞ്ജന കൂദാശയിലും ഈ ദൈവകാരുണ്യമാണ് സ്വീകരിക്കുകയും പങ്കുവയ്ക്കുകയും ചെയ്യുന്നത്. നാം മററുള്ളവരോട് കാരുണ്യം കാണിക്കുമ്പോഴാണ് ദൈവം അവർക്ക് കാരുണ്യവാനാകുന്നത്. പരസ്പരം പങ്കുവയ്ക്കലിലൂടെയാണ് ദൈവത്തിന്റെ കാരുണ്യം മററുള്ളവർ മനസ്സിലാക്കുന്നത്. നമ്മുടെ സമൂഹത്തിൽ എല്ലാവർക്കും കാരുണ്യം പങ്കുവയ്ക്കുവാൻ നമുക്ക് സാധിക്കുന്നുണ്ടോ എന്ന് ചിന്തിച്ച് നോക്കാം.

## കാരുണ്യാനുഭവം സ്വന്തമാക്കിയ ചാവറപ്പിതാവ്

ദൈവത്തിൻെറ കാരുണ്യത്തിനുമുമ്പിൽ നമ്രശിരസ്കനായി നിന്നുകൊണ്ട് ദൈവം തന്നിൽ ചൊരിഞ്ഞ കൃപകളെ എണ്ണിയെണ്ണി അനുസ്മരിച്ച് അതിൽ നിർവ്വതികൊള്ളുന്ന ചാവറപ്പിതാവിനെയാണ് ഈ ധ്യാനമണിക്കൂറിൽ നാം കാണുക.

"ആദിനായകനായ സർവ്വേശ്വരൻ
ആദത്തിൻ സുതനായ് ചമച്ചെന്നെയും
ആയതിനെന്തുകാരണം ദൈവമേ
ആദ്യഹീനനാം നിൻെറ ദയതന്നെ"

(ആത്മാ: 1/1–4)

ദൈവകാരുണ്യം–ദയ–അതൊന്നുമാത്രമാണ് എല്ലാററിൻേറയും കാരണമായി ചാവറപ്പിതാവിനു് ബോദ്ധ്യപ്പെട്ടതു്. ഒന്നിനും അർഹതയില്ലാത്ത തനിക്ക് ഇത്രമാത്രം അനുഗ്രഹങ്ങൾ തരാൻ കാരണം അവിടുത്തെ കാരുണ്യമാണ്. ഇങ്ങനെ കാരുണ്യപ്രവാഹം തന്നിലേയ്ക്കൊഴുകിയ അനുഭവമായിരുന്നു അദ്ദേഹത്തിനു്. യാതൊരപകടവും കൂടാതെ ഈലോകത്തിൽ വസിപ്പാൻവേണ്ടി കാവൽദൂതനെ നിയോഗിച്ചതും (ആത്മാ. 1/19–20) പെററമ്മ തന്നെ ഉറക്കിക്കിടത്തിയിട്ട് ജോലിക്കായ് പോകുമ്പോൾ ഉറക്കം ഇല്ലാത്തവനായ ദൈവം തന്നെ കാത്തുസൂക്ഷിച്ചിരുന്നതും (1/27–23) പകർച്ചവ്യാധിയാൽ ഏറെ പേർ മരിപ്പാനിടയായെങ്കിലും ദയാപരനും നീതിമാനുമായ സർവ്വേശ്വരൻ എല്ലാ അപകടങ്ങളിൽനിന്നും തന്നെ കാത്തുരക്ഷിച്ചതുമെല്ലാം (2/36–50) ദൈവകാരുണ്യമായി അദ്ദേഹം കണ്ടു. അതുപോലെത്തന്നെ അദ്ദേഹത്തെ വലിയ പണക്കാരനോ ദരിദ്രനോ ആക്കാതിരുന്നതും; മാതാവിൻെറ സഭയിൽ ചേർത്തതുമെല്ലാം വലിയ ദൈവകാരുണ്യാനുഭവമായിരുന്നു ചാവറപ്പിതാവിനു്. അവിടുത്തെ ഈ പരിഗണന ലഭിക്കാൻ തനിക്കെന്തു യോഗ്യതയാണുള്ളത്? ഈ കാരുണ്യാനുഭവത്താൽ നന്ദികൊണ്ട് അദ്ദേഹത്തിൻെറ ഹൃദയം ജ്വലിക്കുന്നു. അതു് അനുതാപത്തിലേയ്ക്ക് നയിക്കുകയും വീണ്ടും നന്ദിയായി മാറുകയും ചെയ്യുന്നു.

വി. ഗ്രന്ഥത്തിലേയ്ക്ക് നാം തിരിയുമ്പോൾ ദാവീദും ദൈവകാരുണ്യം ഏററുപറയുന്നതു കാണാം (2 സാമുവൽ 7/18–29). നിസ്സാരനായ തന്നേയും തൻെറ വംശത്തേയും ദൈവം

ഉയർത്തി. അവിടുന്ന് തന്നോടുകാണിച്ച കാരുണ്യമോർത്തപ്പോഴാണ് ദൈവനാമങ്ങളുടെ ഒരു ഘോഷയാത്രയാണ് ദാവീദിൽ നിന്നും ഉയരുന്നത്. ഇതുതന്നെയാണ് ചാവറപ്പിതാവിലും നാം കാണുന്നത്. കാരുണ്യൻ, അനന്തദയാനിധി, കാരുണ്യ കടൽ എന്നിങ്ങനെ അദ്ദേഹം ദൈവത്തെ അഭിസംബോധന ചെയ്യുന്നു. ആ കാരുണ്യാനുഭവത്തിൽ മുങ്ങിക്കുളിച്ചപ്പോൾ അദ്ദേഹം തന്നിലേയ്ക്കുതന്നെ നോക്കി. അപ്പോൾ താൻ വെറും കൃമിയും നീചപാപിയുമായി കണ്ടു. കാരുണ്യമെന്ന ദൈവനാമത്തിലേയ്ക്ക് ലയിക്കുവാൻ തന്റെ നാമം (അഹം) ഇല്ലാതാക്കുകയാണ്. അതാണ് അനുതാപം. "എന്റെ അപ്പൻ എനിക്ക് തന്നിരിക്കുന്ന സമ്പത്തുകളൊക്കെയും ധൂളിച്ചുകളഞ്ഞ്. . . കീല്ലത്തുണിയും ധരിച്ചിരിക്കുന്നു" (ധ്യാന. സ. പേജ് 16).

മാനുഷിക നീതി അനുസരിച്ചല്ല ദൈവം തന്നോട് കാരുണ്യം കാണിച്ചത്. അതിന് താൻ എന്ത് പ്രതിനന്ദി കാണിക്കണം (ആത്മാ. 1/37-38). സങ്കീർത്തകൻ പറയുന്നു, ഇതിനു ഞാൻ എന്തുകൊടുക്കും. രക്ഷയുടെ കാസ ഉയർത്തി ഞാൻ കർത്താവിന്റെ നാമം പ്രഘോഷിക്കും. അതായത് സഹനങ്ങൾ ഏറെറടുത്തുകൊണ്ട്–സ്വയം ബലിയായി അർപ്പിച്ചുകൊണ്ടാണ് ഇതിനു നാം പ്രതിനന്ദി കാണിക്കേണ്ടത്.

ഇത്രയേറെ സഹനങ്ങൾ ഏറെറടുത്ത് സ്വജീവൻപോലും എനിക്കായ് ഹോമിച്ച് എന്നെ രക്ഷിച്ച ദൈവം ഒരിക്കലും നീതികർത്തനല്ല കാരുണ്യമുള്ള തന്റെ അപ്പനാണെന്ന് ചാവറ പിതാവ് പറയുന്നു (ധ്യാന. സല്ലാ. പേജ് 26). കാരുണ്യം കൊണ്ട് പൊതിയുന്ന അനുഭവമാണ് ചാവറപ്പിതാവിനു്. ഈ അനുഭവം ഉള്ളവർക്ക് ഒരിക്കലും ദൈവത്തെ നീതികർത്താവായി കാണാനാവില്ല.

## നീതിയും കാരുണ്യവും തമ്മിൽ ആശ്ലേഷിക്കുന്നു

"സർവ്വന്യായത്താലപ്പോൾ ശിക്ഷിപ്പാൻ നീതിതന്നെ
സർവ്വകാരുണ്യത്തോടെ കാത്തല്ലോ മേ ദൈവമേ"
(2/45-46)

ശിക്ഷിപ്പാൻ സർവ്വന്യായവുമുള്ളപ്പോൾ സർവ്വകാരുണ്യവും കാണിച്ച് ദൈവം തന്നെ രക്ഷിച്ചു എന്നാണ് ചാവറ പിതാവ് ഇവിടെ പറയുന്നത്. സങ്കീർത്തനം 85/10-ൽ പറ

യുന്നതുപോലെ കാരുണ്യവും വിശ്വസ്തത (സത്യം) യും തമ്മിൽ ആശ്ലേഷിക്കുന്നു. നീതി എന്ന സത്യം കാരുണ്യമെന്ന സത്യവുമായി ഒന്നായിത്തീരുന്ന ചിത്രമാണ് ബൈബിളിൽ ഉടനീളം നാം കാണുന്നത്. നീതിയും കാരുണ്യവും തമ്മിൽ സന്ധിച്ച് ഒന്നാകുക എന്ന പ്രക്രിയ ഏറെ വേദനാജനകമാണ്. ഹോസിയ. 11/1–9–ൽ ഇതിനുവേണ്ടിയുള്ള ദൈവത്തിന്റെ വീർപ്പുമുട്ടൽ നമുക്ക് കാണാൻ സാധിക്കും. കാരുണ്യവും നീതിയും തമ്മിലുള്ള ഉഗ്രപോരാട്ടമാണ് നാമിവിടെ ദർശിക്കുക. അവിശ്വസ്തയായ ഇസ്രായേലിനെ ശിക്ഷിക്കുക ന്യായമാണ്–നീതിയാണ്. അവൾക്കെതിരെ ദൈവത്തിന്റെ ധാർമ്മികരോഷം ആളിക്കത്തുകയാണ്. അവസാനം കാരുണ്യം ജയിക്കുന്നു. ഇല്ല, ഞാനെന്റെ ഉഗ്രകോപം നടപ്പാക്കുകയില്ല. ശിക്ഷ ദൈവം തന്നെ ഏറ്റെടുത്ത് കാരുണ്യം കാണിക്കുന്നു. എഫ്രായിമിനെ ഞാൻ നശിപ്പിക്കുകയില്ല. ഞാൻ ദൈവമാണ്, മനുഷ്യനല്ല.

ഹോസിയാ പ്രവാചകന്റെ ജീവിതം ദൈവകാരുണ്യത്തിന്റെ മാംസം ധരിക്കലായിത്തീരുകയാണ്. വേശ്യയായ ഗോമെറിനെ വിവാഹം ചെയ്ത് സ്വയം അപമാനം ഏറ്റെടുക്കുന്നു. അവിശ്വസ്തയായ ഇസ്രായേലിനെ സ്വന്തമായി സ്വീകരിച്ച ദൈവത്തിന്റെ എളിമപ്പെടലും വേദനയും അപമാനവും പ്രവാചകൻ സ്വയം ഏറ്റെടുക്കുകയാണ്. ദൈവത്തിന്റെ പ്രതീകമായിക്കൊണ്ട്, അവിടുത്തെ സന്ദേശം മറ്റുള്ളവർക്ക് നൽകുന്നു. ഇതാണ് നമ്മുടെയും ദൗത്യം.

മനുഷ്യനെ രക്ഷിക്കാൻവേണ്ടി അവനോട് ക്ഷമിക്കാൻ വേണ്ടി തന്റെ പ്രിയപുത്രനെതന്നെ ദൈവം വിലയായി കൊടുത്തു. ഈശോ നമ്മെ രക്ഷിക്കാൻവേണ്ടി സഹിക്കുന്നു (ഏശയ്യ. 53/1–12). നമ്മോട് കരുണ കാണിക്കാൻ അവിടുന്ന് കൊടുത്ത വിലയായിരുന്നു പീഢാസഹനവും കുരിശുമരണവും. ഈശോയിലാണ് കാരുണ്യത്തിന് നീതി എന്ന അർത്ഥം ലഭിച്ചത്. ആദ്യം വന്നവനും അവസാനം വന്നവനും ഒരുപോലെ കൂലികൊടുക്കുന്ന നീതിയാണത് (മത്താ. 20/1–16). ഇവിടെ നീതി കാരുണ്യമായി മാറുകയാണ്. പാപിനിയായ സ്ത്രീയെ കല്ലെറിഞ്ഞു കൊല്ലുക ധാർമ്മിക നീതിയാണ്. എന്നാൽ അവളെ വെറുതെ വിട്ടപ്പോൾ ഈശോയിൽ നീതി കാരുണ്യമാവുകയാണ് (യോഹ. 8/1–11).

ദൈവരാജ്യത്തിലെ നീതി നമ്മുടെ നീതിയാകണമെങ്കിൽ നാം നമ്മുടെ സ്വാഭാവിക ലോകത്തുനിന്നും അതിസ്വാഭാവിക ലോകത്തിലേയ്ക്ക് കടന്നുവരണം. മററുള്ളവർക്ക് കാരുണ്യാനുഭവം നല്കണമെങ്കിൽ നാം സഹിക്കണം. സഹിച്ച് വില നൽകണം. അനീതിപോലും സ്നേഹപൂർവ്വം സ്വീകരിക്കണമെങ്കിൽ വേദന സഹിക്കണം. ഇങ്ങനെ പാപികളായ നമ്മോട് ക്ഷമിച്ച് കാരുണ്യം നൽകാനാണ് ഈശോ സ്വന്തം ജീവൻ തന്നെ വിലയായി നൽകിയത്.

ചാവറപ്പിതാവിൻെറ ജീവിതത്തിലും ഇതുപോലെ ക്ഷമിച്ചുകൊണ്ട് കാരുണ്യം കാണിക്കുന്ന ധാരാളം സന്ദർഭങ്ങൾ നമുക്ക് കാണാനാകും. ആദ്യപ്പാട്ട് പട്ടം ഏററിട്ട് ആഘോഷമായ ദേവാലയപ്രവേശത്തെ തടഞ്ഞ്, തന്നെ അവഹേളിച്ച സ്വന്തം ഇടവകക്കാരോട് ക്ഷമിച്ചുവെന്ന് മാത്രമല്ല തനിക്ക് സമ്മാനമായ് കിട്ടിയ യൗസേപ്പുപിതാവിൻെറ മനോഹരമായ കൊത്തുരൂപം തൻെറ സ്വന്തം ആശ്രമമായ മാന്നാനത്ത് കൊടുക്കാതെ അവർക്ക് നൽകുകയും ചെയ്തു. അതും പോരാഞ്ഞിട്ട് ആ പള്ളിയിൽ എല്ലാ വർഷവും പോയി പ്രതിഫലം കൂടാതെ തിരുനാളിൽ പ്രസംഗിച്ചു. അതുപോലെ കള്ളക്കേസിൽ കോടതി കയററിയ കളപ്പുരയ്ക്കൽ മാത്തൻെറ കുടുംബത്തിന് കൊല്ലംതോറും കഴിയുന്നത്ര സഹായം ചെയ്തുകൊടുക്കണമെന്ന് സഭാംഗങ്ങൾക്കായുള്ള തൻെറ മരണശാസനത്തിൽ എഴുതിവയ്ക്കുകയുണ്ടായി.

നമ്മുടെ സമൂഹത്തിൽ നാം പലപ്പോഴും നീതിക്കുവേണ്ടി വാദിക്കുന്നവരാണ്. എനിക്ക് അർഹിക്കുന്നത് ലഭിച്ചില്ലെങ്കിൽ അസ്വസ്ഥതയായി. ഇത് സ്വാഭാവികമായ കാഴ്ചപ്പാടാണ്. ഇവിടെ ഞാൻ അസ്വസ്ഥത അനുഭവിക്കുന്നുവെങ്കിൽ അതിൻെറയർത്ഥം ഞാൻ കർത്താവിൻെറ കാരുണ്യം അനുഭവിക്കുന്നില്ല എന്നാണ്. എനിക്കുള്ളതെല്ലാം അവിടുത്തെ കാരുണ്യമാണ്. അവകാശപ്പെടാൻ എനിക്കർഹതയില്ല. ഈ ദൈവികമായ കാഴ്ചപ്പാട് വന്നാൽ എൻെറ അസ്വസ്ഥത മാറിക്കിട്ടും. അർഹിക്കുന്നത് കൊടുക്കുക ധാർമ്മിക നീതി. എന്നാൽ അർഹിക്കാത്തതും കൊടുക്കുക ദൈവിക നീതിയാണ്.

## കാരുണ്യത്തിൻെറ പങ്കുവെയ്ക്കൽ

ഈശോയെ എല്ലാമായി സ്വീകരിക്കുന്നവർ അവിടുത്തെ ഈ കാരുണ്യം തങ്ങളിൽ ഏററുവാങ്ങുകയും മററുള്ളവരിലേയ്ക്ക്

പകരുകയും വേണം. അങ്ങനെ നമ്മുടെ ജീവിതം കർത്താവിന്റെ കാരുണ്യത്തിന്റെ പ്രഘോഷണമാകണം. മററുള്ളവരുടെ പാപങ്ങൾക്ക്, അവിശ്വസ്തതകൾക്ക് നമ്മെത്തന്നെ വിലയായി– ബലിയായി– അർപ്പിച്ച് അവരുമായി ഒന്നായി ചേർന്ന് ദൈവത്തിലേയ്ക്ക് തിരിയുകയാണ് നമ്മുടെ ധർമ്മം.

കത്താവിന്റെ അളവില്ലാത്ത കാരുണ്യം ഉൾക്കൊണ്ട്, കാരുണ്യമായി പകർന്ന ഒരു വ്യക്തിത്വമായിരുന്നു ചാവറ പിതാവിന്റേത്. ആ കാരുണ്യം മററുള്ളവരിലേയ്ക്ക് കരകവിഞ്ഞൊഴുകിയതായിരുന്നു അദ്ദേഹത്തിന്റെ പ്രേഷിതപ്രവർത്തനങ്ങൾ. തിരുസ്സഭാകുടുംബം മുഴുവനിലേയ്ക്കും കേരളജനതയിലേയ്ക്കും ദൈവത്തിന്റെ കാരുണ്യം ഒഴുകാൻ അദ്ദേഹം സ്വന്തം സുഖവും സൗകര്യവും ആരോഗ്യവും നിലയും വിലയും എല്ലാം മറന്ന് പ്രവർത്തിച്ചു. സന്യാസസഭകൾ സ്ഥാപിക്കാൻ, അവിടെ കൂടപ്പിറപ്പുകൾക്ക് ദൈവകാരുണ്യം അനുഭവവേദ്യമാകുവാൻ സ്വയം യാചകനായിത്തീർന്ന് കരകൾതോറും ധർമ്മം തെണ്ടുന്ന ചാവറപ്പിതാവിനെ നാം കാണുന്നുണ്ട്. നിരാലംബർക്ക് ഉപവിശാല തുടങ്ങുവാനുള്ള ദീർഘവീക്ഷണം, അധഃകൃതോദ്ധാരണത്തിനുവേണ്ടിയുള്ള പരിശ്രമങ്ങൾ ഇതിലൂടെയെല്ലാം ദൈവകാരുണ്യം മററുള്ളവരിലേയ്ക്ക് ഒഴുകുകയായിരുന്നു. അജ്ഞതയുടെ അന്ധകാരത്തിൽ കഴിഞ്ഞ കേരളജനതയിൽ ദൈവകാരുണ്യത്തിന്റെ സത്യവെളിച്ചം പകരുവാൻ അദ്ദേഹം പരിശ്രമിച്ചു. ആദ്ധ്യാത്മികമായും തന്റെ പ്രിയപ്പെട്ട ജനത്തെ വളർത്താൻ, അനശ്വരമായ ദൈവിക സമ്പത്തിനവരെ അർഹരാക്കുവാൻ അദ്ദേഹം അക്ഷീണം യത്നിച്ചു. അദ്ദേഹത്തിന്റെ പള്ളിപ്രസംഗങ്ങൾ, നാല്പതുമണി ആരാധന, ആരാധനാക്രമ പരിഷ്ക്കരണങ്ങൾ ഇവയെല്ലാം ഇതിനുദാഹരണങ്ങളാണ്.

ചുരുക്കത്തിൽ യാതൊരു അർഹതയുമില്ലാത്ത എന്നിലേയ്ക്കാണ് ദൈവകാരുണ്യം ചൊരിയപ്പെട്ടിരിക്കുന്നതെന്ന ബോദ്ധ്യം, അനീതിപോലും സ്നേഹപൂർവ്വം സ്വീകരിക്കുവാനും അർഹതയില്ലാത്തവരിലേയ്ക്ക് കാരുണ്യം ഒഴുക്കിക്കൊടുക്കുവാനും നമ്മെ പ്രാപ്തരാക്കും. ഈ കാരുണ്യം മററുള്ളവരിലേയ്ക്ക് ഒഴുക്കിക്കൊടുക്കുവാനുള്ള കൃപ നമുക്ക് യാചിക്കാം.

കൃപ:– ദൈവകാരുണ്യം അനുഭവിക്കുവാനും അത് മററുള്ളവരിലേയ്ക്ക് പകരാനുമുള്ള കൃപ നമുക്ക് ചോദിക്കാം.

സൂക്തങ്ങൾ:–1 "ഇച്ചെറ്റ ഗുണമഹത്വമോക്കുമ്പോൾ,
ഇക്കരുണയ്ക്കു കൈമാറെന്തു നാഥാ"
(ആത്മാ. 1/37–38)

2 "എന്നിളു സർവ്വേശ്വരാ നിൻ കരുണയിൻകടൽ,
അന്തംകൂടാതെ ചിന്തിയെന്റെമേൽ ശുഭം ശുഭം".
(2/57–58)

വായനകൾ:

സങ്കീ: 136, ഹോസിയ: 11/1–9, നെഹമിയ 9/17–33, പുറ: 34/5. മത്താ: 9/13, ലൂക്ക: 1/50, റോമ: 12/1–12, ആത്മാനുതാപം 1, 2, പാദങ്ങൾ.

സല്ലാപചിന്തകൾ 3

# ചാവറപ്പിതാവിന്റെ ധ്യാനരീതി

ചാവറപ്പിതാവിന്റെ ധ്യാനരീതിയെപ്പററിയാണു് നാമിന്നു് വിചിന്തനം ചെയ്യുക. കാരുണ്യത്തിൽ പ്രത്യാശയർപ്പിച്ചുകൊണ്ടു് പിതാവിലേയ്ക്കു് തിരിയുന്ന തനയന്റെ കഥയാണു് ചാവറപ്പിതാവിന്റെ ധ്യാനത്തിന്റെ പ്രമേയം.

"സമയം പൂർത്തിയായി സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ചു് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (മർക്കോ. 1/15) എന്ന സന്ദേശവുമായാണു് ഈശോ രംഗപ്രവേശം ചെയ്യുന്നതു്.

അനുതപിക്കുക എന്നതിനു് ഉപയോഗിച്ചിരിക്കുന്ന ഹീബ്രുപദമാണു് Shûb. ഏറെ അർത്ഥവ്യാപ്തിയുള്ള പദമാണിതു്. ഈ വാക്കിന്റെ അർത്ഥം തിരിച്ചുവരിക എന്നാണു്. ഇതു് വെറും തിരിച്ചുവരവല്ല മറിച്ചു് സമഗ്രമായ–പരിപൂർണ്ണ ഹൃദയത്തോടെയുള്ള തിരിച്ചുവരവാണു്. 'അനുതപിക്കുക' എന്ന ഈശോയുടെ സന്ദേശത്തിന്റെ അർത്ഥം സ്വർഗ്ഗരാജ്യത്തിലേയ്ക്കു്, പിതാവിന്റെ ഭവനത്തിലേയ്ക്കു് പ്രവേശിക്കലാണു് അഥവാ പുത്രസ്വീകാര്യം വീണ്ടും പ്രാപിക്കലാണു്.

ദൈവത്തിലേയ്ക്കു് പൂർണ്ണമായും തിരിഞ്ഞിരിക്കുന്ന വ്യക്തിക്കേ മററുള്ളവരേയും ദൈവത്തിലേയ്ക്കു് തിരിക്കുവാൻ സാധിക്കൂ. ദൈവത്തിൽനിന്നും പിന്തിരിഞ്ഞിരിക്കുന്നവർ മററു

ള്ളവരേയും ദൈവത്തിൽനിന്നകററും. അതുകൊണ്ടു് നമുക്കോരോരുത്തർക്കും പൂർണ്ണഹൃദയത്തോടും പൂർണ്ണആത്മാവോടും പൂർണ്ണശക്തിയോടുംകൂടെ ദൈവത്തിലേയ്ക്കു് തിരിയാം. നാം ആയിരിക്കുന്ന അവസ്ഥയിൽതന്നെ നമുക്കു തിരിയാം. ദൈവം നിരന്തരം നമ്മിലേയ്ക്കു് തിരിഞ്ഞിരിക്കുകയാണു്. ദൈവത്തിൻെറ സവിശേഷസ്നേഹവിഷയമായ നമ്മെപ്പററിതന്നെ ധ്യാനിച്ചു്, ആത്മാനുതാപം വളർത്തി പിതാവിലേയ്ക്കു് തിരിയാം–അപ്പൻെറ വീട്ടിൽ പ്രവേശിക്കാം.

ധൂർത്തപുത്രൻെറ ഉപമയിലൂടെ എങ്ങനെയാണു് പൂർണ്ണഹൃദയത്തോടെ–പൂർണ്ണശക്തിയോടെ ആയിരിക്കുന്ന അവസ്ഥയിൽ പിതാവിലേയ്ക്കു് തിരിയുന്നതു് എന്നു കാണിച്ചുതരുന്നു. ഈശോ തൻെറ ജ്ഞാനസ്നാനവേളയിൽ (ലൂക്ക. 3/21) സ്വയം ധൂർത്തപുത്രൻെറ പ്രതീകമായിക്കൊണ്ടു് പിതാവിലേയ്ക്കു് തിരിയുന്ന പുതിയ ആദം– പാപികളുടെ രൂപം ധരിച്ചു് പ്രാർത്ഥിക്കുന്നു. അപ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു. സ്വർഗ്ഗംതന്നെ ഭൂമിയിലേയ്ക്കു് തിരിയുകയാണു് — ഇറങ്ങിവരികയാണു്. പരിശുദ്ധാത്മാവു് പ്രാവിൻെറ രൂപത്തിൽ ഇറങ്ങിവന്നു് പുത്രനിലേയ്ക്കു് തിരിഞ്ഞു് പുത്രനിൽ അധിവസിക്കുന്നു. ഇവൻ എൻെറ പ്രിയപുത്രൻ എന്നു പറഞ്ഞുകൊണ്ടു് പിതാവും പുത്രനിലേയ്ക്കു തിരിയുന്നു.

ധൂർത്തപുത്രൻ പിതാവിലേയ്ക്കു് തിരിഞ്ഞപ്പോൾ പിതാവു് ഓടിവന്നു് ആദ്യത്തേതിലും ആഴമായ പുത്രസ്വീകാര്യം നൽകുകയാണു്. ഇതാണു് നമ്മിൽ ഓരോരുത്തരിലും നടക്കേണ്ടതു് എന്നു് ഈശോ ആദ്യം കാണിച്ചുതരികയാണു്. നാം അനുതപിച്ചു് ദൈവത്തിലേയ്ക്കു് തിരിയുമ്പോൾ യഥാർത്ഥത്തിൽ നമ്മിലും സംഭവിക്കുന്നതു് ഇതാണു്. അരൂപിയാൽ നിറയപ്പെടും. ദൈവപുത്രി അനുഭവം ഉണ്ടാകും. ഈശോയിൽ ഒന്നായി ദൈവപിതാവിൽ ലയിക്കും.

ചാവറപ്പിതാവിനു് ഏററവും ഇഷ്ടപ്പെട്ട ഉപമയായിരുന്നു ധൂർത്തപുത്രൻെറ ഉപമ. ചാവറപ്പിതാവു് തൻെറ ധ്യാനരീതിയായി എടുത്തതു് ഈശോയുടെതന്നെ പ്രാർത്ഥനാരീതിയായിരുന്നു. അതായതു് ധൂർത്തപുത്രൻ പിതാവിലേയ്ക്കു് തിരിയുന്ന രീതി. ദൈവത്തിലേയ്ക്കുള്ള ചാവറപ്പിതാവിൻെറ തിരിയലാണു് ആത്മാനുതാപം. അദ്ദേഹം ദൈവത്തിലേയ്ക്കു്തിരിഞ്ഞ

പ്പോഠം തന്നിലേയ്ക്ക് തിരിഞ്ഞിരിക്കുന്ന ദൈവത്തെയാണ് കാണുന്നത്. ദൈവത്തിലേയ്ക്ക് തിരിയാനുള്ള ധൈര്യവും ആത്മശക്തിയും നമുക്ക് ലഭിക്കുന്നത് അവിടുന്ന് നമ്മിലേയ്ക്ക് തിരിഞ്ഞിരിക്കുന്നതുകൊണ്ടാണ്. അവിടുന്നുതന്നെ നമ്മെ പ്രോത്സാഹിപ്പിക്കുകയാണ്. ധ്യാനസല്ലാപം പേജ് 26–ൽ ദൈവം ചാവറപ്പിതാവിനോട് പറയുന്നു, നീ എന്തിനാണ് മടിക്കുന്നത്? ഞാൻ നിൻെറ പിതാവല്ലേ. സ്വന്തം പിതാവിൻെറ സ്നേഹം തുളുമ്പിനില്ക്കുന്ന ഹൃദയവേദനയോടുകൂടിയ വിളിയാണത്. കാണാതെ പോയതിനെ കണ്ടുകിട്ടിയപ്പോഴുള്ള സന്തോഷത്തിൻെറ വിളിയാണത്.

ഇസ്രായേൽക്കാരുടെ ചരിത്രത്തിൽ എന്നപോലെ തൻെറ ചരിത്രത്തിലും ദൈവത്തിൽനിന്നും പിന്തിരിഞ്ഞ കഥ ചാവറപ്പിതാവും കാണുന്നു. ദൈവത്തെ കൂടാതെ തന്നിലേയ്ക്കും മററുള്ളവരിലേയ്ക്കും മററുള്ളവയിലേയ്ക്കും തിരിഞ്ഞ് ദൈവത്തെ വേദനിപ്പിച്ചതോർത്ത് ദുഃഖിക്കുന്നു. ഹൃദയപരമാർത്ഥതയുടെ കുറവ്, ക്രോധം, അഹങ്കാരം തുടങ്ങിയ ദുർഗ്ഗുണങ്ങളെ ഓർത്തും പശ്ചാത്തപിക്കുന്നുണ്ട് (ആത്മാ. 2/116–118). മററുള്ളവരുടെ മുമ്പിൽ നിഷ്കളങ്കനാണെങ്കിലും ദൈവത്തിൻെറ പരിശുദ്ധിയുടെ മുമ്പിൽ മഹാപാപിയാണ് താൻ എന്ന് അദ്ദേഹം ഏററു പറയുന്നു (ആത്മാ. 2/120–121) ദൈവത്തിലേയ്ക്ക് തിരിയാൻ കണ്ണുകളും കാതുകളും കൈകളും എല്ലാം തന്നു. പക്ഷേ അവ ഉപയോഗിച്ച് അനന്തസ്നേഹത്തിൽനിന്നും അകന്നുപോയതും സൃഷ്ടികളുടെ നശ്വരത മനസ്സിലാക്കി അനശ്വരനായ അങ്ങയിലേയ്ക്ക് തിരിയാതെ സൃഷ്ടികളിൽതന്നെ ശരണംവച്ചതും എല്ലാം ഓർക്കുമ്പോഠം ഹൃദയം നൊന്തുവിലപിക്കുന്നു. താൻ മഹാപാപി, നന്ദിഹീനൻ എന്നെല്ലാം സ്വയം വിശേഷിപ്പിച്ച് അവിടുത്തെ കരുണയ്ക്ക് അയോഗ്യൻ എന്നു പറഞ്ഞ് ദൈവപിതാവിലേയ്ക്ക് തിരിയുന്ന ധൂർത്തപുത്രനെയാണ് നാം കാണുക.

"അയ്യയ്യോ മഹാദുഃഖമെന്നുടെ പാപത്താലെ
അയ്യം കൊണ്ടടിയൻെറ കണ്ണുകഠം താഴുന്നയ്യോ"

(2/140–141)

എന്നദ്ദേഹം കേഴുന്നു.

യഥാർത്ഥത്തിൽ കർമ്മപാപത്തെക്കുറിച്ചുള്ള വിലാപം എന്നതിലുപരി ഈശോയുമായി പരിപൂർണ്ണമായി ആത്മസായൂ

ജ്യം പ്രാവിച്ച് ആ നിത്യപ്രകാശത്തിൽ ലയിക്കാൻ കഴിയാത്ത തിലുള്ള അപര്യാപ്തതാബോധമാണ് ഇവിടെയെല്ലാം തെളി ഞ്ഞുകാണുക.

ദൈവത്തിലേയ്ക്ക് ചാവറപ്പിതാവ് തിരിഞ്ഞപ്പോൾ ദൈവത്തിന്റെ തിരിയലിന്റെ ആഴവും പരപ്പും ഓജസ്സും തേജ സ്സുമൊക്കെ കൂടുതൽ കൂടുതൽ ആഴത്തിൽ മനസ്സിലാക്കി. അപ്പോൾ പിതാവിലേയ്ക്കുള്ള തന്റെ തിരിയലിന്റെ അപൂ ർണ്ണതകളെയും കുറവുകളെയും കുറിച്ച് ആഴമായ അറിവുകിട്ടി. കർത്താവിലേയ്ക്കുള്ള തന്റെ തിരിയൽ ഭാഗികവും അപൂർണ്ണവും താല്ക്കാലികവുമാണെന്നദ്ദേഹം മനസ്സിലാക്കി.

ചാവറപ്പിതാവിന്റെ ആദ്ധ്യാത്മികതയിൽ രണ്ടു സംഗ തികൾ നമുക്കു കാണാം. (1) കത്തിജ്ജ്വലിക്കുന്ന ദൈവസ്നേഹം (2) ആ സ്നേഹാഗ്നിയിൽ ഉരുകിത്തെളിയുന്ന പാപബോധം; അതിൽനിന്നു വരുന്ന അനുതാപം.

ചാവറപ്പിതാവിന് ധ്യാനം അപ്പന്റെ വീട്ടിലേയ്ക്കുള്ള നടപ്പാണ്, അപ്പന്റെ വീട്ടിലുള്ള ഇരിപ്പാണ്, അപ്പനോടുള്ള സല്ലാപമാണ്. അദ്ദേഹത്തിന്റെ ധ്യാനരീതിക്ക് പ്രധാന മായും രണ്ട് ഭാഗങ്ങളുണ്ട്. ഒന്നാംഭാഗമായ അപ്പന്റെ വീട്ടി ലേയ്ക്കുള്ള പുറപ്പാടും സല്ലാപവുമാണ് തുടർന്ന് നാം കാണുക.

a) മദ്ധ്യസ്ഥസല്ലാപം:– മദ്ധ്യസ്ഥാപേക്ഷയോടുകൂടി ധ്യാനം ആരംഭിക്കുകയാണ്. താൻ പാപിയാണ്, അഗതി യാണ്, പിതാവിലേയ്ക്ക് സ്വയം തിരിയാൻ അശക്തനാണ് എന്ന അയോഗ്യതാബോധം ആഴമായിട്ടുണ്ടായിരുന്നു അദ്ദേഹ ത്തിന്. അതിനാൽ അഗാധമായ എളിമയോടെ ഏററവും വിനീതനായിക്കൊണ്ട് വി. അമ്മത്രേസ്യായുടെ മാദ്ധ്യസ്ഥം അപേക്ഷിക്കുന്നു. "നിന്റെ പ്രിയമുള്ള മണവാളന്റെ മുറി യിൽ നീ കടന്ന് തന്റെ കരുണയുള്ള തൃക്കണ്ണുകളെ എന്റെ മേൽ തിരിപ്പിക്കണമെ" (ധ്യാനസല്ലാപം പേജ് 16) എന്ന പേക്ഷിക്കുന്നു. പാപികളുടെ സങ്കേതവും അനുഗ്രഹങ്ങളുടെ അമ്മയുമായ പരി. അമ്മയുടേയും വിശുദ്ധ യൗസേപ്പിന്റേയും സഹായം അപേക്ഷിക്കുന്നു. മൂന്ന് മറിയം അമ്മമാരുടേയും തേററവും പ്രായശ്ചിത്തവും തന്റേതായി കാണണമെന്ന് അപേ ക്ഷിച്ചുകൊണ്ട് അപ്പന്റെ പക്കലേയ്ക്ക് പുറപ്പെടുകയാണ്.

പുണ്യവാന്മാരുടെ ഒരുമ്പാടിലാണ് പ്രാർത്ഥന ആരംഭിക്കുന്നത്. അതായത് മൗതിക ശരീരത്തോടുകൂടി ഒരു കുടുംബമായിക്കൊണ്ട്.

b) ആത്മസല്ലാപം:– മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കുശേഷം മുഖദർശനത്തിനുള്ള അത്യുൽക്കടദാഹത്തോടെ ആത്മസല്ലാപം ചെയ്തുകൊണ്ട് അപ്പന്റെ അടുക്കലേയ്ക്ക് പുറപ്പെടുകയാണ്. ചാവറ പിതാവ് തന്റെ ജീവിതം തന്നെ അപ്പന്റെ ഭവനത്തിലേയ്ക്കുള്ള പുറപ്പാടായി കാണുകയാണ്. "എത്രനാളായി ഞാൻ എന്റെ അപ്പന്റെ തിരുമുഖം കണ്ടിട്ട്" (ധ്യാനസല്ലാപം പേജ് 16) എന്ന് ആത്മഗതം ചെയ്യുന്നു. മുഖം കാണാനുള്ള ദാഹം–സ്നേഹത്തിന്റെ ആഴമാണ് നമുക്കവിടെ കാണാൻ കഴിയുക. ആ മുഖമൊന്നു കണ്ടാൽ മതി, വേറൊന്നും എനിക്കുവേണ്ട. "എന്റെ ഹൃദയം ദൈവത്തിനായി ദാഹിക്കുന്നു. എപ്പോഴാണ് അങ്ങേ സന്നിധിയിലെത്തി എനിക്ക് അവിടുത്തെ കാണാൻ കഴിയുക (സങ്കീ. 42/2) എന്ന സങ്കീർത്തകന്റെ മനോഭാവത്തോടെയാണ് ചാവറപ്പിതാവിന്റെ പുറപ്പാട്.

ഇങ്ങനെ അപ്പനെപ്പററി ഓർക്കുമ്പോഴെല്ലാം തന്നെപ്പററിയുള്ള ചിന്തയും അദ്ദേഹത്തിനുണ്ടാകുന്നു. തന്റെ ഉള്ളിൽനിന്നും സന്ദേഹത്തിന്റെ പ്രകരണങ്ങൾ പുറപ്പെടുന്നു. അപ്പൻ എനിക്ക് തന്ന സമ്പത്തുകളൊക്കെയും ഞാൻ ധൂർത്തടിച്ചു കളഞ്ഞു (ധ്യാ. സ. പേജ് 16). എന്നിങ്ങനെ അനുതാപസല്ലാപം തന്നിൽ ഉണരുകയാണ്. കാരുണ്യാദയും ശേഷം ഗുണങ്ങളും നശിപ്പിച്ചു. പിതാവിലേയ്ക്ക് തിരിയാതെ സൃഷ്ടിയിലേയ്ക്ക് തിരിഞ്ഞതുമൂലം ആത്മാവിന്റെ വെണ്മ, മോക്ഷാനന്ദസമ്പത്ത്, വിശുദ്ധിയാകുന്ന ലവണം, ദൈവികതയുടെ പന്തം എല്ലാം നശിപ്പിച്ചു. ഇപ്പോൾ കില്ലത്തുണിയാണ് ധരിച്ചിരിക്കുന്നത്. ഇങ്ങനെ അനുതാപസല്ലാപം നടത്തിക്കൊണ്ടാണ് തിരുമുഖദർശനത്തിനൊരുങ്ങുന്നത്. എങ്കിലും ഈ വേഷത്തോടുകൂടി ഞാൻ ചെല്ലട്ടെ. ആയിരിക്കുന്നപോലെ തന്നെ പിതാവിലേയ്ക്ക് ചെല്ലുവാനുള്ള അചഞ്ചലമായ തീരുമാനമാണ് ഇവിടെ കാണുക. ഇനിയും താമസിച്ചാൽ ചത്തുപോകും. അപ്പന്റെ മുഖം ദർശിക്കാതിരിക്കാൻ സാദ്ധ്യമല്ല (ധ്യാ. സ. പേജ് 16). അപ്പൻ, തന്നെ ഒരിക്കലും ഉപേക്ഷിക്കുകയില്ല. താൻ ആയിരിക്കുന്നതുപോലെ തന്നെ സ്വീകരിക്കും എന്ന ഉറച്ച പ്രത്യാശയിൽനിന്നുയിർക്കൊള്ളുന്ന സല്ലാപമാണിത്.

c) ദർശനസല്ലാപം:– അപ്പന്റെ വീട് ദർശിക്കുന്ന ചാവറ പിതാവിൽ സന്തോഷത്തിന്റേയും സന്ദേഹത്തിന്റേയും സല്ലാപങ്ങൾ മാറി മാറി പ്രത്യക്ഷപ്പെടുന്നു. ദൈവകാരുണ്യത്തെ പററിയുള്ള സല്ലാപവും നാം കാണുന്നുണ്ട്.

തന്റെ പാപാവസ്ഥ അംഗീകരിച്ചുകൊണ്ട് അപ്പനെ കാണുവാൻ ധൈര്യപൂർവ്വം പുറപ്പെടുന്ന ചാവറപ്പിതാവ് അപ്പന്റെ ഭവനം ദർശിക്കുകയാണ്. അപ്പൻ അനുഗ്രഹമുള്ളവനാകയാൽ എന്റെ നന്ദികേട് മറന്ന്, ക്ഷമിച്ച് മുമ്പുണ്ടായിരുന്ന പുത്രസ്ഥാനം നല്കും എന്ന പ്രത്യാശയും സന്തോഷവും അനുഭവിക്കുന്നു. എന്നാൽ അപ്പന്റെ അരമനയും പൊക്കമുള്ള മതിലുകളും സ്മരിക്കുമ്പോൾ ആശങ്കയുടേയും സന്ദേഹത്തിന്റേയും വികാരങ്ങൾ ഉള്ളിലുണ്ടാകുന്നു. "ഇത്ര വലിയ മതിൽക്കു പുറത്ത് കിടന്ന് ഞാൻ നിലവിളിച്ചാൽ ആര് കേൾക്കും? ഇത്ര വലിയ . . . അപേക്ഷിക്കും" (ധ്യാ. സ. പേജ് 17). "എന്നാലും എന്റെ അപ്പൻ എത്ര അനുഗ്രഹമുള്ളവനും പട്ടാങ്ങ . . . . . ഭയപ്പെടുകയും വേണ്ട" (ധ്യാ. സ. പേജ് 17) എന്നു പറഞ്ഞുകൊണ്ട് അഗതിയായ ചാവറപ്പിതാവ് ദൈവകാരുണ്യത്തിലുള്ള തന്റെ പ്രത്യാശയുടെ സല്ലാപം ഉരുവിടുകയാണ്.

ഈശോ തന്റെ ജീവിതംവഴി ദൈവം കാരുണ്യമാണെന്ന് പ്രഖ്യാപിച്ചതുപോലെ ചാവറപ്പിതാവും കാരുണ്യവാനായ ഈശോയുടെ നാമം പ്രഖ്യാപിക്കുകയാണ്. സ്നേഹംഎന്നത്രെ തന്റെ നാമം. താൻ അഗതിയായതുകൊണ്ട് ആ നാമത്തിൽ മാത്രമേ തനിക്ക് ഗതിയുള്ളു എന്ന ആഴമായ ബോധ്യത്തോടെ ദൈവത്തിൽ സർവ്വ ആശ്രയവും വച്ചുന്നു. ഇതിന് ചാവറ പിതാവ് തന്റേതായ ഭാഷ്യം നൽകുകയാണ്. അതിനാൽ നാം ഭയപ്പെടേണ്ട. തിരിയുന്ന മക്കളോട് ദൈവം പറയുന്ന വചനമാണിതു്. ബൈബിളിൽ പലപ്പോഴും കാണുന്നതാണീ വചനം. "ഭയപ്പെടേണ്ട ഞാൻ നിന്നോടുകൂടെയുണ്ട്" (ജെറ. 1:8). യൗസേപ്പിതാവിനോടും മാതാവിനോടും ഭയപ്പെടേണ്ട എന്നവിടുന്ന് പറയുന്നു. അതുപോലെതന്നെ ചെറിയ അജഗണത്തെ ഭയപ്പെടേണ്ട എന്നും പറയുന്നുണ്ട്.

ദൈവിക പദ്ധതിക്ക് ആമ്മേൻ പറയുകയാണ് മനുഷ്യന്റെ ഭാഗ്യം. പക്ഷേ ഇതിന് ദുർബലനായ മനുഷ്യന് ധൈര്യമില്ല, ശക്തിയില്ല. ദൈവത്തിന്റെ കൃപാവരം അവനിൽ

കോരിച്ചൊരിയുമ്പോഴും മാത്രമേ മനുഷ്യന് ദൈവിക പദ്ധതിക്കുമുമ്പിൽ തലകുനിക്കുവാൻ സാധിക്കുകയുള്ളൂ. ദൈവത്തെ നമ്മുടെ എല്ലാമായി സ്വീകരിച്ച് നമ്മെത്തന്നെ ആ സന്നിധിയിൽ സമർപ്പിച്ച് സാക്ഷാത്ക്കാരം നേടുവാൻ 'ഭയപ്പെടേണ്ട' എന്ന അവിടുത്തെ വചനം നമുക്ക് ശക്തിപകരും. അതിന് മടിച്ചുനിൽക്കേണ്ടതില്ല. അവിടുത്തെ കൃപാവരം നമ്മിലേയ്ക്ക് ചൊരിയപ്പെടും എന്ന് ഉറപ്പുനൽകുകയാണ്. ഉത്ഥാനം ചെയ്തശേഷം ഈശോ സ്ത്രീകളോട് പറഞ്ഞതും ഭയപ്പെടേണ്ട എന്നാണ്. ജീവിതത്തെ ഉത്ഥാനത്തിന്റെ രഹസ്യത്തിലൂടെ നോക്കിക്കാണാനും ഉത്ഥാനത്തിന്റെ മഹത്വത്തിൽ ജീവിക്കുവാനും അനുദിനജീവിതത്തിന്റെ വേദനകളിലും വീഴ്ചകളിലുമെല്ലാം ആ മഹത്വത്തിന്റെ വിനാഴിക ദർശിക്കുവാനുമുള്ള ശക്തിപകരുകയാണ് ഈ വാക്കുകളിലൂടെ. ചാവറപ്പിതാവ് ദൈവത്തിന്റെ ഈ വാക്കുകൾ സ്വന്തമാക്കിക്കൊണ്ട് പറയുകയാണ്, അതിനാൽ ഭയപ്പെടേണ്ട എന്ന്. ഇതാണ് ദൈവത്തിന്റെ കാരുണ്യത്തിലുള്ള പ്രത്യാശ, തുനിവ്, തന്റേടം എന്നൊക്കെ പറയുന്നത്. ദൈവവചനം തന്റേതാക്കി തുനിവുള്ളവനായി, തന്റേടമുള്ളവനായി പകരുന്ന ചാവറപ്പിതാവിനെയാണ് നാം കാണുക.

d) സന്നിധിയിലുള്ള പ്രണാമം;– തന്നിൽനിന്നും പുറം തിരിഞ്ഞ ഇസ്രായേലിന്റെ പക്കലേയ്ക്ക് ദൈവം തിരിഞ്ഞതുപോലെ അപ്പൻ ഇവിടെ ചാവറപ്പിതാവിലേയ്ക്ക് തിരിയുന്നു. "ഇതാ ഒരു ഇളക്കം . . . സാഷ്ടാംഗം വീഴട്ടെ" (ധ്യാ. സ. പേജ് 17). തന്റെ അയോഗ്യത ഏറ്റുപറഞ്ഞുകൊണ്ട് പാപബോധത്തോടെ, പശ്ചാത്താപത്തോടെ തിരുസ്സന്നിധിയിൽ അദ്ദേഹം സാഷ്ടാംഗം പ്രണമിച്ചു കിടക്കുന്നു.

നമുക്കും പൂർണ്ണശക്തിയോടും മനസ്സോടുംകൂടെ ദൈവപിതാവിലേയ്ക്ക് തിരിഞ്ഞ് ആത്മാനുതാപം വളർത്തി ആ പാദങ്ങൾ കെട്ടിപ്പിടിച്ച് ആ സന്നിധിയിൽ പ്രണമിച്ച് സാക്ഷാത്ക്കാരം നേടാം.

കൃപ: ആഴമായ അനുതാപത്തോടെ ദൈവപിതാവിലേയ്ക്ക് തിരിഞ്ഞ് അവിടുത്തെ സന്നിധിയിൽ സാക്ഷാത്ക്കാരം പ്രാപിക്കുവാനുള്ള കൃപാവരത്തിനായി പ്രാർത്ഥിക്കാം.

സൂക്തങ്ങൾ: "നിൻെറ പ്രിയമുള്ള മണവാളൻെറ മുറിയിൽ നീ കടന്ന് തൻെറ കരുണയുള്ള തൃക്കണ്ണുകളെ എൻെറമേൽ തിരിപ്പിക്കണമെ" (ധ്യാ. സ: പേജ് 16).

"അയ്യയ്യോ മഹാദുഃഖമെന്നുടെ പാപത്താലെ
അയ്യം കൊണ്ടടിയൻെറ കണ്ണുകൾ താഴുന്നയ്യോ".

(ആത്മാ. 2/140-141)

വായനകൾ:

യോ. 1/8, മക്കാ. 1/15, ലൂക്കാ. 3/21, 15/11-32.
ധ്യാ. സല്ലാപം പേജ് 16-17. ആത്മാനുതാപം. 2-ാം പാദം.

## മരിയസല്ലാപം

പരി. ത്രിത്വത്തിൻെറ, തിരുക്കുടുംബത്തിൻെറ ജീവിതം തിരിയലിൻേറതാണെന്ന് നാം കണ്ടു. പരസ്പരം ഉന്മുഖമായിരിക്കുന്ന, ഏകാഗ്രമായിരിക്കുന്ന ജീവിതം. തിരിയലിൻെറ സമ്പൂർണ്ണതയാണ് സ്നേഹത്തിൻെറ ജീവിതം. ഇങ്ങനെ തിരിഞ്ഞിരിക്കുവാനുള്ള നമ്മുടെ ആഗ്രഹത്തെ സൂചിപ്പിക്കുന്നതിനു വേണ്ടിയാണ് 3 കസേരകൾ വീതം തിരിച്ചിട്ട് പരസ്പരം ഉന്മുഖമായിരിക്കുന്നത്. തിരുക്കുടുംബത്തെപ്പോലെ പരിശുദ്ധ ത്രിത്വത്തിൻെറ ജീവിതം ഈ ഭൂമിയിൽ തുടരുവാനുള്ള വലിയ ആഗ്രഹത്തോടെ നമുക്കിവിടെ ആയിരിക്കാം. മാതാവിൻെറ സന്തോഷ, ദുഃഖ, മഹിമ രഹസ്യങ്ങളെല്ലാം തിരുക്കുടുംബത്തിലേയ്ക്കും പരി. ത്രിത്വത്തിലേയ്ക്കുമുള്ള തിരിയലിൻേറതാണ്. പരി. അമ്മയോടൊപ്പം നമുക്കും നമ്മുടെ വിശ്വാസം ഏററു പറഞ്ഞുകൊണ്ട് സന്തോഷ രഹസ്യങ്ങളിൽ പങ്കുകൊള്ളാം.

വിശ്വാസപ്രമാണം. 1സ്വർഗ്ഗ. 3നന്മ. 1ത്രിത്വ.

ഒന്നാംരഹസ്യം: യൂദയാനാട്ടിൽ ജനിച്ചവളാം
അഗതിയാം അമലയാം കന്യകയ്ക്കു
മംഗലവാർത്തയുമായി വന്നു.
ഗബ്രിയേലെന്നൊരു ദൈവദൂതൻ.

സദാ പിതാവിലേയ്ക്ക് തിരിഞ്ഞിരുന്ന പരിശുദ്ധ അമ്മേ ദൈവം തന്നിൽ പ്രവർത്തിക്കുവാൻ ഒരു മാർഗ്ഗതടസ്സവും അമ്മ സൃഷ്ടിക്കുന്നില്ലല്ലോ. ആദിമാതാപിതാക്കൾ സൃഷ്ടിച്ച മാർഗ്ഗ

തടസ്സം അമ്മ എടുത്തുമാററി. അതിൽ സംപ്രീതനായ ദൈവം തൻെറ തിരുസുതനെ അമ്മയിലൂടെ മനുഷ്യമക്കളുടെ രക്ഷയ്ക്കായി നൽകികൊണ്ട് നമ്മിലേയ്ക്ക് തിരിയുന്നു. നമുക്കൊരു നിമിഷം ചിന്തിക്കാം.

ഈ കാലഘട്ടത്തിലും മിശിഹായ്ക്ക് മനുഷ്യഹൃദയങ്ങളിൽ വന്നുപിറക്കണം. അവിടുന്ന് നമ്മിലേയ്ക്കു തിരിഞ്ഞുകൊണ്ട് നമ്മുടെ ഓരോരുത്തരുടേയും ഹൃദയകവാടത്തിൽ വന്നുനിന്നുകൊണ്ട് അതിനായി നമ്മുടെ സമ്മതം ആവശ്യപ്പെടുന്നു. പരിശുദ്ധ കന്യാമറിയത്തിൻെറ വിശ്വാസചൈതന്യത്തോടെ– എളിമയോടെ–പ്രാർത്ഥനാപൂർവ്വം ഇതാ കർത്താവിൻെറ ദാസി എന്നു പറഞ്ഞ് ദൈവഹിതം ഏററുവാങ്ങുവാൻ, അങ്ങനെ ദൈവത്തിലേയ്ക്ക് തിരിയുവാൻ നമുക്ക് സാധിക്കണം. ദൈവ കൃപനിറഞ്ഞവരം എന്ന് മാലാഖയ്ക്ക് വിളിക്കുവാൻ മാത്രം പ്രസാദവരപൂർണ്ണതയിൽ ജീവിക്കുവാൻ നമുക്ക് പരിശ്രമിക്കാം.

അമ്മേ, വചനബദ്ധയായി സദാ ജീവിച്ച മറിയമേ ഞങ്ങളിലേയ്ക്ക് തിരിഞ്ഞുകൊണ്ട് ഞങ്ങളിൽ ആയിരിക്കുവാൻ ആഗ്രഹിക്കുന്ന വചനത്തെ ഉൾക്കൊണ്ട് അത് മററുള്ളവരിലേയ്ക്ക് പ്രസരിപ്പിച്ച് ദൈവത്തിലേയ്ക്കും മനുഷ്യരിലേയ്ക്കും തിരിയുവാൻ ഞങ്ങളെ പഠിപ്പിക്കണമേ.

1സ്വർഗ്ഗ. 10നന്മ. 1ത്രിത്വ.

രണ്ടാം രഹസ്യം: ദൈവകരുണയാലനുഗൃഹീത
ഇളയമ്മയെക്കണ്ടു ശുശ്രൂഷിക്കാൻ
ദൈവത്തിൻ മാതാവു ചെന്നിടുന്നു
അഗതിതാനടിയാട്ടിയെന്ന മട്ടിൽ.

എളിയവളായ താൻ ഈശോയുടെ അമ്മയാകുന്നു എന്ന വലിയ ഭാഗ്യത്തിൽ, സന്തോഷനിമഗ്നയായ പരി. അമ്മ സഹോദരങ്ങളിലേയ്ക്ക് തിരിയുന്നു. ഏലീശ്വാമ്മയെ സഹായിക്കുവാൻ ഓടിയെത്തുന്ന പരി. അമ്മയുടെ അടുത്ത് നമുക്കും നില്ക്കാം. പരി. ത്രിത്വത്തോടും ചാവറപ്പിതാവിനോടുംചേർന്ന് അമ്മയുടെ ഈ സന്തോഷത്തിൽ നമുക്കും പങ്കുചേരാം. അമ്മേ അമ്മ കാണിച്ചുതരുന്ന ഈ ശുശ്രൂഷാമനോഭാവം സ്വന്തമാക്കുവാൻ ഇനിയും ഞങ്ങൾക്കു കഴിഞ്ഞിട്ടില്ല എന്ന് ഞങ്ങൾ ഏററുപറയുന്നു. ഞങ്ങളെ സഹായിച്ചാലും. ആവശ്യത്തിലിരിക്കുന്ന സഹോദരങ്ങളെ സഹായിക്കുവാനുള്ള നമ്മുടെ ആഗ്രഹത്തിൻെറ അടയാള

മായി നമ്മുടെ ഈ തിരുക്കുടുംബത്തിലേയ്ക്കു് അവരേയുംകൊണ്ടു വന്നു് അവരോടു് ചേർന്നു് ത്രിത്വകുടുംബത്തിലേയ്ക്കു് തിരിഞ്ഞു് നമുക്കു് പ്രാർത്ഥിക്കാം. 1സ്വർഗ്ഗ. 10നന്മ. 1ത്രിത്വ.

മൂന്നാം രഹസ്യം: ആയിരം നക്ഷത്രപുഷ്പങ്ങളാൽ
ആശിസ്സിൻ സന്ദേശമോതിക്കൊണ്ടു്
ബേദലഹേമിലെ പുൽത്തൊഴുത്തിൽ
വന്നുപിറന്നല്ലോ സ്നേഹനാഥൻ.

കാരുണ്യക്കടലായ ദൈവപിതാവേ അങ്ങയുടെ പരിശുദ്ധാത്മാവിന്റെ കാരുണ്യം വഴിയായി തന്റെ ഉദരത്തിൽ സ്ഥിതിചെയ്യുന്ന തങ്കക്കുടമാകുന്ന തിരുസുതനെ ഞങ്ങളുടെ കണ്ണുകൾക്കു് പ്രത്യക്ഷമാക്കുവാൻവേണ്ടി തന്റെ കരങ്ങളിലേയ്ക്കു് നല്കുവാൻ കൃപയുണ്ടാകണമേയെന്നു് അമ്മ പ്രാർത്ഥിച്ചപ്പോൾ തന്റെ പുത്രനായ ദൈവകുമാരനെ തന്റെ മുമ്പിൽ അമ്മ കണ്ടുവല്ലോ. കണ്ണാടിയിൽക്കൂടി സൂര്യപ്രകാശം എങ്ങനെ കടന്നുപോകുന്നുവോ അതുപോലെ സ്ത്രീകളിൽ അനുഗൃഹീതയായ മറിയം തന്റെ കന്യാത്വത്തിന്നു് ഭംഗം വരുത്താതെ പുത്രനു് ജന്മം നൽകി.

പരി. അമ്മേ ഈ പുൽക്കൂടിനുമുമ്പിൽ നിൽക്കുമ്പോൾ ഞങ്ങൾ ഞങ്ങളിലേയ്ക്കൊന്നു് തിരിയട്ടെ. വികൃതമായ ഞങ്ങളുടെ ഹൃദയങ്ങൾ ഞങ്ങൾ കാണുന്നു. ജീവിതാനുഭവങ്ങളെ സ്വാഭാവിക ചിന്തകളോടെ വീക്ഷിക്കാതെ അതിലൂടെ ഞങ്ങളുടെ മുമ്പിൽ പ്രത്യക്ഷനാകുന്ന അങ്ങയെ കണ്ടെത്തുവാനും അങ്ങയിലേയ്ക്കു് തിരിയുവാനും ഞങ്ങളുടെ ഉൾക്കണ്ണുകൾക്കു് പ്രകാശമേകിയാലും. ആട്ടിടയരെപ്പോലെ ലാളിത്യമുള്ളവരായി ഞങ്ങളും ദൈവദർശനസുഖം അനുഭവിച്ചുകൊണ്ടു് സദാ അങ്ങയിലേയ്ക്കു് തിരിയുന്നവരാകുവാൻ കൃപചെയ്യണമെ.

1സ്വർഗ്ഗ. 10നന്മ. 1ത്രിത്വ.

നാലാം രഹസ്യം: വി. ലൂക്ക 2/22–35 വരെയുള്ള വാക്യങ്ങൾ വായിക്കുന്നു.

നിർമ്മലയായ മറിയത്തോടു് ഇങ്ങനെ അരുളിചെയ്തതു കേട്ടു് ശ്രേഷ്ഠപിതാവായ യൗസേപ്പിന്റെ ഹൃദയത്തിനും മുറിവേററു. വേദവിധിപ്രകാരം കർമ്മങ്ങൾ പൂർത്തിയാക്കിയെങ്കിലും ആ മാതാപിതാക്കൾ അതിയായ വേദന ഹൃദയത്തിൽ അനുഭവിച്ചു. തന്നോടു് പറയപ്പെട്ട കാര്യങ്ങൾ പരി. അമ്മ

ഓർത്തപ്പോൾ ഹൃദയത്തിൽ ആഘാതമേററതുപോലെ അവളുടെ മുഖം വാടി. വത്സലനായ ദിവ്യപൈതലിനെ തൻെറ കരങ്ങളിലെടുത്ത് സന്തോഷിപ്പിച്ച അവസരത്തിൽ അമ്മയുടെ മനസ്സിൽ ദുഃഖപൂരിതമായ കാര്യങ്ങൾ ഉണർന്നുവന്നു. തിരുപ്പാദങ്ങളും തിരുക്കരങ്ങളും ആണികൾകൊണ്ട് തുളയ്ക്കപ്പെട്ടു. കുന്തംകൊണ്ട് ഹൃദയം കുത്തിത്തുറക്കപ്പെട്ടു. എങ്കിലും വചനത്തെ ഹൃദയത്തിൽ ധ്യാനിച്ച പരി. അമ്മേ ഞങ്ങളും വചനാഭിമുഖ്യമുള്ളവരായി ജീവിക്കുവാൻ കൃപയുണ്ടാകണമെ.

1സ്വർഗ്ഗ. 10നന്മ. 1ത്രിത്വ.

അഞ്ചാം രഹസ്യം: ആത്മാനുതാപം 3/77–82 പാടുന്നു.

1സ്വർഗ്ഗ. 10നന്മ. 1ത്രിത്വ.

[എല്ലാവരും എഴുന്നേററുനിന്ന് മാതാവിൻെറ ഗാനം ആലപിച്ച് പരസ്പരം സ്തുതിചൊല്ലി സല്ലാപം അവസാനിപ്പിക്കുന്നു]

# സമൂഹസല്ലാപം

## മദ്ധ്യസ്ഥപ്രാർത്ഥന

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവമേ, ഞങ്ങൾ ഒന്നുചേർന്ന് അങ്ങയെ ആരാധിക്കുന്നു സ്തുതിക്കുന്നു അങ്ങേയ്ക്ക ഞങ്ങൾ നന്ദി പറയുന്നു. എന്നെക്കൂടാതെ നിങ്ങൾക്കൊന്നും ചെയ്യുവാൻ കഴിയുകയില്ല എന്നരുൾ ചെയ്ത ഈശോയെ അങ്ങയിൽ ആശ്രയിക്കുവാനും അങ്ങേയ്ക്ക് പൂർണ്ണമായി വിട്ടുതരുവാനും അങ്ങയുടെ അരൂപിയെ അയച്ച് ഞങ്ങളെ ശക്തിപ്പെടുത്തണമെ. ദൈവത്തിലേയ്ക്ക് തിരിഞ്ഞിരിക്കുന്ന ഒരു ജീവിതം നയിക്കുവാൻ പരിശുദ്ധാത്മാവിൻെറ സഹായം കൂടിയേ തീരൂ. ഈ കൃപാവരത്തിനായി അരൂപിയെ വിളിച്ച് നമുക്ക് പ്രാർത്ഥിക്കാം.

ഗാനം—

ദൈവം ഈ പ്രപഞ്ചത്തിലേയ്ക്ക് തിരിഞ്ഞതിൻെറ കഥയാണ് സൃഷ്ടിയുടെ ചരിത്രം. സ്വർഗ്ഗസൗഭാഗ്യത്തിൽ എല്ലാവരേയും പങ്കുകാരാക്കുവാൻവേണ്ടിയാണ് ദൈവം സൃഷ്ടിയിലേയ്ക്ക് തിരിഞ്ഞത്. ദൈവം മനുഷ്യരിലേയ്ക്ക് തിരിഞ്ഞതിൻേറയും മനുഷ്യനെ ദൈവത്തിലേയ്ക്ക് തിരി

ക്കുന്നതിന്റെയും, കഥയാണ് ബൈബിൾ. ബൈബിളിലെ ഈ തിരിയലിന്റെ ചൈതന്യം ഉൾക്കൊണ്ട് ചാവറപ്പിതാവ് ദൈവപിതാവിലേയ്ക്ക് തിരിഞ്ഞ് സല്ലപിക്കുന്ന ഈരടികൾ ആ പിതാവിന്റെ ഹൃദയഭാവത്തോടെ നമുക്ക് ഏറ്റുപാടാം.

ആത്മാ. 1/1–20

നമ്മുടെ സഭാസ്ഥാപകനായ വാഴ്ത്തപ്പെട്ട ചാവറപ്പിതാവിന്റെ ജീവിതം തിരുക്കുടുംബത്തിലേയ്ക്കും അതുവഴി ത്രിത്വകുടുംബത്തിലേയ്ക്കുമുള്ള തിരിയലിന്റെ ഒരു ജീവിതമായിരുന്നു. തന്റെ പൂർണ്ണമനസ്സോടും ശക്തിയോടും സിദ്ധികളോടും പരിമിതികളോടും കൂടിയാണ് അദ്ദേഹം ദൈവത്തിലേയ്ക്ക് തിരിഞ്ഞത്. അദ്ദേഹത്തിന്റെ ഈ തിരിയലിനുള്ള പ്രത്യേകത, വിശ്വകുടുംബം മുഴുവനോടുംകൂടി തിരിഞ്ഞു എന്നതാണ്. മനുഷ്യകുടുംബം, ജന്തുകുടുംബം, സസ്യകുടുംബം, പക്ഷികുടുംബം, ആകാശകുടുംബം എന്നിങ്ങനെ എല്ലാററിനേയും അദ്ദേഹം തന്നോടു ബന്ധപ്പെട്ട കുടുംബമായിട്ടാണ് ദർശിച്ചത്.

ഇതുപോലെ നാമോരോരുത്തരും ദൈവത്തിലേയ്ക്ക് തിരിയുന്നതോടൊപ്പം പ്രപഞ്ചം മുഴുവനേയും ദൈവപിതാവിലേയ്ക്ക് തിരിക്കാനാണ് അവിടുന്ന് നമ്മേയും വിളിച്ചിരിക്കുന്നത്.

പ്രപഞ്ചകുടുംബത്തിലൂടെ സ്വർഗ്ഗീയകുടുംബത്തിലേയ്ക്ക് തിരിയുന്ന ചാവറപ്പിതാവിനോടൊപ്പം നമുക്കും പ്രപഞ്ചം മുഴുവനോടും ചേർന്ന് ഈ സമയം ദൈവത്തെ സ്തുതിക്കാം.

Sharing.........

ദൈവം നമ്മുടെ ജീവിതത്തിലേയ്ക്ക് ചൊരിഞ്ഞ കാരുണ്യത്തിന്റെ അനുഭവമാണ് ദൈവത്തിലേയ്ക്ക് തിരിയുവാൻ പാപികളായ നമ്മെ പ്രേരിപ്പിക്കുന്നത്. ദൈവത്തിന്റെ സ്നേഹവും കാരുണ്യവും എന്തുമാത്രം നാം അനുഭവിച്ചറിയുന്നുവോ അതനുസരിച്ച് പാപബോധം നമ്മിലുണർന്നുവരും. ഇപ്രകാരം അനുതാപത്തോടെ പിതാവിന്റെ സന്നിധിയിലേയ്ക്ക് തിരിഞ്ഞുവരുന്ന മകന്റെ കഥയാണ് ധൂർത്തപുത്രന്റെ ഉപമയിൽ നാം കാണുക. എന്നാൽ പിതാവിന്റെ സ്നേഹം അല്പംപോലും അനുഭവിക്കാനാവാതെ, ആ കാരുണ്യാനുഭവം സ്വന്തമാക്കാൻ സാധിക്കാതെ പിതാവിന്റെ ഭവനത്തിനു പുറത്തുനിന്ന വ്യക്തിയാണല്ലോ ഉപമയിലെ മൂത്തപുത്രൻ. ഇപ്രകാരം പിതാവിന്റെ സ്നേഹം അനുഭവിക്കാതെ, ആ കാരുണ്യം ആസ്വദിക്കാതെ

Kl. 616
6234



പുറംതിരിഞ്ഞുനില്ക്കുന്ന അനേകം ധൂർത്തപുത്രന്മാരുണ്ട് ഈലോകത്തിൽ. അവരുടേയും പാപങ്ങൾക്ക് പരിഹാരം ചെയ്തുകൊണ്ടാണ് ചാവറപ്പിതാവ് ദൈവത്തിലേയ്ക്ക് തിരിഞ്ഞത്. ഇതാണ് നമ്മുടേയും ദൗത്യം.

തന്റെ ഏകജാതന്റെ ജീവൻപോലും ബലി ചെയ്തുകൊണ്ടാണ് പിതാവായ ദൈവം നമ്മോട് കാരുണ്യം കാണിച്ചത്. നമുക്കും നമ്മെത്തന്നെ വിലയായി നൽകിക്കൊണ്ട്, സ്വയം ബലിയായി അർപ്പിച്ചുകൊണ്ട് മറ്റുള്ളവരെ രക്ഷിക്കാം. എല്ലാവരും എന്റെ സഹോദരങ്ങൾ എന്ന കുടുംബദർശനം ഉള്ളവർക്കേ ഇത് സാധിക്കുകയുള്ളു. ഈ ദർശനം കിട്ടിയ നമ്മുടെ ചാവറപ്പിതാവിനോട് ചേർന്ന് നമ്മുടെ സഹോദരങ്ങളുടെ കുററങ്ങളും കുറവുകളും പാപങ്ങളും ഏറെറടുത്തുകൊണ്ട്, അവർക്കു വേണ്ടി ദൈവപിതാവിന്റെ മുമ്പിൽ മാദ്ധ്യസ്ഥം യാചിക്കാം.

Sharing.........

സ്നേഹപിതാവായ ദൈവമേ അങ്ങയുടെ തിരുമുമ്പിലിരുന്ന് പൂർണ്ണശക്തിയോടും പൂർണ്ണഹൃദയത്തോടുംകൂടെ അങ്ങയിലേയ്ക്ക് തിരിയുവാനും ഞങ്ങളോടൊപ്പം പ്രപഞ്ചം മുഴുവനേയും അങ്ങയിലേയ്ക്ക് തിരിക്കാനുമുള്ള ഞങ്ങളുടെ വലിയ കടപ്പാടിനെ ഞങ്ങൾ നോക്കിക്കാണുകയായിരുന്നു.

ദൈവമേ, സ്നേഹപിതാവേ ഞങ്ങൾ ഇപ്പോൾ ആയിരിക്കുന്ന ഈ അവസ്ഥയോടും, ഒപ്പം ഞങ്ങളുടെ ചുററുമുള്ള ലോകത്തിന്റെ അന്ധകാരം നിറഞ്ഞ, മാലിന്യം നിറഞ്ഞ അവസ്ഥയോടുംകൂടി ഞങ്ങൾ അങ്ങയിലേയ്ക്ക് തിരിയുന്നു. അങ്ങയുടെ കാരുണ്യം ഞങ്ങളിലേയ്ക്ക് വർഷിക്കണമെ. ഞങ്ങളും വാഴ്ത്ത. ചാവറപ്പിതാവിനെപ്പോലെ ആഴമായ ദർശനമുള്ളവരാകുവാൻ കനിയണമെ. ആമ്മേൻ.

CARMEL JYOTHI
ALWAYE
THAIKKATTUKARA

# ക്രൂശിതദർശനം

വാഴ്ത്തപ്പെട്ട ചാവറപ്പിതാവിന്റെ ദൈവകാരുണ്യാനുഭവത്തെക്കുറിച്ചും, അതിൽനിന്നുളവായ അനുതാപത്തെക്കുറിച്ചും നാം ഇന്നലെ ധ്യാനിച്ചു. സദാ നമ്മിലേയ്ക്കു് തിരിഞ്ഞിരിക്കുന്ന ദൈവം തന്റെ കരുണ സമൃദ്ധമായി നമ്മിൽ ചൊരിഞ്ഞിട്ടും, താനും മറ്റുള്ളവരും അതനുഭവിക്കാതെ പിതാവിൽനിന്നും പിന്തിരിഞ്ഞു് ജീവിക്കുന്നതു് കണ്ടു് ചാവറപ്പിതാവു് പലപ്പോഴും തന്റെ ധ്യാനമണിക്കൂറുകളിൽ മനംനൊന്തു് തപിക്കാറുണ്ടു്. എല്ലാവരും ഒരേ അപ്പന്റെ മക്കളാണു് എന്ന വലിയ കുടുംബദർശനംമൂലമാണു് ഏതൊരു വ്യക്തിയുടേയും പിന്തിരിവിൽ ചാവറപ്പിതാവു് വേദനിക്കുന്നതു്. തന്മൂലം, തന്റേയും മറ്റുള്ളവരുടേയും പാപങ്ങൾ ഏറ്റെടുത്തുകൊണ്ടു് സ്വയം ധൂർത്തപുത്രനായി, പിതാവിന്റെ പക്കലേയ്ക്കു് അണയുന്നതും അനുതാപാർദ്രമായ ഹൃദയത്തോടെ, അയോഗ്യതാബോധത്തോടെ, അപ്പന്റെ തൃപ്പാദത്തിൽ പ്രണമിക്കുന്നതുമെല്ലാം ഇന്നലെ ധ്യാനത്തിലൂടെ നാം കണ്ടുകഴിഞ്ഞു. ചാവറപ്പിതാവിന്റെ ദർശനധ്യാനത്തിന്റെ ആദ്യഭാഗമാണതു്.

ദർശന ധ്യാനത്തിന്റെ 2-ാംഭാഗത്തേയ്ക്കു് നമുക്കിന്നു് പ്രവേശിക്കാം. "ദർശിച്ചിരിക്കലും സല്ലപിക്കലു"മാണതു്. അപ്പന്റെ മുമ്പിൽ പ്രണമിച്ചുകിടക്കുന്ന ചാവറപ്പിതാവു് അല്പാല്പമായി തന്റെ മുഖം ഉയർത്തി, കണ്ണുകൾ വിടർത്തി തന്റെ അപ്പനെ കാണാനായി ആഗ്രഹിക്കുകയാണു്. എന്നാൽ അപ്പന്റെ രൂപം ആകെ വിരൂപമായിട്ടിരിക്കുന്നതാണു് അദ്ദേഹം കാണുക. ക്രൂശിതനായ ഈശോയെ മനസ്സിൽ ഭജിച്ചപ്പോൾ അവിടുത്തെ പൂമേനിയിലെ ഓരോ അവയവവും അതിലെ ഓരോ മുറിപ്പാടും വലിയ ത്യാഗത്തിന്റെ കഥ പറയുന്നതായി അദ്ദേഹം മനസ്സിലാക്കി. തന്നെ പിതാവിലേയ്ക്കു് തിരിക്കാനായി നീതിയെ ത്യജിച്ചു് കാരുണ്യത്തെ പുൽകിയ കഥയാണതു്. ക്രൂശിതന്റെ ഓരോ ഭാഗവും ദർശിച്ചു് ധ്യാനിച്ചശേഷം ചാവറപ്പിതാവു് പശ്ചാത്താപത്തോടെ അവിടുത്തെ പാദത്തിൽ പ്രണമിക്കുന്നു. ഒടുവിൽ നല്ലകള്ളന്റെ കുരിശിൽ കയറികിടന്നുകൊണ്ടു് അപ്പന്റെ ആശ്വാസവചനം കേട്ടുകൊണ്ടാണു് അദ്ദേഹം തന്റെ ദർശനധ്യാനം അവസാനിപ്പിക്കുക.

## ദർശന ധ്യാനത്തിലെ ചില പ്രത്യേകതകൾ

1. ചാവറപ്പിതാവ് ഈശോയെ "അപ്പനാ"യിട്ടാണ് ദർശിക്കുക. തിരുവചനത്തിൽ നിന്നാണ് അദ്ദേഹത്തിനു് ഈ ഉൾക്കാഴ്ച ലഭിച്ചത്. ഉദാ: "എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു" (യോഹ. 14/9); "ഞാനും പിതാവും ഒന്നാകുന്നു" (യോഹ. 10/30). ഒരു കുഞ്ഞ് തൻെറ അപ്പനോട് എങ്ങനെ സല്ലപിക്കുമോ അപ്രകാരമുള്ള സ്വാതന്ത്ര്യത്തോടുകൂടിയാണ് ചാവറപ്പിതാവ് ഈശോയോട് സംഭാഷിക്കുന്നത്. അദ്ദേഹത്തിൻെറ ആബാ-അനുഭവമാണ് ഇവിടെ പ്രകാശിതമാകുന്നത്.

2. ഏററം ചെറുതും നിസ്സാരവുമായ സംഗതികൾപോലും ശ്രദ്ധിക്കുക എന്നതു് ചാവറപ്പിതാവിൻെറ ഒരു പ്രത്യേകസിദ്ധിയാണ്. തനിക്ക് ഏററം നിസ്സാരമായ സഹായങ്ങൾ ചെയ്തു തന്നവരുടെ പേരുകൾപോലും മറക്കാതെ ഉപകാരികളുടെ കൂട്ടത്തിൽ ചേർത്തിരിക്കുന്നതും, ദൈവം തനിക്ക് നല്കിയ നന്മകൾ നണ്ണനണ്ണക്കായി എണ്ണിപ്പറഞ്ഞു് നന്ദി പ്രകാശിപ്പിക്കുന്നതുമെല്ലാം നാം കണ്ടുകഴിഞ്ഞതാണല്ലൊ. ചാവറപ്പിതാവിൻെറ ധ്യാനരീതിയിലും ഈ പ്രത്യേകത വളരെ പ്രകടമാണ്. ക്രൂശിതൻെറ തിരുശിരസ്സ്, തിരുമുഖം, തിരുനയനങ്ങൾ, തിരുവധരം, തിരുക്കവിൾ, തിരുത്തോളുകൾ, തിരുക്കരങ്ങൾ, തിരുമേനി, തിരുവുദരം, തിരുമുട്ടുകൾ, തിരുപ്പാദങ്ങൾ എന്നിങ്ങനെ ഓരോ ഭാഗവും പ്രത്യേകം പ്രത്യേകമായിട്ടാണ് അദ്ദേഹം ദർശിച്ച് ധ്യാനിക്കുന്നത്.

3. ചാവറപ്പിതാവ് തൻെറ ധ്യാനത്തിൽ ഉപമാലങ്കാരം ഉപയോഗിക്കുന്നില്ല. 'പോലെ' എന്നൊരു പദപ്രയോഗം നാം അവിടെ കാണുകയില്ല. (ധൂർത്തപുത്രനെ'പോലെ') മറിച്ച്, രൂപകങ്ങളിലായിട്ടാണ് (ഞാനാണ് ധൂർത്തപുത്രൻ, ഞാനാണ് നിന്നെ അടിച്ചതു് etc.) അദ്ദേഹം സംസാരിക്കാറുള്ളത്. ഇതും അദ്ദേഹത്തിൻെറ വ്യക്തിത്വത്തിൻെറ മറെറാരു പ്രത്യേകതയാണ്.

4. ക്രൂശിത ദർശനധ്യാനമെന്നതു്, നാം സാധാരണ കേൾക്കാറുള്ളപോലെ വെറുമൊരു ക്രൂശിത ഭക്തിയല്ല. ദർശന ധ്യാനവേളയിൽ ചാവറപ്പിതാവ് യഥാർത്ഥത്തിൽ ഈശോയെ ദർശിക്കുന്നു, അവിടുത്തെ സ്വരം കേൾക്കുന്നു, താൻ അവിടു

ത്തോട്ട് സല്ലപിക്കുന്നു, പാദത്തിൽ പ്രണമിക്കുന്നു. അങ്ങനെ, തന്റെ വ്യക്തിത്വത്തിന്റെ എല്ലാ ഭാവങ്ങളോടുംകൂടിയാണ് ധ്യാനത്തിൽ മുഴുകുന്നത്. ക്രൂശിതന്റെ വ്യക്തിത്വവുമായി ഒന്നായ് ഭവിക്കുന്ന ആഴപ്പെട്ട ഒരു പ്രാർത്ഥനാനുഭവമാണിത്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഒരു മിസ്റ്റിക്ക് അനുഭവമാണ് ഉണ്ടാകുന്നത്.

ചാവറപ്പിതാവിന്റെ വ്യക്തിത്വത്തിന്റെ ഈ പ്രത്യേകതകളാണ് അദ്ദേഹത്തിന്റെ ധ്യാനരീതിക്ക് 'തനിമ' പകരുന്നത്. ഈ സവിശേഷതകൾ ഓർമ്മയിൽ വച്ചുകൊണ്ട് നമുക്കു ധ്യാനത്തിലേയ്ക്ക് കടക്കാം.

## തിരുത്തല

അപ്പന്റെ പാദത്തിൽ പ്രണമിച്ച് കിടക്കുന്ന ചാവറപിതാവ് ആദ്യം ക്രൂശിതന്റെ തിരുശിരസ്സാണ് ദർശിക്കുന്നത്. തിരുശിരസ്സിലെ മുൾമുടി കണ്ടിട്ട് അദ്ദേഹം പറയുകയാണ്, അഹങ്കാരത്തിന്റേതായ ചിന്തകൾ, സംസാരം, പ്രവൃത്തി ഇവ വഴിയായി താൻ ചെയ്ത പാപത്താലാണ് ഈശോയെ വേദനിപ്പിച്ചതെന്നു (ധ്യാനസല്ലാപം. പേജ് 19; ആത്മാ. 7/235–236).

ഒന്നുമല്ലാതിരുന്ന നമ്മെ സൃഷ്ടിച്ച് അവിടുന്ന് വാനോളം ഉയർത്തി. പക്ഷേ, നാം നമ്മുടെ ഇല്ലായ്മ മറന്ന് സ്വയം വലുതാകാൻ ശ്രമിക്കുന്നു. അവിടെയാണ് അഹങ്കാരം കടന്നുവരിക. നമ്മുടെ ബുദ്ധിയിൽ മെനഞ്ഞുണ്ടാക്കിയ പ്ലാനും പദ്ധതിയുമായി നീങ്ങുമ്പോഴും, അധികാരികളിലൂടെ കടന്നുവരുന്ന ദൈവസ്വരം തട്ടിക്കളയുമ്പോഴുമെല്ലാം നാം സ്വയം വലുതാകാൻ ശ്രമിക്കുകയാണ്. നമ്മുടെ മനസ്സിനെ ദൈവതിരുമനസ്സിന് അടിയറവച്ച സമർപ്പിതരായ നാം ഇങ്ങനെ അഹങ്കാരംമൂലം അറപ്പുത്തക്കതായ തിന്മകൾ ചെയ്തുകൊണ്ട് നാഥന്റെ ശിരസ്സിൽ എത്രയോ പ്രാവശ്യമാണ് മുൾമുടി തറച്ചുകയറ്റുന്നതെന്ന് നമുക്ക് പരിശോധിച്ചുനോക്കാം. നമ്മുടെ പാപങ്ങളോർത്ത് നമുക്ക് പശ്ചാത്തപിക്കാം.

## തിരുമുഖം

തന്റെ പാപത്തെക്കുറിച്ചുള്ള അനുതാപവും ലജ്ജയും മൂലം പ്രണമിച്ചുകിടക്കുകയാണെങ്കിലും ചാവറപ്പിതാവിന് തന്റെ അപ്പന്റെ മുഖം കാണാതിരിക്കുകയെന്നത് വളരെ വേ

ദനാജനകമാണ്. അപ്പന്റെ മുഖം കണ്ടില്ലെങ്കിൽ താൻ ചത്തുപോകുമെന്നാണ് അദ്ദേഹം പറയുക. അതുകൊണ്ട് അപ്പന്റെ മുഖത്തേയ്ക്ക് പ്രത്യാശയോടെ നോക്കുമ്പോൾ വികൃതമായ മുഖമാണ് കാണുക (ധ്യാന. പേജ് 19). തലയിൽതറച്ച മുള്ളിന്റെ നീളവും കാഠിന്യവുംമൂലം ഈശോയുടെ കണ്ണുകൾ ചുവന്ന് കലങ്ങിയിരിക്കുന്നു (ധ്യാന. പേജ് 29). കൺപോളകളിൽ രക്തം തുങ്ങി കട്ടപിടിച്ചിരിക്കുന്നതിനാൽ കണ്ണുതുറക്കാൻ പ്രയാസപ്പെടുന്നു. കവിൾത്തടത്തിലാകട്ടെ അടിയുടെ പാടുകൾ കരിനീലിച്ചു കിടക്കുന്നു (ധ്യാന. പേജ് 20). തൊണ്ടിപ്പഴംപോലെ ചുവന്നിരുന്ന ചുണ്ടുകൾ കരിഞ്ഞ നിറമായി കാണപ്പെടുന്നു (ധ്യാന. പേജ് 29). ഇങ്ങനെ ഓരോന്നും ചാവറപ്പിതാവ് നുണുനുണുക്കായിട്ട് ദർശിക്കുകയാണ്, വ്യക്തമായി കാണുകയാണ്. "മനുഷ്യപുത്രന്റെ വദനം പൂർണ്ണശക്തിയോടെ പ്രകാശിക്കുന്ന സൂര്യനെപ്പോലെയാണ്" (വെളി. 1/16) പക്ഷേ, ക്രൂശിതനെ കണ്ടപ്പോൾ ഏശയ്യായുടെ പ്രവചനമാണ് ചാവറപ്പിതാവിന്റെ ഓർമ്മയിൽ വന്നത്. "ശ്രദ്ധാർഹമായ രൂപഭംഗിയോ ആകർഷകമായ സൗന്ദര്യമോ അവനുണ്ടായിരുന്നില്ല, അവനെ കണ്ടവർ മുഖംതിരിച്ചുകളഞ്ഞു" (ഏശ. 53/2). ഈ രൂപം കണ്ടിട്ട് ചാവറപ്പിതാവ് തന്റെ അപ്പനോട് ചോദിക്കുകയാണ് "ഈ തിരുമുഖത്തിന്റെ ഭാഷമാറി നിന്റെ സൗന്ദര്യത്തെ എന്നെനിക്ക് കാണ്മാനിടയാകും?" എന്ന്. "ആ എന്റെ മകനെ, നിന്റെ ഭാഷമാറുമ്പോൾ ഈ മുഖഭാഷയും മാറ്റപ്പെടും" (ധ്യാന. പേജ് 21) എന്ന് ഈശോ മറുപടി പറയുന്നതായി ചാവറപ്പിതാവ് കേൾക്കുന്നു. അപ്പനും മകനും തമ്മിലുള്ള സ്വതന്ത്രസംഭാഷണമാണ് നാം ഇവിടെ കാണുക. സഭയാകുന്ന വിശ്വമഹാകുടുംബത്തിലെ മക്കളുടെ മുഖം സന്തോഷപൂരിതമാകുമ്പോഴാണ് മനുഷ്യപുത്രന്റെ വദനം പൂർണ്ണശക്തിയോടെ പ്രകാശിതമാകുന്നത്. ഈശോയുടെ മൗതികശരീരത്തിലെ അവയവങ്ങളാണ് നാമെല്ലാവരും. ഒരു അവയവം വേദനിച്ചാൽ ശിരസ്സായ ഈശോയും വേദനിക്കും, അവിടുത്തെ മുഖം വാടും. എന്റെ പെരുമാററംമൂലം എന്റെ സമൂഹത്തിലെ സഹോദരങ്ങളെ ഞാൻ വേദനിപ്പിച്ചിട്ടുണ്ടോ? അവരുടെ മുഖം എത്രയോ പ്രാവശ്യം നാം വിരൂപമാക്കിയിട്ടുണ്ട്? ക്രൂശിതന്റെ തിരുമുഖത്തേയ്ക്ക് നോക്കിക്കൊണ്ട്, ആ കണ്ണാടിയിലൂടെ നമ്മുടെ തന്നെ ഉള്ളറകൾ നമുക്ക് കണ്ടെത്താം. നമ്മുടെ ഭവനത്തിന്

പുറവുമുള്ള സഹോദരങ്ങൾ വിവിധങ്ങളായ പ്രശ്നങ്ങളിൽപ്പെട്ട് നീറിപ്പുകയുമ്പോൾ അവരുടെ വേദന ഒപ്പിയെടുക്കാൻ നാം ശ്രമിക്കാറുണ്ടോ? "ഈ ഏററം എളിയവരിൽ ഒരുവന് നിങ്ങൾ ചെയ്യാതിരുന്നപ്പോൾ എനിക്കു തന്നെയാണ് ചെയ്യാതിരുന്നത്" (മത്താ. 25/45) എന്ന് ഈശോ നമ്മോടു പറയുന്നു.

ഈശോയുടെ തിരുക്കവിളിലെ കരുവാളിപ്പ് ദർശിച്ച് ധ്യാനിക്കുന്ന ചാവറപ്പിതാവ് ഇപ്രകാരം പറയുന്നു, ശ്ലേമോന്റെ മോണ്ടളത്തിൽ കയ്യും കാലും ഇളക്കാനാവാതെ കിടന്ന തളർവാതരോഗിയാണ് പിന്നീട് സുഖമാക്കപ്പെട്ടപ്പോൾ ഈശോയെ അടിച്ചതെന്ന്. തുടർന്ന് അദ്ദേഹം പ്രസ്താവിക്കുന്നു "അവനല്ല, ഞാനത്രെ അടിച്ചതെ"ന്ന് (ധ്യാന. പേജ്. 20) തളർവാതരോഗി ചെയ്ത തെററ് സ്വയം ഏറെറടുക്കുകയാണ് ചാവറപ്പിതാവ്. മററുള്ളവരുടെ പാപങ്ങൾക്കുവേണ്ടി പൊറുതി അപേക്ഷിക്കുന്ന ചാവറപ്പിതാവിനെയാണ് നാം ഇവിടെ കാണുക. ക്രൂശിതനെ ദർശിച്ച്, ധ്യാനിച്ച്, ക്രൂശിതന്റെ വ്യക്തിത്വവുമായി അദ്ദേഹം താദാത്മ്യപ്പെടുകയാണ്. "ഒരു അവയവം വേദന അനുഭവിക്കുമ്പോൾ എല്ലാ അവയവങ്ങളും വേദന അനുഭവിക്കുന്നു" (1കൊറി. 12/26) എന്ന അപ്പസ്തോലന്റെ വാക്കുകളും ചാവറപ്പിതാവിൽ അന്വർത്ഥമാവുകയാണ്. തന്റേയും മററുള്ളവരുടേയും പാപഭാരം വഹിച്ചുകൊണ്ടാണ് ചാവറപിതാവ് അപ്പന്റെ പക്കലേയ്ക്കു തിരിയുന്നത്. ഇതാണ് സമർപ്പിതരായ നമ്മുടേയും ദൗത്യം. ഈ ഉത്തരവാദിത്വം നാം ശരിയായി നിർവ്വഹിക്കുന്നില്ലെങ്കിൽ സഭാകുടുംബം മുഴുവനുമാണ് വേദനിക്കുന്നത്. നാം മററുള്ളവരെ വേദനിപ്പിച്ചതിന് നമ്മുടെ സ്നേഹജീവിതത്തിലൂടെ പരിഹാരം ചെയ്യാമെന്ന് നമുക്ക് തീരുമാനമെടുക്കാം.

## തിരുത്തോളും തിരുക്കരങ്ങളും

ഈശോയുടെ തിരുത്തോൾ (ധ്യാ. പേജ് 22; ആത്മാ. 6/181) തിരുക്കരങ്ങൾ (ആത്മാ. 7/377–380) ഇവയെപ്പററി ധ്യാനിക്കുന്ന ചാവറപ്പിതാവിന്റെ ഹൃദയഭാവങ്ങൾ എന്തെല്ലാമെന്ന് നമുക്ക് കാണാം. "നിങ്ങളെ സ്വർഗ്ഗമാകുന്ന മന്ദിരത്തിൽ കയററുന്നതിനാണ് പരിഹാസത്തിന്റെ അടയാളമായ കുരിശുമരം താൻ ചുമലിലേററിക്കൊണ്ട് ഗിരിയുടെ മുകളിൽ കയറിയതെ"ന്ന് ഈശോ, തന്നെ അനുസ്മരിപ്പിക്കുന്നതായി

ചാവറപ്പിതാവ് കേൾക്കുകയാണ്. ഏശയ്യാ പ്രവാചകൻ പറയുന്നു: "നമ്മുടെ വേദനകളാണ് യഥാർത്ഥത്തിൽ അവൻ വഹിച്ചതു്, നമ്മുടെ ദുഃഖങ്ങളാണ് അവൻ ചുമന്നതു്" (ഏശ. 53/4). ആദത്തിൻെറ പാപംമൂലം ദൈവപിതാവിൽനിന്നു് പിന്തിരിഞ്ഞ ലോകത്തെ വീണ്ടും പിതാവിലേയ്ക്കു് തിരിക്കാനായി ഈശോ സ്വീകരിച്ച മാർഗ്ഗമാണ് കുരിശുമരണം. നമ്മുടെ പാപഭാരമാണ് അവിടുന്നു് തോളിലേററിയതു്. ആ ഭാരം മൂലം അവിടുത്തെ തോളിലെ മാംസമെല്ലാം ചീന്തിപ്പോയി, എല്ലുകൾ പൊന്തി നില്ക്കുന്നതായി ചാവറപ്പിതാവ് ദർശിക്കുകയാണ്. പിതാവായ ദൈവത്തിൻെറ കാരുണ്യം പൂർണ്ണമായും പ്രകാശിതമാകുന്നതു് ക്രൂശിതനിലാണ്. ഈശോയിൽ വില കൊടുത്താണ് പിതാവ് നമ്മോടു് കാരുണ്യം കാണിച്ചതു്. ആകയാൽ നാമും വിലകൊടുത്തു് നമ്മുടെ സഹോദരങ്ങൾക്കു വേണ്ടി മാദ്ധ്യസ്ഥം യാചിക്കണം.

ലോകത്തിൻെറ ഇന്നത്തെ സാഹചര്യത്തിലേയ്ക്കു് നമുക്കൊന്നു കടന്നുചെല്ലാം. വിശ്വാസം ജീവിക്കാത്ത ക്രിസ്തു അനുയായികൾ, ജീവിതഭാരത്താൽ നിരാശരായി ആത്മഹത്യ ചെയ്യുന്നവർ, സമ്പത്തിലും ഭൗതികതയിലും മാത്രം ആശ്രയം കണ്ടെത്തി ജീവിക്കുന്നവർ, ദൈവമില്ല എന്നു പറഞ്ഞുകൊണ്ടു ഈ മണ്ണിൽ ആധിപത്യം സ്ഥാപിക്കാൻ ശ്രമിക്കുന്നവർ, മാരകരോഗങ്ങളുടെ പിടിയിൽപെട്ടു് ദൈവത്തെ ശപിക്കുന്നവർ എന്നിങ്ങനെ അനേകരെ നമുക്കവിടെ കണ്ടെത്താനാവും. അവരുടെയെല്ലാം പാപച്ചുമടു് നാം ഏറെറടുത്തുകൊണ്ടു് ക്രൂശിതൻെറ ഭാരം നമുക്കു് ലഘൂകരിക്കാം. പാപികളായ ഞങ്ങളെ ശിക്ഷിക്കല്ലേ എന്നു് അവിടുത്തോടു് പ്രാർത്ഥിക്കാം. ഈശോയുടെ ചാരെ നിന്നുകൊണ്ടു് അവിടുത്തെ കുരിശ് നമ്മുടെ തോളിലേയ്ക്കു് ഏററുവാങ്ങാം.

## തിരുമേനി

ഈശോയുടെ തിരുഉദരവും (ധ്യാന. പേജ്. 28), തിരുമേനിയും (ധ്യാ. പേജ് 21–22; ആത്മാ. 7/232–233) ദർശിച്ചു് ധ്യാനിക്കുന്ന ചാവറപ്പിതാവിനെയാണ് തുടർന്നു് നാം കാണുക. സർവ്വാംഗം മുറിവുകളും രക്തവും നിറഞ്ഞ തിരുമേനി കണ്ടിട്ടു് ചാവറപ്പിതാവിൻെറ കണ്ണുകൾ ഈറനണിയുന്നു. തൻെറ ഉള്ളിൽ തിങ്ങിനിന്ന അനുതാപം അദ്ദേഹം പ്രകടിപ്പിക്കുന്നതു്

ഇപ്രകാരമാണ്– ''പാപത്തിന്മേലുള്ള എന്റെ ദാഹം തീർപ്പാനായി, ഗെദ്സെമനി മുതൽ നിന്റെ ചോര ഞാൻ കുടിച്ചു. എന്നിട്ടും മതിയാകാതെ, മാംസത്തിന്റെ ഇടയിൽ ശേഷിച്ചിരിക്കുന്ന ചോരയും കുടിപ്പാൻവേണ്ടി നിന്റെ മാംസം ഞാൻ ചീന്തിപൊളിച്ചുവല്ലോ'' (ധ്യാ. പേജ് 22) തപ്തഹൃദയത്തോടെ അപ്പന്റെ മുമ്പിൽ നിലകൊള്ളുന്ന അദ്ദേഹം ഉടനെത്തന്നെ അപ്പന്റെ അഗാധമായ സ്നേഹവും കാരുണ്യവും അനുഭവിച്ചുകൊണ്ട് പറയുകയാണ്. ''ഈ പുഴുവിനെ പ്രതി താൻ ഇത്രമാത്രം സഹിച്ചുവല്ലോ'' എന്ന്. ദൈവസ്നേഹത്തിന്റെ ആഴങ്ങളിലേയ്ക്ക് ഇറങ്ങിച്ചെന്ന ചാവറപ്പിതാവ്, തന്റെ നിസ്സാരതയുടെ ആഴവും വ്യക്തമായി മനസ്സിലാക്കുന്നു. ദൈവികജ്ഞാനവും ഒപ്പം ആത്മജ്ഞാനവുംകൊണ്ട് നിറയുന്നു.

ഈശോയുടെ തിരുവിലാവ് വലിയൊരു രഹസ്യം നമുക്ക് വ്യക്തമാക്കിത്തരുന്നുണ്ട്. പടയാളി കുന്തംകൊണ്ട് ഈശോയുടെ തിരുവിലാവിൽ കുത്തിയപ്പോഴും പകരമായി സ്നേഹപ്രവാഹമാണ് ഈശോ അവനിലേയ്ക്ക് ഒഴുക്കിയത്. ആ പടയാളി നല്കിയ വേദന സ്വീകരിച്ചുകൊണ്ട് അവനോട് വ്യവസ്ഥയില്ലാതെ ക്ഷമിക്കുകയാണ് ഈശോ. നമ്മുടെ ജീവിതത്തെ ക്രൂശിതന്റെ മുമ്പിലിരുന്നുകൊണ്ട് നമുക്ക് വിലയിരുത്താം. മറ്റുള്ളവരോട് ക്ഷമിക്കാതെ, അവരോട് കരുണ കാണിക്കാതെ പ്രവർത്തിച്ച നമ്മുടെ നിരവധിയായ തെറ്റുകളോർത്ത് നമുക്ക് മനസ്തപിക്കാം. ഇന്ന് അനുരഞ്ജന കൂദാശയ്ക്കണയാനായി ഒരുങ്ങിക്കൊണ്ടിരിക്കുന്ന നമ്മെ, ക്രൂശിതന്റെ തിരുമുറിവുകൾ അനുതാപത്തിന്റെ ആഴങ്ങളിലേയ്ക്ക് നയിക്കട്ടെ.

## തിരുമുട്ടുകളും തിരുപ്പാദങ്ങളും

വീഴ്ചമൂലം പൊട്ടിനുറുങ്ങിയ ക്രൂശിതന്റെ തിരുമുട്ടുകളും (ധ്യാന. പേജ് 28), ആണിയാൽ ബന്ധിതമായ തിരുപ്പാദങ്ങളും (ധ്യാന. പേജ് 27–28) സ്നേഹപൂർവ്വം നമുക്ക് ദർശിച്ച് ധ്യാനിക്കാം.

മനോഗുണമുള്ള അപ്പൻ നല്കിയ സമ്പത്തെല്ലാം നശിപ്പിച്ചശേഷം സ്വാർത്ഥമതിയായി, ധൂർത്തനായി വിദൂരതയിൽ അലഞ്ഞു നടന്ന നന്ദിയില്ലാത്ത തന്നെ അന്വേഷിച്ച് തന്റെ അപ്പൻ മഞ്ഞിലും വെയിലിലും, കാട്ടിലും മേട്ടിലും ഓടിനടന്നു. ആ ഓട്ടത്തിൽ അവിടുന്നു പലതവണ വീണ് മുട്ടുകൾ

പൊട്ടിക്കീറിയതോർത്തു് ചാവറപ്പിതാവു് ദുഃഖിക്കുകയാണു്. അപ്പനു് തന്നോടുള്ള വ്യക്തിപരമായ സ്നേഹം അനുഭവിക്കുമ്പോഴും ചാവറപ്പിതാവിന്റെ ഹൃദയം സന്തോഷംകൊണ്ടു് നിറയുകയാണു്. "ഇനി എന്റെ കാലുകളാൽ നിന്നെ സങ്കടപ്പെടുത്താതെ, എന്റെ കാലുകളുടെ ഇളക്കങ്ങളെല്ലാക്കെയും നിന്റെ തൃക്കാലുകളുടെ നൊമ്പരത്തോടുചേർത്തു് ഞാൻ കാഴ്ചവയ്ക്കുന്നു" എന്നു് പ്രാർത്ഥിക്കുന്ന ചാവറപ്പിതാവിനെയാണു് നാം ഇവിടെ കാണുക. ഘോരപാപത്തിൽപ്പെട്ടുഴലുന്ന, പൈശാചിക ബന്ധനത്തിൽ കുടുങ്ങിക്കിടക്കുന്ന അനേകം മക്കളെ ആ ബന്ധനത്തിൽനിന്നും സ്വതന്ത്രരാക്കാനാണു് തന്റെ തിരുപ്പാദങ്ങളും വരിഞ്ഞുകെട്ടപ്പെടുവാൻ ഈശോ അനുവദിക്കുന്നതു്. അവർക്കുവേണ്ടി തന്റെ ശരീരം ബലിയായി അർപ്പിക്കുവാൻ അവിടുന്നു് തിരുമനസ്സാകുന്നു. അങ്ങനെയാണു് ഈശോ "ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ നിർമ്മല കുഞ്ഞാടായി" (യോഹ. 1/29) തീർന്നതു്. "നമ്മുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു് പ്രീതികരവുമായ സജീവബലിയായി സമർപ്പിച്ചുകൊണ്ടു്" (റോമ. 12/1), ശാരീരിക സുഖങ്ങളുടെ പിന്നാലെ പരക്കംപായുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും മറ്റുള്ളവരുടെ ജീവനെ നിഷ്ഠുരണം ഇല്ലായ്മചെയ്യുന്ന കൊലപാതകികളുടെ തിരിച്ചുവരവിനുവേണ്ടിയും നമുക്കു് മാദ്ധ്യസ്ഥം അപേക്ഷിക്കാം.

ക്രൂശിതദർശന ധ്യാനത്തിൽ, തന്റെ വ്യക്തിത്വത്തിന്റെ എല്ലാ ഭാവങ്ങളോടുംകൂടി സല്ലപിക്കുന്ന ചാവറപ്പിതാവിനെയാണു് നാം കണ്ടുമുട്ടുന്നതു്. സ്നേഹസല്ലാപം, അനുതാപസല്ലാപം, എളിമയുടെ സല്ലാപം, മദ്ധ്യസ്ഥ സല്ലാപം, നന്ദിയുടെ സല്ലാപം ഇവയെല്ലാം മാറി മാറി അദ്ദേഹത്തിൽ പ്രകടമാകുന്നു. നമുക്കും നമ്മുടെ വ്യക്തിത്വത്തിന്റെ പൂർണ്ണതയോടെ ഈ ദർശനധ്യാനത്തിൽ പങ്കുകൊള്ളാം. ക്രൂശിതരൂപത്തിലേക്കു് നാം നോക്കുമ്പോഴും ഈശോയുടെ ഭൗതിക ശരീരം വേദനിച്ചതിന്റെ അടയാളങ്ങളാണല്ലോ നാം കാണുക. എന്നാൽ, രണ്ടായിരം വർഷങ്ങൾക്കുമുമ്പു് ഈശോയുടെ ഈ ശരീരം വേദനിച്ചതോർത്തു് നാം ഇപ്പോഴും ദുഃഖിക്കാനല്ല അവിടുന്നു് ആഗ്രഹിക്കുക. ഇന്നു്, ഈശോയുടെ മൗതികശരീരമാണു് വേദന അനുഭവിക്കുന്നതു്. യഹൂദരെ പീഡിപ്പിച്ച സാവൂളിനോടു് ഈശോ

പറഞ്ഞു: "നീ പീഡിപ്പിക്കുന്ന ഈശോയാണ് ഞാൻ" (നട. 9/5) എന്ന്. ഈശോ നമ്മിൽ ഓരോരുത്തരിലും വസിച്ചു കൊണ്ട് നമ്മോടൊപ്പം വേദനിക്കുകയാണ്. ഈശോയെ പോലെ നാമും ക്രൂശിക്കപ്പെട്ടാലെ, ലോകത്തെ പാപത്തിന്റെ ബന്ധനത്തിൽനിന്നും വിമുക്തരാക്കി അപ്പനിലേയ്ക്ക് തിരിക്കാനാവൂ. അതിനുള്ള സ്നേഹപൂർവ്വകമായ ക്ഷണമാണ് ഇപ്പോൾ നമുക്കു ലഭിച്ചിരിക്കുന്നത്. ഈ ക്ഷണം സന്തോഷത്തോടെ സ്വീകരിച്ചുകൊണ്ട് ക്രൂശിന്റെ പക്കലേയ്ക്ക് നമുക്കു നീങ്ങാം. അവിടുത്തെ സന്നിധിയിൽ 'ദർശനത്തിലും സല്ലാപ'ത്തിലും ആയിരിക്കുവാൻ നമുക്കു ശ്രമിക്കാം.

കൃപ: ഇന്നത്തെ നമ്മുടെ സാഹചര്യത്തിൽ ആയിരുന്നു കൊണ്ട് ഈശോയുടെ പീഡാനുഭവരഹസ്യത്തിൽ ഉൾച്ചേരുവാനുള്ള കൃപ യാചിക്കുക.

സൂക്തങ്ങൾ: 1. "നിത്യപിതാവേ, എന്റെ പാപങ്ങളുടെ പരിഹാരത്തിനായിട്ടും ശുദ്ധമാന പള്ളിയുടെ തിട്ടതികളെ കുറിച്ചും ഈശോമിശിഹായുടെ ചോരയെ നിനക്ക് ഞാൻ കാഴ്ചവയ്ക്കുന്നു" (സി. എം. ഐ. സഭാംഗങ്ങൾക്കെഴുതിയ കത്ത് പേജ് 97–98)

2. "എന്റെ ഇടത്തെ കാലിന്റെ ഞൊടി ഇളകംപോൾ, കർത്താവേ, ഞാൻ നടന്ന ആകാത്ത നടപ്പുകൾ ഒക്കെയും, നിന്റെ ഈ കാലിന്റെ തിരുമുറിവിൽനിന്നൊഴുകിയ ചോരയാലെ, നീ കഴുകണമെ എന്നു ഞാൻ അർത്ഥംവച്ചിരിക്കുന്നു" (കത്തുകൾ. പേജ് 110)

വായനകൾ:

എശ. 35, യോഹ. 14/9, 10/30, 1 കൊറി. 12/26
മത്താ. 25/45, റോമ. 12/1, നടപടി 9/5
ധ്യാനസല്ലാപം പേജ് 19-29,
ആത്മാനുതാപം VII/235, 236, 397, 377–380
,, VII/232–233, 230-231
,, VI/181–182

# അനുതാപസല്ലാപം

സ്ഥാപകചൈതന്യം ഉൾക്കൊണ്ട് ജീവിതനവീകരണം സാധിക്കുവാനുള്ള എളിയ ശ്രമമാണ് നാം നടത്തിക്കൊണ്ടിരിക്കുന്നത്. ജൂബിലിവത്സരം തിരിഞ്ഞുനോട്ടത്തിന്റെ അവസരംകൂടിയാണല്ലോ. നമ്മുടെ കഴിഞ്ഞ ജീവിതത്തിൽ ചാവറസിദ്ധി എന്തുമാത്രം നമുക്ക് ഉൾക്കൊള്ളാൻ സാധിച്ചിട്ടുണ്ടെന്ന് ആത്മപരിശോധന നടത്താം. ഈ മണിക്കൂർ സ്വയം കണ്ടെത്തലിന്റേയും ഒപ്പം തിരിച്ചുവരവിന്റേയും സമയമായിരിക്കട്ടെ. അതിനായി പരി. ആത്മാവിന്റെ സഹായം നമുക്ക് യാചിക്കാം.

പരി. ആത്മാവിന്റെ ഗാനം

നാം വിശുദ്ധകുടുംബത്തിലെ അംഗങ്ങളാണ്. ത്രിത്വകുടുംബം നമ്മിൽ അധിവസിക്കുന്നു. വാഴ്ത്തപ്പെട്ട ചാവറപ്പിതാവിനോടുകൂടി നമുക്ക് തിരുക്കുടുംബത്തിലേയ്ക്ക് പ്രവേശിക്കാം. അങ്ങനെ തിരുക്കുടുംബത്തിലായിരുന്നുകൊണ്ട് നമുക്ക് ഈ അനുതാപസല്ലാപം നടത്താം.

**പാപം**

ചാവറപ്പിതാവിനെ സംബന്ധിച്ചിടത്തോളം ദൈവത്തിൽനിന്നുള്ള പിൻതിരിയലാണ് പാപം. പൂർണ്ണമായും ദൈവത്തിലേയ്ക്ക് തിരിഞ്ഞിരിക്കേണ്ട മനുഷ്യൻ ദൈവത്തിൽനിന്നും പിൻതിരിഞ്ഞ് തന്നിലേയ്ക്കും സൃഷ്ടവസ്തുക്കളിലേയ്ക്കും തിരിയുന്ന അനുഭവം. നാം ദൈവത്തിൽനിന്നും പിൻതിരിയുന്ന ഓരോ നിമിഷവും നാം ജീവിക്കുന്ന സമൂഹത്തിലെ അംഗങ്ങളും നമ്മോടൊപ്പം ദൈവത്തിൽനിന്ന് പിൻതിരിയുകയാണ്; ഒപ്പം പ്രപഞ്ചം മുഴുവനും. നാം കാണിക്കുന്ന അവിശ്വസ്തതയുടെ ഫലം ലോകം മുഴുവനും അനുഭവിക്കുകയാണെന്നുള്ള വലിയ യാഥാർത്ഥ്യം നമുക്ക് അനുസ്മരിക്കാം. തന്റെ തെരഞ്ഞെടുക്കപ്പെട്ടവർ തന്നിൽനിന്നും അകന്നുപോകുന്ന ഓരോ നിമിഷവും തന്നിലേയ്ക്ക് തിരിച്ചുവരുവാനുള്ള ആഹ്വാനം ദൈവം കാലാകാലങ്ങളിൽ നല്കിക്കൊണ്ടിരുന്നു. പ്രസ്തുത ആഹ്വാനം തിരുവചനത്തിൽനിന്ന് നമുക്ക് ശ്രവിക്കാം.

വായന: ജെറമിയ. 3/11-12, 14, 20-22.

ദൈവപിതാവിന്റെ ഈ ആഹ്വാനം തന്റെ കണ്ണുപടലങ്ങളിൽ മാററൊലിക്കൊണ്ടപ്പോഠം ചാവറപ്പിതാവ് പൂർണ്ണമായും ദൈവത്തിലേയ്ക്ക് തിരിയുവാൻ തയ്യാറായി. ദൈവത്തോട് കാണിച്ച അവിശ്വസ്തതയോർത്ത് അദ്ദേഹം മനസ്തപിച്ചു. സ്വർഗ്ഗസ്ഥനായ പിതാവ് തനിക്കു നല്കിയ സമ്പത്തെല്ലാം ധൂർത്തടിച്ച് നശിപ്പിച്ചുകളഞ്ഞ ധൂർത്തപുത്രനാണ് താനെന്ന മനോഭാവത്തിൽ അദ്ദേഹം പിതൃസന്നിധിയിലേയ്ക്ക് കടന്നുചെല്ലുകയാണ്. ആ അവസരത്തിൽ അദ്ദേഹത്തിന്റെ മനോവികാരങ്ങഠം എന്തായിരുന്നുവെന്ന് ധ്യാനസല്ലാപത്തിൽ നാം വായിക്കുന്നുണ്ട്.

വായന: ആ! എത്ര നാളായി...............നിന്റെ പുത്രസ്ഥാനത്തിൽ വെയ്ക്കയും ചെയ്യും (ധ്യാന. പേജ് 16–17).

പിതൃസന്നിധിയിലേയ്ക്ക് കടന്നുചെന്നപ്പോഠം, താൻ അങ്ങോട്ട് തിരിയുന്നതിന് മുമ്പുതന്നെ സ്വർഗ്ഗീയ പിതാവ് തന്നിലേയ്ക്ക് തിരിഞ്ഞിരിക്കുന്നതാണ് ചാവറപ്പിതാവ് കാണുന്നത്. അത് ഏററവും വലിയ കാരുണ്യത്തിന്റെ അനുഭവമായി അദ്ദേഹത്തിന് അനുഭവപ്പെട്ടു. നമുക്കും നാമിപ്പോഠം ആയിരിക്കുന്ന അവസ്ഥയിൽ ദൈവത്തിലേയ്ക്ക് തിരിഞ്ഞുകൊണ്ട് ആ മനോഹരണമുള്ള അപ്പന്റെ കാരുണ്യം ഹൃദയത്തിലേയ്ക്ക് ഏററുവാങ്ങാം.

(മൗനം)

ദൈവത്തിൽനിന്നും പിൻതിരിഞ്ഞുപോയ അവസരങ്ങളെ നമുക്ക് നോക്കിക്കാണാം.

## പ്രാർത്ഥന

ചാവറപ്പിതാവിന്റെ വാക്കുകളിൽ നാം കർമ്മലയിലേയ്ക്ക് വിളിക്കപ്പെട്ടിരിക്കുന്നത് ഈശോമിശിഹായുടെ സ്നേഹത്തിൽ പാർക്കുവാനും അവിടുത്തെ അടുത്തിരിക്കുവാനും കൂടെനടക്കുവാനും അവിടുത്തോട് സദാ സംസാരിക്കുവാനുമാണ്. അദ്ദേഹത്തിന് ആ ആഗ്രഹം കൂടിവന്നപ്പോഠം അത് ശക്തമായ ദാഹമായി, ജ്വരമായി. അവസാനം കണ്ടില്ലെങ്കിൽ താൻ ചത്തുപോകുമെന്ന അവസ്ഥയിൽ, അദ്ദേഹത്തിന് ദൈവദർശനം ലഭിക്കുകയാണ്. നമ്മെ സംബന്ധിച്ചിടത്തോളം ദിവസത്തിന്റെ 24 മണിക്കൂറും പ്രത്യേകിച്ച് നമ്മുടെ ഏകാന്ത സല്ലാപത്തിന്റെ

മണിക്കൂറുകൾ ഈശോമിശിഹായുടെ സ്നേഹത്തിൽ പാക്കുവാനുള്ള നിമിഷങ്ങളാണ്. ആ സ്നേഹസാന്നിദ്ധ്യംകൂടാതെ ജീവിക്കുവാൻ പററുകയില്ല എന്ന വിധത്തിൽ അത്രമാത്രം ശക്തമായ ദാഹത്തോടെ ആ പ്രാർത്ഥനാമണിക്കൂറിലേയ്ക്ക് കടന്നുചെല്ലുവാൻ നമുക്ക് സാധിക്കുന്നുണ്ടോ? യാമപ്രാർത്ഥനകൾ, കാരുണ്യത്തിൻെറ ഏററവും വലിയ ആഘോഷമായ വി. ബലി എന്നിവയുടെ നിമിഷങ്ങളിൽ നാം വ്യക്തിപരമായും പ്രപഞ്ചത്തോട്ടുകൂടിയും ദൈവത്തിലേയ്ക്ക് തിരിയുന്ന നിമിഷങ്ങളാണ്. ദൈവത്തിലേയ്ക്ക് തിരിഞ്ഞിരിക്കുന്നുവെന്ന ഭാവത്തിൽ അവിടുത്തെ മുമ്പിൽ നിൽക്കുകയും അതോടൊപ്പം നമ്മുടെ മനസ്സ് ദൈവത്തിൽനിന്നും പിൻതിരിയുകയും ചെയ്യുന്ന നിമിഷങ്ങൾ ചിലപ്പോഴെങ്കിലും നമ്മുടെ ജീവിതത്തിൽ ഇല്ലേ? അൽപ്പസമയം മൗനമായിരുന്ന്, നമ്മുടെ പ്രാർത്ഥനാജീവിതത്തിൽ വന്നുപോയിട്ടുള്ള അവിശ്വസ്തതകളെയോർത്ത് അവിടുത്തോട്ട് മാപ്പപേക്ഷിക്കാം. (മൗനം)

ഗാനം: അപരാധങ്ങൾ നീക്കണമെ
പാപകടങ്ങൾ മാറ്റണമെ.

## സമൂഹജീവിതം

നാമിന്ന് ജീവിക്കുന്ന നമ്മുടെ സമൂഹമാകുന്ന ദർശനഗേഹത്തിലേയ്ക്ക് നമുക്ക് കടന്നു ചെല്ലാം. ദർശനഗേഹം പുണ്യസങ്കേതമാണ്. എല്ലാവരിലും പിതൃമുഖം ദർശിച്ച് എല്ലാസ്വരത്തിലും പിതൃസ്വരം ശ്രവിച്ച് മുന്നേറേണ്ട സ്ഥലം. ചില മുഖങ്ങളിൽ പിതൃമുഖം ദർശിക്കാനും അവരിലൂടെ പിതൃസ്വരം ശ്രവിക്കാനും നമുക്കു സാധിക്കും. എന്നാൽ ഇത് സാധിക്കാതെ ചിലരെയെങ്കിലും നമ്മുടെ സ്നേഹവലയത്തിൽനിന്നും നാം മാററിനിർത്തിയിട്ടില്ലേ? എല്ലാവരേയും ഹൃദയത്തിൽഉൾക്കൊള്ളുമ്പോഴാണ് അവരെ ഓക്കുവാനും വണങ്ങുവാനും നമുക്കു സാധിക്കുന്നത്. നമ്മുടെ സമൂഹത്തിലെ എല്ലാവരേയും ഓക്കുവാനും അവരുടെ കാര്യത്തിൽ വ്യഗ്രചിത്തരാകുവാനും അവരെ നമ്മേക്കാൾ ശ്രേഷ്ഠരായി കരുതുവാനും നമുക്ക് സാധിക്കുന്നുണ്ടോ?

ദർശനഗേഹം വേദകാര്യങ്ങൾ പഠിക്കുന്ന സ്ഥലമാണ്. വചനം വായിക്കുന്നതിനും പഠിക്കുന്നതിനും വചനാധിഷ്ഠിതമായ ജീവിതം നയിക്കുന്നതിനും നമുക്ക് നിഷ്ഠയുണ്ടോ? അതിനു

സഹായകമായ മൗനവും ഏകാന്തതയും പാലിക്കുന്നതിൽ എന്തു മാത്രം താല്പര്യമുണ്ട്? സമൂഹജീവിതം, സഹോദരബന്ധം എന്നിവയിൽ വന്നുപോയിട്ടുള്ള പോരായ്മകളോർത്ത് നമുക്ക് മനസ്തപിക്കാം. (മൗനം)

ഗാനം:– അപരാധങ്ങൾ...............ണമെ.

## പ്രതിഷ്ഠാജീവിതം

ദൈവം ഇസ്രായേൽക്കാരെ പേരുചൊല്ലി വിളിച്ച് അവരെ പ്രതിഷ്ഠിച്ച് മാററിനിർത്തി. പ്രതിഷ്ഠവഴി അവർ ദൈവസാന്നിധ്യത്തിൻെറ കൂടാരങ്ങളാകുവാനും അവർവഴി മററുള്ളവരും അനുഗ്രഹിക്കപ്പെടുവാനുമായിരുന്നു. നമ്മുടെ പ്രതിഷ്ഠാജീവിതംവഴി നാം ദൈവസാന്നിധ്യത്തിൻെറ കൂടാരങ്ങളായി മാറിയിട്ടുണ്ടോ? നമ്മിലൂടെ എല്ലാവരേയും പ്രത്യേകിച്ച് നമ്മുടെ പ്രേഷിതരംഗങ്ങളിൽ നാം കണ്ടുമുട്ടുന്ന ഓരോരുത്തരേയും ദൈവസാന്നിധ്യത്തിലേയ്ക്ക് ആനയിക്കുവാൻ നമുക്ക് സാധിക്കുന്നുണ്ടോ? പ്രതിഷ്ഠ ജീവിക്കുവാൻ സ്വയം തെരഞ്ഞെടുത്തിരിക്കുന്ന വ്രതബദ്ധജീവിതത്തിലേയ്ക്ക് ചാവറ പിതാവിനോടൊപ്പം നമുക്ക് കടന്നുചെല്ലാം.

## ദാരിദ്ര്യം

സമൂഹത്തിൽനിന്നും കിട്ടുന്ന ഭക്ഷണം, വസ്ത്രം, ചികിത്സ, മററ് ജീവിതസൗകര്യങ്ങൾ എന്നിവകൊണ്ട് നാം സാമാന്യം തൃപ്തരാണ്. പണമിടപാടുകളിൽ വലിയ കുഴപ്പമൊന്നുമില്ല. ദാരിദ്ര്യവ്രതപാലനത്തിൽ കാര്യമായ വീഴ്ചകളൊന്നുമില്ലെന്ന് നാം സമാശ്വസിക്കുന്നുണ്ടാകാം. ചാവറപ്പിതാവിന് ദാരിദ്ര്യമെന്നത് അഗതിത്വമാണ്. മറെറങ്ങും ഗതിയില്ലാതെ ദൈവത്തിൽ മാത്രം ഗതി കണ്ടെത്തുന്ന അവസ്ഥയാണത്. ഈ ഭാവം നമ്മിൽ നിറയുമ്പോൾ ദൈവത്തിൽനിന്നും കിട്ടുന്നതെല്ലാം നന്ദിയോടെ സ്വീകരിക്കാൻ നാം തയ്യാറാകും. എല്ലാം ദൈവദാനമായിക്കണ്ട് നമുക്കുള്ളവയെല്ലാം മററുള്ളവരുമായി പങ്കുവയ്ക്കുവാൻ നമുക്ക് സാധിക്കുന്നുണ്ടോ? നമ്മുടെ എല്ലാ കഴിവുകളും നഷ്ടപ്പെടുമ്പോഴും മററുള്ളവരിൽനിന്ന് അവഗണനയും പരിത്യക്തതയും ഏററുവാങ്ങേണ്ടിവരുമ്പോഴും കർത്താവാണ് എൻെറ ഓഹരിയും പാനപാത്രവുമെന്ന മനോഭാവത്തോടെ ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുവാൻ നമുക്ക് സാധിക്കു

ന്നുണ്ടോ? അഗതിത്വഭാവമാണ് അദ്ധ്വാനപൂർണ്ണമായ ജീവിതത്തിലേയ്ക്ക് നമ്മെ എത്തിക്കുന്നത്. ദാരിദ്ര്യവ്രതപാലനത്തിൽ വന്നുപോയിട്ടുള്ള പോരായ്മകളെയോർത്ത് നമുക്ക് മനസ്തപിക്കാം

(മൗനം)

ഗാനം:– അപരാധങ്ങൾ..................ണമെ.

## അനുസരണം

ധൂർത്തപുത്രന്റെ ഉപമയിലെ മൂത്തപുത്രനെപ്പോലെ നിയമങ്ങളെല്ലാം കൃത്യമായി അനുസരിക്കുന്നവരെന്ന് നാം വിചാരിക്കുന്നുണ്ടാകാം. ഒരു പടികൂടി കടന്ന് ഫരിസേയനെപ്പോലെ മററുള്ളവരുമായി താരതമ്യം ചെയ്ത് നമ്മെ അവരെക്കാൾ മെച്ചപ്പെട്ടവരായി നാം കാണുകയും ചെയ്തേക്കാം. എന്നാൽ ചാവറ പിതാവിനെ സംബന്ധിച്ചിടത്തോളം അനുസരണം ചൊൽവിളിയാണ്; പേരുചൊല്ലി വിളിക്കലാണ്. നമ്മുടെ അധികാരികളിൽ ഈശോമിശിഹായെ കണ്ടുകൊണ്ട് അവരുടെ സ്വരത്തിൽ ദൈവസ്വരം കേൾക്കാൻ നമുക്ക് സാധിക്കുന്നുണ്ടോ? ഓരോ പ്രാവശ്യവും അനുസരിക്കുമ്പോൾ ദൈവവുമായുള്ള സ്നേഹബന്ധം ആഴപ്പെടുന്ന അനുഭവമുണ്ടോ? നിയമങ്ങൾ, ചാപ്ററർ ആഹ്വാനങ്ങൾ, അധികാരികളിലൂടെ അപ്പപ്പോൾ കിട്ടുന്ന നിർദ്ദേശങ്ങൾ എന്നിവയെല്ലാം സന്തോഷപൂർവ്വം അനുസരിക്കുവാൻ നാം തയ്യാറാകുമ്പോഴാണ് തിരുകുടുംബം നമ്മിൽ ഭരണംനടത്തുന്ന അനുഭവമുണ്ടാകുന്നത്. അനുസരണവ്രതത്തിൽ വന്നുപോയിട്ടുള്ള പോരായ്മകളെയോർത്ത് നമുക്ക് മനസ്തപിക്കാം. (മൗനം)

ഗാനം: അപരാധങ്ങൾ...........ണമെ.

## ബ്രഹ്മചര്യം

ചാവറപ്പിതാവിന്റെ ഭാഷയിൽ ബ്രഹ്മചര്യം മണവാളത്തമാണ്; മണവാളനോടൊത്തുള്ള ഗമനമാണ്. ലൗകീക മണവാളന്മാർ അംഗീകാരം, പേര്, പ്രശസ്തി, സ്ഥാനമാനങ്ങൾ എന്നിവ നേടിയെടുക്കാൻ ശ്രമിക്കുന്നവരാണ്. എന്നാൽ നമ്മുടെ ആത്മമണവാളനായ ഈശോയെ നാം കാണുന്നത് സ്വയംദാനത്തിന്റെയും ആത്മവിസ്മൃതിയുടെയും തലങ്ങളിലാണ്. മണവാളൻ സ്വീകരിക്കുന്ന ഈ സാഹചര്യങ്ങളെ നാം സ്വീകരിക്കാതെ വരുമ്പോൾ നമുക്ക് മണവാളത്തമില്ല.

സ്വാർത്ഥതയ്ക്ക് മരിക്കുന്ന നിമിഷങ്ങൾ, ശാരീരിക സുഖസന്തോഷങ്ങളോട് വിടപറയാൻ കിട്ടുന്ന അവസരങ്ങൾ, പ്രേഷിതരംഗങ്ങളിൽ സ്വന്തം മഹത്വം അന്വേഷിക്കാതെ ദൈവമഹത്വം മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുമ്പോൾ, സർവ്വോപരി ഒന്നും ചെയ്യാനാകാതെ രോഗിയായി സഹിച്ച് കട്ടിലിൽ കഴിയുമ്പോൾ—ഈ അവസരങ്ങളിലെല്ലാം അവയെ ബോധപൂർവ്വം, ദൈവഹിതാനുസാരം സ്വീകരിക്കുമ്പോൾ നാം മണവാളനോടൊത്ത് ഗമിക്കയാണ്. ഈശോയെപ്പോലെ നമ്മുടേയും ലക്ഷ്യം കാൽവരിയാണ്. അവിടെ മണവാളനോടൊപ്പം കുരിശാകുന്ന മണവറ പൂകുമ്പോഴാണ് നമ്മുടെ മണവാളത്തം പൂർണ്ണമാകുന്നത്. ബ്രഹ്മചര്യപാലനത്തിൽ നമുക്കു വന്ന വീഴ്ചകളെയോർത്ത് ദൈവതിരുമുമ്പിൽ നമുക്കു മനസ്തപിക്കാം. (മൗനം)

ഗാനം: അപരാധങ്ങൾ............ണമെ.

ചാവറപ്പിതാവിനെപ്പോലെ, സ്വർഗ്ഗീയപിതാവ് നല്കിയ സമ്പത്തെല്ലാം ധൂർത്തടിച്ച ധൂർത്തപുത്രിയായി നമ്മെത്തന്നെ നമുക്ക് കാണാം. ദൈവം നല്കിയ പരിശുദ്ധിയെല്ലാം നഷ്ടപ്പെടുത്തിയതോർത്ത് വിലപിക്കുന്ന ചാവറപ്പിതാവിന്റെ ഹൃദയവികാരങ്ങളോട് ചേർന്ന് അതേ ഹൃദയഭാവത്തോടെ നമുക്കും ആലപിക്കാം.

ഗാനം—

വെണ്മയായ് നടപ്പാനായ് തന്നൊരു വെള്ളവസ്ത്രം

.................................................................

.........പൊറുതിയെക്കേണം ഞാൻ പ്രാർത്ഥിക്കുന്നേൻ

(ആത്മാനുതാപം 2–ാം പാദം. 349–364).

ഏതാനും സമയം നമ്മുടെ ഹൃദയ വികാരങ്ങൾ ദൈവപിതാവിന്റെ മുമ്പിൽ ഓരോരുത്തർക്കായി പങ്കുവയ്ക്കാം.

ഏകദേശം അയ്യായിരം പേരടങ്ങുന്ന സി.എം.സി. യാകുന്ന വലിയ കുടുംബത്തെ ദൈവതിരുസ്സന്നിധിയിൽ നമുക്ക് ഓർമ്മിക്കാം. സദാ ദൈവത്തിലേയ്ക്ക് തിരിഞ്ഞിരിക്കേണ്ടവരാണ് നാം. എന്നാൽ ഇസ്രായേൽക്കാർ ചെയ്തതുപോലെ ദൈവത്തിലേയ്ക്ക് തിരിയുകയും പിൻതിരിയുകയും ചെയ്യുന്ന ചരിത്രമാണ് നാം പലപ്പോഴും ആവർത്തിക്കുന്നത്. ദൈവത്തിൽനിന്നും പിൻതിരിയുന്ന ഓരോ നിമിഷവും ബോധ

പൂർവ്വം ദൈവത്തിലേയ്ക്ക് തിരിഞ്ഞ് നിരന്തരം അനുതാപത്തിന്റെ ജീവിതം നയിക്കുവാൻ–സ്വർഗ്ഗരാജ്യാനുഭവം സ്വന്തമാക്കുവാൻ–നമുക്ക് പരസ്പരം പ്രാർത്ഥിക്കാം. ചാവറപ്പിതാവിനെപോലെ ദൈവകാരുണ്യത്തിന്റെ അനുഭവം ജീവിതത്തിലുടനീളം സ്വന്തമാക്കുവാൻ, നിരന്തരം അനുതാപസല്ലാപത്തിന്റേതായ ജീവിതം നയിക്കുവാൻ ദൈവം നമുക്ക് കൃപ നല്കട്ടെ.

## മരിയസല്ലാപം

മനുഷ്യനിൽ കാരുണ്യമായിത്തീരുക എന്നത് ദൈവത്തിന്റെ വലിയ ദാഹമാണ്. തന്റെ നാമംതന്നെ നമ്മിൽ പൂർത്തീകരിച്ച് നമ്മെ കാരുണ്യമാക്കി പകർത്താൻ കൊതിക്കുന്ന ദൈവം. ദൈവത്തെ തങ്ങളുടെ ഹൃദയമാകുന്ന ഭവനത്തിന്റെ അധിപതിയായി അംഗീകരിക്കുന്നവർക്ക് ദൈവകാരുണ്യം തലമുറതോറും ഉണ്ടാകും. മാതാവ് ദൈവത്തെ പൂർണ്ണമായും തന്റെ ഹൃദയത്തിന്റെ അധിപനായി സ്വീകരിച്ചു. അതിനാൽ അവളുടെമേൽ ദൈവത്തിന്റെ അനന്തമായ കാരുണ്യപ്രവാഹം ഉണ്ടായി. മാതാവിന്റെ മാദ്ധ്യസ്ഥത്തോടെ നമ്മുടെ ജീവിതത്തിലും ദൈവകാരുണ്യം അനുഭവിച്ചറിയുവാനുള്ള ആഗ്രഹത്തോടെ ഈ കൊന്തസല്ലാപത്തിലേയ്ക്ക് നമുക്ക് പ്രവേശിക്കാം.

വിശ്വാസപ്രമാണം.

കരുണയുള്ള മാതാവെ, അമ്മയുടെ മനോജ്ഞവും ദയനിറഞ്ഞതുമായ കരങ്ങളിൽ ഏറ്റവും വിശ്വാസത്തോടെ ഞങ്ങളെ സമർപ്പിക്കുന്നു. ഞങ്ങളുടെ ജീവിതാനുഭവങ്ങളെ അതിസ്വാഭാവികമായിക്കാണാൻ ഞങ്ങളുടെ വിശ്വാസത്തെ വർദ്ധിപ്പിക്കണമെ.

1നന്മ.

ഞങ്ങളുടെ മരണശേഷം തിരുപ്പുത്രന്റെ സമീപെ നിൽക്കേണ്ടിവരുമെന്ന് ഓർക്കുമ്പോഴും ഞങ്ങൾ ഭയപ്പെടുന്ന ആ സമയത്ത് അമ്മയുടെ കാരുണ്യത്തിലാണ് ഞങ്ങൾ ആശ്രയിക്കുന്നത്. ഞങ്ങളുടെ ഉത്കണ്ഠകളിലും ഭയങ്ങളിലും അമ്മയിലാശ്രയിക്കുവാൻ—ശരണം വെയ്ക്കുവാൻവേണ്ട കൃപതരണമെ.

1നന്മ.

അമ്മേ, അമ്മയുടെ മക്കളായ ഞങ്ങളുടെ ആത്മാവിന്റെ കറകളെല്ലാം അമ്മയുടെ കാരുണ്യത്തിന്റെ ജലംകൊണ്ട് കഴുകിക്കളെ

യണമെ. ഈലോകത്തിൽനിന്നും വേർപ്പെടുന്ന അവസരത്തിൽ അവിടുത്തെ തിരുപ്പുത്രനോടും മാർ യൗസേപ്പിതാവിനോടും ചേർന്ന് ഞങ്ങളെ ആശീർവ്വദിച്ചനുഗ്രഹിക്കണമെ. ദൈവസ്നേഹാഗ്നിയാൽ ഞങ്ങളെ ജ്വലിപ്പിക്കണമെ. 1നന്മ.

ഒന്നാം രഹസ്യം: തന്നിലായിത്തീരാനാഗ്രഹിക്കുന്ന ദൈവത്തിന്റെ മുമ്പിൽ ചാവറപ്പിതാവ് വിനീതനായി നില കൊണ്ടു. കാരുണ്യമാകുന്ന കണ്ണാടിയിലൂടെ അദ്ദേഹം തന്റെ ജീവിതത്തെ നോക്കിക്കാണാൻ ശ്രമിച്ചു. തന്നിൽ ദൈവം കാരുണ്യമായിത്തീർന്ന നീണ്ടകഥയാണ് അദ്ദേഹത്തിന് കാണാൻ സാധിച്ചത്.

പരി. അമ്മേ, ഞങ്ങളുടെ ഹൃദയം പൂർണ്ണമായും ദൈവത്തിനു വിട്ടുകൊടുക്കുവാൻ പഠിപ്പിക്കണമെ. ആ വലിയ കാരുണ്യത്തിന്റെ മുമ്പിൽ ഞങ്ങളുടെ ജീവിതങ്ങളെ അടിയറവച്ചു കൊണ്ട് അവിടുന്നു ഞങ്ങളിൽ വർഷിച്ചിട്ടുള്ള–വർഷിച്ചുകൊണ്ടിരിക്കുന്ന കാരുണ്യം അനുഭവിച്ചറിയുവാനും ആ കാരുണ്യാനുഭവത്തിൽ ജീവിക്കുവാനും ഞങ്ങളെ സഹായിക്കണമെ.

1സ്വർഗ്ഗ. 10നന്മ. 1ത്രിത്വ.

രണ്ടാം രഹസ്യം: ദൈവത്തിന്റെ കാരുണ്യം അനുഭവിച്ചറിഞ്ഞ ചാവറപ്പിതാവ് ദൈവകാരുണ്യത്തിന്റെ ജീവിക്കുന്ന പതിപ്പായി മാറി. തന്നെ തള്ളിപറഞ്ഞവരിലേയ്ക്കും അപമാനിച്ചവരിലേയ്ക്കും ആ കാരുണ്യം നിർല്ലോഭം അദ്ദേഹം ഒഴുക്കി.

പരി. അമ്മേ, കുമ്പസാരമെന്ന കൂദാശയിലൂടെ ഇന്ന്, ദൈവത്തിന്റെ അനന്തമായ കാരുണ്യം പ്രത്യേകവിധത്തിൽ ഏറ്റുവാങ്ങിയ നിമിഷത്തെ ഞങ്ങൾ നന്ദിയോടെ സ്മരിക്കുന്നു. ഞങ്ങൾ സ്വീകരിച്ച കാരുണ്യം ഞങ്ങളുടെ സഹോദരങ്ങളുമായി പങ്കുവയ്ക്കുമ്പോഴാണ് ഞങ്ങളുടെ ജീവിതത്തിനുതന്നെ അർത്ഥമുണ്ടാകുന്നത്. ഞങ്ങളെ വെറുക്കുന്നവരിലേയ്ക്കും അവഗണിക്കുന്നവരിലേയ്ക്കും ദൈവകാരുണ്യം ചൊരിയുവാൻതക്കവിധം ദൈവത്തെ കാരുണ്യമായി ഞങ്ങളിൽ ആയിത്തീരുവാൻ ഞങ്ങളെ അനുവദിക്കു, അങ്ങനെ ദൈവകാരുണ്യത്തിന്റെ ജീവിക്കുന്ന പതിപ്പുകളായി ഞങ്ങളുടെ ജീവിതങ്ങളെ പരി. അമ്മേ, അങ്ങ് രൂപാന്തരപ്പെടുത്തിയാലും. 1സ്വർഗ്ഗ. 10നന്മ. 1ത്രിത്വ.

മൂന്നാം രഹസ്യം: വി. കുർബ്ബാന ദൈവത്തിൻെറ ഏറ്റവും വലിയ കാരുണ്യമാണ്. ചാവറപ്പിതാവിനെ സംബന്ധിച്ചിടത്തോളം കുർബ്ബാന സ്വീകരിക്കുക എന്നുപറഞ്ഞാൽ ദൈവകാരുണ്യം സ്വീകരിക്കലാണ്.

പരി. അമ്മേ, ജീവിക്കുന്ന ദൈവത്തിൻെറ കാരുണ്യം വി. കുർബ്ബാനയിലൂടെ അനുദിനം സ്വീകരിക്കുവാൻ ഭാഗ്യം ലഭിച്ചതിനെ ഓർത്ത് അമ്മയോടുചേർന്ന് ഞങ്ങൾ ദൈവത്തിന് നന്ദി പറയുന്നു, സ്തുതിക്കുന്നു. കുർബ്ബാന സ്വീകരണത്തിലൂടെ ഞങ്ങൾ രക്ഷിക്കപ്പെട്ടവരും മററുള്ളവരെ രക്ഷയിലേയ്ക്ക് നയിക്കുന്നവരും ആയിത്തീരുവാൻ കൃപ നൽകണമെ. ദൈവകാരുണ്യത്തിൻെറ ജീവിക്കുന്ന പ്രതീകമായി മാറുവാൻ പരിശുദ്ധ അമ്മേ, അമ്മതന്നെ ഞങ്ങളെ സഹായിക്കണമെ.

1സ്വർഗ്ഗ. 10നന്മ. 1ത്രിത്വ.

നാലാം രഹസ്യം: കരുണയുള്ളവർ ഭാഗ്യവാന്മാർ, എന്തെന്നാൽ അവർക്ക് കരുണ ലഭിക്കും. വി. ഗ്രന്ഥത്തിൻെറ ഓരോ പേജിലും ദൈവകാരുണ്യത്തിൻെറ കഥയാണ് നാം കാണുക. തൻെറ തിരഞ്ഞെടുക്കപ്പെട്ടവരുടെമേൽ കാരുണ്യം വർഷിച്ച് അവരുടെ തിരിച്ചുവരവിനായി കാത്തിരിക്കുന്ന കാരുണ്യവാനായ ദൈവത്തിൻെറ കഥ. അതിനായി പ്രവാചകരെ നിയോഗിക്കുന്ന ദൈവം. "ഇസ്രായേൽ ശിശുവായിരുന്നപ്പോൾ ഞാനവനെ സ്നേഹിച്ചു. ഞാൻ അവരെ അടുത്തേയ്ക്ക് വിളിക്കുംതോറും അവർ എന്നിൽനിന്നും അകന്നുപോവുകയാണ് ചെയ്തത്, കരുണയുടെ കയർ പിടിച്ച് ഞാനവരെ നയിച്ചു. സ്നേഹത്തിൻെറ കയർ തന്നെ" (ഹോസിയ 11/1-4). പരി. അമ്മേ, വളരെയേറെ വില കൊടുത്ത് കേരളസഭയെ രക്ഷയിലേയ്ക്ക് കൊണ്ടുവന്ന, ചിന്നിച്ചിതറിയ ആടുകളെ ഏക ഇടയൻെറ തൊഴുത്തിലേയ്ക്കാനയിച്ച ചാവറപ്പിതാവിൻെറ രക്ഷണീയദൗത്യം ഞങ്ങളോർക്കുന്നു. ദൈവകാരുണ്യം അനുഭവിക്കാതെ അങ്ങിൽനിന്നും അകന്നുകഴിയുന്ന മക്കളെ ആ കാരുണ്യാനുഭവത്തിലേയ്ക്ക് കൂട്ടികൊണ്ടുവരുവാൻ, അതിന് വില കൊടുക്കുവാൻ, അദ്ധ്വാനിക്കുവാൻ, കർമ്മരംഗത്തേക്കിറങ്ങുവാൻ പരി. അമ്മേ, ഞങ്ങളെ സഹായിക്കണമെ.

1സ്വർഗ്ഗ. 10നന്മ. 1ത്രിത്വ.

അഞ്ചാം രഹസ്യം: ആത്മാനുതാപം ഒന്നും, രണ്ടും പാദ ങ്ങളിൽ ദൈവം തന്നിൽ വർഷിച്ച കാരുണ്യമാണ് ചാവറ പിതാവ് അനുസ്മരിക്കുന്നത്. കടശിയപേക്ഷയിൽ തന്റെ ജീവിതത്തിന്റെ അവസാനഘട്ടത്തിൽ, അന്ത്യമുഹൂർത്തത്തിൽ ഈ കാരുണ്യത്തിന്റെ കഥ, കാരുണ്യപൂർവ്വം തന്റെ ജീവിത ത്തിലേയ്ക്ക് തിരിക്കുവാനാണ് ദൈവത്തോട് പരി. അമ്മവഴി അദ്ദേഹം അപേക്ഷിക്കുന്നത്.

പരി. അമ്മേ, ഈ ലോകമാകുന്ന കടലിനെ കാരുണ്യ ത്തിന്റെ കടലായി ഞങ്ങൾ കാണുന്നു. ദൈവകാരുണ്യമാണ് ഞങ്ങൾക്ക് മനുഷ്യജന്മം നൽകിയത്. ആ കാരുണ്യത്തിലേ യ്ക്കാണ് ഓരോ നിമിഷവും ഞങ്ങൾ ചരിക്കുന്നത്. ആ കാരു ണ്യത്തിലാണ് ഞങ്ങൾ വിലയം പ്രാപിക്കേണ്ടത്. പ്രശ്ന സങ്കീർണ്ണമായ ഇന്നത്തെ ലോകത്തിൽ കാററും പെശറും ഞങ്ങ ളുടെ ജീവിതനൗകയെ ഇളക്കി മറിക്കുമ്പോൾ നഷ്ടധൈര്യരാ കാതെ, കാരുണ്യമൂർത്തിയായ ദൈവത്തിൽ കണ്ണുംനട്ട് മുന്നേറു വാൻ പരി. അമ്മേ, അങ്ങേ തിരുക്കുമാരന്റെ മുമ്പിൽ നിരന്തരം ഞങ്ങൾക്കായി മാദ്ധ്യസ്ഥം വഹിക്കേണമെ.

1സ്വർ്ഗ്ഗ. 10നന്മ. 1ത്രിത്വ.

കരുണയുള്ള മാതാവിനു് നമ്മുടെ യാചനകളും നമ്മുടെ പ്രതീക്ഷകളും എല്ലാം സമർപ്പിച്ചുകൊണ്ട് പരി. രാജ്ഞി എന്ന ജപത്തിലൂടെ അമ്മയിൽ പൂർണ്ണമായും ശരണംവയ്ക്കാം.

പരിശുദ്ധരാജ്ഞി

ചാവറപ്പിതാവിന്റെ ദർശനാനുഭവത്തിന്റെയും തിരു വചനത്തിന്റെയും അടിസ്ഥാനത്തിൽ കാരുണ്യവാനായ ദൈ വത്തിന്റെ വിവിധനാമങ്ങൾ ഏററുപറഞ്ഞുകൊണ്ടായിരിക്കും ഈ കൊന്തയുടെ ലുത്തിനിയ ഇപ്പോൾ നാം നടത്തുക.

ആദ്യത്തെ മൂന്നു പ്രാർത്ഥനകൾക്ക് ഞങ്ങളെ അനുഗ്രഹി ക്കണമെയെന്നും, തുടർന്നുവരുന്ന പ്രാർത്ഥനകൾക്ക് അങ്ങേ കാരു ണ്യത്തെ ഞങ്ങൾ വാഴ്ത്തിപ്പുകഴ്ത്തുന്നു എന്നും നമുക്കേററുപറയാം.

1. കാരുണ്യാതിരേകത്താൽ സ്വപുത്രനെ ഞങ്ങൾക്കു നല്കിയ കരുണക്കടലായ പിതാവായ ദൈവമെ,
2. അപമാനത്തിന്റെ അടയാളമായ കുരിശിനെ മഹത്വ മാക്കി മാററിയ കാരുണ്യമായ പുത്രനായ ദൈവമെ,

3. ഞങ്ങളുടെ കരിശുകളെ, സന്തോഷമാക്കി പകർത്തുവാൻ ശക്തിപ്പെടുത്തുന്ന കാരുണ്യത്തിൻെറ ചൈതന്യമായ പരിശുദ്ധാത്മാവായ ദൈവമെ,

കാരുണ്യവാനായ 'സർവ്വേശ്വരാ അങ്ങെ കാരുണ്യത്തെ ഞങ്ങൾ വാഴ്ത്തിപ്പുകഴ്ത്തുന്നു.'

തെററുകളും കുററങ്ങളും ക്ഷമിച്ചുകൊണ്ട് ആയിരങ്ങളോട് കരുണ കാണിക്കുന്ന ദൈവമെ . . .

പരിചകൊണ്ടെന്നപോലെ കാരുണ്യംകൊണ്ട് ഞങ്ങളെ മറയ്ക്കുന്ന ദൈവമെ . . .

കരകാണാത്ത കൃപാനിധിയായ ദൈവമെ . . .

കാരുണ്യത്താൽ ഞങ്ങളെ മോചിപ്പിക്കുന്ന ദൈവമെ . . .

തൻെറ അഭിഷിക്തനോട് എന്നേയ്ക്കും കാരുണ്യം കാണിക്കുമെന്ന് വാഗ്ദാനം ചെയ്ത ദൈവമെ . . .

കരുണാനാഥനായ ദൈവമെ . . .

അങ്ങയുടെ കാരുണ്യംകൊണ്ട് ഭൂമിമുഴുവൻ നിറച്ചിരിക്കുന്ന ദൈവമെ . . .

തൻെറ കാരുണ്യത്തിൽ പ്രത്യാശവയ്ക്കുന്നവരെ കടാക്ഷിച്ചനുഗ്രഹിക്കുന്ന ദൈവമെ . . .

സർവ്വദയാപരനായ നാഥാ . . .

അങ്ങയുടെ കാരുണ്യം ആകാശത്തോളം ഉന്നതമാണെന്ന് വെളിപ്പെടുത്തിയ ദൈവമെ . . .

കരുണാസമ്പന്നനായ ദൈവമെ . . .

രക്ഷയുടെ വാഗ്ദാനത്തിൽ വിശ്വസ്തനായ ദൈവമെ . . .

അങ്ങയുടെ നീതിയിൽ എന്നെ മോചിപ്പിക്കുകയും രക്ഷിക്കുകയും ചെയ്യുന്ന ദൈവമെ . . .

കാരുണ്യവും വിശ്വസ്തതയും തമ്മിൽ ആശ്ലേഷിക്കും, നീതിയും സമാധാനവും പരസ്പരം ചുംബിക്കും എന്ന് ഞങ്ങളോട് വാഗ്ദാനം ചെയ്ത ദൈവമെ . . .

ഞങ്ങളുടെ അകൃത്യങ്ങൾ ക്ഷമിക്കുന്ന ദൈവമെ . . .

അനന്തദയാന്വിതനായ ദൈവമെ . . .

കാരുണ്യവാനും കൃപാനിധിയുമായ ദൈവമെ . . .

എൻെറ കരുണ എപ്പോഴും നിങ്ങളുടെമേൽ ഉണ്ടാകുമെന്നു പറഞ്ഞ് ആശ്വസിപ്പിക്കുന്ന ദൈവമെ . . .

സ്നേഹവും കരുണയും കൊണ്ട് ഞങ്ങളെ കിരീടമണിയിക്കുന്ന ദൈവമേ . . .

വാഗ്ദാനങ്ങളിൽ വിശ്വസ്തനും പ്രവർത്തികളിൽ കാരുണ്യവാനുമായ ദൈവമെ . . .

അങ്ങയുടെ കാരുണ്യവും നാമവും ശാശ്വതമാണ് അനന്തമാണ് എന്നു കാണിച്ചുതരുന്ന ദൈവമെ . . .

കൃപാലുവും ക്ഷമാശീലനും കാരുണ്യമയനും സ്നേഹനിധിയുമായ ദൈവമേ . . .

ബലിയല്ല, കരുണയാണ് ഞാൻ ആഗ്രഹിക്കുന്നതെന്ന് അരുളി ചെയ്ത ഈശോനാഥാ . . .

നീതിമാന്മാരെക്കാളും പാപികളെ വിളിക്കാനാണ്, ഞാൻ ലോകത്തിലേയ്ക്ക് വന്നതെന്ന് അരുളിചെയ്ത ഈശോനാഥാ . .

കാൽവരിയിൽ കാരുണ്യംതന്നെയായി മാറിയ ഈശോ നാഥാ . . .

നീതിസൂര്യനായ ഈശോനാഥാ . . .

കർത്താവാണ് എന്റെ ഓഹരിയും, പാനപാത്രവും എന്ന് ജീവിതത്തിലൂടെ പ്രഘോഷിച്ച ചാവറപ്പിതാവിനോടു ചേർന്ന് 3 പ്രാവശ്യം "കർത്താവാണ് എന്റെ ഓഹരിയും പാന പാത്രവും" എന്ന് നമുക്കും ഏറ്റുപറയാം.

# സീനായ്, സെഹിയോൻ, ഗാഗുൽത്താമല

ക്രൂശിത ദർശനത്തിലൂടെ ചാവറപ്പിതാവിന്റെ ദർശനാനുഭവത്തിലേയ്ക്ക് ഉൾപ്രവേശിക്കുവാൻ നാം ശ്രമിക്കുകയായിരുന്നു. ദൈവമഹത്വദർശനത്തിലൂടെ, അവിടുത്തെ സാന്നിധ്യാനുഭവത്തിലൂടെ, ദർശനാനുഭവത്തിന്റെ ആഴങ്ങളിലേയ്ക്കിറങ്ങിച്ചെന്ന് നിത്യസാന്നിധ്യത്തിൽ ഒന്നുചേരുന്ന– മിസ്റ്റിക് അനുഭവം സ്വന്തമാക്കുന്ന–ചാവറപ്പിതാവിനെയാണ് നാം ഇന്നു കണ്ടെത്തുന്നത്. പടിപടിയായി ദൈവസാന്നിധ്യത്തിന്റെ ഉന്നത തലങ്ങളിലേയ്ക്ക് കടന്നുചെല്ലുന്ന ചാവറപ്പിതാവിന്റെ ധ്യാനരീതിയിലേയ്ക്ക് ഈ മണിക്കൂറിൽ നമുക്കു കടന്നുചെല്ലാം.

മല എപ്പോഴും ഏകാന്തതയുടേയും പരിശുദ്ധിയുടേയും സ്ഥലമായിട്ടാണ് ഇസ്രായേൽജനം കണ്ടിരുന്നത്. ദൈവം മോശയ്ക്കും, ഏലിയായ്ക്കും പ്രത്യക്ഷപ്പെട്ടു സംസാരിച്ചതും ദൈവദർശനം നൽകിയതും മലകളിലാണ്. പ്രവാചകന്മാർ മലമുകളിൽ വിശ്രമിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്നു (പുറ. 17/10, 1രാജ. 18/42, 2രാജ. 1/9). ദൈവത്തിൽനിന്നും സഹായം ലഭിക്കുന്നതിനുവേണ്ടി നീതിമാന്മാർ മലമുകളിലേയ്ക്ക് കണ്ണുകളുയർത്തുന്നതായി സങ്കീ. 121/1 മുതലുള്ള വാക്യങ്ങളിൽ പറയുന്നു. താബോറും, ഹെർമോനും ദൈവത്തിന്റെ നാമത്തെ ആഹ്ളാദത്തോടെ പുകഴ്ത്തുന്നതായി സങ്കീ. 89/19–ൽ പറയുന്നു. പിതാവുമായി ആഴമായ ബന്ധത്തിൽ ഏർപ്പെടുന്നതിനും സാന്നിധ്യാനുഭവത്തിൽ ലയിക്കുന്നതിനുമായി ഈശോയും ഉയർന്ന മലകളിലേയ്ക്ക് കയറിപോയിരുന്നതായി സമാന്തരസുവിശേഷകന്മാർ രേഖപ്പെടുത്തിയിട്ടുണ്ട് (മത്താ.14/23, ലൂക്കാ 6/12, 9/28). ഈശോ രൂപാന്തരപ്പെട്ടതു് മലയിൽ വെച്ചാണ് (മത്താ. 17/1–8).

ചാവറപ്പിതാവിനെ സംബന്ധിച്ചിടത്തോളം പ്രാർത്ഥന ദൈവസാന്നിധ്യത്തിലുള്ള ഒന്നുചേരലാണ്. ദൈവസാന്നിധ്യം നിറഞ്ഞുനില്ക്കുന്ന പ്രാർത്ഥനാമുറിയെ–സീനായ്–സെഹിയോൻ–കാൽവരി മലകളായി—അപ്പന്റെ വീടായി—ചാവറപ്പിതാവ് കാണുകയാണ്. ദൈവസാന്നിധ്യത്തിന്റെ നിദർശനങ്ങളായ

ഈ മൂന്നു മലകളെ അതിൻെറ സാഹചര്യങ്ങളോടും പ്രത്യേകത കളോടുംകൂടി പ്രാൎത്ഥനാമുറിയിൽ കാണുന്നു.

## 1. സീനായ്മല

ആദ്യമായി ചാവറപ്പിതാവു് സീനായ് മലയെയാണു് അപ്പൻെറ വീടായി കാണുന്നതു്. ദൈവം ഇസ്രായേൽ ജനവു മായി ഉടമ്പടിബന്ധംമൂലം ഐക്യപ്പെട്ടു് സ്വന്തമാക്കിയ പുണ്യസ്ഥലമാണു് സീനായ്മല. ദൈവം ഇസ്രായേലിൽ ആയിത്തീരാൻ പറഞ്ഞൊപ്പുചെയ്ത സ്ഥലം. ദൈവം അവരെ സ്വന്തം ജനമായി സ്വീകരിച്ചു. അവരുടെ എല്ലാ ജീവിതാനു ഭവങ്ങളിലും അവരുടെകൂടെ നടന്നു. ദൈവം ഇസ്രായേൽക്കാരെ സ്വന്തം കുടുംബത്തിലെ അംഗങ്ങളായി സ്വീകരിച്ചു. ദൈവകുടും ബത്തിലെ അംഗമാകാനുള്ള ആഗ്രഹത്തോടെയാണു് ചാവറ പിതാവും പ്രാൎത്ഥനാമുറിയാകുന്ന സീനായ്മലയിലേയ്ക്കു് കയ റുന്നതു്. തനിക്കും ദൈവമഹത്വദർശനം ലഭിക്കണം. സീനായ് മലയിൽ ദൈവം മഹിമപ്രതാപവാനായി എഴുന്നെള്ളിയ പ്പോൾ ഇസ്രായേൽജനം ഭയപ്പെട്ടു് മലയെ സമീപിക്കാതെ അടിവാരത്തുനിന്നു (ധ്യാനസല്ലാപം പേജ് 25). ദൈവമഹത്വ ദർശനം അവരെ സംബന്ധിച്ചിടത്തോളം ഭീതിജനകമായി രുന്നു.

പ്രാൎത്ഥനയ്ക്കായി തിരുസന്നിധിയിലേയ്ക്കു് കടന്നുചെല്ലു മ്പോൾ അമ്മത്രേസ്യ അനുസ്മരിപ്പിക്കുന്നതു് രണ്ടു് കാര്യങ്ങ ളാണു്. 1. ആരോടാണു് നാം പ്രാർത്ഥിക്കുക. 2. പ്രാൎത്ഥി ക്കുന്ന നാം ആരാണു് എന്ന അവബോധം ഉണ്ടായിരിക്കണ മെന്നു്. ചാവറപ്പിതാവിനു് പ്രാർത്ഥനാമുറിയിലേയ്ക്കു് കടന്നു ചെല്ലുമ്പോൾ അവിടെ എഴുന്നെള്ളിയിരിക്കുന്ന ദൈവത്തിൻെറ പരിശുദ്ധിയെപ്പററി ബോദ്ധ്യമുണ്ടാകുന്നു.

പ്രാർത്ഥനയുടെ ആദ്യഘട്ടത്തിൽ പിതൃസന്നിധിയി ലേയ്ക്കു് കടന്നുചെല്ലുന്ന നമുക്കും ഉണ്ടാകേണ്ട അടിസ്ഥാന മനോ ഭാവം ഇതുതന്നെയായിരിക്കണം. പരമപരിശുദ്ധനായ ദൈവ ത്തിൻെറ മുമ്പിൽ അശുദ്ധമായതിനു് ഒന്നിനും പ്രവേശനമില്ല. ഈ പരമപരിശുദ്ധൻെറ മുമ്പിൽ നില്ക്കുമ്പോഴാണു് യഥാൎത്ഥ ത്തിൽ പ്രാൎത്ഥിക്കുന്ന ഞാൻ ആരാണെന്നുള്ള ബോദ്ധ്യം എനിക്കു ലഭിക്കുക. ദൈവസന്നിധിയിലേയ്ക്കു് കടന്നുവരാനുള്ള ആദ്യ പടിയായ ആത്മാവബോധമാണു് ഇവിടെ ആത്മാവിനു് ലഭി

കുന്നത്ത്. ഏശയ്യ 6/5–ൽ പറയുന്ന ''ഞാൻ അശുദ്ധമായ അധരങ്ങൾ ഉള്ളവനും അശുദ്ധമായ അധരങ്ങളുള്ളവരുടെ മദ്ധ്യേ വസിക്കുന്നവനുമാണ്'''. ഏശയ്യാ പ്രവാചകന് പരമ പരിശുദ്ധനായ ദൈവത്തിൻെറ മുമ്പിൽ നിന്നപ്പോഴുണ്ടായ അതേ അനുഭവമാണ്–പാപബോധമാണ്–ചാവറപ്പിതാവിന് പ്രാർത്ഥനാമുറിയിൽ പ്രവേശിക്കുമ്പോഴും ഉണ്ടാകുന്നത്.

സ്രഷ്ടാവിൻെറ മഹത്വം ദർശിച്ചപ്പോൾ ഏശയ്യാ പ്രവാചകൻ ഭയപ്പെട്ടു. എന്നാൽ ചാവറപ്പിതാവിനെ സംബന്ധിച്ചിടത്തോളം മഹത്വദർശനം അദ്ദേഹത്തിൽ ആദ്യം ഭയമുളവാക്കിയെങ്കിലും ദൈവപിതാവിൻെറ അനന്തമായ കാരുണ്യത്തിൽ ആശ്രയിച്ചുകൊണ്ട് ചാവറപ്പിതാവ് പ്രാർത്ഥനാമുറിയാകുന്ന സീനായ് മലയിലേയ്ക്ക് കടന്നുചെല്ലുന്നു. ദൈവത്തിൻെറ അനന്തകാരുണ്യമാണ്, ദൈവമഹത്വം നിറഞ്ഞുനില്ക്കുന്ന പ്രാർത്ഥനാമുറിയിലേയ്ക്ക് പാപിയായ–അശുദ്ധനായ തന്നെയും അടുപ്പിക്കുന്നത്. സീനായ്മലയിൽ ദൈവത്തിൻെറ താല്ക്കാലിക മഹത്വദർശനമാണ് മോശയ്ക്ക് അനുഭവപ്പെട്ടത്. പഴയ നിയമത്തിൽ ദൈവത്തിൻെറ പരിശുദ്ധിയെപററി ബോധ്യമില്ലാതെ നീങ്ങുന്നവരെ ദൈവം ശിക്ഷിക്കുന്നതായി നാം കാണുന്നു. ഉദാ: 2 സാമു. 6/6–7–ൽ ദൈവത്തിൻെറ പേടകത്തെ അനാചാരമായി തൊട്ടപ്പോൾ ഉസ്സാ മരിച്ചു വീഴുന്നതായി നാം കാണുന്നു.

നാം പ്രാർത്ഥിക്കാനായി പ്രാർത്ഥനാമുറിയിലേയ്ക്ക് കടന്നുചെല്ലുമ്പോൾ ദൈവത്തിൻെറ പരിശുദ്ധിയേയും അവിടുത്തെ സാന്നിധ്യത്തേയുംപററിയുള്ള ബോധ്യം നമുക്കുണ്ടോ? ആസാന്നിധ്യത്തിൻെറ മുമ്പിൽ വേണ്ടത്ര ഭയഭക്തിയോടെ ആയിരിക്കുവാൻ നമുക്കു സാധിക്കുന്നുണ്ടോ? ദൈവത്തിൻെറ കാരുണ്യം നിറഞ്ഞ സ്നേഹം പ്രാർത്ഥനാമുറിയാകുന്ന സീനായ് മലയിലേയ്ക്ക് എന്നെ ആകർഷിക്കുന്ന അനുഭവം എനിക്കുണ്ടോ? ചാവറപ്പിതാവിന് സീനായ്മല മഹത്വത്തിൻെറ വീടും നീതിയുടെ വീടും സ്തുതിയുടേയും കാരുണ്യത്തിൻേറയും വീടുമായിരുന്നു. പ്രാർത്ഥനാമുറി നമുക്കും ഈ അനുഭവം പകർന്നുതരുമ്പോഴാണ് നാമും ദൈവത്തിന് സ്തുതി അർപ്പിക്കുന്നവരും അവിടുത്തെ കാരുണ്യം പാടിപ്പുകഴ്ത്തുന്നവരും ആയിത്തീരുന്നത്.

## 2. സെഹിയോൻമല

പ്രാർത്ഥനയുടെ അടുത്ത ഘട്ടത്തിൽ ചാവറപ്പിതാവിനെ സംബന്ധിച്ചിടത്തോളം പ്രാർത്ഥനാമുറി ദൈവം വസിക്കുന്ന സെഹിയോൻ മലയാണ്. [ഇവിടെ ജെറുസലം ദേവാലയം സ്ഥിതിചെയ്യുന്നു. അതുകൊണ്ടാണ് സെഹിയോൻമലയ്ക്കും ജെറുസലംപട്ടണത്തിനും പ്രാധാന്യം ലഭിക്കുന്നത്.] ദൈവകാരുണ്യത്തിന്റെ നിത്യവസതിയാണ്. ദൈവകാരുണ്യത്തിന്റെ മുമ്പിൽ കടന്നുവന്നപ്പോഴും ചാവറപ്പിതാവിന്, തന്നെ പരിധിയില്ലാതെ സ്നേഹിക്കുന്ന അപ്പന്റെ സാന്നിധ്യം അനുഭവപ്പെടുന്നു. ഈ പിതൃസാന്നിധ്യം ഈശോ വാഴുന്ന പുതിയ സെഹിയോൻ മലയുടെ അനുഭവത്തിലേയ്ക്ക് ചാവറപ്പിതാവിനെ നയിക്കുന്നു. ചാവറപ്പിതാവ് പ്രാർത്ഥനാമുറിയിൽ സീനായ്മലയും സെഹിയോൻമലയും ഒന്നിച്ചുകാണുന്നു. അവിടെ സ്വർഗ്ഗീയ മഹത്വത്തിന്റെ ഭൂമിയിലെ അനുഭവം. ദൈവദർശനം ലഭിക്കുന്നു. ഈശോതന്നെയാണ് ആ സെഹിയോൻ മല. വെളി. 21/3-ൽ പറയുന്നു "ഇതാ ദൈവത്തിന്റെ കൂടാരം മനുഷ്യരോടുകൂടെ. അവിടുന്ന് അവരോടൊത്ത് വസിക്കും. അവർ അവിടുത്തെ ജനമായിരിക്കും." ഈ അനുഭവം, ചാവറപ്പിതാവിന് പ്രാർത്ഥനാമുറിയിൽ ഉണ്ടാകുന്നു. ഈശോയോട് ഒന്നിച്ചുവാഴുന്ന അനുഭവം. സീനായ് മലയിൽ ദൈവത്തിന്റെ മഹത്വവും തന്റെ പാപാവസ്ഥയും ദർശിച്ച പിതാവ് സെഹിയോൻ മലയാകുന്ന പ്രാർത്ഥനാമുറിയിൽ കാരുണ്യം തന്നെയായ ഈശോയോടൊന്നിച്ച് വാഴുകയാണ്. മനുഷ്യാത്മാവ് ദൈവാത്മാവിൽ ഒന്നുചേരുന്ന-വിലയം പ്രാപിക്കുന്ന അനുഭവം-ഇതാണ് പ്രാർത്ഥന. നമ്മുടെ പ്രാർത്ഥനയിലും ഈ ഒന്നുചേരലാണ്-ഒന്നിച്ചുള്ള സഹവാസമാണ് സംഭവിക്കേണ്ടത്. ദൈവകാരുണ്യത്തിന്റെ മുമ്പിൽ നീണ്ട മണിക്കൂറുകൾ ധ്യാനനിരതനായിരുന്ന ചാവറപ്പിതാവിനെ സംബന്ധിച്ചിടത്തോളം പ്രാർത്ഥന, ഈശോയുടെ സ്നേഹം ആഴത്തിൽ രുചിച്ചറിയുന്ന നിമിഷങ്ങളായിരുന്നു. ഈശോയും ഞാനുമായി ഒന്നുചേരുന്ന സ്നേഹസഹവാസത്തിന്റെ നിമിഷങ്ങളാണോ എന്റെ പ്രാർത്ഥനാമണിക്കൂറുകൾ.

ഹെബ്രാ.12/18-22-സീനായ്മലയിൽ ദൈവമഹത്വം ദൃശ്യമായപ്പോൾ അടുത്തുചെല്ലാൻ ജനം ഭയപ്പെട്ടു. മലയെ

സമീപിക്കുന്നതു് ഒരു മൃഗമാണെങ്കിൽപോലും അതിനെ കല്ലെറിയണമെന്ന കല്പന അവക്ക് ദുസ്സഹമായി. എന്നാൽ ഇവിടെ ഈ സെഹിയോൻ മലയിൽ ചാവറപ്പിതാവ് ദർശിക്കുന്നതു് പുതിയ ഉടമ്പടിയുടെ മദ്ധ്യസ്ഥനായ ഈശോയുടെ സാന്നിധ്യമാണു്. അതു് ജീവിക്കുന്ന ദൈവത്തിന്റെ നഗരമാണു്. ആ മലയിലേയ്ക്കു് നാം കടന്നുചെല്ലുമ്പോൾ ഈശോയുടെ ദിവ്യസാന്നിധ്യം നമുക്ക് ജീവൻ പ്രദാനം ചെയ്യും.

ജെറുസലം ദേവാലയം ദൈവത്തിന്റെ നീതിയുടെ സിംഹാസനമാണു്. മഹത്വത്തിന്റെ സിംഹാസനമാണു്. ആ മഹത്വ സിംഹാസനത്തിൽ എഴുന്നെള്ളിയിരിക്കുന്ന ഈശോ എനിക്കു് മനോഗുണം ചെയ്യാനും എന്നെ രക്ഷിക്കാനും എനിക്കു വേണ്ടതൊക്കെ തരാനും വേണ്ടി കാരുണ്യപൂർവ്വം എന്നിൽ എഴുന്നെള്ളിയിരിക്കുകയാണു് (ധ്യാനസല്ലാപം പേജ് 34). ഏശയ്യ 42/2–3-ൽ പറയുന്ന "അവൻ വിലപിക്കുകയോ സ്വരമുയത്തുകയോ ഇല്ല. തെരുവീഥിയിൽ ആ സ്വരം കേൾക്കുകയുമില്ല. ചതഞ്ഞ ഞാങ്ങണ അവൻ മുറിക്കുകയില്ല. മങ്ങിയതിരി കെടുത്തുകയുമില്ല." അവൻ വിശ്വസ്തതയോടെ നീതിപുലത്തും. ചതഞ്ഞകോലിനെ തകർക്കാതെ, മങ്ങികെടാറായിരിക്കുന്നതിനെ, കത്തിക്കുന്നവനാണു് എന്റെ ദൈവം. പാവങ്ങളോട് കരുണ കാണിക്കുന്ന, വിശ്വസ്തതയോടെ നീതിപുലർത്തുന്ന, മനോഗുണമുള്ള ക്ഷമയോടുകൂടിയ എന്റെ അപ്പനാണു് സെഹിയോൻ മലയിൽ നീതിയുടെ സിംഹാസനത്തിൽ എഴുന്നെള്ളിയിരിക്കുന്നതു് (ധ്യാനസല്ലാപം പേജ് 36).

സ്വർഗ്ഗീയ ജെറുസലേമിൽ നടക്കുന്നതു് കീർത്തനങ്ങളുടേയും സ്തുതികളുടേയും പ്രഘോഷണമാണു് (വെളി. 4/8–10). ഈശോയാണ് പുതിയ ജെറുസലം ദേവാലയം. ആ ദേവാലയത്തിൽ ദൈവത്തിന്റെ പരിശുദ്ധിയാണ് എപ്പോഴും പ്രകീർത്തിക്കപ്പെടുക. "നമ്മുടെ ദൈവത്തിനു് മഹത്വവും ജ്ഞാനവും കൃതജ്ഞതയും, ബഹുമാനവും, അധികാരവും, ആധിപത്യവും എന്നേയ്ക്കുമുണ്ടായിരിക്കട്ടെ" (വെളി. 7/12). പ്രാർത്ഥനയിൽ ഈശോയുമായി ഒന്നുചേർന്നിരിക്കുന്ന ആത്മാവിൽനിന്നും നിർഗ്ഗളിക്കേണ്ട സ്തുതിയുടെ ഗീതമാണ് ഈ വചനം നമ്മെ ഓർമ്മിപ്പിക്കുന്നതു്. പ്രാർത്ഥനയിൽ ഈശോയുമായി ഒന്നിച്ചിരുന്ന ചാവറപ്പിതാവിന്റെ ജീവിതം മുഴുവൻ നിരന്തരം, നന്ദിയുടേയും

സ്തുതിയുടേയും ഒരു കീർത്തനം തന്നെയായിരുന്നു. പ്രാർത്ഥനയുടെ പരിശുദ്ധ നിമിഷത്തിൽ ഈശോയുമായി ഒന്നിച്ചിരിക്കുന്ന നമ്മിലും നടക്കേണ്ടതു് ദൈവസ്തുതികളും സ്തുതിയുടെ ജീവിതവുമാണ്.

## കാൽവരി

ദൈവസായൂജ്യം ലക്ഷ്യമാക്കി നടന്നുനീങ്ങിയ ചാവറപിതാവ് പ്രാർത്ഥനയുടെ പരിശുദ്ധ നിമിഷങ്ങളിൽ ദൈവസായൂജ്യത്തിന്റെ മധുരിമ അതിന്റെ തീവ്രതയിൽ അനുഭവിച്ചറിയുന്നതായിട്ടാണ് നാം കാണുന്നത്. ദൈവത്തിന്റെ സാന്നിധ്യം പൂർണ്ണമായും നിറവേറിയതു് ഈശോയിലാണ്. ചാവറപിതാവിന് പ്രാർത്ഥനാമുറി ഗാഗുൽത്താമലയാണ്, വിവാഹപന്തലാണ്, മഹത്വത്തിന്റെ മണവറയാണ്. വെളി. 21/2-ൽ പ്രതിപാദിക്കുന്നതുപോലെ പുതിയ ജറുസലേം മണവാളനുവേണ്ടി അണിഞ്ഞൊരുങ്ങിയ മണവാട്ടിയെപ്പോലെയാണ്. ഗാഗുൽത്താമല സ്വർഗ്ഗീയ സെഹിയോൻതന്നെയാണ്. ഗാഗുൽത്താമലയാകുന്ന വിവാഹപന്തലിലേയ്ക്കുള്ള ഗമനത്തിൽ ഞാനും അങ്ങയെ അനുഗമിക്കും. എന്നെയും നിന്റെ മണവാട്ടികളുടെ കൂട്ടത്തിൽ ചേർക്കണം. മണവാളനോടൊപ്പം കുരിശാകുന്ന മണവറയിൽ പ്രവേശിക്കാനുള്ള അനുഗ്രഹത്തിനായി യാചിക്കുകയാണ് അദ്ദേഹം. സഹനം മഹത്വത്തിന്റെ നിമിഷമായി ചാവറപ്പിതാവ് കാണുന്നു. വളരെയേറെ ആഘോഷമായി അണിഞ്ഞൊരുങ്ങിയാണ് മണവാളൻ മണവറയിലേയ്ക്കു പോകുന്നതു്. "കനമേറിയ സ്വർണ്ണമാലയും അരയിൽ കെട്ടിയിരിക്കുന്ന പൊൻപീത്തയും . . . പാട്ടുവായനയും." അങ്ങനെ പോകുന്ന മണവാളന്റെ കൂടെപോകുവാൻ എന്നേയും നിന്റെ മണവാട്ടികളുടെ കൂടെ ചേർക്കണമെ എന്നാണ് ചാവറപ്പിതാവ് പ്രാർത്ഥിക്കുന്നതു് (ധ്യാനസല്ലാപം പേജ് 22-23) സ്നേഹമേറുന്ന മണവാളനെ ദർശിക്കാൻ സെഹിയോൻ പുത്രിമാരോട് പറയുന്നു (ആത്മാ. 8/70-71). കുരിശാകുന്ന മണവറയിലേയ്ക്കു് നടന്നടുക്കുന്ന മണവാളനെ കാണുക, ദർശിക്കുക എന്നതാണ് സെഹിയോൻ സുന്ദരി പുത്രിമാരുടെ ധ്യാനം. ആത്മാ. 8/74-80-ൽ വീണ്ടും പറയുന്നു: "സ്നേഹപാത്രമായ ഉത്തമമണവാട്ടി, മണവാളനെ കണ്ടു് ആസ്വദിച്ചു് അനുയാത്രചെയ്തു് മണവാളനോടുകൂടി വിവാഹപന്തലിലേയ്ക്കു് പ്രവേശിക്കുക, സ്നേഹ

വാമിനി ഓരോന്നും സൂക്ഷിക്കുക, മണവാളന്റെ ഭംഗിയും, സൗന്ദര്യവും ആസ്വദിക്കുക. ആഭരണവും വസ്ത്രവും കിരീടവുമെല്ലാം സ്നേഹത്തോടെ വീക്ഷിക്കുക". അതിന് മണവാളന്റെ സ്നേഹപാത്രമാകണം. മണവാളൻ പറയുന്നു: നിന്നോടുള്ള സ്നേഹത്തെപ്രതിയാണ് ഞാനിതെല്ലാം അണിഞ്ഞിരിക്കുന്നതെന്ന്.

ചാവറപ്പിതാവിന് പ്രാർത്ഥനാമുറിയാകുന്ന കാൽവരി ഇങ്ങനെയുള്ള മണവാളന്റെ ദർശനവും മണവറയിലേയ്ക്കുള്ള പ്രവേശനവുമാണ്. പ്രാർത്ഥനയിൽ ദൈവൈക്യത്തിലേയ്ക്ക് ഉയരുന്ന ആത്മാവ് ഈശോയുടെ സാന്നിധ്യാനുഭൂതിയിൽ ലയിച്ചിരുന്നതുകൊണ്ടുമാത്രം തൃപ്തിപ്പെടുന്നില്ല. ഈശോയെ പോലെ ആയിത്തീരാനുള്ള ആഗ്രഹംകൊണ്ട് ഈശോയെ പോലെ സഹിക്കുവാനും കുരിശുചുമക്കുവാനും ആഗ്രഹിക്കുന്നു. സഹനം അവൾക്ക് മഹത്വമാണ്. സഹനത്തിലൂടെ സ്വയം വിശുദ്ധീകരണത്തിന് തയ്യാറാകുന്നു. ആത്മാവിലെ പാപക്കറകളെല്ലാം കഴുകി വെടിപ്പാക്കുന്നു. തുടർന്ന് അവൾ പറയുന്നു "എന്നെകൊണ്ടുപോവുക, നമുക്ക് വേഗം പോകാം" (ഉത്തമ ഗീതം 1/4) ആത്മാവ് ആവേശത്തോടെ കുരിശിനെ ആഞ്ഞു പുൽകുവാൻ ആഗ്രഹിക്കുകയാണിവിടെ. വിശ്വസ്തയായി നിലകൊള്ളുന്ന ആത്മാവിനെ സ്വർണ്ണാഭരണങ്ങൾ അണിയിക്കുന്നതായി ഉത്ത. 1/11-ൽ നാം വായിക്കുന്നു. മണവാളൻ മണവാട്ടിക്ക് കൊടുക്കുന്ന ആഭരണങ്ങൾ എന്തൊക്കെയാണെന്ന് അമ്മ ത്രേസ്യ ആഭ്യന്തരഹർമ്മ്യം 6-ാം സദനത്തിൽ വ്യക്തമാക്കുന്നു.

1. ദൈവമഹത്വത്തെക്കുറിച്ചുള്ള ദർശനം
2. സ്വന്തം ആത്മീയാവസ്ഥയെക്കുറിച്ചുള്ള ബോധവും താഴ്മയും
3. ലോകവസ്തുക്കളോടുള്ള അതിയായ അവജ്ഞ.

ഇങ്ങനെയുള്ള ആഭരണങ്ങളണിഞ്ഞാണ് മണവാളനോടൊപ്പം മണവറയിലേയ്ക്ക് പ്രവേശിക്കുക.

പ്രാർത്ഥനാമുറിയാകുന്ന ഗാഗുൽത്താമലയിൽ മണവാളനോടൊന്നിച്ചിരിക്കുന്ന ചാവറപ്പിതാവ് മണവാളന് അനുയോജ്യമായ വധുവായിത്തീരുവാൻ, സഹനത്തിൽ അവിടുത്തോട് ഒന്നായിത്തീരുവാൻ അത്യുൽക്കടമായി ആഗ്രഹിക്കുന്ന ഈ അനുഭവത്തിലേയ്ക്കാണ് പ്രാർത്ഥന നമ്മെയും എത്തിക്കേണ്ടത്.

സഹനത്തിൽനിന്നും ഒഴിഞ്ഞുമാറുകയല്ല, സഹനത്തെ ആഞ്ഞുപുൽകി ഗാഗുൽത്തായാകുന്ന മണവറ തന്നിൽത്തന്നെ രൂപീകരിക്കുവാൻ ആത്മാവു് ആഗ്രഹിക്കുകയാണു്.

ചാവറപ്പിതാവിനെ സംബന്ധിച്ചിടത്തോളം കുരിശാകുന്ന മണവറ തന്നിൽത്തന്നെ തീർക്കുവാനുള്ള ഒടുങ്ങാത്ത ദാഹമായിരുന്നു, അതിനുള്ള തീവ്രശ്രമമായിരുന്നു പ്രാർത്ഥന. നമ്മുടെ പ്രാർത്ഥനാനിമിഷങ്ങളിലും ഇതുതന്നെയാണു് നടക്കേണ്ടതു്. ഈ അവസ്ഥയിൽ എത്തിയ ആത്മാവു് ദൈവമഹത്വത്തിനു് നിരക്കാത്തതെല്ലാം ബോധപൂർവ്വം ഉപേക്ഷിക്കും. ജീവിതകടമകൾ നിറവേറ്റുന്നതു് നിർബന്ധത്തിന്റെ പേരിലല്ല, സ്നേഹത്തിന്റെ പേരിലാണു്. ദൈവവുമായി ഒന്നുചേർന്നു് നിരന്തരം ആ സാന്നിധ്യത്തിൽ കഴിയാനാണു് അവൾ ആഗ്രഹിക്കുക. ഈശോയുടെ സഹനത്തിൽ പങ്കുചേർന്നു്, കാൽവരിയിലെ അനുഭവങ്ങളെല്ലാം സ്വന്തമാക്കുവാനുള്ള തീവ്രശ്രമം. എന്റെ ജീവിതാനുഭവങ്ങളുടെ മദ്ധ്യത്തിലേയ്ക്കും കടന്നുവന്നു് കർത്താവായ ഈശോയെ എന്നിൽ ഒന്നുചേരുകയെന്നു് അവൾ ആത്മാർത്ഥമായി പ്രാർത്ഥിക്കും. പ്രിയന്റെ തണലിലായിരിക്കുന്ന പ്രിയതമയെപ്പോലെ നിരന്തരം ആ സാന്നിധ്യാനുഭവത്തിൽ കഴിയുക, അതാണു് അവളുടെ ലക്ഷ്യം.

പ്രാർത്ഥനാമുറിയാകുന്ന സീനായ്മലയിൽ ഉടമ്പടിയുടെ പുത്രിയായി നിലകൊണ്ട അവൾ പുതിയ സെഹിയോൻ മലയിലേയ്ക്കു കടക്കുമ്പോൾ സാന്നിധ്യത്തിന്റെ പുത്രിയായി മാറുന്നു. തുടർന്നു് കാൽവരിയിലേയ്ക്കു് അവൾ ഉൾപ്രവേശിക്കുമ്പോൾ സഹനത്തിലൂടെ ദൈവമഹത്വം സ്വന്തമാക്കി വരനോടൊന്നിച്ചു് വാഴുന്ന ആഘോഷത്തിന്റെ പുത്രിയായി മാറുകയാണു്. ഉന്നതമായ ഈ ദൈവസാന്നിധ്യാനുഭവം സ്വന്തമാക്കാനുള്ള തീവ്രമായ ദാഹത്തോടെ നമുക്കു് തിരുസ്സന്നിധിയിലേയ്ക്കു് കടന്നുചെല്ലാം.

കൃപ: പ്രാർത്ഥനയിൽ ദൈവീകസഹവാസം ആഴത്തിൽ അനുഭവിക്കാനുള്ള കൃപ.

സുകൃതം: 1. കർത്താവെ ഈ പ്രാർത്ഥനാമുറിയിൽ എന്നെ കാണിപ്പാനായി എഴുന്നെള്ളി ഇരിക്കയിൽ മഹാപാപിയായ ഞാൻ എങ്ങനെ ഭയംകൂടാതെ ഇതിൽ കരേറും.

(ധ്യാന. സ. പേജ് 25)

2 ഞാൻ ഈ ധ്യാനഗിരി എന്ന മലയിൽ കയറുവാൻ ഭയപ്പെട്ടു നിന്ന ഇസ്രായേൽ ജനത്തെപ്പോലെ ഈ വാതിൽ കടക്കാതെ ഭയപ്പെട്ട് നിൽക്കാൻതന്നെ ന്യായം.

(ധ്യാന. സ. പേജ് 25)

വായനകം:

| | | | |
|---|---|---|---|
| സങ്കീ. | 121/1 | വെളി. | 21/3 |
| പുറ. | 17/10 | ,, | 4/8–13 |
| ലൂക്കാ | 6/12 | 1 രാജ. | 18/42 |
| ,, | 9/28 | 2 രാജ. | 1/9 |

2സാമു. 6/6–7

ധ്യാനസല്ലാപം പേജ് 22-26

,, ,, 33

,, ,, 36–38

,, ,, 50

ആത്മാനുതാപം VIII/70–84

സല്ലാപചിന്തകം 2

## മടിത്തട്ടും തിരുക്കുടുംബദർശനവും

ചാവറപ്പിതാവിന്റെ വ്യക്തിത്വത്തിൽ വളരെ ആഴമായി പതിഞ്ഞ ഒന്നായിരുന്നു കുടുംബദർശനമെന്ന് നാം കണ്ടു കഴിഞ്ഞു. അദ്ദേഹത്തിന് ഈ പ്രപഞ്ചം മുഴുവനും ഒരു കുടുംബമാണ്. എല്ലാററിന്റേയും അതിനാഥനായ ദൈവം സ്വന്തം അപ്പനാണ്. ഇതു് അദ്ദേഹത്തിനൊരു മൗതീകാനുഭവമായിരുന്നു. ഈ കാഴ്ചപ്പാടിലാണ് സീനായ് മലയും സെഹിയോൻ മലയും ഗാഗുൽത്താമലയും അപ്പന്റെ വീടായിക്കാണുന്നതു്. പ്രാർത്ഥനാമുറിയിൽ ഈ മൂന്നു മലകളിലേയും സാന്നിദ്ധ്യം ഒന്നിച്ചനുഭവിച്ച്, അപ്പന്റെ ഭവനത്തിലായിരിക്കുന്നതിന്റെ മാധുര്യം നുകരുന്ന ചാവറപ്പിതാവിനെയാണ് കഴിഞ്ഞ ധ്യാനത്തിൽ നാം ദർശിച്ചതു്. നമ്മുടെ പുണ്യപിതാവിനോടൊപ്പം നാമും ആ സ്നേഹസഹവാസത്തിൽ ആയിരിക്കുകയായിരുന്നു. ഈ ധ്യാനമണിക്കൂറിൽ നമ്മുടെ ഉള്ളിന്റെ ഉള്ളിലുള്ള ദൈവികാധിവാസത്തിന്റെ (Indwelling Presence) ആഴമായ അനുഭവത്തിലേയ്ക്ക് കടന്നുവരുവാനുള്ള കൃപ നമുക്ക് യാചിക്കാം.

പ്രാർത്ഥനാമുറിയിൽ താൻ അനുഭവിച്ച ദൈവീകസാന്നിധ്യത്തിലും, സഹവാസത്തിലും ദിവസത്തിന്റെ 24മണിക്കൂറും ആയിരിക്കുവാൻ ചാവറപ്പിതാവ് ആഗ്രഹിച്ചു. പക്ഷെ താൻ എപ്പോഴും മലയിലായിരിക്കേണ്ടവനല്ല, താഴ്‌വരയിലേയ്ക്കിറങ്ങണം. മലയിലെ ഈ സാന്നിധ്യാനുഭവം, അലൗകികമായ ആനന്ദം, താഴ്‌വരയിൽ, അന്ധകാരത്തിലും, ദുഃഖത്തിലും കഴിയുന്ന ദൈവമക്കളിലേയ്ക്ക് പകരണം. അവരും ദൈവമക്കളാണെന്ന ബോദ്ധ്യം നൽകി, ആ വലിയ സന്തോഷത്തിൽ ഉൾചേർക്കണം.

## ദൈവികാധിവാസം (Indwelling Presence) യാഥാർത്ഥീകരിക്കാനുള്ള അന്വേഷണം

ദൈവീക സാന്നിധ്യം ഉള്ളിൽ നിരന്തരം അനുഭവിച്ചറിയാനും, ആ സാന്നിധ്യത്തിൽ വ്യാപരിക്കാനുമുള്ള അടങ്ങാത്ത ദാഹം ചാവറപ്പിതാവിനുണ്ടായി. തന്റെ ഹൃദയം ദൈവത്തിന് വന്ന് വസിക്കാൻ യോഗ്യമായ ഭവനമായി തീരണം. തന്റെ ഹൃദയമാകുന്ന ഗുഹയിൽ ദൈവത്തെ കുടിയിരുത്തണം. ത്രിത്വാത്മക സ്നേഹത്തിൽ നിരന്തരം വസിക്കണം. ഇതെങ്ങിനെ സാധിക്കുമെന്ന് ചിന്തിക്കുന്നു. ഈ വ്യഗ്രത ഒരു ജ്വരമായി പകരുകയാണ്.

അദ്ദേഹത്തിന്റെ ഈ അന്വേഷണം തിരുവചനങ്ങളിലെത്തി നിന്നു. അവിടെ ഈശോ സക്കേവൂസിന്റേയും, ബഥനിയായിലെ മർത്തായുടേയും മറിയത്തിന്റേയുമെല്ലാം വീട്ടിൽ പാക്കുന്നതായി കണ്ടു. ആഘോഷമായ പുണ്യനേരങ്ങളിൽ പലരും ഓർമ്മയാൽ കർത്താവിനെ ഹൃദയത്തിൽ പാർപ്പിക്കുന്നു. ആഘോഷമില്ലാത്തപ്പോൾ ഓർക്കുന്നില്ല. ചാവറപ്പിതാവ് എപ്പോഴും ഈശോയെ തന്റെ ഹൃദയത്തിൽ പാർപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. എന്നാൽ താൻ പാപിയാണ് എന്ന ചിന്ത അദ്ദേഹത്തെ ആഴമായി സ്പർശിക്കുന്നു. തന്റെ അയോഗ്യതയിൽ മഗ്ദലനാമറിയത്തെ കൂട്ടുപിടിച്ച് ഈ പാവപ്പെട്ട സഖിയുടെ ഹൃദയത്തിൽ കർത്താവിനെ കൂട്ടിക്കൊണ്ടുവരണമെ എന്ന് പ്രാർത്ഥിക്കുന്നു. (ധ്യാനസല്ലാപം പേജ് 41)

ഈശോയെ തന്റെ ഹൃദയമാകുന്ന ഭവനത്തിലേയ്ക്ക് കൂട്ടിക്കൊണ്ടുവരുമ്പോൾ അവിടുത്തേയ്ക്ക് യോഗ്യമായ ഒരിരിപ്പിടം കൊടുക്കാനില്ല എന്ന സത്യം അദ്ദേഹത്തെ വേദനിപ്പി

ക്കുന്നു. ഇതിനായി വി. അമ്മത്രേസ്യാ, 3 മറിയം അമ്മമാർ ഇവരുടെ ഹൃദയ ഇരിപ്പിടങ്ങൾ അപേക്ഷിക്കുന്നു. ഇവരുടെ എല്ലാവരുടേയും വീടുകളിലുണ്ടായിരുന്ന ചമയങ്ങളായ ആഭരണങ്ങൾ ഒക്കെയുംകൊണ്ട് തന്റെ പാവപ്പെട്ട ഹൃദയമാകുന്ന വീടിനെ അലങ്കരിക്കണമെന്നും പ്രാർത്ഥിക്കുന്നു. ഇങ്ങനെ തന്റെ ഇല്ലായ്മയിൽ വിശുദ്ധരുടെ കുടുംബത്തെ കൂട്ടുപിടിച്ച്, ദൈവത്തിന്റെ കരുണയിലും സ്നേഹത്തിലും പ്രത്യാശവെച്ച്, അവിടുത്തെ തന്നിൽ കുടിപാർപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്.

"എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുത്തുവന്നു അവനിൽ വാസമുറപ്പിക്കുകയും ചെയ്യും" (യോഹ. 14/23). ദൈവവചനം ഹൃദയത്തിൽ സ്വീകരിച്ച്, വചനബദ്ധമായ ജീവിതംനയിച്ച പരി. അമ്മ ദൈവപിതാവിന് പ്രിയപ്പെട്ടവളായിരുന്നു. പരി. ത്രിത്വം ഏററവും അധികം സന്തോഷത്തോടെ വാസം ചെയ്ത മനുഷ്യഹൃദയം പരി. അമ്മയുടേതാണ്. അതുകൊണ്ട് മാതാവിന്റെ മടിത്തട്ട തന്നെയാണ് ഈശോയ്ക്ക് ഏററവും പററിയ ഇരിപ്പിടമെന്ന് അദ്ദേഹം കണ്ടുപിടിച്ചു. "ഇതാ എന്റെ ഹൃദയം തുറന്നിരിക്കുന്നു നിനക്കെത്രയും ഇഷ്ടമുള്ള ദേവമാതാവിന്റെ തിരുമടിയെ എന്റെ ഹൃദയത്തിൽ ഞാൻ വച്ചിരിക്കുന്നു. ഇതിൽ നീ എഴുന്നള്ളി ഇരിക്കണമെ" (ധ്യാനസല്ലാപം പേജ് 43). മാതാവിന്റെ മടിത്തട്ട് തന്റെ ഹൃദയത്തിൽ വയ്ക്കണം എന്നതുകൊണ്ട് ചാവറപ്പിതാവ് ഉദ്ദേശിക്കുന്നത് തന്റെ ഹൃദയം മാതാവിന്റേതുപോലെ പരിശുദ്ധമാകണം, നിർമ്മലമാകണം എന്നതാണ്. ഇതിനായി അമ്മയുടെ സഹായവും സാന്നിദ്ധ്യവും കാംക്ഷിക്കുകയാണ്.

## മടിത്തട്ട്

വി. ഗ്രന്ഥത്തിൽ പലയിടത്തും മടിത്തട്ടിനെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. അബ്രാഹത്തിന്റെ മടിത്തട്ടിലാണ് നീതിമാന്മാർ സ്വർഗ്ഗം കണ്ടെത്തിയിരുന്നത്. അത് അവരുടെ വിശ്രമസ്ഥലമാണ്. സന്തോഷവും സമാധാനവുംകൊണ്ട് തെളിഞ്ഞിരിക്കുന്ന സ്ഥലമാണ്. ലൂക്ക 16/22-25-ൽ ദൈവദൂതന്മാർ ലാസറിനെ മരണശേഷം അബ്രാഹത്തിന്റെ മടിയിലേയ്ക്ക് സംവഹിക്കുകയും അവൻ അവിടെ ആനന്ദിക്കുകയും

ചെയ്യു എന്ന് വായിക്കുന്നുണ്ട്. നാഥാൻ പ്രവാചകൻ ദാവീദിനോട് ഒരു പെണ്ണാട്ടിൻകുട്ടി മാത്രമുണ്ടായിരുന്ന ഒരു ദരിദ്രന്റെ കഥ പറയുന്നുണ്ട്. ദരിദ്രൻ ആ ആട്ടിൻകുട്ടിയെ ലാളിച്ച് വളർത്തി, അത് അവന്റെ മടിയിലുറങ്ങി. അവന് അത് മകളെപ്പോലെയായി എന്ന് പറയുന്നു (2 സാമുവൽ 12/1–4).

മക്കളുടെ അഥവാ ഏററവും പ്രിയപ്പെട്ടവരുടെ സ്ഥാനമാണ് മടി. കുഞ്ഞിന് അമ്മയുടെ മടിത്തട്ട് ഏററവും പ്രിയങ്കരമാണ്. "മാതാവിന്റെ മടിയിൽ ശാന്തനായി ഉറങ്ങുന്ന കുഞ്ഞിനെപ്പോലെ ഞാൻ എന്നെത്തന്നെ ശാന്തനാക്കി"(സങ്കീ. 130/2). "അവിടുന്ന് നിന്നെ മടിയിലിരുത്തി ലാളിക്കും. അമ്മയെപ്പോലെ നിന്നെ ആശ്വസിപ്പിക്കും" (ഏശ. 66/12–13). ഗാഢമായ ബന്ധത്തേയും മൈത്രിയേയുമാണ് 'മടിത്തട്ട്' എന്ന ആശയം സൂചിപ്പിക്കുന്നത്.

ദൈവപിതാവുമായി ഗാഢബന്ധം പുലർത്തിയിരുന്ന പുത്രനായ ഈശോയുടെ ഏററവും പ്രിയപ്പെട്ട സ്ഥലമായിരുന്നു പിതാവിന്റെ മടിത്തട്ട് (യോഹ. 1/18). ഈ മടിത്തട്ടിൽനിന്നാണ് അവിടുന്ന് ഭൂമിയിലേയ്ക്കിറങ്ങിയത്. ഈ പിതാവിന്റെ മടിത്തട്ടിലാണ് നാമും ഈശോയോടൊപ്പം പരി. ആത്മാവിൽ ഒന്നിച്ചിരിക്കേണ്ടത്–ഇതാണ് സ്വർഗ്ഗം. ഈ സ്വർഗ്ഗം തന്റെ ഹൃദയമാകുന്ന ഭവനത്തിൽ അനുഭവിക്കാൻ ചാവറ പിതാവ് ആത്മാർത്ഥമായി പരിശ്രമിച്ചു.

## മാതാവിന്റെ മടിത്തട്ട്

ഈ ഭൂമിയിൽ ഈശോയ്ക്ക് ഏററവും ഇഷ്ടപ്പെട്ട സ്ഥലം മാതാവിന്റെ മടിത്തട്ടാണ്. പിതാവിന്റെ മടിത്തട്ടിന്റെ ഈ ഭൂമിയിലെ കാണപ്പെട്ട രൂപമാണ് മാതാവിന്റെ മടിത്തട്ട്. ഈശോ ജനിച്ചതും ജീവിച്ചതും ഈ മടിത്തട്ടിലാണ്. ഈശോയെ സ്നേഹിച്ചിരുത്തിയതും (ആത്മാനു. 2/231) ആദരിച്ചിരുത്തിയതും, ഈശോ പള്ളിയുറക്കം നടത്തിയതും മാതാവിന്റെ മടിയിലാണ് (ആത്മാനു. 2/248). കുരിശിൽനിന്നിറക്കിയ ഈശോയുടെ തിരുശരീരം കെട്ടുകളഴിച്ച് കിടത്തിയതും, ചുംബനങ്ങൾ അർപ്പിക്കപ്പെട്ടതും ഈ തിരുമടിയിൽവച്ചാണ് (ആത്മാനു. 11/13). അവിടെയാണ് ഈ ഭൂമിയിൽ ഈശോയ്ക്ക് ഏററവുമധികം സന്തോഷവും സാക്ഷാത്കാരവും ലഭിച്ചത്. ഇപ്രകാരമുള്ള തിരുമടി തന്റെ ഹൃദയത്തിൽ ഇരിക്കുന്നതിനാൽ

ഈശോ അവിടെ നിത്യമായി വസിച്ചുകൊള്ളും' എന്ന് ചാവറപിതാവ് ഉറച്ചു. അപ്പോൾ ഈശോ ഒരിക്കലുംതന്നെ പിരിയുകയില്ല. സ്നേഹത്തിൽ ഒന്നായിരിക്കുന്ന അനുഭവം സ്ഥായിയായിതീരും. “ആ! കർത്താവേ നിന്നോട് ഒന്ന് ഞങ്ങൾ ആകുംവരെ ഞങ്ങളിൽനിന്നകലല്ലേ” (കത്തു. VII/6). ഇതായിരുന്നു അദ്ദേഹത്തിന്റെ തീവ്രമായ അഭിലാഷം. മാതാവിലൂടെ ഈശോയിൽ ചെന്നെത്താൻ അദ്ദേഹത്തിനു സാധിച്ചു. “അമ്മയുടെ തിരുമടിയിലിരിക്കുന്ന എന്ന കുഞ്ഞുമകൻ......... ..............ആ കുഞ്ഞ് ചെയ്യുന്നു” (ധ്യാന സ. 43). തന്റെ ഹൃദയമാകുന്ന ഭവനത്തിൽ മാതാവിന്റെ മടിത്തട്ടിൽ സന്തോഷത്തോടെ പാർക്കുന്ന ഈശോയെ ചാവറപ്പിതാവ് ദർശിക്കുകയാണ്. ആ സാന്നിദ്ധ്യത്തിൽ നിരന്തരം വ്യാപരിച്ച് തന്റെ കർമ്മങ്ങളോരോന്നിലൂടെയും അവിടുത്തെ പ്രണമിച്ചുകൊണ്ടിരിക്കുക; അങ്ങനെ അവിടുത്തെ എപ്പോഴും സന്തോഷിപ്പിക്കണം. കൂടപ്പിറപ്പുകൾക്ക് താൻ ദൈവസാന്നിദ്ധ്യത്തിന്റെ അടയാളമാകണം. അവരേയും ദൈവാനുഭവത്താൽ ധന്യരാക്കണം. ഇതായിരുന്നു ചാവറപ്പിതാവിന്റെ ഉന്നതമായ കാഴ്ചപ്പാട്. സ്വയം ദൈവത്താൽ നിറയപ്പെട്ട് അനേകർക്ക് ദൈവാനുഭവവും, ദൈവാനുഗ്രഹവും പകരുവാൻ കഴിവുററ ദൈവമനുഷ്യനായി അദ്ദേഹം മാറി. പിതാവിന്റെ ഈ സിദ്ധി നമ്മിലൂടെ തുടരണം. നമ്മുടെ ഉള്ളിന്റെ ഉള്ളിൽവസിക്കുന്ന ദിവ്യാതിഥിയുമായി നിരന്തരം സമ്പർക്കത്തിലേർപ്പെടാൻ നമുക്ക് പരിശ്രമിക്കാം. നമ്മുടെ ഹൃദയത്തിൽ ഈശോയ്ക്കിഷ്ടപ്പെട്ട, നിർമ്മലമായ മടിത്തട്ടൊരുക്കാം. പിതാവും പുത്രനും പരി. ആത്മാവും നമ്മിൽ സന്തോഷത്തോടെ വസിക്കുന്നു എന്നത് നമുക്കൊരനുഭവമാക്കാം.

## തിരുക്കുടുംബ ദർശനം

തിരുക്കുടുംബത്തിന്റെ ആഹാ കുരിയാക്കോസ് എന്ന നാമം ധരിച്ച ചാവറപ്പിതാവ് തിരുക്കുടുംബത്തിലൂടെ ത്രിത്വകുടുംബത്തിലായിത്തീരുകയാണ്. തിരുക്കുടുംബദർശനം അദ്ദേഹത്തിന് ഒരു മിസ്റ്റിക് അനുഭവമായിരുന്നു. പിതാവിന്റെ ഈ ദർശന ധ്യാനത്തിലേയ്ക്ക് നമുക്കിപ്പോൾ കടന്നുവരാം. ഇതിന് നമ്മുടെ വിശ്വാസം ആഴപ്പെടണം, ശരണം വർദ്ധിക്കണം, സ്നേഹം ജ്വലിക്കണം.

ബത്ലഹം ഗുഹയിലാണ് ആദ്യമായി തിരുക്കുടുംബത്തെ നാം കാണുക. നമ്മുടെ ഹൃദയമാകുന്ന ഗുഹയെ ബത്ലഹം ഗുഹയാക്കി മാററാം. അവിടെ തിരു അവതാരം പ്രതീക്ഷിച്ച് പ്രാർത്ഥനാനിമഗ്നരായിരിക്കുന്ന യൗസേപ്പിതാവിനേയും മാതാവിനേയും ദർശിക്കാം. അവരുടെ ഹൃദയത്തിലും, ചിന്തയിലും, ഭാവനയിലും ദിവ്യഉണ്ണി നിറഞ്ഞുനില്ക്കുകയാണ്. തിരു അവതാരത്തിനുവേണ്ടിയുള്ള തീവ്രമായ ദാഹം–ചാവറപ്പിതാവും തിരു അവതാരം ദർശിക്കുവാനുള്ള തീവ്രമായ ദാഹത്തോടെ കാത്തിരിക്കുകയാണ്. തിരുക്കുടുംബദർശനം പൂർണ്ണമാകാൻ ഈശോ അവതരിക്കണം. ഈശോയാണ് തിരുക്കുടുംബത്തിന്റേയും ത്രിത്വകുടുംബത്തിന്റേയും കേന്ദ്രം. മനുഷ്യാവതാരം ചെയ്ത ഈശോയിലൂടെ മാത്രമേ ത്രിയേകദൈവവുമായി സഹവാസത്തിലെത്താൻ കഴിയൂ.

ഈ ദർശനധ്യാനത്തിൽ ചിന്തയില്ല, ഭാവനയില്ല, യഥാർത്ഥ ദൈവീകസാന്നിദ്ധ്യം നാം ദർശിച്ചുകൊണ്ടിരിക്കുകയാണ്, അനുഭവിക്കുകയാണ്. വി. അമ്മത്രേസ്യ പറയുന്ന **Prayer of Simplicity** യാണ്. ഇവിടെ നാം തിരുക്കുടുംബത്തെ ദർശിക്കുന്നു, സംസാരിക്കുന്നു, ചാവറപ്പിതാവിന്റെ ഭാഷയിൽ സല്ലപിക്കുന്നു. സ്നേഹവീക്ഷണത്തിൽ– ആ സാന്നിദ്ധ്യത്തിൽ– എല്ലാം മറന്ന് ലയിച്ചിരിക്കുന്നു. ആ സാന്നിദ്ധ്യം നമ്മെ രൂപാന്തരപ്പെടുത്തുന്ന അനുഭവമുണ്ടാകും.

## യൗസേപ്പിതാവിന്റെ പ്രാർത്ഥന

തിരുക്കുടുംബദർശന ധ്യാനത്തിലൂടെ യൗസേപ്പിതാവിന്റേയും മാതാവിന്റേയും ആന്തരീകഭാവത്തിൽ ഉരുപ്പേന്ന ചാവറപ്പിതാവിന്റെ പ്രാർത്ഥന തന്നെയാണിതെന്ന് ഒരു തരത്തിൽ പറയാം. ഇവരുടെ പ്രാർത്ഥനയ്ക്ക് വാക്കുകളുടെ രൂപം നൽകുന്നത് ചാവറപ്പിതാവാണ്. തിരു അവതാര രാത്രി! ബത്ലഹം ഗുഹയിൽ ക്ഷീണിച്ചുതളർന്ന യൗസേപ്പിതാവിനേയും മാതാവിനേയും ചാവറപ്പിതാവ് ദർശിച്ചു. മാതാവ്, യൗസേപ്പിതാവിനോട് വിശ്രമിക്കാൻ പറയുന്നു.

"എന്നതുകേട്ട പുണ്യൻ മാറിയങ്ങൊരു സ്ഥലേ
മരത്തിന്നായത്തമായി സ്തുതിച്ചു സർവ്വേശ്വരനെ,
വന്നൊരു ദുഃഖമൊക്കെ മറന്നെന്നപോലെ
ഖിന്നമൊക്കെയും പോയി തെളിഞ്ഞു ചിത്തം"

(ആത്മാനു. V/17-20)

വേദനിക്കുന്ന അനുഭവത്തിലും, തിരസ്കരണത്തിലും ദൈവ പരിപാലന ദർശിച്ച യൗസേപ്പിതാവ് ദൈവത്തെ സ്തുതിക്കുന്ന കാഴ്ചയാണ് ചാവറപ്പിതാവ് കാണുന്നത്. അദ്ദേഹത്തിൻെറ ദുഃഖമെല്ലാം അപ്രത്യക്ഷമാകുന്നു. ഒന്നിനും കലക്കാൻ സാധിക്കാത്ത തെളിവ് മനസ്സിനുണ്ടാകുന്നു. സന്തോഷംകൊണ്ട് അവിടുത്തെ കണ്ണുകൾ നദിപോലെ നിറഞ്ഞൊഴുകുന്നു. സന്തോഷത്തിൻെറ ആ നിർഝരി നിത്യജീവനിലേയ്ക്ക് പ്രവഹിക്കുകയാണ്. കാരണം ആ ഹൃദയം നിർമ്മലമാണ്. വിദ്വേഷമില്ല, പകയില്ല, കന്മഷമില്ല, സ്നേഹംമാത്രം. യൗസേപ്പിതാവിനെപോലെ എല്ലാ ജീവിതാനുഭവങ്ങളിലും ദൈവപരിപാലന കണ്ട് നിർമ്മല ഹൃദയത്തോടെ ദൈവത്തെ സ്തുതിച്ച്; യഥാർത്ഥമായ ആനന്ദമനുഭവിക്കാൻ നമുക്ക് പരിശ്രമിക്കാം. ഇങ്ങനെ ദൈവത്തെ സ്തുതിച്ചതിനുശേഷം–

അത്തെളിവോടെ സർവ്വനാഥനെ പാർത്തുകൊണ്ട്
ഉൾക്കരുന്നലിഞ്ഞുള്ള ജപത്തെ കാഴ്ചവെച്ചു.

(ആത്മാനു. 5/23–24)

സർവ്വനാഥനെ 'ഉള്ളിൽ ദർശിച്ച്'കൊണ്ട് ജപത്തെ കാഴ്ചവെച്ചു എന്നാണ് പറയുന്നത്. ഇവിടെ പ്രാർത്ഥന അർച്ചനയായി മാറുകയാണ്. ഹൃദയം മുഴുവൻ നല്കുന്നതിന് തുല്യമാണിത്. ഇങ്ങനെയുള്ള ദർശനാനുഭവത്തിൽനിന്നുകൊണ്ട്, യൗസേപ്പിതാവിൻെറ ഉൾക്കരുന്നലിഞ്ഞുള്ള പ്രാർത്ഥന നമ്മുടേതാകാം. ദൈവത്തെ ഈ ഭൂമിയിൽ കണ്ട് വന്ദിപ്പാനുള്ള ദാഹം തീർക്കാനായി തിരുസുതനെ വേഗം കാട്ടിത്തരണമേ എന്ന പ്രാർത്ഥനയാണ് ഉള്ളുരുകി കാഴ്ചവയ്ക്കുന്നത്. തിരു അവതാരം നടന്നുകാണാനുള്ള തീവ്രമായ ആഗ്രഹം അടക്കി നിറുത്താൻ കഴിയുന്നില്ല. അതുകൊണ്ട് വേഗം കാട്ടിത്തരണമേ എന്നപേക്ഷിക്കുന്നു. തിരു അവതാരം എന്നും നടന്നുകൊണ്ടിരിക്കണം. അതിനുള്ള ദാഹമായിരിക്കണം നമ്മുടെ പ്രാർത്ഥന. തിരു അവതാരം നമ്മിൽ നടക്കണം, മററുള്ളവരിൽ നടക്കണം, വിശ്വം മുഴുവനും നടക്കണം. നമ്മുടെ ബലഹീനപ്രകൃതി മുഴുവൻ വചനപൂരിതമാകണം. എവിടെയൊക്കെ ബലഹീനതകളും, പരിമിതികളും, വീഴ്ചകളുമുണ്ടോ, അവിടെയൊക്കെ വചനം അത്ഭുത പരിവർത്തനം നടത്തണം, കർത്താവായ ഈശോയെ വരണമെ, എല്ലാത്തരം കുടുംബങ്ങളിലും അങ്ങ് വന്ന് പിറക്ക

ണമെ. ഇവയെയെല്ലാം അങ്ങായി രൂപാന്തരപ്പെടുത്തണമെ എന്നു് ഉരുക്കരുന്നലിഞ്ഞു് പ്രാർത്ഥിക്കാം. ആബ്ബാ, പിതാവേ, എന്നു് അരൂപിയോടു് ചേർന്നു് വിളിച്ചു് തിരു അവതാരത്തിനായി കരഞ്ഞപേക്ഷിക്കാം (റോമ 8/26).

സർവ്വരക്ഷയ്ക്കാണു് ദൈവപിതാവു് പുത്രനെ നൽകിയിരിക്കുന്നതു്. ഈ രക്ഷ എല്ലാസ്ഥലത്തും, എല്ലാസമയത്തും എല്ലാ വ്യക്തികളിലും സാധിതമാകണം. പൂർണ്ണമായി ശോഭിക്കുന്ന ഈശോയാകുന്ന സൂര്യനെക്കാണാൻ എല്ലാ മേഘമറകളും മാറികിട്ടണം. അക്രമങ്ങളുടെ, അനീതിയുടെ, വെറുപ്പിൻെറ, വിദ്വേഷത്തിൻെറ, അസൂയയുടെ, സ്വാർത്ഥതയുടെ, അഹങ്കാരത്തിൻെറ എല്ലാം മേഘമറ നീങ്ങണം. നമ്മിൽ, നമ്മുടെ സഭയിൽ, ലോകം മുഴുവനിലും ദൈവത്തിനു് സർവ്വമംഗളനിധിയായി തീരാൻ സാധിക്കണം. അതിനു് 'ഞാൻ' എന്ന മേഘമറ മാററി, എല്ലാവരേയും ഉൾക്കൊള്ളുന്ന ഈശോയുടെ തിരുസ്വരൂപമായി പകരണം. നാം തന്നെ സൂര്യൻെറ പ്രകാശരശ്മിയായി തീരണം. (ആത്മാനുതാപം V/35–50)

## മാതാവിൻെറ മേൽപ്പട്ട ധ്യാനം

വചനം മാംസമായി, ശിശുവായിക്കാണുന്ന ധ്യാനമാണിതു്. തിരു അവതാരം നടക്കുന്നതു് കാണാൻ മാതാവു് നിർമ്മലഹൃദയത്തോടെ പ്രാർത്ഥനാനിരതയായി കാത്തിരിക്കുകയാണു്. ഏകാഗ്രചിത്തയായി, പൂർണ്ണഹൃദയത്തോടെ ഈശോയിൽ സർവ്വശ്രദ്ധയും കേന്ദ്രീകരിച്ചിരിക്കുകയാണു്. തൻെറ ഉള്ളിൽ വസിക്കുന്ന ദൈവത്തിൻെറ 'ഇളക്കം' ചലനം, അഥവാ പ്രവർത്തനം അമ്മ അനുഭവിച്ചറിഞ്ഞു് അതിനോടു് സഹകരിച്ചു. അപ്പോഴാണു് തിരു അവതാരം നടക്കുന്നതു്. മാതാവിനെപ്പോലെ നമ്മിലുള്ള ദൈവീക സാന്നിദ്ധ്യവും പ്രവർത്തനവും വിവേചിച്ചറിഞ്ഞു് നാം അതിനോടു് സഹകരിക്കുമ്പോഴാണു് തിരു അവതാരം നടക്കുക, അഥവാ നമ്മിൽ പരിവർത്തനം ഉണ്ടാവുക. ഉള്ളിലുള്ള ദൈവസാന്നിദ്ധ്യാനുഭവത്താൽ മാതാവിൻെറ ഹൃദയം പൂർണ്ണമായ ആനന്ദത്താൽ നിറഞ്ഞുകവിയുകയാണു്. ശക്തമായ ഈ ദൈവസാന്നിദ്ധ്യാനുഭവത്തിൽ ദൈവപിതാവിലേയ്ക്കു കണ്ണുകരം ഉയർത്തി അവരം പ്രാർത്ഥിച്ചു. ഏററവും എളിമയോടെ കീഴ്പ്പെട്ടാണു് പ്രാർത്ഥിക്കുന്നതു്. അപ്പോരം പരമമായ ത്രിത്വ ദർശനമാണു് മാതാവിനുണ്ടാകുന്നതു്. (തിരുക്കുടുംബത്തിൽ

ജീവിച്ച ചാവറപ്പിതാവ് ത്രിത്വദർശനത്തിലെത്തുകയാണ്)
പിതാവിനേയും, പുത്രനേയും പരിശുദ്ധാത്മാവിനേയും കാരു
ണ്യമായിക്കണ്ടുകൊണ്ടാണ് പ്രാർത്ഥിക്കുന്നതു്. ത്രിത്വകുടുംബ
ത്തെ കാരുണ്യമെന്ന കാഴ്ചപ്പാടിലാണ് ദർശിക്കുന്നതു്.
പിതാവ് കാരുണ്യക്കടലാണ്, പുത്രൻ കാരുണ്യത്തിന്റെ മണി
കുംഭമാണ്. പരി. ആത്മാവ് കരുണാനാഥനാണ്. റൂഹാ
യുടെ പ്രവൃത്തി കനിവാൽ ജീവൻ നല്കുകയാണ്. തിരുപ്പുത്രന്റെ
നാമംതന്നെ കാരുണ്യമാണ്. പിതാവിന്റെ കാരുണ്യത്തി
ന്റെ, പരി. ആത്മാവിന്റെ കാരുണ്യത്തിന്റെ പ്രതീകമാണ്,
ജീവിക്കുന്ന സാക്ഷിയാണ് പുത്രൻ. ദൈവകാരുണ്യം നിറഞ്ഞു
കവിയുന്ന വ്യക്തി ഇതാണ് മണികുംഭം എന്ന വാക്കുകൊണ്ടു
ദ്ദേശിക്കുന്നതു്. പിതാവായ കരുണക്കടൽ സ്വാതന്ത്ര്യമായി പുത്ര
നിലേയ്ക്കൊഴുകി പുത്രനിൽ പൂർണ്ണമായ തുറവി (out let) കണ്ടെ
ത്തി. ഈശോ അങ്ങനെ കാരുണ്യം നിറഞ്ഞുകവിയുന്ന പൂർണ്ണ
കുംഭമായി. പിതാവിന്റെ 'തങ്കക്കുടം'മാണവിടുന്നു്.

ഈ കാരുണ്യത്തിന്റെ മണികുംഭത്തെ ജനങ്ങളുടെ കണ്ണു
കൾക്കു് പ്രത്യക്ഷമാകുംവണ്ണം കയ്യിൽ തരാനാണ് മാതാവ്
പ്രാർത്ഥിക്കുന്നതു്. പിതാവിന്റെ കാരുണ്യം പരിശുദ്ധാത്മാ
വിന്റെ ശക്തിയാൽ മനുഷ്യകുലത്തിലേയ്ക്കു് ഒഴുകുന്നതിനുള്ള
ഉപാധിയായി (out let) തിരുപ്പുത്രനെ എല്ലാവർക്കും കാണണം
അതിനായി എന്റെ കയ്യിൽ തരണമെ. ഇപ്പോൾ ഈ 'മണി
കുംഭത്തെ' നമ്മുടെ കയ്യിൽ തരണമെ എന്നു് നമുക്കു് പ്രാർത്ഥി
ക്കാം. ഈശോയെപ്പോലെ പരി. മറിയത്തെപ്പോലെ ഞാനും
കാരുണ്യമായി മാറണം. എല്ലാവരിലേയ്ക്കും അവരർഹിക്കാത്ത
വിധത്തിൽ ക്ഷമിക്കുന്ന സ്നേഹം ഒഴുകണം. അപ്പോൾ ഈശോ
കാരുണ്യമായി അവരിൽ അവതരിക്കും. എന്നിൽ നടക്കുന്ന
തിരു അവതാരം എല്ലാവരിലും നടക്കും. ഈ കാരുണ്യകുംഭം
നമ്മുടെ ഓർമ്മയിൽ, വിചാരങ്ങളിൽ, ഹൃദയവികാരങ്ങളിൽ–
ജീവിതം മുഴുവനിലും നിറഞ്ഞുനില്ക്കണം. സന്തോഷദുഃഖങ്ങ
ളിലൂടെ, വിജയപരാജയങ്ങളിലൂടെ, നേട്ടകോട്ടങ്ങളിലൂടെ,
ഈ കാരുണ്യകുംഭത്തെ എല്ലാ മനുഷ്യമക്കളിലേയ്ക്കും പകരാനാ
കണം. അതിനായി ഈശോ കാരുണ്യമായി എന്നിൽ ആദ്യം
അവതരിക്കണം. ഞാൻ കാരുണ്യമായി മാറണം. എല്ലാവർക്കും
രക്ഷയായി പകരണം. ചാവറപ്പിതാവിന്റെ ഹൃദയമാകുന്ന

മടിത്തട്ടിൽ നടക്കുന്ന ദർശനധ്യാനം എൻേറതായി മാറണം. അവിടെ തിരുക്കുടുംബദർശനത്തിലായിരുന്ന ചാവറപ്പിതാവിനെ കാരുണ്യമായി മനുഷ്യജന്മമെടുത്ത ഈശോയിലൂടെ ത്രിത്വാനുഭവത്തിൻെറ ആഴങ്ങളിലേയ്ക്ക് പരിശുദ്ധാത്മാവ് നയിക്കുകയാണ്. ഇങ്ങനെ ത്രിത്വദർശനത്തിൽ മുഴുകിയിരുന്ന അദ്ദേഹം ധ്യാനമണിക്കൂർ അവസാനിക്കുന്നതറിയാതെ സമാധിയിൽ ലയിച്ചിരുന്നതായി ജീവചരിത്രത്തിൽ നാം കാണുന്നുണ്ട്–(Prayer of quiet). ത്രിയേകദൈവത്തിൻെറ നമ്മിലുള്ള അധിവാസത്തെക്കുറിച്ച് ആഴമായ ബോദ്ധ്യം നമ്മിലുണരട്ടെ. ഇതിനായി പരിശുദ്ധാത്മാവിനെ വിളിച്ച് നമുക്കപേക്ഷിക്കാം ചാവറപ്പിതാവിൻെറ ശക്തമായ മാദ്ധ്യസ്ഥം യാചിക്കാം.

കൃപ: നമ്മുടെ ഹൃദയമാകുന്ന ഗുഹയിൽ തിരുക്കുടുംബത്തെ ദർശിച്ച് ത്രിത്വകുടുംബത്തിൽ നിരന്തരം വസിക്കാനുള്ള കൃപക്കായി യാചിക്കാം.

സൂക്തങ്ങൾ: 1 "എൻെറ മരണംവരെ എന്നേരവും നിന്നിൽ നിന്നു പിരിയാതെ വിശ്വാസത്തിൻെറ കണ്ണാൽ എന്നേരവും നിന്നെ കണ്ടുകൊണ്ട് നിന്നോടൊന്നിച്ചിരിക്കാൻ കൃപചെയ്യണമേ" (ധ്യാനസല്ലാപം പേജ് 42)

2 കരുണക്കടലായ പിതാവെ, നിൻെറ റൂഹാ
കരുണാനാഥൻ തൻെറ കനിവാൽ മമോദരെ
ജനിച്ച മണിക്കം ഭമാകിയ തിരുപ്പുത്രൻ
ജനക്കൺ പ്രത്യക്ഷമായ് തരണം മമ കയ്യിൽ
(ആത്മാനുതാപം V/43–46)

3 കാരുണ്യനാഥനാം ദൈവകുമാരൻെറ
യാരുണ്യശോഭയെ കാണാകേണം
കാരുണ്യവാരിധിയായ താൻ മാനുഷ
കാരണം പാപാദി നീക്കുവാനായ്
മാനുഷ നീചവേഷത്തെ ധരിച്ചൊരു
മാനുഷ ത്രാതാവേ കാണാകേണം.
(ആത്മാനുതാപം III/1–6)

വായനകൾ:

യോഹ. 14/23, ലൂക്കാ 16/22–25, 2സാമു. 12/1–4, റോമ. 8/26 ധ്യാനസല്ലാപങ്ങൾ പേജ് 41–43, ആത്മാനുതാപം II/231, II/248, XI/13, V/17–20, V/23-24, V/35–50, കത്തുകൾ VII/6.

# തെളിയൽ

തിരു അവതാര രഹസ്യത്തിൽ മുഴുകിയിരിക്കുന്ന യൗസേപ്പിതാവിനേയും മാതാവിനേയുമാണ് കഴിഞ്ഞ ധ്യാനത്തിൽ നാം ദർശിച്ചത്. തിരു അവതാരത്തിനായി അവർ ഉള്ളുരുകി പ്രാർത്ഥിക്കുന്നതും, അതിൻെറ ഫലമായി തിരു അവതാരം നടക്കുന്നതും ചാവറപ്പിതാവ് ദർശിച്ചു. അങ്ങനെ തിരുകുടുംബദർശനത്തിൽ മുഴുകിയ അദ്ദേഹം ത്രിത്വദർശനത്തിൽ ലയിക്കുന്നതും നാം കണ്ടു. ത്രിത്വാധിവാസാനുഭവം എന്ന വലിയ ദാനത്തിനായി നാമും എളിമയോടെ ഉള്ളുരുകി പ്രാർത്ഥിക്കുകയായിരുന്നു.

ഈ ധ്യാനമണിക്കൂറിൽ ചാവറപ്പിതാവിനോടൊപ്പം തിരുകുടുംബത്തിൽ പ്രവേശിച്ച് തിരു അവതാര രഹസ്യത്തിൻെറ ആഴങ്ങളിലേയ്ക്ക് ഇറങ്ങിച്ചെല്ലാം. തിരു അവതാരത്തിൻെറ 'തെളിവ്' സ്വന്തമാക്കാം.

## തിരു അവതാരവും തെളിവും

യൗസേപ്പിതാവും മാതാവും തങ്ങളുടെ ദുഃഖത്തിലും ക്ലേശത്തിലും പരസ്പരം പഴിചാരാതെ, ചിത്തശുദ്ധിവരുത്തി, തെളിഞ്ഞമനസ്സോടെ ദൈവത്തിൻെറ മനസ്സിൽ പങ്കുചേർന്ന് പ്രാർത്ഥിച്ചപ്പോഴാണ് തിരു അവതാരം നടന്നതായി ചാവറപ്പിതാവ് ദർശിച്ചത്. അവർ സ്വന്തംകാര്യം മറന്ന് പരസ്പരം മനസ്സ് തെളിയിക്കുന്നു (ആത്മാ V/12–16). എന്നിലെ 'ഞാൻ' ഇല്ലാതാകുമ്പോൾ ദൈവത്തിൻെറ മനസ്സോട് ഞാൻ ഒന്നാകും.

"തനയൻമാർക്കു വന്ന വിനാശം തീർപ്പാൻ താതൻ
തനിയേ എഴുന്നള്ളി സകലം ക്ഷമിപ്പാനായ്"

(ആത്മാനു. 6/65)

പുതിയ ആദമായ ഈശോയുടെ ആഗമനത്തോടെ പാപത്തിൻെറ അന്ധകാരമെല്ലാം നീങ്ങി. എല്ലായിടത്തും തെളിവുണ്ടായി. ഈശോയുടെ ജനനത്തോടെ തിരുകുടുംബത്തിലെ തെളിവ് പൂർണ്ണമായി. വിശ്വംമുഴുവനും എല്ലാ മനുഷ്യർക്കും ക്ഷേമവും ഐശ്വര്യവും കൈവന്നു. നഷ്ടപ്പെട്ട തെളിവിൻെറ അനു

ഭവം വീണ്ടുകിട്ടി.  ദൈവം അമ്മനുവേലായി നമ്മോടൊന്നാ
യിത്തീർന്നപ്പോഴാണ്, ചാവറപ്പിതാവിന്റെ ഭാഷയിൽ 'കൂട
സ്ഥനാ'യപ്പോഴാണ് ഈ 'തെളിയൽ' സംഭവിച്ചത്.

തിരു അവതാര സമയം അർദ്ധരാത്രി നട്ടുച്ചപോലെ
പ്രകാശംകൊണ്ട് വെട്ടിത്തിളങ്ങി. ജീവിതം പ്രകാശപൂർണ്ണ
മായി. പുതിയ സൃഷ്ടിയുടെ വെളിച്ചം എങ്ങും ജ്വലിച്ചു.
ഈശോയാകുന്ന പ്രകാശം എങ്ങും നിറയുകയാണ്. ഈ പ്രഭ
എങ്ങും പ്രസരിച്ച് അന്ധകാരം തുടച്ചുനീക്കി. ആ പ്രഭയിൽ
എല്ലാം പ്രഭാമയമായിത്തീരുകയാണ്, വെളിച്ചമായി പരി
വർത്തനം ചെയ്യുകയാണ്. (ആത്മാനുതാപം V/50–54) ആദ്യ
പറുദീസാനുഭവം പുന:സ്ഥാപിതമായി. ആത്മാനുതാപം
6/293–94-ൽ ഈശോയുടെ നാമം കേട്ടപ്പോൾ മൂന്നു ലോക
ങ്ങളും ജയസന്തോഷങ്ങൾകൊണ്ട് പാടിതെളിഞ്ഞു എന്നു പറ
യുന്നു. ഈ അഭൌമികമായ സന്തോഷത്താൽ മാലാഖമാർ ആടി
പാടി. ആ നൃത്തത്തിന്റെ അലയടികൾ ഭൂമിയിലും വന്നു
പതിച്ചു. പുതിയ പറുദീസാനുഭവത്തിൽ ദൈവം മാലാഖാമാ
രൊന്നിച്ച് പുഷ്പവൃഷ്ടി നടത്തി. മാലാഖമാർ ആഘോഷം കൂട്ടി
സ്വർഗ്ഗത്തിൽനിന്ന് ഭൂമിയിലേയ്ക്കിറങ്ങുകയാണ്. സ്വർഗ്ഗവും
ഭൂമിയും തമ്മിൽ സംയോജിപ്പിക്കപ്പെടുന്ന നിർവൃതിദായക
മായ നിമിഷമാണ് തിരുപ്പിറവി.

## തെളിവിന്റെ വാർത്ത

മാലാഖമാരുടെ ഗീതം തെളിവിന്റെ ഗീതമായിരുന്നു.
സ്വർഗ്ഗത്തിലും ഭൂമിയിലും വ്യാപിച്ചിരിക്കുന്ന കൂടസ്ഥനായ
ദൈവത്തിന് മഹത്വവും, സ്തുതിയും ജയവും, ഭൂതലേ മനുഷ്യർക്ക്
നല്ലൊരു ശരണവും, തെളിവും സമാധാനവും എന്നാണ് മാലാ
ഖമാർ പാടിയത് (ആത്മാനുതാപം V/58–62). 'തെളിവ്'
ചാവറപ്പിതാവ് കൂട്ടിച്ചേർത്തതാണ്. അദ്ദേഹത്തിന് വളരെയ
ധികം ഇഷ്ടപ്പെട്ട വാക്കാണിത്. തെളിയുമ്പോഴാണ് ഹല്ലേ
ലൂയ്യ പാടുന്നത്. തിരുപ്പിറവിയുടെ മക്കൾ തെളിവിന്റെ മക്ക
ളാണ്. നമ്മുടെ ഉള്ളിൽ സമാധാനവും, സന്തോഷവും, സംതൃ
പ്തിയുമെല്ലാം തുളുമ്പുമ്പോൾ പുറത്ത് അത് തെളിവായി പ്രകാ
ശിക്കും. തിരുക്കുടുംബത്തിന്റെ, വാനാരൂപികളുടെ, സ്വർഗ്ഗീയ
കുടുംബത്തിന്റെ ബാഹ്യലക്ഷണം തെളിവാണ്.

"ധാത്രിയൊക്കെയും ശ്രുതം തെളിവിനുള്ള വാർത്ത ലഭിച്ചു" (ആത്മാനുതാപം 5/63). തെളിവിനുള്ള വാർത്തയാണ് ആട്ടിടയന്മാർ അറിയിക്കുന്നത്. ഇതാണ് മഹാഭാഗ്യം തെളിവുള്ളിടത്ത് ഭയമില്ല. തെളിവിൻെറ സ്ഥലമായ ബെത്ലഹം ഗുഹയിലേയ്ക്ക് അദ്ധരാത്രിയാണ് അവർ പുറപ്പെട്ടത്. അവിടെ മാതാവിൻെറ മടിയിൽ പുഞ്ചിരികാട്ടി കിടക്കുന്ന 'തെളിവിൻെറ' ദൈവത്തെ ദർശിച്ചപ്പോൾ മററുള്ളവരോട് തെളിവിൻെറ വാർത്തയറിയിക്കുവാൻ ആട്ടിടയന്മാർക്ക് കഴിഞ്ഞു.

## 'തെളിവ്' തിരുക്കുടുംബത്തിൽ

തിരുക്കുടുംബത്തിൻെറ കേന്ദ്രമായ ഈശോയുടെ തെളിവിനെക്കുറിച്ച് ചാവറപ്പിതാവ് പറയുന്നത് ശ്രദ്ധിക്കാം. ജനിച്ചയുടനെതന്നെ പൈതൽ പുഞ്ചിരികാട്ടി തെളിവ് പ്രകടിപ്പിച്ചു എന്ന് പറയുന്നു (ആത്മാനുതാപം 5/96). ധ്യാനസല്ലാപം പേജ് 29-ൽ പറയുന്നു "ഈ തിരുമുഖം ആകാശത്തിലുള്ള മാലാഖമാരെ തെളിയിക്കുന്നതും, ദുഃഖമുള്ള ആളുകൾ ഈ തിരുമുഖത്തിൽ നോക്കിയാൽ അവരുടെ മുഖം തെളിവായി പകരുന്നതുമാണ്. അവിടുത്തെ മുഖം നക്ഷത്രത്തേക്കാൾ ശോഭിച്ചുവിളങ്ങുന്നതാണ്. മിന്നുന്ന നയനങ്ങളാണ്. വെളിപാട് 1/14-ലും 19/12-ലും അവിടുത്തെ ജ്വലിക്കുന്ന നയനങ്ങളെക്കുറിച്ച് പറയുന്നുണ്ട്. ധ്യാനസല്ലാപം-പേജ് 43-ൽ ഈശോ മാതാവിൻെറ മടിയിലിരുന്ന് തെളിയുന്നതായി പറയുന്നു. പരിശുദ്ധാത്മാവിൽ ആനന്ദിച്ചുകൊണ്ടാണ് ഈശോ പ്രാർത്ഥിക്കുന്നത് (ലൂക്ക. 10/21). നഷ്ടപ്പെട്ടതിനെ തിരിച്ചുകിട്ടുമ്പോൾ സന്തോഷിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്യുന്നതായി കാണുന്നുണ്ട് (ലൂക്ക 15/7, 9, 24, 32). ഈശോയുടെ പ്രത്യേക സിദ്ധിയാണ് തെളിയൽ. ഈശോ തൻെറ പ്രിയപ്പെട്ടവരിൽ തെളിയുന്നു.

മാതാവിൻെറ ഭാവവും ഈശോയെപ്പോലെ തെളിവിൻേറതാണ്. "എൻെറ ചിത്തം എൻെറ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു" എന്നവൾ ഉദ്ഗീരണം ചെയ്തു (ലൂക്ക 1/47). പൂർണ്ണാനന്ദം ഹൃദയത്തിൽ നിറഞ്ഞുകവിഞ്ഞ് പ്രാർത്ഥിക്കുന്ന മാതാവിനെയാണ് ചാവറപ്പിതാവ് ദർശിക്കുന്നത്. (ആത്മാനുതാപം V/38-42) യൗസേപ്പിതാവും തെളിവിൻെറ പ്രതീകമാണ്. ദൈവകുമാരന് ജനിക്കാൻ ഒരു സ്ഥലംപോലും

കണ്ടെത്താൻ കഴിയാതെ, സ്വന്തം ജനത്തിന്റെ തിരസ്ക്കരണം ഏറ്റുവാങ്ങി, ഏറെ ദുഃഖത്തോടും ക്ഷീണത്തോടുംകൂടെ ദൈവത്തെ സ്തുതിക്കുന്ന യൗസേപ്പിതാവിലും സന്തോഷപ്പെരുപ്പമാണ് ചാവറപ്പിതാവ് ദർശിക്കുന്നതു്. തിരുക്കുടുംബത്തിൽ അംഗങ്ങളാകുന്നവരെല്ലാം തെളിവിന്റെ മക്കളാകും. തിരുക്കുടുംബത്തിലും, സ്വർഗ്ഗീയകുടുംബത്തിലുമെല്ലാം ചാവറപ്പിതാവ് ദർശിക്കുന്നതു് തെളിവിന്റെ സല്ലാപമാണ്, തെളിയിക്കുന്ന സല്ലാപമാണ്.

തിരുക്കുടുംബത്തിൽ ജീവിച്ച ചാവറപ്പിതാവും തെളിവിന്റെ ജീവിതമാണ് നയിച്ചിരുന്നതു്. രോഗിയായി കഠിന വേദനയും ബുദ്ധിമുട്ടുകളും അനുഭവിച്ചുകൊണ്ടിരുന്നപ്പോഴും അദ്ദേഹം സന്തോഷമുള്ളവനായി കാണപ്പെട്ടുവെന്ന് സി എം സി നാളാഗമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. "മനുഷ്യർക്ക് കണ്ണ് കാണാതാകുമ്പോൾ ഒരു ഈഷ്യയും സങ്കടവുമുണ്ടാകുമല്ലോ. ഇതു് നമ്മുടെ പിതാവിൽ കണ്ടിട്ടില്ല. എല്ലാപ്പോഴും ഒരു പുഞ്ചിരിയോടെ ഇരിക്കുമായിരുന്നു. മുഖത്തു നോക്കിയാൽ ദീനങ്ങളെ അനുഭവിക്കുന്ന എന്നു തോന്നുകയില്ല. ഏററവും വലിയ സന്തോഷം അനുഭവിക്കുന്ന ആളെപ്പോലെ കാണുന്നവർക്ക് തോന്നും" (സി എം സി നാളാഗമങ്ങൾ വാല്യം 2 പേജ് 14).

## 'തെളിവ്'' ദർശനഭവനത്തിൽ

"ഹൃദയാനന്ദം ഒരുവന്റെ ജീവനും സന്തോഷം അവന്റെ ആയുസ്സുമാണ്'''–(പ്രഭാഷ. 30/22). "നിങ്ങൾ എപ്പോഴും നമ്മുടെ കർത്താവിൽ സന്തോഷിക്കുവിൻ'' (ഫിലി. 4/4).

ദർശനഭവനങ്ങൾ 'തെളിവിന്റെ' സ്ഥലമായിരിക്കണമെന്ന് ചാവറപ്പിതാവ് ആഗ്രഹിച്ചിരുന്നു. "തന്റെ മണിയറയായ നിങ്ങളുടെ മുറിയിൽ തന്നോടുകൂടെ നിങ്ങൾ തെളിവിൽ യിനിക്കുവേണ്ടിയും അപേക്ഷിപ്പിൻ'' (കത്തുകൾ VII / 2) ദശ്നഭവനത്തെ തിരുക്കുടുംബത്തെപ്പോലെ തെളിവിൽ പ്രാത്ഥിക്കുന്നവരുടെ ഭവനമായിട്ടാണ് അദ്ദേഹം കാണുന്നതു്. ഉയിപ്പിന്റെ തെളിവിനായി പാത്തു് തന്നോടൊന്നിച്ചിരിക്കാൻ കന്യാസ്ത്രീകളോടദ്ദേഹം ആവശ്യപ്പെടുന്നുണ്ട് (കത്തുകൾ. VII/4). 'ഉയപ്പിന്റെ തെളിവ്'' ദശ്നഭവനത്തിൽ ഉണ്ടാകണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. കുനമ്മാവുമഠത്തിൽ കുറച്ചുദിവസം വന്ന

താമസിക്കാനിടയായ തരകന്റെ ഭാര്യ, അവിടെ ഈ തെളിവ് ദർശിക്കാൻ സാധിച്ച എന്ന് സാക്ഷിക്കുന്നുണ്ട്. "പുണ്യത്തിന്റെ സ്ഥലമായിരിക്കുന്ന ഈ മതിലിന്നകത്തുള്ള സംന്തോഷം എത്ര വലിയത...............ഇത്രയും വലിയ സന്തോഷം ഒരു ദിവസവും ഇനിയ്ക്കു ഉണ്ടായിട്ടില്ല."

(സി. എം. സി. നാളാഗമം വാല്യം I പേജ് 186)

ദർശനഭവനത്തിൽ സന്തോഷത്തിന്റെ വിഷയം ഈശോയാണ്. വേറൊരു വ്സ്തുസവും വ്യക്തിയും ഈശോയേക്കാൾ അധികമായി നമ്മെ സന്തോഷപ്പെടുത്തരുത്. ഈശോയാണ് സന്യാസിയെ സന്തോഷിപ്പിക്കുന്നത്. നമ്മെ സന്തോഷിപ്പിക്കണം സ്നേഹിക്കണം അതൊന്നു മാത്രമാണ് അവിടുത്തെ ആഗ്രഹമെന്നും ചാവറപ്പിതാവ് സിസ്റ്റേഴ്സിനെ ഓർമ്മിപ്പിക്കുന്നുണ്ട് (കത്തുകൾ VII/6). ദർശനഭവനത്തിൽ ഈശോയുടെ തിരുമുഖം ദർശിച്ച് നാം തെളിവുള്ളവരാകണം. ഈ തിരുമുഖം ദുഃഖമുള്ളവർക്ക് തെളിവ് നല്കുന്നതാണ്. നക്ഷത്രങ്ങളേക്കാൾ ശോഭിച്ച വിളങ്ങുന്ന ഈശോയുടെ തിരുമുഖം, ചുണ്ടുകൾ, നയനങ്ങൾ ഇവ ദർശിച്ച്, തെളിവിന്റെ നാഥന്റെ വ്യക്തിത്വത്തോട് നാം അലിഞ്ഞുചേരണം. ആ വ്യക്തിത്വം നമ്മിൽ പരിവർത്തനം വരുത്തുന്ന അനുഭവം ഉണ്ടാകണം. ഏതു ദുഃഖത്തിലും അന്ധകാരത്തിലും ഈശോയുടെ മുഖം കാണണം. അതിനായി തിരുസന്നിധിയിൽ വലിയ ദാഹത്തോടെ തപസ്സിരിക്കണം. അപ്പോൾ നമ്മിലെ മേഘമറയെ തുളച്ച് ഈശോയാകുന്ന ദിവ്യസൂര്യൻ പ്രകാശിക്കും. ആ തിരുമുഖം ദർശിച്ച് തെളിവുള്ളവരായി പുറത്തുവരാൻ സാധിക്കും. അതുകൊണ്ട് തെളിയണമെങ്കിൽ എനിക്ക് ദു:ഖമോ, രോഗമോ, അന്ധകാരമോ നൽകരുതേ എന്നല്ല, ഈ അനുഭവങ്ങളിൽ എന്നിലേയ്ക്ക് തിരിഞ്ഞ് അന്തർമുഖയാകാതെ നിന്റെ മുഖംനോക്കി ഞാൻ തെളിയട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

ഇങ്ങനെ നാം തെളിവുള്ളവരായാലേ മറ്റുള്ളവരെ തെളിയിക്കാൻ നമുക്ക് സാധിക്കൂ. അപ്പോൾ നമ്മുടെ ദർശനഭവനത്തിലെ സല്ലാപങ്ങൾ തെളിവിന്റെ സല്ലാപവും, തെളിയിക്കുന്ന സല്ലാപവുമായിത്തീരും. തിരുക്കുടുംബത്തിലെ അംഗങ്ങൾ അവരുടെ വേദനയിലും, പരാജയത്തിലും പരസ്പരം പഴിചാരാതെ, ചിത്തശുദ്ധിവരുത്തി, തെളിവിന്റെ സല്ലാപം നട

ത്തി, പരസ്പരം ശക്തിപ്പെടുത്തുന്നത് നാം കണ്ടു. തിരുക്കുടുംബത്തിന്റെ ഈ സല്ലാപശൈലി നാമും സ്വന്തമാക്കണം. നമ്മുടെ സല്ലാപങ്ങൾ മററുള്ളവർക്ക് വേദന നൽകുന്നതാണോ അഥവാ തെളിവ് നൽകുന്നതാണോ എന്ന് ആത്മാർത്ഥമായി പരിശോധിക്കാം.

യഥാർത്ഥത്തിൽ സ്വർഗ്ഗീയജീവിതമാണ് ദർശനഭവനത്തിൽ നാം നയിക്കുന്നത്. ഇവിടെ നമ്മുടെ ജോലി കർത്താവിന്റെ മുഖം തെളിയിക്കുക എന്നതാണ് (ധ്യാനസല്ലാപങ്ങൾ പേജ് 41) എങ്ങിനെയാണ് കർത്താവിനെ തെളിയിക്കുക? അതിന് ഒരു മാർഗ്ഗമേയുള്ളൂ. മററുള്ളവരിൽ ഈശോയെ ദർശിച്ച് അവിടുത്തേയ്ക്ക് ശുശ്രൂഷ ചെയ്യുക. ഇങ്ങനെ ചെയ്യുന്നവർക്ക് അന്ത്യവിധിയിൽ, ആത്മാനുതാപം 6/240-252 വരികളിൽ പറയുന്നതുപോലെ കർത്താവിന്റെ വാക്കുകേട്ട് തെളിയാൻ ഇടയാകും. "എന്റെ പിതാവിനാൽ അനുഗ്രഹീതരേ വരുവിൻ" എന്നുള്ള വചനം കേട്ട് സ്വർഗ്ഗീയ കുടുംബത്തിലേയ്ക്ക് പ്രവേശിക്കും. ഇവർ ഭൗമികജീവിതത്തിൽ വിശക്കുന്നവർക്ക് ഭക്ഷണവും, ദാഹിക്കുന്നവർക്ക് ജലവും കൊടുത്തു. പരദേശികളായവരെ, ആരോരുമില്ലാത്തവരെ സ്വീകരിച്ചു. രോഗികളെ സന്ദർശിച്ചു. നഗ്നരെ ഉടുപ്പിച്ചു. കാരാഗൃഹത്തിൽ ബന്ധനം അനുഭവിച്ചവരെ ചെന്നുകണ്ടു. തെളിവിന്റെ രഹസ്യമിതാണ്–പരസ്പരം ആവശ്യങ്ങൾ അറിയുക, മുറിവുകൾ വച്ചുകെട്ടുക, ആശ്വസിപ്പിക്കുക, പ്രോത്സാഹിപ്പിക്കുക, ഒരാൾ മററൊരാൾക്കുവേണ്ടി ജീവിക്കുക. ചുരുക്കത്തിൽ ആത്മവിസ്മൃതിയുടെ ജീവിതം. അതായത് ഒരാൾ മററൊരാൾക്കുവേണ്ടി ഇല്ലാതായ് ആകുമ്പോഴാണ് 'തെളിവ'' പൂർണ്ണമാകുന്നത്. ദർശനഭവനങ്ങളായ നമ്മുടെ സമൂഹങ്ങൾ പരസ്പരം തെളിയിക്കുന്ന തിരുകുടുംബങ്ങളാകണം. ചുററുമുള്ളവരേയും, ലോകം മുഴുവനേയും 'തെളിയിക്കുന്ന' ഭവനങ്ങളാകണം. വേറൊരു വാക്കിൽ പറഞ്ഞാൽ സി.എം.സി. മക്കളായ നാം ഓരോരുത്തരും ചാവറ പിതാവിനെപ്പോലെ കാലത്തിന്റെ ചുവരെഴുത്തുകൾ മനസ്സിലാക്കി പ്രതികരിക്കുന്നവരാകണം. ഭക്തിയും കർമ്മവും സമന്വയിപ്പിച്ചുള്ള തിരുക്കുടുംബത്തിന്റെ ജീവിതശൈലി സ്വന്തമാക്കണം. ഭൂമിയിൽമനുഷ്യന്റെ സന്തോഷവും സമാധാനവുമാണ് ദൈവത്തിന്റെ മഹത്വം എന്ന് മനസ്സിലാക്കി, തന്റെ കാല

ഘട്ടത്തിലെ ജനങ്ങളുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്കുവേണ്ടി കഠിനാദ്ധ്വാനം ചെയ്തു, നമ്മുടെ സഭാസ്ഥാപകന്റെ കാലടികൾ നമുക്കും പിന്തുടരാം. പ്രഭാതത്തിൽ എഴുന്നേൽക്കുമ്പോൾ മുതൽ നാം തിരുക്കുടുംബത്തോടൊത്തു് എന്ന ചിന്ത നമ്മെ തെളിവുള്ളവരാക്കും. തെളിവിന്റെ ജീവിതം നയിക്കാൻ നമ്മെ സഹായിക്കും. അപ്പോൾ തിരുക്കുടുംബത്തിൽ തെളിഞ്ഞിരുന്ന ഈശോയുടെ വാക്കുകൾ നമ്മുടേയും സ്വന്തമാകും. സ്വന്തമായി എനിക്കൊരു വാക്കില്ല. പ്രവൃത്തിയുമില്ല. ഞാനും പിതാവും ഒന്നാകുന്നു. അവിടെ കണ്ടതുമാത്രം ഞാൻ സംസാരിക്കുന്നു (യോഹ. 10/39).

## പ്രത്യാശ തെളിവിനു നിദാനം

യഥാർത്ഥത്തിലുള്ള തെളിവുകിട്ടുന്നതു് പ്രത്യാശയിൽ നിന്നാണു്. സ്നേഹപിതാവായ ദൈവത്തിനു് നമ്മെ പൂർണ്ണമായും വിട്ടുകൊടുത്തു് എല്ലാനിമിഷവും അങ്ങിൽ ആശ്രയിക്കുമ്പോൾ വലിയ പ്രത്യാശ നമ്മിൽ സംജാതമാകും. അപ്പോൾ എല്ലാ അസ്വസ്ഥതയും, ദുഃഖവും ഓടിയൊളിക്കും. വലിയ സന്തോഷവും, ആശ്വാസവുംകൊണ്ടു് ഹൃദയം നിറയും. കർത്താവിന്റെ മടിയിൽ കൊച്ചുകുഞ്ഞിനെപ്പോലെ ഇരിക്കുമ്പോഴാണു് തെളിവുണ്ടാകുന്നതു്.

ഇങ്ങനെ മനസ്സുതെളിഞ്ഞാൽ, ഹൃദയത്തിൽ സമാധാനമുണ്ടാകും. എല്ലാതലങ്ങളിലുമുള്ള ഏകീഭാവം നമുക്കനുഭവപ്പെടും. എല്ലാവരും കൂടപ്പിറപ്പുകളായിത്തീരും. ഇങ്ങനെയുള്ള രമ്യതയിൽനിന്നാണു് സമാധാനമുണ്ടാവുക. മനുഷ്യനും ദൈവവും തമ്മിലും, മനുഷ്യനും മനുഷ്യനും തമ്മിലും, മനുഷ്യനും പ്രകൃതിയും തമ്മിലും ഐക്യം ഉണ്ടാകും. ദൈവത്തിലാണു് ഈ ഐക്യത്തിന്റെ പൂർണ്ണത നാം കണ്ടെത്തുക. ദൈവത്തിൽ ഭിന്നിപ്പില്ല. ദൈവത്തിൽ മൂന്നാളുകളും ഏകീഭവിച്ച് ഏകദൈവമായിരിക്കുന്നു. ഇതിനു് പൂർണ്ണത, ക്ഷേമം, ഐശ്വര്യം, കല്യാണം എന്നെല്ലാം പറയാം.

ശരണത്തിൽനിന്നുള്ള 'തെളിവും' 'സമാധാനവും' ഉണ്ടാകുമ്പോഴാണു് ദൈവത്തിനു് സ്തുതിയും മഹത്വവും ജയവുമെല്ലാം ഉണ്ടാവുക. തിരു അവതാരംവഴി ദൈവത്തിനു് മഹത്വം നല്കുന്ന പുതിയ സൃഷ്ടി നടക്കുകയാണു്— പുതിയ മനുഷ്യകുലത്തിനു് രൂപം നൽകുകയാണു്. ശത്രുതയുടെ മതിൽ തകർത്തു് സ്നേഹ

ത്തിൻെറ അരൂപിയിൽ ജന്മമെടുത്ത പുതിയ മനുഷ്യകുലത്തെ സൃഷ്ടിച്ചുകൊണ്ട് ഈശോ കുരിശുവഴി സമാധാനം സ്ഥാപിച്ചു (എഫേ. 2/14-21). അങ്ങനെ പിതാവിൻെറ ആദ്യജാതനായ ഈശോയിലൂടെ യഥാർത്ഥത്തിലുള്ള ക്ഷേമം, ഐശ്വര്യം വന്നുചേർന്നു. ഭൂമിതന്നെ തെളിഞ്ഞു. അതോടെ മനുഷ്യൻ ഈശോയിൽ ദൈവപുത്രരായിത്തീർന്നു. ഇതുവഴി ദൈവത്തിനു സ്തുതിയും മഹത്വവും കൈവന്നു.

ഇങ്ങനെ പുതിയ സൃഷ്ടിയായിത്തീരേണ്ടവരാണ് സമർപ്പിതരായ നാമോരോരുത്തരും. പിതാവായ ദൈവത്തിൻെറ മക്കളായി, ഇഷ്ടഭാജനങ്ങളായി, പരിശുദ്ധാത്മാവിൽ ആനന്ദിച്ച്, സ്വർഗ്ഗവും ഭൂമിയും ഒന്നായിത്തീരുന്ന കാഴ്ചകണ്ട് ആനന്ദിക്കാനുള്ള വിളിയാണ് നമുക്കുള്ളത്. ദൈവത്തോടൊപ്പം ആടിപാടി ഉല്ലസിച്ച് നടക്കുന്ന തെളിവിൻെറ ജീവിതം ആഘോഷത്തിൻെറ ജീവിതമാണ്. ഭൂമിയിൽ ഇപ്രകാരമുള്ള തെളിവിൻെറ ജീവിതം കഴിച്ചാലേ സ്വർഗ്ഗത്തിൽ തെളിയാൻ സാധിക്കൂ. ഇതിനായി ത്രിത്വകുടുംബത്തിൻെറ തനി പകർപ്പായ തിരുക്കുടുംബത്തിൽ ജീവിക്കാം. അതുവഴി ത്രിത്വകുടുംബത്തിൻെറ തെളിവ്, തിരുക്കുടുംബത്തിൻെറ തെളിവ് സ്വന്തമാക്കി നമ്മുടെ സന്തോഷം പൂർണ്ണമാക്കാം. "ഇത് ഞാൻ നിങ്ങളോട് പറഞ്ഞത് എൻെറ സന്തോഷം നിങ്ങളിൽ കുടികൊള്ളുവാനും, നിങ്ങളുടെ സന്തോഷം പൂർണ്ണമാകുവാനുമാണ്"

(യോഹ. 15/11).

കൃപ: തിരു അവതാരരഹസ്യത്തിലേയ്ക്ക് ഉൾപ്രവേശിച്ച് മാതാവിൻെറ മടിയിലിരുന്ന് തെളിയുന്ന ഈശോയെ കൺകുളിർക്കെ ദർശിച്ച് തിരുക്കുടുംബത്തിൻെറ 'തെളിവ്' സ്വന്തമാക്കുക.

സൂക്തങ്ങൾ: 1. "ഞാൻ നിന്നെ സന്തോഷിപ്പിക്കും. ഇതു പോരയോ" (കത്തുകൾ VII/6).

2 നിന്നെ സന്തോഷിപ്പിക്കണം നിന്നെ സ്നേഹിക്കണം എന്നു മാത്രം തൻെറ ആഗ്രഹം (കത്തുകൾ VII/6).

3 ഉയിർത്ത പുത്രനായി തന്നെ കാണുംവരെ ദൈവമാതാവിനോടും മൂന്നു മറിയന്മാരോടുംകൂടെ തൻെറ പാട്ടുകാരാക്കും, ഉയിർപ്പിൻെറ തെളിവിനും പാർത്ത തന്നോടുകൂടെ ഒന്നിച്ചിരിപ്പിൻ (കത്തുകൾ VII/4).

4 തൻെറ മണിയറയായ നിങ്ങളുടെ മുറിയിൽ തന്നോടുകൂടെ നിങ്ങളും തെളിവിൽ വസിക്കുവേണ്ടിയും അപേക്ഷിപ്പിൻ (കത്തുകൾ VII/2)

വായനകൾ:

ലൂക്ക. 1/47, 10/21, 15/7,9,24,32. യോഹ. 15/11.

മത്താ. 24/34–39, എഫേ. 2/14–22, വെളി. 1/14, 19/2.

ആത്മാനുതാപം 4/132–192, 5/14–16, 5/50–70. 6/65–66, 6/292–296.

ധ്യാനസല്ലാപങ്ങൾ പേജ് 29, 41, 43,

കത്തുകൾ VII/2, VII/4, VII/6.

# മരിയസല്ലാപം

മഹത്വത്തിൻെറ നിദർശനമായ സീനായ് മലയും ദൈവ സാന്നിധ്യത്തിൻെറ കൂടാരമായ സെഹിയോൻ മലയും നിത്യ സാന്നിധ്യം നിറഞ്ഞുനിന്നിരുന്ന ഗാഗുൽത്താമലയും തൻെറ ഹൃദയമാകുന്ന പ്രാർത്ഥനാമുറിയിൽ ചാവറപ്പിതാവ് ദർശിച്ച് ആ സാന്നിധ്യത്തിൽ ലയിച്ചിരുന്നു. ചാവറപ്പിതാവിനോടൊപ്പം നാമും നിത്യസാന്നിധ്യം നിറഞ്ഞുനില്ക്കുന്ന ഈ പ്രാർത്ഥനാമുറിയിലേയ്ക്ക് പ്രവേശിച്ചിരിക്കുകയാണ്.

ഈശോയുടെ ഈ ലോകജീവിതം അവസാനിക്കാറായി. കാൽവരിയാകുന്ന വിവാഹപന്തലിലേയ്ക്കുള്ള ഘോഷയാത്രയുടെ തുടക്കം കുറിച്ചുകഴിഞ്ഞു. കുരിശാകുന്ന മണവറപൂകി, പിതാവിൽ നിത്യസായൂജ്യം അടയുവാനുള്ള, ഈശോയുടെ അടങ്ങാത്തദാഹം–താൻ സ്വപ്നം കണ്ടിരുന്ന ആ മഹത്വത്തിൻെറ വിനാഴിക അടുത്തെത്തിയതിൽ, അവിടുന്ന് സന്തോഷിക്കുകയാണ്. തിരുസുതനോടൊപ്പം മാതാവും കാൽവരിയെ ലക്ഷ്യമാക്കി, നിത്യസാന്നിധ്യം ലക്ഷ്യമാക്കിയുള്ള തൻെറ യാത്ര ആരംഭിക്കുകയാണ്. ഈശോയുടെ ഈ ജീവിതരഹസ്യങ്ങളിലേയ്ക്ക്–അയോഗ്യനായ തനിക്ക് കടന്നു ചെല്ലുവാൻ സാധ്യമല്ലെന്ന്, മനസ്സിലാക്കുന്ന ചാവറപ്പിതാവ്–പരി. അമ്മയുടെ മാധ്യസ്ഥം യാചിക്കുന്നു. നമുക്കും പരി. അമ്മയോടൊപ്പം ഈ കാൽവരി യാത്രയിൽ പങ്കുകൊള്ളാം.

ഒന്നാംരഹസ്യം: ഈശോയുടെ അവസാന അത്താഴം കഴിഞ്ഞു.അവിടുത്തെ ഭൗതിക ശരീരത്തിന് ഇനി ഒരു ശുശ്രൂഷയും ലഭിക്കാനില്ല. തന്റെ ആത്മീയ വിവാഹപന്തലിലേയ്ക്കുള്ള യാത്രയിതാ ആരംഭിച്ചുകഴിഞ്ഞു. പിതാവുമായി സല്ലപിക്കാനുള്ള ഗെദ്സമനിയിലേയ്ക്ക് വലതുകാൽ എടുത്തുവച്ച് ഈശോ പ്രവേശിക്കുന്നു. തന്റെ വത്സലപിതാവിനോട്, വളരെ ഗൗരവമുള്ള കാര്യങ്ങളെക്കുറിച്ച് ആലോചന ചോദിക്കാനുള്ളതുകൊണ്ട് ശിഷ്യരിൽനിന്നും അല്പംമാറി നില്ക്കുന്നു. പിതാവിന്റെ പാദംതൊട്ട് വന്ദിക്കുന്നു. ആ പാദത്തിങ്കൽ മുറുകെ പിടിച്ചുകൊണ്ട് ഈശോ പിതാവുമായി തന്റെ ഹൃദയവികാരങ്ങൾ പങ്കുവയ്ക്കുന്നു. അവിടുന്ന് പ്രാർത്ഥിക്കുന്നു.

"കഴിയുമെങ്കിലീ പാനപാത്രമെൻ
പ്രിയതാതാ മാററിത്തരണമെ
താണു ദൈവത്തിൻ സൂനുഭൂമിയിൽ
വീണുതാതനോടഭ്യർത്ഥിച്ചു".

ഈശോയുടെ ശരീരത്തിലെ രോമകൂപങ്ങളിൽകൂടി ഒഴുകിയ രക്തം ശരീരത്തെ മുഴുവൻ ശോഭായമാനമാക്കുന്നു. പിതാവിൽനിന്ന് കരുത്താർജ്ജിച്ച് പിതാവിന്റെ ആശീർവ്വാദാനുഗ്രഹങ്ങൾ വാങ്ങിച്ചുകൊണ്ട് ശാന്തമായി തന്റെ കാൽവരി യാത്ര ആരംഭിക്കുന്നു.

നമ്മുടെ ജീവിതത്തിലും പ്രതികൂലാനുഭവങ്ങളുടെ മധ്യത്തിൽ എങ്ങനെ, ഇനി എങ്ങോട്ട് എന്ന ചിന്തയുമായി നില്ക്കുമ്പോൾ, ഈശോയെപ്പോലെയും, പരി. അമ്മയെപ്പോലെയും നമുക്കും ദൈവഹിതത്തിന് കീഴ്‌വഴങ്ങുവാനുള്ള അനുഗ്രഹം യാചിക്കാം. 1സ്വർ്ഗ്ഗ. 10നന്മ. 1ത്രിത്വ.

രണ്ടാം രഹസ്യം: കാൽവരിയാകുന്ന വിവാഹപന്തലിലേയ്ക്ക് പ്രവേശിക്കുന്നതിനുമുമ്പ് "ആഭരണങ്ങൾ അണിയിക്കണം. പീലാത്തോസും, യഹൂദഭരണാധികാരികളും ആഭരണമണിയിക്കലിനെക്കുറിച്ച് രാത്രി മുഴുവൻ ആലോചിച്ചു. അവസാനം ശരീരം മുഴുവൻ രത്നങ്ങൾ പതിപ്പിക്കാൻ തീരുമാനിച്ചു". അതിനുപററിയ ആളുകളെക്കൊണ്ടുവന്നു. കൈകളിലും കഴുത്തിലും മാത്രമല്ല ശരീരം മുഴുവൻ ആഭരണങ്ങളാൽ, രത്നങ്ങളാൽ അലങ്കരിച്ചു. തലയിൽ ഒരു കിരീടം അണിയിച്ചു. ഒരു ചെങ്കോൽ കൈയിൽ കൊടുത്തു. ഇവയെല്ലാം അണിഞ്ഞു നില്ക്കുന്ന ഈശോയെ നമുക്ക് ആത്മനാ ദർശിക്കാം.

പറുദീസാതൻ പാലകാ
പരിശുദ്ധ സ്നേഹഗായകാ . . . ആ . . ആ
1 സിംഹാസനങ്ങളിൽ നീയിരുന്നില്ല
പൊന്നിൻ കിരീടവും നീയണിഞ്ഞില്ല
ദാഹിച്ചു ദാഹിച്ചു നീ കേണനേരം
നീട്ടിയതോ വെറും കയ്പുനീർ മാത്രം. [പറുദീസാ...
2 കാൽവരി യാത്രയിൽ നീ വീണനേരം
മുളിയതോ വെറും ചാട്ടവാർ മാത്രം
ആശ്വാസഹസ്തം നിനക്കായ് നീട്ടാൻ
ആരും അരികിൽ അണഞ്ഞതുമില്ല. [പറുദീസാ..

ആഘോഷാവസരങ്ങളിൽ ധരിക്കാറുള്ള ആടയാഭരണങ്ങളായി ചമ്മട്ടി, മുൾമുടി മുതലായവയെല്ലാം ഈശോ സന്തോഷപൂർവ്വം സ്വീകരിക്കുന്നു. നാമും കാൽവരിയാകുന്ന വിവാഹപന്തലിലേയ്ക്ക് യാത്ര ചെയ്യുന്നവരാണ് എന്ന കാര്യം നമുക്ക് ഓർമ്മിക്കാം. യഹൂദന്മാർ ഈശോയെ അണിയിച്ചൊരുക്കിയതുപോലെ നാമാകുന്ന വധുവിനെ കൂടെഉള്ളവർ അണിയിച്ചൊരുക്കുന്ന അനുഭവങ്ങളും നമുക്കുമുണ്ടാകും. നമ്മുടെ സഹനത്തിന്റെ കാരണക്കാരായി നാം അവരെ കാണാതെ, നന്ദിയോടും സ്നേഹത്തോടും കൂടെ അവരേയും ആ അനുഭവങ്ങളേയും സ്വീകരിച്ചുകൊണ്ട് പരി. അമ്മയോടൊപ്പം നമ്മുടെ വിവാഹപന്തലിലേയ്ക്കുള്ള യാത്ര നമുക്കും തുടരാം. 1സ്വർഗ്ഗ. 10നന്മ. 1ത്രിത്വ.

മൂന്നാം രഹസ്യം: പീലാത്തോസ് ഈശോയെ ജനക്കൂട്ടത്തിന്റെ മുമ്പിലേയ്ക്ക് ആനയിക്കുന്നു. ഈശോയിൽനിന്നും നന്മകൾ സ്വീകരിച്ചിട്ടുള്ള അനേകംപേർ അവിടെ ഉണ്ടായിരുന്നു. അവരെല്ലാം ഈശോയെ വിവാഹപന്തലിലേയ്ക്ക് നയിക്കുവാൻ തയ്യാറായി നില്ക്കുകയാണ്. ഈശോ തനിക്കായി കുരിശു തീർത്തു നില്ക്കുന്ന അവരെ ഹൃദയത്തിൽ സ്വീകരിച്ച് ആശീർവ്വദിച്ച് അനുഗ്രഹിച്ച് തന്റെ കാൽവരിയാത്ര ആരംഭിക്കുന്നു. നമ്മുടെ ജീവിതത്തിലും നമ്മിൽനിന്നും അനുഗ്രഹങ്ങളും നന്മകളും സ്വീകരിച്ച് വിശ്വസ്ത മിത്രങ്ങളായി കഴിഞ്ഞിരുന്നവർപോലും ചില നിർണ്ണായക നിമിഷങ്ങളിൽ, നമുക്കായി കുരിശു തീർത്ത് നമ്മുടെ മുന്നിൽനില്ക്കുന്ന അനുഭവങ്ങളും അവസരങ്ങളും ഉണ്ടാകും. ആ നിമിഷങ്ങളിലെല്ലാം ഹൃദയപൂർവ്വം അവരോട് ക്ഷമിച്ച് അവരെ അനുഗ്രഹിക്കുവാനും ആ കുരിശുകളെ മഹത്വത്തിന്റെ വിനാഴികകളായി കാണാനും അങ്ങനെ കാൽവരി യാത്ര

പൂർത്തീകരിച്ച് അങ്ങിൽ സായൂജ്യമടയുവാനുമുള്ള കൃപ, പരി. അമ്മയുടെ മാദ്ധ്യസ്ഥം വഴിയായി നമുക്ക് പ്രാർത്ഥിക്കാം.

1സ്വർഗ്ഗ. 10നന്മ. 1ത്രിത്വ.

നാലാം രഹസ്യം: വിവാഹപന്തലിലേയ്ക്കുള്ള യാത്രയിൽ വഴിമദ്ധ്യേ ഈശോ മാതാവിനെ കണ്ടുമുട്ടുന്ന രംഗം, നമുക്ക് ധ്യാനവിഷയമാക്കാം. ചാവറപ്പിതാവ് ആ രംഗം ദർശിക്കുന്നത് വിവരിക്കുന്ന ഭാഗം ആത്മാനുതാപത്തിൽനിന്നും നമുക്ക് ശ്രവിക്കാം. ആത്മാ. പാദം 8, 124–128.

കുരിശാകുന്ന മണവറയെ ലക്ഷ്യമാക്കി നടന്നുനീങ്ങുന്ന മാതാവും ഈശോയും പരസ്പരം കണ്ടുമുട്ടുന്നു. ഒരു സമാഗമം. ഇരുകൂട്ടർക്കും വേദനയും, ഒപ്പം സമാശ്വാസവുമായിരുന്നു. സർവ്വാലങ്കാര വിഭൂഷിതനായ തന്റെ തിരുപുത്രനെ കണ്ടപ്പോഴും അമ്മയുടെ മനം ഉരുകി. മകനോടൊപ്പം അമ്മയും മകന്റെ വേദനയിൽ പങ്കുകൊള്ളുന്ന നിർണ്ണായകമായ നിമിഷം! ഒരർത്ഥത്തിൽ, അമ്മയുടെ സാന്നിധ്യം മകന് ശക്തിപകർന്നു. കാൽവരി യാത്രയ്ക്ക് അമ്മ മകന് മൗനമായി അനുവാദം നൽകുന്നു. ഒപ്പം അമ്മയും ആ യാത്രയിൽ പങ്കുകൊള്ളുന്നു. നിശ്ശബ്ദരായി–സമചിത്തതയോടെ രണ്ടുപേരും കാൽവരിയാകുന്ന വിവാഹപന്തലിലേയ്ക്ക് നടന്നടുക്കുന്നു.

നമ്മുടെ ആത്മമണവാളൻ നടന്നുനീങ്ങിയ അതേ വഴിയിലൂടെ–കുരിശാകുന്ന മണവറയിലേയ്ക്ക് നടന്നുനീങ്ങുന്നവരാണ് നാമും. ഇടറുന്ന പാദങ്ങളോടെ പതറുന്ന മനസ്സോടെ നാം നടന്നു നീങ്ങുന്ന ചില അവസരങ്ങളിൽ നമ്മെ ശക്തിപ്പെടുത്താൻ, സഹായിക്കാൻ തന്റെ തിരുസുതന്റെകൂടെ ഉണ്ടായിരുന്ന പരി. അമ്മ നമ്മുടെകൂടെയും ഉണ്ടെന്ന് നമുക്ക് വിശ്വസിക്കാം. പ്രത്യാശിക്കാം. കുരിശാകുന്ന മണവറയിൽ പ്രവേശിക്കാൻ ദൈവസാന്നിധ്യം അനുഭവിക്കാൻ പരി. അമ്മയുടെ തന്നെ മാധ്യസ്ഥം നമുക്കും യാചിക്കാം.

1സ്വർഗ്ഗ. 10 നന്മ. 1ത്രിത്വ.

അഞ്ചാം രഹസ്യം: കാൽവരിയാത്ര അതിന്റെ അവസാനഘട്ടത്തിൽ എത്തിച്ചേർന്നു. കുരിശാകുന്ന മണവറ പൂകുവാൻ ദാഹിച്ചുകാത്തുനില്ക്കുന്ന ഈശോ തന്റെ മണവറയിൽ സൂക്ഷിച്ചിട്ടുള്ള കാസായിലെ വീഞ്ഞ് മുഴുവനായും കുടിച്ചുതീർക്കാനുള്ള തയ്യാറെടുപ്പിലാണ്. അതിന്റെ അവസാനത്തിൽ അവിടുന്നു പറയുന്നു: "പിതാവേ, എല്ലാം പൂർത്തിയായി അങ്ങ

യുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു" എന്ന്. കാലിത്തൊഴുത്തിൽ പിറന്നുവീണ നിമിഷം മുതൽ, ആ പിഞ്ചുപാദങ്ങൾകൊണ്ട് ആദ്യമായി പിച്ചവെച്ച നാൾമുതൽ അവിടുത്തെ പാദങ്ങൾ മുന്നോട്ടുനീങ്ങിയിരുന്നതു് ഈ കാൽവരിയെ ലക്ഷ്യമാക്കിയായിരുന്നു. ആ നീണ്ട യാത്രയുടെ എത്താണ്ട് പരിസമാപ്തികുറിക്കുന്ന നിമിഷമായിരുന്നു അതു്. പുത്രൻ പരിശുദ്ധാത്മാവിന്റെ ഐക്യത്തിൽ പിതാവിൽ ലയിച്ചു ചേരുന്ന ചരിത്രത്തിലെ രക്ഷാകരമായ നിമിഷം. പരി. അമ്മയും ത്രിതൈക ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ ലയിച്ചിരിക്കുകയാണ്. നമുക്കും പരി. അമ്മയോടൊപ്പം ആ നിത്യസാന്നിദ്ധ്യത്തിൽ ശാന്തരായിരിക്കാം.

സമർപ്പണ പ്രാർത്ഥന: കുരിശാകുന്ന മണവറപൂകി ദിവ്യനാഥനുമായി ഒന്നാകുവാൻ തന്നിൽ സായൂജ്യമടയുവാനുള്ള ആഗ്രഹത്തോടെ, ദിവ്യനാഥനോടൊപ്പം നാമും യാത്രചെയ്യുകയായിരുന്നു. നിത്യസാന്നിദ്ധ്യത്തിൽ ലയിച്ചുചേരുക. അതിൽ ഒന്നായിത്തീരുക, അതാണ് നമ്മുടെ ജീവിതലക്ഷ്യം.

മനുഷ്യാത്മാവു് ദൈവാത്മാവിൽ വിലയംപ്രാപിക്കുവാൻ അങ്ങനെ സായൂജ്യമടയുവാൻ നമ്മിലെ അന്തരാത്മാവു് നിരന്തരം കേഴുകയാണ്. ദൈവസായൂജ്യത്തിൽ എത്തിച്ചേരാൻ ഒരേ ഒരു മാർഗ്ഗമേയുള്ളു. കുരിശാകുന്ന രാജപാത. ആ വഴിയിലൂടെ നാം ചരിക്കുമ്പോൾ ചാവറപ്പിതാവു് നമ്മെ ഓർമ്മിപ്പിക്കുന്നതുപോലെ നമ്മുടെ ആത്മമണവാളനായ ഈശോ നമുക്കും വീഞ്ഞുപകർന്നുതരും. ആ വീഞ്ഞുനുകർന്ന് അതിന്റെ മാധുര്യത്തിൽ ലയിച്ചുനില്ക്കുമ്പോൾ ഉത്തമഗീതത്തിലെ മണവാട്ടിയെപ്പോലെ നമുക്കും ഉറക്കെ ഉദ്ഘോഷിക്കാനാകും. "എന്റെ പ്രിയൻ എനിക്കും ഞാൻ അവിടുത്തേയ്ക്കും" എന്ന്. വ്രതാർപ്പണത്തിനുമുൻപ് നാം അച്ചടിപ്പിച്ച പടത്തിൽ ഈ വാചകം ഒരുപക്ഷേ എഴുതിയിട്ടുണ്ടാകാം. അനുദിനം നമ്മുടെ ജീവിതത്തിലേയ്ക്ക് കടന്നുവരുന്ന കുരിശുകളെ ദൈവഹിതാനുസാരം സന്തോഷപൂർവ്വം സ്വീകരിക്കുമ്പോഴാണ് ഞാനും എന്റെ ഈശോയും ഒന്നായിത്തീരുന്നതു്. അപ്പോഴാണ് എനിക്കും പറയാൻ സാധിക്കുക– "എന്റെ പ്രിയൻ എനിക്കും ഞാൻ അവിടുത്തേക്കും". കുരിശാകുന്ന മണവറപൂകി, നമ്മുടെ ആത്മനാഥനായ ഈശോയുമായി ഒന്നായിത്തീരാം, അതായിരിക്കട്ടെ നമ്മുടെ ആത്മദാഹവും.

# സമൂഹസല്ലാപം

നമ്മുടെ അപ്പന്റെ ഭവനമായ പ്രാർത്ഥനമുറിയാകുന്ന ഈ ദേവാലയത്തിൽ–മദ്ബ്ഹായിൽ–ദിവ്യസക്രാരിയിൽ മനോഗുണമുള്ള അപ്പനേയും ഈശോയേയും സ്നേഹത്തിന്റെ ആത്മാവായ പരിശുദ്ധാത്മാവിനേയും നമുക്ക് ദർശിക്കാം (പരി. ത്രിത്വം) ഈ ദേവാലയം മുഴുവൻ നിറഞ്ഞുനില്ക്കുന്ന ദൈവീക സാന്നിധ്യത്തിന്റെ പരിശുദ്ധിയുടെ, മഹത്വത്തിന്റെ അനുഭവത്തിൽ നമുക്കായിരിക്കാം. (ഒരു മിനിററ് മൗനം)

അവിടുത്തെ സാമീപ്യലഹരിയിൽ ഇരുന്നുകൊണ്ട് നമ്മുടെ അയോഗ്യതാബോധം ചാവറപ്പിതാവിനോടൊപ്പം നമുക്കും ഏററുപറയാം. (സങ്കീർത്തനം 15 സമൂഹമായിട്ട് ഏററുപാടുന്നു.)

ചാവറപ്പിതാവ് പ്രാർത്ഥനാമുറിയിൽ അവിടുത്തെ സാന്നിധ്യം അനുഭവിച്ചതുകൊണ്ടുമാത്രം തൃപ്തനായില്ല. ഇവ എന്റെ ഹൃദയത്തിൽ കൊണ്ടുവരണം. എന്റെ ഹൃദയമാകുന്ന ഗുഹയിൽ ത്രിത്വാത്മക സാന്നിധ്യം അനുഭവിച്ചറിയണം. അവിടുത്തെ ദർശിക്കണം. ഇതിനുള്ള തീക്ഷ്ണമായ ആഗ്രഹം. താനെന്തു ചെയ്യും? പിതാവ് എന്താണ് ചെയ്യുന്നതെന്ന് ധ്യാനസല്ലാപത്തിൽ നമുക്ക് ശ്രവിക്കാം. (ധ്യാനസല്ലാപം പേജ് 43 വായിക്കുന്നു).

ഇത്തരത്തിൽ നമ്മുടെ ഹൃദയമാകുന്ന ഗുഹയിൽ പ്രവേശിച്ച് അവിടെ പരി. ത്രിത്വത്തിന്റെ ഭൂമിയിലെ പതിപ്പായ തിരുക്കുടുംബത്തെ ദർശിക്കുവാനുള്ള നമ്മുടെ വലിയ ആഗ്രഹം ചാവറപ്പിതാവിനോട്ട് ചേർന്ന് നമുക്ക് അവിടുത്തേയ്ക്ക് സമർപ്പിക്കാം. ഗാനം–ആത്മാനുതാപം 3/1–58 കാണാകേണം. അവിടുത്തെ കാണുവാനുള്ള ദാഹം പ്രകടിപ്പിച്ച നമുക്ക് നമ്മുടെ ഹൃദയമാകുന്ന ഗുഹയിൽ യൗസേപ്പിതാവിനേയും മാതാവിനേയും ദർശിച്ച്, അവരുടെ പ്രാർത്ഥനയിൽ പങ്കുകൊള്ളാം. അവരുടെ പ്രാർത്ഥന നമ്മുടേതാക്കി മാററാം. യൗസേപ്പിതാവും, മാതാവും ഉള്ളം തെളിഞ്ഞാണ് പ്രാർത്ഥിച്ചത് എന്ന് നാം കണ്ടുകഴിഞ്ഞു. ഇവിടെ വേദനയില്ല. ആ വേദനകളെല്ലാം മഹത്വമായി മാറിയ അനുഭവമാണ്. നമ്മുടെ ജീവിതത്തിലുണ്ടാകുന്ന വേദനകളും സഹനങ്ങളും സന്തോഷമായി പകരുന്ന അനുഭവം ഉണ്ടാകുമ്പോഴാണ് യൗസേപ്പിതാവിനേയും മാതാവിനേയുംപോലെ

നമുക്കും ഉൾക്കരുന്ന് അലിഞ്ഞുള്ള ജപത്തെ കാഴ്ച വയ്ക്കാൻ സാധിക്കുക. വേദനകളെ ഓർത്ത് സ്തുതിക്കുമ്പോഴാണ് മനസ്സ് തെളിയുന്നത്.

അതിനാൽ നമ്മുടെ കഴിഞ്ഞകാല ജീവിതത്തിലുണ്ടായിട്ടുള്ള വേദനകളെ, സഹനങ്ങളെ, പരാജയങ്ങളെ, തിരസ്കരണങ്ങളെ ഓർത്ത് സ്തുതിക്കാനുള്ള അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം. സ്വർഗ്ഗീയ സീയോനിലായിരിക്കുന്ന നമ്മിൽനിന്നും ഉയരേണ്ടത് ആരാധനയുടേയും സ്തുതിയുടേയും കീർത്തനങ്ങളാണല്ലോ. ഈ വലിയ കൂട്ടായ്മയുടെ അനുഭവത്തിലായിരിക്കുന്ന നമുക്ക് ലോകം മുഴുവനിലുമുള്ള എല്ലാവരുടേയും വേദനകളെയും നമ്മുടെതന്നെ വേദനകളെയും ഓർത്ത് അവിടുത്തെ പാടിസ്തുതിക്കാം.

(ഗാനം–പാടുന്നു) sharing

മാതാവ് കാരുണ്യകുംഭമായ ഈശോയെ കയ്യിൽ തരാൻ അങ്ങനെ തന്റെ വ്യക്തിത്വം മുഴുവൻ കാരുണ്യമായി മാറാനും കാരുണ്യമായി പകരാനുമാണ് പ്രാർത്ഥിക്കുന്നത്. യൗസേപ്പിതാവ് ലോകംമുഴുവൻ തിരു അവതാരം നടക്കാൻ തന്റെ വ്യക്തിത്വം മുഴുവൻ സമർപ്പിച്ച് പ്രാർത്ഥിക്കുന്നു. ലോകം മുഴുവൻ തിരു അവതാരം നടക്കുമ്പോഴുണ്ടാകുന്ന, മാറ്റങ്ങളെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്ന തിരുവചനഭാഗങ്ങൾ നമുക്ക് ഇപ്പോൾ ശ്രവിക്കാം (ഐസ. 35/1–10). ഇന്നത്തെ ധ്യാനത്തിന്റെ വെളിച്ചത്തിൽ ആത്മാവ് പ്രചോദിപ്പിക്കുന്നവിധം നമ്മുടെ പ്രാർത്ഥനയാകുന്ന അർച്ചനകൾ മാതാവിനോടും യൗസേപ്പിതാവിനോടുംചേർന്ന് അവിടുത്തേയ്ക്ക് സമർപ്പിക്കാം. (ഷെയറിംഗ്) പ്രാർത്ഥിക്കുമ്പോഴാണ് തിരു അവതാരം നടക്കുന്നത്. തിരു അവതാരം നടക്കുമ്പോഴാണ് നാം തെളിവിന്റെ മക്കളാകുക. നമ്മുടെ ഹൃദയത്തിലുള്ള അവിടുത്തെ സാന്നിധ്യാനുഭവത്തിൽ– ആ ദർശനാനുഭവത്തിൽ തുടർന്നുള്ള സമയം മുഴുവൻ നമുക്കായിരിക്കാം. അങ്ങനെ തെളിവിന്റെ മക്കളും, മറ്റുള്ളവരെ തെളിയിക്കുന്ന മക്കളും നമുക്കാകാം. അപ്പോൾ നമ്മുടെ സമൂഹത്തിൽ നിന്നും സദാ ഉയരുന്നത് തെളിവിന്റെ സല്ലാപങ്ങളായിരിക്കും.

നന്ദിയുടെ ഒരു ഗാനം ആലപിച്ച് നമുക്ക് സമാപിക്കാം.

# തിരുക്കുടുംബത്തിലൂടെ ത്രിത്വകുടുംബത്തിലേയ്ക്ക്

ദിവ്യഉണ്ണിയെ ദർശിച്ച് മാതാവും, യൗസേപ്പിതാവും തെളിവുള്ളവരായി. വചനത്തിന്റെ ദിവ്യപ്രകാശത്തിൽ എല്ലാ അന്ധകാരവും പോയിമറഞ്ഞു. എല്ലാററിനും പുതിയ അർത്ഥം, കാഴ്ചപ്പാട് ലഭിക്കുകയാണ്. ഈ തെളിയലിന്റെ അനുഭവം സമർപ്പണത്തിലേയ്ക്കാണ് മാതാവിനേയും യൗസേപിതാവിനേയും നയിച്ചത്. ദിവ്യഉണ്ണിയെ ആരാധിക്കുകയും പ്രണമിക്കുകയും ചെയ്ത് അവർ തിരുസന്നിധിയിൽ സാക്ഷാത്കാരം കണ്ടെത്തി. ഈ ദർശനാനുഭവം സ്വന്തമാക്കാനുള്ള ആഗ്രഹത്തോടെ നമ്മുടെ ഹൃദയമാകുന്ന ഗുഹയിലേയ്ക്ക് നമുക്ക് പ്രവേശിക്കാം. അവിടെ മാതാവിനോടും യൗസേപ്പിതാവിനോടുമൊപ്പം ദിവ്യഉണ്ണിയെ ആരാധിക്കുകയും പ്രണമിക്കുകയും ചെയ്യാം. ചാവറപ്പിതാവിനെപ്പോലെ നമ്മുടെ ഹൃദയത്തിൽ തിരുക്കുടുംബത്തെ ദർശിച്ച് അവരുമായി ഒന്നുചേരാം. ഈ ദർശനാനുഭവം അഥവാ തിരുക്കുടുംബാനുഭവം ത്രിത്വകുടുംബത്തിലേയ്ക്ക് നമ്മെ എത്തിക്കും. ഈ അനുഭവത്തിലേയ്ക്ക് ഉടൻ പ്രവേശിക്കാൻ വലിയ വിശ്വാസവും, പ്രത്യാശയും തന്ന് ഞങ്ങളെ ഒരുക്കണമെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

## മാതാവിന്റെ ദർശനവും പ്രണാമവും

"പെററൊരു മാതൃ തന്റെ പുത്രനെ കയ്യിൽ വാങ്ങി
കൊററവർക്കധിപനാം പുത്രനെ വന്ദിച്ചമ്മ.
അന്നേരം കുഞ്ഞിപ്പൈതൽ നയനം തുറന്നു തൻ
സുന്ദരമുഖിയായ അമ്മയെ തൃക്കൺപാർത്തു."

(ആത്മാ. V/74–78)

തിരു അവതാരത്തെ ദർശിച്ച പരി. അമ്മ ദിവ്യപൈതലിനെ ആരാധിക്കുന്നു; പ്രണമിക്കുന്നു. അപ്പോൾ ദിവ്യശിശു അമ്മയെ നയനം തുറന്ന് കടാക്ഷിക്കുന്നു. പരസ്പരം ദർശിക്കുന്ന അനുഭവം. നാമും പ്രാർത്ഥിക്കുവാനായി ഹൃദയമാകുന്ന ഗുഹയിൽ പ്രവേശിക്കുമ്പോൾ അവിടുന്ന് നമ്മെ കടാക്ഷിക്കുന്ന അനുഭവ

മുണ്ടാകണം. അവിടുത്തെ ദർശനം നമുക്ക് ലഭിക്കുമ്പോഴാണ് ദിവ്യസാന്നിധ്യത്തിൽ ലയിച്ചിരിക്കുവാനും അവിടുത്തേയ്ക്ക് സ്നേഹസമർപ്പണം നടത്തുവാനും നമുക്ക് സാധിക്കുന്നത്. അവിടുന്ന് എന്നേയും, ഞാൻ അവിടുത്തേയും ദർശിക്കുന്ന അനുഭവമുണ്ടാകണം. പരസ്പരമുള്ള ഈ ദർശനാനുഭവമാണ് നിരന്തരം ദൈവസാന്നിദ്ധ്യത്തിൽ ജീവിക്കുവാൻ, പരിശുദ്ധ ത്രിത്വത്തിന്റെ സൗഹാർദ്ദത്തിലും, കൂട്ടായ്മയിലും ജീവിക്കുവാൻ നമ്മെ സഹായിക്കേണ്ടത്.

“അരുളം ചെയ്യുദേവാ, ശ്രവിക്കുന്ന ദാസി” എന്ന എളിയ മനോഭാവത്തോടെ ദിവ്യശിശുവിന്റെ തിരുമുഖത്തേയ്ക്ക് അമ്മ ഉറ്റുനോക്കിയപ്പോൾ അമ്മയ്ക്ക് മറ്റൊരു ഉൾദർശനം കൂടി ലഭിക്കുകയാണ്.

“അൻപേറും മമതായേ, എന്നെ നീ നോക്കികൊണ്ട്
പിൻപിനാൽ നടന്നുമേ അമ്മയായ് കാട്ടീടുക.”

(ആത്മാ. V/79-80)

ദിവ്യഉണ്ണിയുടെ വാക്കുകളുടെ ആന്തരാർത്ഥം അമ്മയ്ക്ക് ബോദ്ധ്യമായി. ആത്മീയമാതൃത്വത്തിനുള്ള തന്റെ വിളിയും ദൗത്യവും കൂടി അമ്മ മനസ്സിലാക്കുന്നു. ഈശോയുടെ അമ്മയെന്ന നിലയിൽ അവിടുത്തെ തിരുമുഖത്ത് ദൃഷ്ടി ഉറപ്പിച്ച് ആ തിരുമുഖം നിരന്തരം ദർശിച്ചിരിക്കണം. അതോടൊപ്പം തന്റെ ശിഷ്യയെന്ന നിലയിൽ അവിടുത്തെ പിന്നാലെ നടക്കണം. തിരു അവതാരം ദർശിച്ചപ്പോൾതന്നെ തന്റെ ദൗത്യം അമ്മയ്ക്ക് മനസ്സിലായി.

ദിവ്യഉണ്ണിയെ ദർശിച്ച പരി. അമ്മ ആ പിഞ്ചുപൈതലിനെ ബഹുമാനത്തോടെ, സന്തോഷത്തോടെ സ്വന്തം കൈകളിലെടുക്കുന്ന രംഗം നമുക്ക് ധ്യാനവിഷയമാക്കാം. ആഴമായ വിശ്വാസചൈതന്യത്തോടെ തിരുമുമ്പിലായിരുന്നാൽ മാത്രമെ അമ്മയുടേയും, തിരുപ്പുത്രന്റേയും ഹൃദയത്തുടിപ്പുകൾ നമുക്ക് വ്യക്തമാകൂ. ദിവ്യശിശുവിനെ വളർത്തുവാനും, പരിപാലിക്കുവാനുമായി പിതാവായ ദൈവം തന്റെ കൈകളിൽ ഏല്പിച്ചിരിക്കുന്നു എന്ന ഹൃദയഭാവത്തോടെയാണ് പരി. അമ്മ ഉണ്ണീശോയെ കരങ്ങളിലെടുക്കുന്നത്. ദൈവമാതൃത്വം എന്ന ദാനത്തിന്റെ സന്തോഷമാണ് അമ്മയനുഭവിക്കുന്നത്. അതേസമയം, കുഞ്ഞിനെ ഏല്പിച്ചതുവഴി അമ്മയെ ലോകത്തിന്റെ

മുഴുവൻ അമ്മയായി പിതാവ് ഉയർത്തി. നിരന്തരമായ ശൂന്യവൽക്കരണത്തിലൂടെയും, ആത്മസമർപ്പണത്തിലൂടെയും, എല്ലാ മക്കളേയും തന്നിലേയ്ക്ക് സ്വീകരിച്ചുകൊണ്ട് വിശ്വമാതാവായിത്തീരുവാനുള്ള വരമാണ് പരി. അമ്മയ്ക്ക് പിതാവ് നല്കുന്നത്. എല്ലാ ദിവസവും വി. കർബ്ബാന സ്വീകരണംവഴി ഇതു തന്നെയാണ് നമ്മിലും നടക്കുന്നത്-നടക്കേണ്ടതും. എന്നിൽ എഴുന്നുള്ളിവരുന്ന വചനത്തെ വിശ്വാസദൃഷ്ട്യാ ഞാൻ ദർശിക്കണം. വചനം എന്നിൽ ജീവിക്കാനും, വളരാനും ഞാൻ അനുവദിക്കണം. അതോടൊപ്പം ആ തിരുവചനത്തിന്റെ മുഖം മറ്റു മുഖങ്ങളിൽ കാണുവാനും, അവിടുത്തെ ദിവ്യസ്വരം മറ്റു സ്വരങ്ങളിൽ ശ്രവിക്കാനും നമുക്ക് സാധിക്കണം. വചനത്തിന് ജന്മം കൊടുത്ത് ആത്മീയമാതാക്കളായിത്തീരണം.

1. തൃപ്പാദം മുത്തുന്നു.

"അപ്പോഴുതമ്മ തന്റെ സൃഷ്ടിതാവെന്നുറച്ച്
തൃപ്പാദേ മുത്തി ഭക്ത്യാൽ". (ആത്മാ. V/83-84)

ദിവ്യഉണ്ണിയെ കൈകളിലെടുത്ത പരി. അമ്മ ഉണ്ണിയെ പ്രണമിച്ചുകൊണ്ട് ആദ്യമായി തൃപ്പാദം മുത്തുന്നതായി ചാവറപ്പിതാവ് കാണുകയാണ്. താൻ ദർശിക്കുന്ന, തന്റെ കൈകളിലിരിക്കുന്ന ദിവ്യശിശുവിൽ തന്റെ സ്രഷ്ടാവായ-പിതാവായ ദൈവത്തെതന്നെയാണ് മാതാവ് ദർശിക്കുന്നത്. സ്രഷ്ടാവിനെ സൃഷ്ടിയെന്ന നിലയിലും, പിതാവിനെ മകളെന്ന നിലയിലും ആഴമായ ദൈവാനുഭവത്തിൽ നിന്നുകൊണ്ട് ദിവ്യശിശുവിന്റെ തൃപ്പാദം അമ്മ മുത്തുന്നു. സുദൃഢമായ വിശ്വാസത്തോടെ പിതൃപാദങ്ങൾ നമസ്കരിക്കുമ്പോൾ പിതാവിന് അമ്മ തന്നെത്തന്നെ പൂർണ്ണമായി സമർപ്പിക്കുകയാണ്. അതോടൊപ്പം പിതൃസാന്നിധ്യം ആഴത്തിൽ അനുഭവിക്കുകയും ചെയ്യുന്നു. മാതാവിന്റെ ഈ അനുഭവം സ്വന്തം അനുഭവമായി പകർത്തികൊണ്ട് ചാവറപ്പിതാവും അമ്മയോടൊപ്പം പിതൃസാന്നിധ്യത്തിൽ ലയിക്കുന്നു. വിശ്വാസമാണ് ദൈവദർശനത്തിന് നമ്മേയും യോഗ്യരാക്കിത്തീർക്കുന്നത്. ആഴമായ വിശ്വാസത്തോടെ ദിവ്യശിശുവിന്റെ തൃപ്പാദം ചുംബിക്കുമ്പോൾ നമുക്കും ഈ പിതൃസ്നേഹാനുഭവം ലഭിക്കും.

2. തൃക്കൈകൾ മുത്തുന്നു

"തന്നുടെ രക്ഷാനാഥൻ രാജരാജനെന്നുള്ള
ചിഹ്നമായ് തൃക്കൈകളും മുത്തി തൻ മഹാസ്നേഹാൽ."

(ആത്മാ. V/85–86)

തന്നേയും, ലോകം മുഴുവനേയും രക്ഷിക്കാൻ വന്ന രക്ഷാനാഥനാണ് ഈ ദിവ്യശിശു എന്ന ബോദ്ധ്യത്തിൽ നിന്നു കൊണ്ട് പരി. അമ്മ ദിവ്യപൈതലിന്റെ കൈകൾ മുത്തി. അമ്മയുടെ ഹൃദയം വലിയ പ്രത്യാശകൊണ്ട് ജ്വലിച്ചു. മനുഷ്യരെല്ലാവരും വലിയ പ്രത്യാശയോടെ കാത്തിരുന്ന വചനത്തിൽ പരി. അമ്മ, പരിശുദ്ധ ത്രിത്വത്തിലെ രണ്ടാമാളായ തിരുപുത്രനെ ദർശിച്ച്, ആ ദർശനം തന്നെ തനിക്ക് രക്ഷയുടെ അനുഭവമാക്കി മാററി. താൻ എത്ര പാപിയാണെങ്കിലും രക്ഷകനായ ഈശോയുടെ സാന്നിദ്ധ്യത്തിൽ തനിക്ക് രക്ഷിക്കപ്പെട്ടവരുടെ ഗണത്തിലേയ്ക്ക് ചേർപ്പെടുവാനുള്ള യോഗ്യത ലഭിക്കുമെന്ന ആഴമായ പ്രത്യാശയിൽ ചാവറപ്പിതാവും രക്ഷയുടെ-സന്തോഷത്തിന്റെ അനുഭവത്തിലാകുന്നു. നമ്മുടെ ജീവിതത്തിലെ ഓരോ അനുഭവത്തിലും വിശ്വാസവും പ്രത്യാശയുമുണ്ടെങ്കിലേ ദർശനം ഒരനുഭവമാകുകയുള്ളു.

3. കവിളിൽ മുത്തുന്നു

"എത്രയുമിച്ഛിച്ചുള്ള തനുജൻ പ്രിയ സുതൻ
ചിത്ര കൗതുകത്തോടെ മുത്തിതൻ കവിളതിൽ"

(ആത്മാ. V/87–88)

തുടന്ന് പരി. അമ്മ തന്റെ പുത്രന്റെ കവിളിൽമുത്തി. ആ സ്നേഹചുംബനത്തിൽ അരൂപിയുടെ സ്നേഹാനുഭവം, ആത്മീയാനന്ദം ലഭിക്കുകയാണ്. സ്നേഹത്തിന്റെ തീവ്രതയിൽ ആ തിരുമുഖത്ത് സ്നേഹചുംബനം അർപ്പിക്കുമ്പോൾ നിരന്തരം തന്നോടുകൂടിയായിരിക്കുന്ന പരിശുദ്ധാത്മാവിന്റെ ദിവ്യസാന്നിദ്ധ്യമാണ് അമ്മ അനുഭവിക്കുന്നത്. സ്നേഹംതന്നെയായ പരി. ത്രിത്വവുമായി സ്നേഹത്തിൽ ഒന്നാകുന്നതിന്റെ ബഹിർസ്ഫുരണമാണ് ആ സ്നേഹചുംബനത്തിൽ നമുക്ക് ദൃശ്യമാകുക. തിരുസുതനിൽ പരി. ത്രിത്വത്തിന്റെ ദിവ്യസാന്നിദ്ധ്യം അനുഭവിച്ച് ആ ത്രിത്വാനുഭവത്തിൽ ലയിച്ചുനില്ക്കുന്ന പരിശുദ്ധ അമ്മയോടൊപ്പം ചാവറപ്പിതാവും ത്രിത്വാത്മകസ്നേഹത്തിലേയ്ക്ക് ഉൾപ്രവേശിക്കുന്നു.

നമ്മുടെ ഹൃദയമാകുന്ന ഗുഹയിൽ നാം പ്രവേശിക്കണം. ഈ ത്രിത്വാനുഭവമാണ് ബദ്‌ലഹേം ഗുഹയിലായിരിക്കുന്ന നമുക്കും ലഭിക്കേണ്ടതു്. പ്രാർത്ഥനയുടെ പരിശുദ്ധ നിമിഷ ഉിൽ ഈ ത്രിത്വാനുഭവം നമുക്ക് ലഭിക്കുമ്പോൾ പരി. ത്രിത്വ ത്തിൻെറ സ്നേഹാനുഭവം നമ്മിൽ നിറയും. നാമുമായി ഇടപെ ടുന്ന സഹോദരങ്ങളിലേയ്ക്കു് ഈ സ്നേഹം ഒഴുക്കുവാനും, പരി ശുദ്ധ സ്നേഹത്തോടെ എല്ലാവരേയും ആശ്ലേഷിക്കുവാനും നാം പ്രാപ്തരാകും. സ്വാതന്ത്ര്യത്തിൻെറ എല്ലാ ബന്ധനങ്ങളിൽനിന്നും മോചിതരായി ദൈവസ്നേഹത്തിൻെറ രമ്യത എല്ലാവരിലും, എല്ലായിടത്തും ദർശിക്കാൻ സാധിക്കും.

4. തഴുകൽ

ത്രിത്വദർശനത്തിൽ നിർവൃതിപൂണ്ടുനിന്ന അമ്മ തൻെറ കൈകളിലിരിക്കുന്ന തിരുപ്പുത്രനെ സ്നേഹപൂർവ്വം തഴുകുന്നു. അതോടൊപ്പം ദിവ്യഉണ്ണിയോട് പരി. അമ്മ സംസാരിക്കു ന്നതു് ചാവറപ്പിതാവു് കേൾക്കുകയാണു്. "ഈ നിൻെറ മാതാ വിൻെറ ആഗ്രഹമെല്ലാം—നിന്നെ കാണുവാനുള്ള എൻെറ ആഗ്ര ഹം—സാധിച്ചുതരുന്ന മകനെ, നീ ഭൂമിയിൽ കാംക്ഷിക്കുന്ന ദുഃഖത്തേക്കാൾ വലിയ ദുഃഖം മനുഷ്യർ നിനക്കു് വരുത്തും. എങ്കിലും നിൻെറ ആഗമനംകൊണ്ടു് ഈ ഭൂമിയിലെ പാപങ്ങ ളെല്ലാം പൊറുക്കപ്പെടുമല്ലൊ. ഈ ലോകത്തിനു് മംഗളം വരി കയും ചെയ്യുമല്ലൊ" എന്നു് മാതാവു് പറയുന്നതു കേട്ടിട്ടു് ഉണ്ണി ഈശോ പുഞ്ചിരി പൊഴിച്ചുകൊണ്ടു് തൻെറ സുന്ദരകൈകളെ മാതാവിൻെറ നേർക്കു് നീട്ടിയപ്പോൾ മാതാവു് ഉണ്ണിയെ തൻെറ മാറോടുചേർത്തു് തഴുകുന്നു (ആത്മാ. V/97–98). സഹനത്തി ലൂടെ, സ്നേഹാനുഭവത്തിലേയ്ക്കു് ഈ ലോകത്തെ മുഴുവൻ കൊണ്ടുവരുന്ന ദിവ്യപൈതലിൽ തൻെറ സന്തോഷം മുഴുവൻ കണ്ടെത്തുന്നു.

മാതാവു് ദിവ്യഉണ്ണിയെ തൻെറ ചങ്കിനുചേർത്തു് തഴുകി യപ്പോൾ ഈശോയുടെ ഹൃദയവും മാതാവിൻെറ ഹൃദയവും ഒന്നായിത്തീർന്ന അനുഭവമുണ്ടായി. പിതാവും, പുത്രനും, പരി ശുദ്ധാത്മാവുമായ ത്രിയേകദൈവത്തെ ദർശിച്ചു് ആ സ്നേഹസാഗ രത്തിൽ ഒരു തുള്ളി വെള്ളംപോലെ ലയിച്ചുചേരുന്ന അനുഭവം പരിശുദ്ധ അമ്മയ്ക്കുണ്ടാകുന്നു. ബദ്‌ലഹേമിലെ പുൽക്കൂട്ടിൽ

തിരുക്കുടുംബത്തോടൊപ്പം ആയിരിക്കുന്ന ചാവറപ്പിതാവിനും ത്രിത്വാനുഭവം ലഭ്യമാകുന്നു. തിരുക്കുടുംബത്തോടൊന്നിച്ചുള്ള സഹവാസം നമ്മേയും പരി. ത്രിത്വത്തിൽ എത്തിക്കും.

## യൗസേപ്പിതാവിന്റെ പ്രണാമം.

യൗസേപ്പിതാവിനോടുകൂടിയും നമുക്ക് ഉണ്ണിയേശുവിനെ പ്രണമിക്കാം. മാതാവിന്റെ കൈകളിൽ വിളങ്ങുന്ന തിരുപ്പുത്രനെ വലിയ സന്തോഷത്തോടെ അദ്ദേഹം തൃക്കൺ പാർത്തു. തുടർന്ന് തിരുമുമ്പിൽ സാഷ്ടാംഗം പ്രണമിച്ചു; ദൈവത്തിന്റെ പരമപരിശുദ്ധിയെ ഏറ്റുപറഞ്ഞു. മുത്തുവാൻ മാതാവ് ആവശ്യപ്പെട്ടപ്പോൾ താൻ അതിന് അയോഗ്യനാണെന്ന് പറഞ്ഞു. എങ്കിലും തന്റെ കരം ദിവ്യപൈതലിന്റെ നേരെ നീട്ടി. അപ്പോൾ തന്റെ കരങ്ങളിലേയ്ക്ക് ഈശോ തന്റെ കൈകൾ നീട്ടി ചാടിവീഴുന്ന അനുഭവം യൗസേപ്പിതാവിന് ഉണ്ടാകുന്നു. വിനയാന്വിതനായ യൗസേപ്പിതാവ് കുനിഞ്ഞ് അവിടുത്തെ തൃപ്പാദം മുത്തുന്നു. അപ്പോൾ ഈശോ ഏററവും സ്നേഹത്തോടെ തന്റെ തിരുച്ചുണ്ടുകളാൽ പുഞ്ചിരി കാട്ടുന്നു. ദിവ്യപൈതലിന്റെ തൃപ്പാദം അദ്ദേഹം ചുംബനം കൊണ്ട് പൊതിഞ്ഞു. അതുവഴി സ്നേഹത്തിന്റെ പൂർണ്ണമായ അനുഭവത്തിലേയ്ക്ക് പ്രവേശിച്ചു. തുടർന്ന് ഈശോയുടെ പാദങ്ങളും, കരങ്ങളും തന്റെ നിറുകയിൽ വച്ചു. ഈ വന്ദിക്കൽ പരിപൂർണ്ണമായ ഐക്യത്തെയാണ് കാണിക്കുന്നത്. പാദങ്ങളും, കരങ്ങളും നിറുകയിൽ വയ്ക്കുന്നത് നിത്യമായി വഹിച്ചുകൊണ്ട് നടക്കാനുള്ള സന്നദ്ധതയെയാണ് കാണിക്കുന്നത്.

ഇങ്ങനെയുള്ള യൗസേപ്പിതാവിനെ നോക്കി ഉണ്ണീശോ പുഞ്ചിരിക്കുന്നു. ആ ദിവ്യപൈതലിന്റെ 'കടാക്ഷമേററ്'' അദ്ദേഹം സന്തോഷാശ്രുക്കൾ പൊഴിച്ചു; സ്നേഹാനുഭവത്തിൽ ലയിച്ചുചേരുന്നു.

ഇതെല്ലാം ദർശിക്കുന്ന ചാവറപ്പിതാവ് തിരുക്കുടുംബത്തിൽ പരി. ത്രിത്വത്തെ ദർശിക്കുന്നു. പരമപരിശുദ്ധനായ അവിടുത്തെ ദിവ്യസാന്നിധ്യത്തിന്റെ മുമ്പിൽ നിന്നപ്പോൾ അയോഗ്യതയും പാപബോധവുമാണ് ചാവറപ്പിതാവിനുണ്ടാകുന്നത്. ''ഞാൻ നിർഗ്ഗുണനാണ്; പാപിയാണ്, ദുർബ്ബലനാണ്. എങ്കിലും ഞാൻ അങ്ങയുടെ എളിയ ദാസനാണ്.

തിരുമുമ്പിൽ അണയുവാനും, അവിടുത്തെ പാർക്കുവാനും എനിക്കു് യോഗ്യതയില്ല. എങ്കിലും ഞാൻ അങ്ങയെ വിട്ടു് എവിടെപ്പോകും എന്നു് ചോദിക്കുകയാണു്. തന്റെ ശൂന്യത കണ്ടെത്തിയപ്പോൾ 'എന്നുടെ പിതാവു നീ സൃഷ്ടിനാഥനും നീയെ' എന്നുപറഞ്ഞു് ദൈവത്തോടു് അടുത്തടുത്തുവരികയാണു്. ''പാർക്കുവാൻ കൊതിക്കുന്നു, കേൾക്കുവാൻ ആശിക്കുന്നു, പാർത്തു സൂക്ഷിപ്പാൻ നേത്രം യോഗ്യമല്ലല്ലോ നാഥാ'' എന്നു പറഞ്ഞു കൊണ്ടു് ചാവറപ്പിതാവു് തിരുക്കുടുംബത്തിൽ അഭയംതേടി.

'ധ്യാനംമൂലം ഗുരോ മൂർത്തി' എന്നു് പറയുന്നതുപോലെ തിരുക്കുടുംബത്തെ ധ്യാനിച്ചു്, ദർശിച്ചു് തിരുക്കുടുംബവുമായി ഏകീഭവിച്ചു. തന്റെ അസ്തിത്വം പൂർണ്ണമായും തിരുക്കുടുംബത്തിലും, തിരുക്കുടുംബത്തിന്റേതുമായി. ഈ ദർശനത്തിന്റെ ആഴപ്പെടലാണു് ആത്മാനുതാപം പത്താംപാദം മുതൽ ചാവറപിതാവു് വിവരിക്കുന്നതു്. മാതാവിന്റെ മഹത്വപൂർണ്ണമായ ജീവിതം അഥവാ മാതാവിനു് പരി. ത്രിത്വത്തിന്റെ ദർശനമുണ്ടാകുന്നതു് ചാവറപ്പിതാവു് കാണുകയാണു്. വാസ്തവത്തിൽ തന്റെ തന്നെ ദർശനം അദ്ദേഹം മാതാവിൽ ആരോപിക്കുകയാണു് ചെയ്യുന്നതു്. ഈ ദർശന ലോകത്തിലേയ്ക്കു് പ്രവേശിച്ചപ്പോൾ തന്റെ കാര്യം അദ്ദേഹം മറക്കുന്നതായിട്ടാണു് നാം കാണുന്നതു്. പത്തു മുതലുള്ള പാദങ്ങളിൽ താൻ പാപിയാണെന്നു പറഞ്ഞുള്ള കരച്ചിൽ കേൾക്കുന്നതേയില്ല. തന്നെപ്പററിയുള്ള പരാമർശങ്ങളൊന്നുംതന്നെയില്ല. പരി. ത്രിത്വം മാതാവിനു് ദർശനം നൽകുമ്പോഴുണ്ടാകുന്ന ആനന്ദാനുഭവം തനിക്കു് വിവരിക്കാൻ പററുന്നില്ല എന്നു മാത്രമെ തന്നെക്കുറിച്ചു് പറയുന്നുള്ളു.

പരി. ത്രിത്വം മാതാവിനു് ദർശനം നൽകുന്നതു കണ്ടു് ചാവറപ്പിതാവു് വിസ്മയിച്ചിരിക്കുകയാണു്. ഉത്തമഗീതത്തിലെ മണവാട്ടിയോടു് ''മമ സ്നേഹിതെ, മാടപ്രാവെ മേല്പോട്ടു കരേറുക. വരിക നീ'' (ആത്മാ. X/38–40) എന്നൊക്കെ പറയുന്നതുപോലെ പരി. ത്രിത്വത്തിലെ മൂന്നാളുകളും ദർശനം നൽകി മാതാവിനെ ക്ഷണിക്കുകയാണു്. ഈ വിളികേട്ടു് മാതാവു് സ്വർഗ്ഗത്തിലേയ്ക്കു് കരേറികൊണ്ടിരുന്നു എന്നു പറയുമ്പോൾ സ്നേഹത്തിലുള്ള വളർച്ചയാണു് സൂചിപ്പിക്കുന്നതു്. അങ്ങനെ സ്നേഹത്തിൽ വളർന്നു് മാതാവു് പരി. ത്രിത്വവുമായി

ഉടമ്പടിയിലേപ്പെടുന്നു (ആത്മാ. XI/480–482). സ്നേഹത്തിന്റെ വ്യാധിപിടിച്ച് മാതാവ് മരിക്കുന്നതായിട്ടാണ് പറയുന്നത്.

ഈ ഉടമ്പടി ദൈവവുമായുള്ള ഒന്നാകലിന്റെ അനുഭവമാണ്; മിസ്റ്റിക് അനുഭവമാണ്. തിരുക്കുടുംബത്തിന്റെ കാഴ്ച്ചപ്പാടിലൂടെ, ത്രീയേകദൈവവുമായുള്ള ഒന്നാകലിലേയ്ക്ക്, സ്നേഹസമർപ്പണത്തിലേയ്ക്ക് ചാവറപ്പിതാവ് വളർന്നു; അങ്ങനെ പരി. ത്രിത്വത്തിന്റേയും, തിരുക്കുടുംബത്തിന്റേയും പ്രതീകമായി മാറി. ചാവറപ്പിതാവ് ദൈവം വസിക്കുന്ന ഭവനമായി തീർന്നു. അതുവഴി ലോകം മുഴുവനേയും ഉൾക്കൊള്ളുന്ന ഒരു കുടുംബദർശനം അദ്ദേഹത്തിന് ലഭിച്ചു; സ്വയം മറന്ന് മറ്റുള്ളവർക്കുവേണ്ടി ജീവൻ ബലികഴിക്കാൻ തയ്യാറായി. ധ്യാനവും, കർമ്മവും അദ്ദേഹത്തിൽ സംയോജിച്ചു. അങ്ങനെ ചാവറപിതാവിന്റെ ജീവിതം തെളിയലിന്റേയും, തെളിയിക്കലിന്റേതുമായി. അതുകൊണ്ട് ചാവറപ്പിതാവിൽ ഒരു ദൈവികമനുഷ്യനെ ദർശിക്കുവാൻ മറ്റുള്ളവർക്ക് സാധിച്ചു. തിരുക്കുടുംബദർശനം സ്നേഹത്തിന്റെ പൂർണ്ണമായ അനുഭവത്തിലേയ്ക്ക് നമ്മേയും നയിക്കട്ടെ. ഉണ്ണീശോയെ ആരാധിക്കുകയും, പ്രണമിക്കുകയും ചെയ്ത് നമുക്കും തിരുസന്നിധിയിൽ സാക്ഷാത്കാരം കണ്ടെത്താം; മഹത്വത്തിന്റേതായ ഒരു ജീവിതം ഈ ഭൂമിയിൽ വച്ചുതന്നെ നമുക്കാരംഭിക്കാം.

കൃപ: തിരുക്കുടുംബത്തെ ഹൃദയത്തിൽ ദർശിച്ച്, വിശ്വാസാനുഭവത്തിൽ വളർന്ന് പരിശുദ്ധ ത്രിത്വത്തിന്റെ കൂട്ടായ്മയിൽ നിരന്തരം ജീവിക്കാനുള്ള കൃപ.

സൂക്തങ്ങൾ:

1. "അൻപേറും മമതായെ, എന്നെ നീ നോക്കിക്കൊണ്ട്
പിൻപിനാൽ നടന്നമേയമമ്മയായ് കാട്ടീടുക"

(ആത്മാനുതാപം V/79–80)

2. "നായകാ, സർവ്വേശ്വരാ, നരരക്ഷകനാഥാ
നയനാൽ പാർത്തീടണം പാപിയാമടിയനെ"

(ആത്മാനുതാപം V/141–142)

വായനകൾ:

ആത്മാനുതാപം V/77–178, X–32–40, X/72–76, XI/216–220
,, XI/484–488, XII/248–252

# ദൈവകൃപയ്ക്കുമുമ്പിൽ കൈകൂപ്പി നില്ക്കുന്ന വാ. ചാവറപ്പിതാവ്

പരി. ത്രിത്വത്തിന്റെ സഹവാസത്തിൽ ജീവിക്കാനും
നിരന്തരം ദൈവതിരുമുമ്പിൽ വ്യാപരിക്കുവാനുമാണ് മനു
ഷ്യൻ വിളിക്കപ്പെട്ടിരിക്കുന്നത്. പ്രാർത്ഥനയിലൂടെ ദൈവ
ത്തിന്റെ തന്നിലുള്ള സാന്നിധ്യവും, സഹവാസവും മനുഷ്യൻ
അനുഭവിച്ചറിയുന്നു. ദൈവത്തോട് നിരന്തരം "അതെ" എന്ന്
പ്രത്യുത്തരിക്കാൻ, പുതിയ സൃഷ്ടിയുടെ അനുഭവത്തിൽ 'കൂട്ടായ്മ
യിൽ' ജീവിക്കുവാൻ ഇതുവഴി സാധിക്കുന്നു. ഈ സഹവാസ
ത്തിന്റെ ജീവിതം അതിന്റെ പൂർണ്ണതയിൽ ജീവിച്ചുകാണിച്ചു
തന്നത് ഈശോയാണ്. പ്രാർത്ഥനയിലൂടെ, താനും പിതാവും
ഒന്നാകുന്നു എന്ന സത്യത്തിന് ഊന്നൽ കൊടുക്കുന്ന ഈശോയെ
നമുക്ക് കാണാം. അവിടുന്ന് പറയുന്നു: "ഞാൻ പിതാവിലും
പിതാവ് എന്നിലുമാണ്" (യോഹ. 14/11). അവിടുന്ന് സദാ
പിതാവിനെ ദർശിച്ചുകൊണ്ടിരിക്കുകയാണ്. അക്കാരണത്താൽ,
തന്നെ അയച്ചവന്റെ ഇഷ്ടം പ്രവർത്തിക്കുകയും അവന്റെ ജോലി
പൂർത്തിയാക്കുകയുമാണ് അവിടുത്തെ ഭക്ഷണം (യോഹ. 4/34).
ദൈവപിതാവിന്റെ മുമ്പിലുള്ള ഈശോയുടെ ഈ സമർപ്പണ
മനോഭാവം അല്പംകൂടി ആഴത്തിൽ ഹെബ്രായലേഖനകർത്താവ്
വ്യക്തമാക്കുന്നുണ്ട്: "ദൈവമേ, അവിടുത്തെ ഇഷ്ടം നിറവേ
റ്റാൻ ഇതാ ഞാൻ വന്നിരിക്കുന്നു" (ഹെബ്രാ. 10/7). ദൈവ
ത്തിന്റേയും, മനുഷ്യരുടേയും മുമ്പിൽ ഹിതം നിറവേറ്റുക
എന്ന ലക്ഷ്യവുമായി, നമ്രശിരസ്കനായി കൈ കൂപ്പി നില്ക്കുന്ന
ഈശോയുടെ രൂപമാണ് ഇവിടെ നമുക്ക് ദർശിക്കാൻ സാധി
ക്കുന്നത്.

പ്രാർത്ഥനയോടും, പ്രവർത്തനത്തോടും വിശ്വസ്തത
പുലർത്തുമ്പോഴാണ് "അതെ" എന്ന് പ്രത്യുത്തരം–കൈ കൂപ്പൽ
–ഒരു യാഥാർത്ഥ്യമായിത്തീരുന്നത്. മുഴുവൻ സമയവും പിതാ
വിന്റെ അരികിൽ ഇരിക്കുവാൻ, പിതാവിന്റെ സാന്നിധ്യ
ത്തിലായിരിക്കുവാൻ ഈശോയ്ക്ക് സാധിച്ചിരുന്നു. അതിരാ
വിലെ ഉണർന്ന് വിജനസ്ഥലത്ത് ചെന്ന് ഈശോ പ്രാർത്ഥിച്ചു

(മർക്കോ. 1/35). വൈകുന്നേരം ജനക്കൂട്ടത്തെ പറഞ്ഞയച്ചു ശേഷം മലമുകളിൽ ചെന്നു് പ്രാർത്ഥനയിൽ ചിലവഴിച്ചു (മർക്കോ. 6/46). രാത്രി മുഴുവൻ അവിടുന്നു് പ്രാർത്ഥിച്ചു (ലൂക്ക. 6/11). ഈ സാന്നിധ്യാനുഭവത്തിൽ മനുഷ്യന്റെ ജീവിതാവശ്യങ്ങളിലേയ്ക്കും, പ്രശ്നങ്ങളിലേയ്ക്കും ക്ഷമയും, കാരുണ്യവുമായി ഈശോ കടന്നുചെന്നു. അവിടുന്നു് പറഞ്ഞു: "പിതാവു് പുത്രനെ സ്നേഹിക്കുകയും, താൻ ചെയ്യുന്നതെല്ലാം അവനെ കാണിക്കുകയും ചെയ്യുന്നു" (യോഹ. 5/20). പിതാവു് ചെയ്തുകണ്ടതെല്ലാം പുത്രനും ചെയ്തുകൊണ്ടിരുന്നു. ഇങ്ങനെ ദൈവപിതാവിന്റെ അനന്തമഹിമയ്ക്കുമുമ്പിൽ, അവിടുത്തെ പിതൃവാത്സല്യത്തിനുമുമ്പിൽ നന്ദിയോടെയും, സ്നേഹത്തോടെയും, വിധേയത്വത്തോടെയും നില്ക്കുന്ന പുത്രനെയാണു് ഈശോയിൽ നാം കാണുന്നതു്. ചുരുക്കത്തിൽ, സ്വർഗ്ഗസ്ഥനായ പിതാവിനു് യഥേഷ്ടം പ്രവർത്തിക്കാൻ സ്വാതന്ത്ര്യം കൊടുക്കുന്ന കൈക്കൂപ്പലായിരുന്നു ഈശോയുടെ ജീവിതം.

കൈക്കൂപ്പി നില്ക്കുക എന്നു പറയുമ്പോൾ അതിന്റെ അർത്ഥം "ഞാൻ നിന്റേതാണു്, എന്റേതല്ല" എന്നു് പറയുകയാണു്. സദാ ദൈവത്തോടും, മനുഷ്യരോടും "അതെ" എന്നു പറഞ്ഞു് ദൈവസാന്നിധ്യാനുഭവത്തിൽ ജീവിക്കുക എന്നതാണു് ഇതുകൊണ്ടർത്ഥമാക്കുന്നതു്. പരി. ത്രിത്വത്തിൽ നിറഞ്ഞു് ജീവിക്കുന്ന അനുഭവമാണിതു്. ദൈവം ജീവിതത്തിന്റെ കേന്ദ്രമായിത്തീരുന്ന അനുഭവം. നന്ദിയുടെ, സംതൃപ്തിയുടെ, ആത്മവിസ്മൃതിയുടെ ജീവിതം ഇങ്ങനെയുള്ള വ്യക്തികളിൽ നമുക്കു കാണുവാൻ സാധിക്കും. ഈ അനുഭവത്തിൽ വി. ശ്ലീഹാ പറയുന്നു: "ഇക്കാരണത്താൽ സ്വർഗ്ഗത്തിലും, ഭൂമിയിലുമുള്ള എല്ലാ പിതൃത്വങ്ങൾക്കും നാമകാരണമായ പിതാവിന്റെ മുമ്പിൽ ഞാൻ മുട്ടുകൾ മടക്കുന്നു" (എഫേ. 3/14) എന്നു്.

ചാവറപ്പിതാവിന്റെ ജീവിതത്തിലേയ്ക്കു് കണ്ണോടിക്കുമ്പോൾ അദ്ദേഹത്തെക്കുറിച്ചു് സമകാലീനർ പറഞ്ഞിരിക്കുന്ന ഒരു വസ്തുത കാണാൻ കഴിയും. "അദ്ദേഹം എപ്പോഴും പ്രാർത്ഥിച്ചിരുന്നു; എവിടേയും പ്രാർത്ഥിച്ചിരുന്നു."* നമ്മുടെ പ്രമാണരേഖയിൽ ഇപ്രകാരം കാണുന്നു: "അതിശക്തമായ ആത്മപ്രേര

* ഫാ. വലേരിയൻ സി എം. ഐ. മലങ്കരസഭാമാതാവിന്റെ ഒരു വീരസന്താനം: 1939; പേജ് 248

ണയാൽ അദ്ദേഹം ദിവ്യകാരുണ്യനാഥന്റെ മുമ്പിൽ അനുദിനം നീണ്ട മണിക്കൂറുകൾതന്നെ ധ്യാനലീനനായിക്കഴിച്ചിരുന്നു. പ്രാർത്ഥനയുടെ ആ പരിശുദ്ധ മുഹൂർത്തങ്ങളിൽ കർത്താവ് തന്റെ നിഗൂഢമായ വഴികൾ ആദ്ദേഹത്തെ തുറന്നുകാട്ടി. തന്റെ സഹോദരങ്ങളുടെ സർവ്വതോന്മുഖമായ അഭ്യുന്നതിക്കുവേണ്ടി തന്നെത്തന്നെ സമ്പൂർണ്ണമായി സമർപ്പിച്ച് കർത്താവിന്റെ തിരുവചനങ്ങൾക്ക് പ്രത്യുത്തരം നല്കുന്നതിൽ അദ്ദേഹം അനുപമമായ ആനന്ദമനുഭവിച്ചു'' (പ്രമാണരേഖ: നമ്പർ 1). ദൈവം തന്നെത്തന്നെ അദ്ദേഹത്തിന് വെളിപ്പെടുത്തി. ഈ അനുഭവത്തിന്റെ രത്നച്ചുരുക്കമാണ് ആത്മാനുതാപം 2/139–142 വരികളിൽ നാം കാണുന്നത്.

''മമപിതാവുനീയെ ഭാഗ്യവുമെനിക്കു നീ
മംഗലം നീയെന്നിയെ മറ്റെന്തുഗുണം നാഥാ,
എന്നുടെ സ്നേഹം നീയെ ഭാഗ്യവുമെനിക്കു നീ
നിന്നാലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു.''

(ആത്മാ.II/139–142)

സല്ലാപലോകത്തിൽ ഈശോയുടെ അരികിലിരുന്നപ്പോൾ ഈശോയിൽ സ്വർഗ്ഗസ്ഥനായ പിതാവിനെയാണ് ദർശിക്കുന്നത്. ''ഞാനും പിതാവും ഒന്നാകുന്നു'' (യോഹ. 10/30) എന്ന ഈശോയുടെ വാക്കുകൾ അദ്ദേഹത്തിന് അനുഭവമായി. ഈ അനുഭവത്തിലാണ് ''അപ്പാ'' എന്നുള്ള വിളി ഉയരുന്നത്. ആബ്ബാ അനുഭവത്തിൽ അദ്ദേഹം നിരന്തരം ജീവിച്ചു. ഈ ആബ്ബാ അനുഭവത്തിൽ, സ്നേഹത്തിന്റെ അനുഭവത്തിൽ നിൽക്കുന്ന ചാവറപ്പിതാവിന്റെ ജീവിതശൈലി എന്താണ്? ദൈവത്തിന്റേയും, മനുഷ്യരുടേയും മുമ്പിലുള്ള നിരന്തരമായ കൈകൂപ്പലായിരുന്നു അത്. ജീവിതത്തോട് ''അതെ'' എന്നുള്ള പ്രഖ്യാപനമായിരുന്നു അത്. ജീവിതാരംഭംമുതൽ അവസാനംവരെ തുടർന്നുകൊണ്ടുപോയ ഒരു പ്രക്രിയയുമായിരുന്നു അത്.

1. അസ്തിത്വത്തിനു മുമ്പിലുള്ള കൈകൂപ്പൽ.

തിരുമുമ്പിൽ കൈകൾ കൂപ്പുവാൻ പരിശീലിച്ചിട്ടുള്ള വ്യക്തി ആദ്യമായി കൈകൾ കൂപ്പുന്നത് സ്വന്തം അസ്തിത്വത്തിന് മുമ്പിലാണ്. ദൈവം തനിക്ക് സമ്മാനിച്ച അസ്തിത്വം അതായിരിക്കുന്ന വിധത്തിൽ അംഗീകരിക്കുവാനും, സ്നേഹത്തോടുകൂടി അത് സ്വീകരിക്കുവാനും സാധിക്കുന്നവർക്ക് മാത്ര

മെ മറെറല്ലാ കാര്യങ്ങളിലും ദൈവതിരുമുമ്പിൽ കൈക്കൂപ്പി നിൽക്കുവാൻ സാധിക്കുകയുള്ളു. ദൈവം സമ്മാനിച്ച അസ്തിത്വത്തിനുമുമ്പിൽ കൂപ്പുകരങ്ങളോടെ നിൽക്കുന്ന ചാവറപ്പിതാവിനെയാണ് ആത്മാനുതാപം ഒന്നും രണ്ടും പാദങ്ങളിൽ വളരെ പ്രകടമായി കാണുന്നത്.

"ആദിനായകനായ സർവ്വേശ്വരൻ
ആദത്തിൻ സുതനായ് ചമച്ചെന്നെയും"

(ആത്മാ. I/1–2)

"അനാദ്യഗുണനിധേ സർവ്വേശാ പരാപരാ
..............................................
അന്തമില്ലാത്ത നിൻെറ കരുണാബ്ധിയാലെന്നെ
അന്തരിച്ചിടാതുള്ള സൃഷ്ടിയായ് ചമച്ചല്ലൊ"

(ആത്മാ. II/160–164)

ആത്മാനുതാപം ഒന്നാം പാദത്തിൽ പറയുന്നു: "ഈ ലോകത്തിൽ കാണുന്ന മൃഗത്തെപ്പോലെയൊ, കൃമിയൊ, പുഴുവൊ ആയി സൃഷ്ടിക്കാതെ മഹാപാപിയായ അടിയനെ അങ്ങേ മഹത്വത്തിൻെറ ഛായയിലും, സാദൃശ്യത്തിലും സൃഷ്ടിച്ചു" എന്ന്. ഇതോർക്കുമ്പോഴും ചാവറപ്പിതാവിൻെറ ഹൃദയം നന്ദി കൊണ്ട് നിറയുകയാണ്. തനിക്ക് അസ്തിത്വം നല്കിയ കുടുംബത്തിലേയ്ക്കും, ചുററുപാടുകളിലേയ്ക്കും, നോക്കിക്കൊണ്ട് അദ്ദേഹം പറഞ്ഞു:

"കാരുണ്യമോടെയക്കാലമെന്നെ നീ
കരുതി നന്നായ് സ്മരിച്ചു രക്ഷിച്ചല്ലോ."

(ആത്മാ. I/31–32)

പ്രപഞ്ചത്തിലേയ്ക്കും അദ്ദേഹം നോക്കി. പിതൃവാത്സല്യം അവിടെയെല്ലാം നിറഞ്ഞുനില്ക്കുന്നതായി അദ്ദേഹത്തിന് അനുഭവപ്പെട്ടു. "ഇതെല്ലാം കാണുവാൻ നീ എനിക്കു് കണ്ണുകൾ തന്നല്ലോ സർവ്വേശ്വരാ" (ആത്മാ: II/340–341) എന്ന് അദ്ദേഹം വിളിച്ചുപറയുന്നു. സ്വന്തം അസ്തിത്വത്തിനു മുമ്പിൽ കൈകൂപ്പി നില്ക്കുന്ന ചാവറപ്പിതാവിൻെറ കൃതജ്ഞതാഗീതമായിരുന്നു ഇതു്.

2. ദൈവപരിപാലനയുടെ മുമ്പിൽ കൈക്കൂപ്പിനിൽക്കുന്ന ചാവറപ്പിതാവ്

സ്വർഗ്ഗീയകുടുംബം തന്നിലേയ്ക്ക് നിരന്തരം തിരിഞ്ഞിരുന്ന ദൈവപരിപാലനയുടെ ചരിത്രമായിട്ടാണ് ചാവറപ്പി

താവ് സ്വന്തം ജീവിതത്തെ കാണുന്നത്. ആത്മാനുതാപം ഒന്നും രണ്ടും പാദങ്ങളിൽ നാം ഇതു് കണ്ടതാണ്. അമ്മ വളർത്തി പരിപാലിച്ചതും, ദൈവമാതാവിൻെറ സംരക്ഷണം തനിക്ക് ലഭിച്ചതും, അംഗവൈകല്യങ്ങൾ കൂടാതെ ജനിച്ചതും, ജ്ഞാനസ്നാനം ലഭിച്ചതുമെല്ലാം അദ്ദേഹം എണ്ണിയെണ്ണി പറയുന്നുണ്ട്. അതെല്ലാം ദൈവപരിപാലനയുടെ നിഗൂഢവഴികളായി അദ്ദേഹം കരുതി. ഇവയ്ക്കെല്ലാം ഉപരിയായി താൻ ദൈവകൃപയുടെ ശുശ്രൂഷകനാകാൻ വിളിക്കപ്പെട്ടു എന്നതു് ദൈവപരിപാലനയിലെ ഒരു പ്രധാന നാഴികക്കല്ലായി അദ്ദേഹം എണ്ണി. തൻെറ ദൈവവിളിക്കുമുമ്പിൽ അദ്ദേഹം വിസ്മയം പൂണ്ടു. "ഇത്രടം നീ വന്നതു് എങ്ങനെ. വീട്ടിൽനിന്നാരു വിളിച്ചു? പട്ടത്തിന് എങ്ങനെ കേറി; കൊവേന്തയിൽ എങ്ങനെ കൂടി; സഭ എങ്ങനെ കിട്ടി; ഇവിടെ എങ്ങനെ വന്നു? ഇതൊന്നിന് നിന്നെ കൊള്ളാമൊ? ഇല്ലയില്ല നിശ്ചയം."

(ധ്യാ. സ. പേജ് 13)

ഇപ്രകാരം തന്നെ വിളിച്ചു് ആ വിളിയിൽ വളർത്തിക്കൊണ്ടിരിക്കുന്ന ദൈവകൃപയ്ക്കുമുമ്പിൽ അദ്ദേഹം കരങ്ങൾ കൂപ്പി.

ഈ വിധത്തിൽ ദൈവതിരുമുമ്പിൽ നില്ക്കുവാൻ അദ്ദേഹം പഠിച്ചതു് ചാവറ കുടുംബത്തിൽ നിന്നുതന്നെയാണെന്ന് പറയാം.

"എന്നവരം രാത്രി പാതിരാ നേരത്തും
മന്ദം നീക്കിയുണർന്നെഴുന്നേററിട്ട്
മുട്ടുകുത്തി നമസ്കാരം ചെയ്യുമ്പോൾ
ഒട്ടുനേരം ഞാൻ മുട്ടിന്മേൽ ചാഞ്ഞിടും"

(ആത്മാനു. I/55–58)

അമ്മയുടെ അടുക്കൽ മുട്ടുകുത്തി നില്ക്കുന്ന കുഞ്ഞുചാവറയെയാണ് ഇവിടെ നാം കാണുന്നതു്. മാത്രമല്ല, ദൈവം പ്രത്യേക വിധത്തിൽ അദ്ദേഹത്തെ പരിശീലിപ്പിക്കുന്നതായും കാണാം. സ്വന്തം കുടുംബം അന്യംനിന്നുപോകുന്ന ദുഃഖകരമായ അനുഭവത്തിലൂടെ നടത്തി ദൈവഹിതത്തിനുമുമ്പിൽ ആമ്മേൻ പറയുവാൻ സ്വർഗ്ഗസ്ഥനായ പിതാവ് അദ്ദേഹത്തെ പരിശീലിപ്പിച്ചു. തൻെറ അസ്തിത്വത്തിൻെറ ആദികാരണമായ ദൈവപിതാവിലേയ്ക്കു് ചാവറപ്പിതാവ് സമ്പൂർണ്ണമായും തിരിഞ്ഞു. സ്വർഗ്ഗസ്ഥനായ പിതാവിൻെറ ആ പരിപാലനയ്ക്കുമുമ്പിൽ അദ്ദേഹം

നമ്രശിരസ്കനായി. അതിൻെറ പേരിൽ ദൈവത്തെ ചോദ്യം ചെയ്തില്ല; തളർന്നുവീണുമില്ല. മറിച്ച് ദൈവം തൻെറ പിതാവാണെന്ന അനുഭവത്തിൽ ആഴപ്പെട്ടു. ഒരു കൊച്ചുകുഞ്ഞിനെപോലെ സ്വർഗ്ഗസ്ഥനായ പിതാവിനെ നിത്യമായി അള്ളിപിടിച്ചു. "ദൈവമാണ് എൻെറ അവകാശവും ഓഹരിയും" എന്ന അനുഭവത്തിൽ ആഴപ്പെട്ടു. അതിൻെറ ഫലമായി സ്വന്തം കുടുംബത്തിൻേറയും, തൻേറയും ആവശ്യങ്ങളും, പ്ലാനുകളും ദൈവകരങ്ങളിലർപ്പിച്ചുകൊണ്ട് തന്നെ വിളിച്ച "അപ്പൻെറ കുടുംബ"ത്തിൻെറ കാര്യങ്ങളിൽ അദ്ദേഹം വ്യഗ്രത പൂണ്ടു.

ജീവിതം മുഴുവനും ദൈവപരിപാലനയുടെ മുമ്പിൽ അദ്ദേഹം കരങ്ങൾ കൂപ്പി. ദൈവാശ്രയമായിരുന്നു. ചാവറ പിതാവിൻെറ കൈമുതൽ. ഉദാ: മാംപണി; പതിനെട്ടുരൂപാ മാത്രം കൈവശമുള്ളപ്പോഴാണ് മാംപണി ആരംഭിക്കുന്നത്. ഇപ്രകാരം ഒന്നുമില്ലാായ്മയിൽ തുടങ്ങിവച്ച് വലിയ വിജയം കണ്ടതാണ് ചാവറപ്പിതാവിൻെറ സംരംഭങ്ങൾ പലതും. മാന്നാനത്ത് പ്രസ്സ് ആരംഭിക്കുമ്പോഴും ഏററവും എളിയനിലയിലായിരുന്നു തുടക്കം. "1844-ാം കാലം ചിങ്ങംമുതൽ പുസ്തകം അടിപ്പിക്കാനുള്ള വേലയ്ക്ക് പ്രത്യേകം മനസ്സുവച്ചു തുടങ്ങി. രണ്ടുകുറി ഞാൻ ഏറിയ ആഗ്രഹത്തോടെ കോട്ടയത്തു ചെന്നാറെ അവരു് കാട്ടിയതുമില്ല. തിരുവനന്തപുരത്തു് ഗവണ്മെൻറ് പ്രസ്സിൽ ചെന്നുകണ്ടു. അവിടെ കണ്ട പ്രസ്സിൻെറ ഒരു മാതൃക വാഴപ്പിണ്ടികൊണ്ടുണ്ടാക്കി ഒരാശാരിയെ കാണിച്ചു." (ചാവറയച്ചൻെറ കഥ പേജ് 31)

വലിയ കാര്യങ്ങളിൽ മാത്രമല്ല, ഏററവും നിസ്സാരമായ സംഭവങ്ങളിൽപോലും അദ്ദേഹം ദൈവപരിപാലന കണ്ടു. ചില പുസ്തകങ്ങൾ സന്ദർഭവശാൽ കണ്ടെത്തുമ്പോൾ അദ്ദേഹം പറയുന്നു: "ആ പ്രിയമുള്ള കുഞ്ഞുങ്ങളെ, സർവ്വേശ്വരൻ നമ്മുടെ കാര്യങ്ങളെ എങ്ങനെ വിചാരിച്ചു നടത്തുന്നു എന്നു് ഓർപ്പിൻ. ഇതായത്, ഈ മഠം സ്ഥാപിക്കപ്പെട്ടിരിക്കയാൽ ഇതിൻെറ നടപ്പ് എങ്ങനെ എന്നും വിചാരിച്ചിരിക്കുമ്പോൾ നടത്തുവാൻ വേണ്ടിയതൊക്കെയും അല്പബുദ്ധിമുട്ടും കൂടാതെ ദൈവം നിറവേററുന്നു. അതായതു് ഓക്കാതെ ഒരു ചെറിയ പുസ്തകം ഒരു മുറിയിൽ കണ്ടെത്തി" (കത്തുകൾ VII/11). ഇങ്ങനെയുള്ള വളരെയേറെ അനുഭവങ്ങൾ ചാവറപ്പിതാവിൻെറ ജീവിത

ത്തിൽ കണ്ടെത്തുവാൻ സാധിക്കും. സ്ത്രീകൾക്കായി ഒരു സന്യാസ സഭ സ്ഥാപിക്കുവാൻ സാധിച്ചതിൽ സന്തോഷിച്ചുകൊണ്ട് അദ്ദേഹം പറയുന്നു: "സർവ്വേശ്വരാ, എന്നെ അധികം കടപ്പെടുത്തുവാനായിട്ട് ഇതിനെയും കാണ്മാൻ എനിക്ക് ആയുസ്സ് നീളിപ്പിച്ചു എന്ന് ഞാൻ നിരൂപിക്കുന്നു" (സമ്പൂർണ്ണകൃതികൾ വാല്യം 1. പേജ് 137). ദിവസത്തിൻെറ ഓരോ നിമിഷവും ഈ പരിപാലനയുടെ മുമ്പിൽ കരങ്ങൾ കൂപ്പിയതുകൊണ്ടാണ് ചാവറപ്പിതാവിൻെറ ജീവിതം സന്തോഷനിർഭരമായത്; തെളിവുള്ളവനായത്.

ഇങ്ങനെ പരിപാലിക്കുന്ന മനോഗുണമുള്ള അപ്പനിൽ സർവ്വതും കണ്ടെത്തുന്നവർക്ക് തുനിവും, തൻേറടവും ലഭിക്കും. ദൈവപിതാവിൻെറ പരിപാലനയ്ക്കുമുമ്പിൽ സ്വയം സമർപ്പിച്ച ചാവറപ്പിതാവിൻെറ വ്യക്തിത്വം നിർഭയത്വത്തിൻേറതായിരുന്നു. റോക്കോസ് ശീശ്മയോട് ബന്ധപ്പെട്ട് ധാരാളം ശത്രുക്കൾ അദ്ദേഹത്തിനുണ്ടായി എന്ന് സംപൂർണ്ണകൃതികൾ വാല്യം I പേജ് 96–ൽനിന്നും വ്യക്തമാണ്. അവിടെയൊന്നും ചഞ്ചലചിത്തനായി ഓടിയൊളിക്കുന്നില്ല. മറെറാരു സംഭവം വലേരിയനച്ചൻെറ "മലങ്കരസഭാമാതാവിൻെറ ഒരു വീരസന്താനം" എന്ന പുസ്തകത്തിൽ പറയുന്നുണ്ട്: "ആശ്രമപ്പണികൾക്ക് തടി ശേഖരിക്കുന്നതിനായി പ്രാശനാലടുത്തുള്ള കിഴക്കൻമലകളിലേയ്ക്ക് പ്രിയോരച്ചൻ ഒരിക്കൽ പോകുകയുണ്ടായി. ഭയങ്കരനായ ഒരു കരിങ്കോളിസർപ്പം അക്കാലങ്ങളിൽ അവിടെ പല ശല്യങ്ങളും ചെയ്തുവന്നിരുന്നു. സ്ഥലനിവാസികൾക്കറിയാമായിരുന്ന ഈ സംഗതി പ്രിയോരച്ചൻ മനസ്സിലാക്കാതെ പുറപ്പെട്ടതുകണ്ട് അവർ തോക്ക് മുതലായ ആയുധങ്ങളോടുകൂടി സഹായാർത്ഥം പുറകെ എത്തിയപ്പോൾ കണ്ട കാഴ്ച അത്ഭുതകരമായിരുന്നു. സർപ്പം ഒരു ഭാഗത്ത് ശീൽക്കാരശബ്ദത്തോടെ പത്തിവിടർത്തി നിവർന്നുനില്ക്കുന്നു. അടുത്ത് മറെറാരു ഭാഗത്ത് പ്രിയോരച്ചനും കൂടെയുണ്ടായിരുന്ന ഭൃത്യനും മുട്ടുകുത്തിനിന്ന് പ്രാർത്ഥിക്കുന്നേ" കാഴ്ചയാണ് അവർ കണ്ടത് (പേജ് 253).

3. മററുള്ളവരുടെ ആവശ്യങ്ങൾക്ക മുമ്പിൽ കൈകൾ കൂപ്പുന്നു.

ദൈവപിതാവിൻെറ മുമ്പിൽ 'അതെ' എന്ന് പ്രത്യുത്തരിക്കുന്നവർ സ്വാഭാവികമായിത്തന്നെ ദൈവമക്കളുടെ മുമ്പിലും 'അതെ' എന്ന് പറയും. "കൂടെപ്പിറപ്പുകളുടെ ആത്മരക്ഷ"

എന്നത് ചാവറപ്പിതാവിനെ സംബന്ധിച്ചിടത്തോളം ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു ഉത്തരവാദിത്വമായിരുന്നു. അദ്ദേഹത്തിന്റെ കുടുംബദർശനത്തിൽനിന്നാണ് ഈ സമർപ്പണമനോഭാവം ഉടലെടുക്കുന്നത്. ജീവിച്ചാലും, മരിച്ചാലും ദൈവരാജ്യം പ്രഘോഷിക്കപ്പെടണം— ഇതായിരുന്നു ചാവപ്പിതാവിന്റെ ജീവിതാഭിലാഷം. അതിനായി കാലഘട്ടത്തിന്റെ ആവശ്യങ്ങളിലേയ്ക്ക് അദ്ദേഹം ഇറങ്ങിച്ചെന്നു (ഉദാ. പള്ളിക്കൂടങ്ങൾ, സ്ത്രീജനസമുദ്ധാരണം, ആരാധനക്രമപരിഷ്കരണം, സമൂഹത്തിൽ താഴെക്കിടയിലുള്ളവരുടെ ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങൾ). ഒരു പ്രത്യേക കാര്യത്തിലൊ, സ്ഥാപനത്തിലൊ മാത്രം ഒതുങ്ങിനിന്നില്ല അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ. മനുഷ്യന്റെ സമഗ്രവിമോചനം എന്നതായിരുന്നു ചാവറപ്പിതാവിന്റെ ലക്ഷ്യം; അഥവാ ദൈവമക്കളുടെ ആവശ്യങ്ങളെല്ലാം തന്റെ ആവശ്യങ്ങളായി മാറിയതുകൊണ്ട് 'പുതിയ കാര്യങ്ങളും പുതിയ സൃഷ്ടികളു'മാണ് അദ്ദേഹം നടത്തിയത്. ദൈവഹിതത്തിനു മുമ്പിൽ ദൈവികപദ്ധതികൾക്കായി കൈകൂപ്പുന്നവർക്കാണ് 'പുതിയവസ്തു'' ജന്മം നൽകുവാൻ സാധിക്കുന്നത്.

തിരുസ്സഭയെ പുത്രതുല്യം സ്നേഹിച്ചിരുന്ന ചാവറപ്പിതാവ് തിരുസ്സഭാംബികയുടെ എല്ലാ ആവശ്യങ്ങൾക്കും മുമ്പിൽ കരങ്ങൾ കൂപ്പി. സഭയിൽ ശരിയായ നേതൃത്വം എന്നും നിലനിൽക്കണമെന്നും, സഭാംഗങ്ങൾ കർത്താവിന്റെ പ്രതിപുരുഷനായ മാർപ്പാപ്പയോട് വിധേയത്വം പുലർത്തണമെന്നും സ്വന്തം ജീവിതത്തിലൂടെ പഠിപ്പിക്കുന്നു. ദൈവഹിതം ഈ ഭൂമിയിലേയ്ക്ക് ഇറക്കിക്കൊണ്ടുവരുവാൻ നിയുക്തരായ എല്ലാ അധികാരികളോടും അദ്ദേഹം വിധേയത്വം പ്രകടിപ്പിച്ചു. മാത്രമല്ല, കർത്താവിന്റെ ശരീരമാകുന്ന സഭയിലെ അംഗങ്ങളുടെ കുറവുകൾ സ്വന്തം കുറവുകളായി കണ്ടു. തന്റേയും മറ്റുള്ളവരുടേയും പാപങ്ങൾമൂലം ആ തിരുശരീരം ഇന്നും സഹിക്കുന്നു എന്നു കണ്ടപ്പോൾ പറഞ്ഞു: "ഈ നിന്റെ തിരുതലയിലുള്ള മുൾക്കെട്ടിനെ എന്റെ തലയിൽ വയ്ക്കണെ" (ധ്യാ. സ. പേജ് 19). സഭാശരീരത്തിന്റെ കുറവുകൾ പരിഹരിക്കുന്നതിനായി ആ ശരീരത്തിലെ ഏററം ചെറിയ ഘടകമായ 'കുടുംബങ്ങൾ' മുതൽ നവീകരിക്കാൻ ശ്രമിച്ചു. അതിനായി കുടുംബചട്ടങ്ങൾ എഴു

തിയ്യണ്ടാക്കി. അങ്ങനെ കുടുംബം, സന്യാസസഭ, തിരുസ്സഭ എന്നിവവഴി ദൈവരാജ്യാനുഭവം ഒരു യാഥാർത്ഥ്യമാക്കാൻ ചാവറപ്പിതാവ് യത്നിച്ചു.

4. ദൈവമഹത്വത്തിന് മുമ്പിലുള്ള കൈകൂപ്പൽ.

സ്വാർത്ഥചിന്തകൂടാതെ വിനീതസേവനത്തിലൂടെ മററുള്ളവർക്കുവേണ്ടി തന്നെത്തന്നെ വ്യയം ചെയ്ത ചാവറപ്പിതാവിനെ നോക്കി നമുക്ക് പറയാൻ സാധിക്കും; ദൈവമഹത്വത്തിനായുള്ള കൈകൂപ്പലായിരുന്നു ആ പുണ്യപുരുഷൻെറ ജീവിതമെന്ന്. നാളാഗമത്തിൻെറ പേജുകളിലൊന്നും താൻ ചെയ്ത വൻകാര്യങ്ങളുടെ ലിസ്റ്റ് നിരത്തുന്നില്ല. പലപ്പോഴും തന്നേക്കാൾ പ്രായം കുറഞ്ഞ ലെയോപ്പോൾഡ് മൂപ്പച്ചനെ തന്നേക്കാൾ വലുതാക്കി കാണിക്കുവാനാണ് അദ്ദേഹം ശ്രമിക്കുന്നത്. ദൈവമഹത്വത്തിനായി അദ്ധ്വാനിച്ചതുകൊണ്ട് സഹകരണത്തിൻെറയും, വിട്ടുവീഴ്ചയുടേയും ശൈലിയാണ് ചാവറപ്പിതാവിൻെറ ജീവിതത്തിൽ തെളിഞ്ഞുനില്ക്കുന്നത്. അതുകൊണ്ട് ചാവറപിതാവ് രമ്യതയുടെ മനുഷ്യനായി. ഇതിനുള്ള ധാരാളം ഉദാഹരണങ്ങൾ അദ്ദേഹത്തിൻെറ ജീവിതത്തിൽ നമുക്ക് കാണാം.

5. ദൈവകൃപയ്ക്കുമുമ്പിൽ കരങ്ങൾ കൂപ്പാം.

ദൈവപിതാവിൻെറ മുമ്പിൽ കരങ്ങൾ കൂപ്പുവാൻമാത്രം പഠിച്ച ആ ധന്യജീവിതത്തിൻെറ രത്നച്ചുരുക്കം "തിരുമനസ്സ് നടക്കും, നടത്തും" (ധ്യാനസല്ലാപം പേജ് 13) എന്ന വാക്കുകളിൽ കാണാവുന്നതാണ്. വലിയ വിശ്വാസത്തിൻെറ അനുഭവം. ആ വിശ്വാസാനുഭവത്തിൽ ഹിതം നിറവേറട്ടെ എന്നുമാത്രം ആഗ്രഹിക്കുന്നു. തനിക്ക് മററുള്ളവരേക്കാൾ കൂടുതൽ അധികാരമുണ്ടെന്ന് അദ്ദേഹം ചിന്തിച്ചില്ല; മറിച്ച് അധികാരം ശുശ്രൂഷയാക്കി ദൈവതിരുമനസ്സ് നിറവേററി. അന്ത്യനാളുകളിൽ കൂനമ്മാവിലൊ, മാന്നാനത്തൊ പാർക്കുവാൻ താല്പര്യം എന്ന അധികാരികളുടെ ചോദ്യത്തിന് അദ്ദേഹം പ്രതികരിച്ചതിപ്രകാരമാണ്: "എനിക്ക് മറെറാരു മനസ്സുണ്ടോ?"

ദർശനഭവനത്തിൽ തിരുഹിതത്തിനുമുമ്പിൽ സദാ കരങ്ങൾ കൂപ്പിയ ചാവറപ്പിതാവിനെപ്പോലെ നമുക്കും കരങ്ങൾ കൂപ്പാം. തിരുഹിതത്തിന് 'അതെ' എന്ന് പറയുമ്പോൾ നമ്മുടെ പ്രാർത്ഥനയും, പ്രവർത്തനവും സംയോജിക്കും; അവിടെ പാളിച്ചകൾ കടന്നുകൂടുകയില്ല. സ്വാർത്ഥലാഭങ്ങളും, പേരും

പ്രശസ്തിയും എന്നത് ദൈവമഹത്വത്തിനായി വഴിമാറിക്കൊടുക്കും; നിരന്തരസാന്നിധ്യത്തിൽ ജീവിക്കുന്നതുവഴി നാം തെളിവിന്റെ മക്കളാകും; നമ്മുടെ കർമ്മരംഗങ്ങൾ സജീവമാകും; പുതിയ സൃഷ്ടികൾ നടക്കും; പരസ്പരം സഹകരിക്കും; ദൈവരാജ്യവിപുലീകരണം സന്തോഷകരമായ ഉത്തരവാദിത്വമായി അനുഭവപ്പെടും. അതുകൊണ്ട് ഇന്നലകളിലെ ജീവിതത്തെയോർത്ത് നന്ദിയോടെ നമുക്ക് കരങ്ങൾ കൂപ്പാം; ഇന്നിന്റെ ജീവിതത്തിൽ ദൈവഹിതത്തിനായി കാതോർക്കാം, ഭാവിയിലും കരങ്ങൾ കൂപ്പുവാൻ ശക്തി തരണമെ എന്ന് പ്രാർത്ഥിക്കാം.

കൃപ: 'എനിക്ക് മറ്റൊരു മനസ്സുണ്ടോ' എന്നു ചോദിക്കുന്ന ചാവറപ്പിതാവിനെപ്പോലെ ദൈവഹിതത്തിനുമുമ്പിൽ നിരന്തരം കരങ്ങൾ കൂപ്പി 'തിരുമനസ്സ് നടക്കും, നടത്തും' എന്നു വിശ്വസിച്ച് തെളിവിന്റെ മക്കളായി ജീവിക്കുവാനുള്ള കൃപ.

സൂക്തങ്ങൾ:

1 "ദയവിന്നയോഗ്യനായിവനെങ്കിലും തവ
ദയയാൽ വളർത്തപ്പെട്ടതിനെയോർത്തീടണം"
(ആത്മാ. II/279–280)

2 "അപ്പോഴെ, തിരുമനസ്സ് നടക്കും, നടത്തും".
(ധ്യാ. സ. പേജ് 13)

3 "എന്റെ വചനം കേട്ട് കർത്താവിനെപ്പറ്റി നാണമില്ലാത്തവരാകുവിൻ" (കത്തുകൾ IX/7)

വായനകൾ:

യോഹ. 4/34, 14/11 ഹെബ്രാ. 10/7, എഫേ. 3/14
ആത്മാനുതാപം II/139–142, 160.164.
ധ്യാനസല്ലാപങ്ങൾ പേജ് 13
സമ്പൂർണ്ണകൃതികൾ Vol. I പേജ് 137

## മരിയസല്ലാപം

ആത്മാനുതാപം X മുതൽ XII വരെയുള്ള പാദങ്ങളിൽ, മാതാവിന്റെ മഹത്വപൂർണ്ണമായ ജീവിതത്തിന്റെ ദർശനമാണ് ചാവറപ്പിതാവ് കാണുന്നത്. അതോടെ ചാവറപ്പിതാവിൽ വലിയൊരു മാറ്റം നടക്കുന്നു. പിതാവ് സ്വയം മറക്കുന്നു.

മാതാവിൻെറ മഹത്വം കണ്ട് അതിൽ വിസ്മയിച്ചിരിക്കുന്നു. സ്വയം ലയിച്ചുചേരുന്നു. ഇവിടെ മാതാവ് എങ്ങിനെയാണ് പരിശുദ്ധ ത്രിത്വത്തിലേയ്ക്ക് തിരിഞ്ഞിരുന്നതെന്നും പരിശുദ്ധ ത്രിത്വം എങ്ങിനെയാണ് മാതാവിലേയ്ക്ക് തിരിഞ്ഞിരുന്നതെന്നും ചാവറപ്പിതാവ് ദർശിക്കുന്നു. ഈ ത്രിത്വദർശനത്തിൽ ചാവറപ്പിതാവിനോടൊപ്പം നമുക്കും പങ്കുചേരാം.

വിശ്വാസപ്രമാണം. 1സ്വർഗ്ഗ. 3നന്മ. 1ത്രിത്വ.

ഒന്നാം രഹസ്യം: മാതാവിൻെറ മഹത്വത്തിൻെറ ജീവിതം ആരംഭിക്കുന്നു.

ആത്മാനുതാപം X 33–40 പാടുന്നു

ഉത്ഥാനംചെയ്ത ഈശോ വന്നിട്ട് മാതാവിനെ ഉണർത്തി തന്നിലേയ്ക്ക് അണയ്ക്കുന്നു. ആ സമയത്ത് മാതാവിന് വലിയ ആത്മീയാനന്ദമുണ്ടാകുന്നു. "സ്നേഹിതേ കരേറുക മേല്പോട്ട്" എന്ന അശരീരി കേൾക്കുന്നു. ഇത് സ്നേഹത്തിലുള്ള വളർച്ചയെ ആണ് കാണിക്കുന്നത്. പരിശുദ്ധ ത്രിത്വത്തിലുള്ള വളർച്ചയാണിത്. നാമും നമ്മെത്തന്നെ മറക്കുമ്പോഴാണ് പരിശുദ്ധ ത്രിത്വത്തിലുള്ള സ്നേഹാനുഭവത്തിൽ വളരുന്നത്. അപ്പോഴും ഈശോയുടെ സ്വരം നമുക്കും കേൾക്കുവാൻ കഴിയും. ഈ സ്നേഹാനുഭവത്തിനായിട്ട് വാഞ്ഛ. ചാവറപ്പിതാവിനോട് ചേർന്ന്, പരിശുദ്ധ അമ്മയുടെ മധ്യസ്ഥം നമുക്ക് തേടാം.

1സ്വർഗ്ഗ. 10നന്മ. 1ത്രിത്വ.

രണ്ടാം രഹസ്യം: പരിശുദ്ധ ത്രിത്വം മാതാവിനെ ഉയർത്തി തിരുസ്സഭയുടെ സംരക്ഷണം ഏല്പിക്കുന്നു.

ആത്മാനുതാപം X 73–88 പാടുന്നു.

പിതാവായ ദൈവം മാതാവിനെ തിരുസ്സഭയുടെ സംരക്ഷണം ഏല്പിക്കുന്നു. മാതാവുതന്നെ തിരുസ്സഭയുടെ പ്രതീകമാണ്. ആദിമ സഭയെ വളർത്തുവാനുള്ള ചുമതല അമ്മ സ്വീകരിക്കുന്നു. പുത്രൻ തൻെറ പള്ളിയായ പത്നിയെ അമ്മയ്ക്ക് ഭരമേല്പിക്കുന്നു. റൂഹാ തൻെറ ദാനമായ ബുദ്ധിശക്തി അമ്മയ്ക്ക് നൽകി. ചാവറപ്പിതാവിൻെറ ഈ ത്രിത്വദർശനത്തിൽ പങ്കുചേർന്നുകൊണ്ട് ലോകം മുഴുവനിലുമുള്ള എല്ലാമക്കളുടേയും വേദനകളും ഭാരങ്ങളും കണ്ണുനീരും നമുക്ക ഏറ്റെടുക്കാം. അവയെല്ലാം മഹത്വമാക്കി മാററുവാനുള്ള കൃപയ്ക്കായി നമുക്ക് മാതാവിനോട് പ്രാർത്ഥിക്കാം.

1സ്വർഗ്ഗ. 10നന്മ. 1ത്രിത്വ.

മൂന്നാം രഹസ്യം: പരിശുദ്ധ അമ്മയുടെ അമലോത്ഭവത്തെ പരിശുദ്ധ ത്രിത്വം പാടിസ്തുതിക്കുന്നു.

ആത്മാനുതാപം XI 205–224 പാടുന്നു.

പരിശുദ്ധ ത്രിത്വത്തിലെ മൂന്നാളുകളും മാതാവിലേയ്ക്ക് തിരിഞ്ഞു് സംസാരിക്കുന്നു. ജന്മപാപരഹിതയായി ജന്മം കൊണ്ടവളാണ് നീ എന്നതു് മാററമില്ലാത്ത സത്യമാകുന്നു. പിതാവു് ദൈവജനനിയെ നോക്കി ഇപ്രകാരം പറഞ്ഞതിനു ശേഷം അതുപോലെ തന്നെ പറഞ്ഞു് പുത്രനും അവളെ പുകഴ്ത്തി. അല്ലയോ എന്റെ അമ്മേ, പാപമില്ലാത്തവളേ നിനക്കു മംഗളം! മനുഷ്യജന്മത്തിലെ പാപങ്ങളുടേതായ നിഴൽപോലും നിന്നിലില്ല എന്നതു് സത്യമാകുന്നു. ജന്മം മുതൽ അവളെ സ്നേഹിച്ച സ്നേഹദൈവമായ പരിശുദ്ധാത്മാവു് തന്റെ സ്നേഹമഹിഷിയെ സന്തോഷിപ്പിച്ചുകൊണ്ടു് ഇങ്ങനെ അരുളിച്ചെയ്തു. നീ എന്റെ സ്നേഹമണവാട്ടിയാകുന്നു, നീ മുഴുവനും പരിശുദ്ധയാകുന്നു, നീ മുഴുവൻ പ്രകാശധാരയാകുന്നു, ജന്മപാപം കൂടാതെ ജനിച്ചവരും നീ മാത്രമാകുന്നു. ഇങ്ങനെ പരിശുദ്ധ അമ്മയുടെ അമലോത്ഭവത്തെ പരിശുദ്ധ ത്രിത്വം വാഴ്ത്തി സ്തുതിച്ചപ്പോഴും ഇതുകണ്ടു മോക്ഷവൃന്ദം ആഘോഷമായി കൊട്ടിപ്പാടി. ഈ വലിയ മഹത്വത്തിൽ പങ്കുചേർന്നുകൊണ്ടു്, ചാവറപ്പിതാവിനോടു് ചേന്നു്, പരിശുദ്ധ അമ്മയെ നമുക്കും സ്തുതിക്കാം.

1സ്വർഗ്ഗ. 10നന്മ. 1ത്രിത്വ.

നാലാം രഹസ്യം: മാതാവിന്റെ ഉടമ്പടി.

പരിശുദ്ധ ത്രിത്വവുമായുള്ള സ്നേഹബന്ധത്തിൽ വളന്നപ്പോഴും പരിശുദ്ധ അമ്മ തന്റെ ഉടമ്പടിയെ നൽകാനാഗ്രഹിക്കുന്നു. ആ ഉടമ്പടി ബന്ധത്തിലൂടെ അമ്മ പരിശുദ്ധ ത്രിത്വവുമായി ഒന്നായിത്തീരുന്നു. ഈ ലോകത്തിലെ ജീവിതമത്രയും താൻ ജീവിച്ചതു് അവിടുത്തെ തിരുമനസ്സു് അനുസരിച്ചാകുന്നു എന്നു് പറഞ്ഞുകൊണ്ടു് പൂർണ്ണമായ ആത്മസമർപ്പണം നടത്തി മാതാവു് നിൽക്കുമ്പോഴും ഉത്തമഗീതത്തിലെ മണവാളൻ മണവാട്ടിയെ വിവാഹ ഉടമ്പടിക്കു് ക്ഷണിക്കുന്നതുപോലെ പരിശുദ്ധ ത്രിത്വം മാതാവിനെ ക്ഷണിക്കുന്നു. അവിടെ പൂർണ്ണമായ ഐക്യം സംഭവിക്കുന്നു.

ആത്മാനുതാപം XII/ 249–260 പാടുന്നു.

അല്ലയോ സ്നേഹിതേ എനിക്ക് ഏററവും പ്രിയപ്പെട്ട മാടപ്രാവേ നീ വന്നാലും. എന്റെ അമ്മേ ഇതാ വർഷം കഴിഞ്ഞിരിക്കുന്നു, വസന്തകാലം വന്നണഞ്ഞു. ഇതാ എന്റെ ഈ നാട്ടിൽ പുഷ്പങ്ങൾ വിരിഞ്ഞു ശോഭിക്കുന്നു. അപ്പോൾ മാതാവ് തന്റെ പുത്രനെ സ്നേഹപൂർവ്വം വീക്ഷിച്ചുകൊണ്ടുപറഞ്ഞു: ഇതാ നിന്റെ തൃക്കരത്തിൽ എന്റെ ആത്മാവിനെ സമർപ്പിക്കുന്നു. ഇങ്ങനെ സ്നേഹത്താൽ വ്യാധി പിടിച്ച്, പുത്രന്റെത്തന്നെ വാക്കുകൾ ഉച്ചരിച്ചുകൊണ്ടാണ് മാതാവ് മരിക്കുന്നത്. ആ സ്നേഹംകൊണ്ട് വ്യാധിയും മരണവും ഭൂമിയിൽ അമൃതാക്കി മാററി. അതിന്റെ ഫലമായി ഹൃദ്യമായ പരിമളം ഈ ലോകം മുഴുവൻ വീശി.

ലോകം മുഴുവൻ സ്നേഹത്തിന്റെ പരിമളം പരത്തുവാൻ വേണ്ടിയാണ് നാമും ഉടമ്പടി ചെയ്തിരിക്കുന്നത്. ഇതിനുള്ള വേദി അഥവാ ദർശനഭവനം നമുക്ക് ലഭിച്ചത് വാഴ്ത്തപ്പെട്ട ചാവറപ്പിതാവിലൂടെയാണ്. പരിശുദ്ധ ത്രിത്വവുമായി നാം ചെയ്തിരിക്കുന്ന ഉടമ്പടിയെ നന്ദിപൂർവ്വം നമുക്ക് അനുസ്മരിക്കാം. ഈ ഉടമ്പടി മരണംവരെ ജീവിക്കാനുള്ള അനുഗ്രഹത്തിനായി പരിശുദ്ധ അമ്മയുടെ മാധ്യസ്ഥം നമുക്ക് യാചിക്കാം.

1സ്വർഗ്ഗ. 10നന്മ. 1 ത്രിത്വ.

അഞ്ചാം രഹസ്യം: പരിശുദ്ധ ത്രിത്വം മാതാവിനെ കിരീടം അണിയിക്കുന്നു.

അന്ത്യപാദം, 49–54 പാടുന്നു.

പരി. ത്രിത്വം മാതാവിനെ കിരീടം ചൂടിച്ചുകൊണ്ട് പറയുന്നു: ''നീ സർവ്വരാജ്ഞിയാണ്, ആ തെളിവോടെ നിത്യമായി വാഴുക, സ്വർഗ്ഗരാജ്ഞിയായി ഭരിക്കുക, ഉന്നതസ്തുതിക്ക് നീ യോഗ്യയാണ്''. സ്വർഗ്ഗസമൂഹത്തിൽ ആയിരുന്ന് എല്ലാം ഭരിക്കുവാനുള്ള കടമയും അധികാരവും മാതാവിനുണ്ടെന്ന് പരിശുദ്ധ ത്രിത്വം പറയുന്നതായി ചാവറപ്പിതാവ് ദർശിക്കുന്നു. ഈ ദർശനത്തിൽ തന്നെത്തന്നെ മറന്ന് സന്തോഷിക്കുന്ന നമ്മുടെ പിതാവ് തന്റെ മരണനേരത്തേയ്ക്ക് മാതാവിന്റെ അനുഗ്രഹം പ്രാർത്ഥിക്കുന്നു. സ്വർഗ്ഗരാജ്ഞിയായി മുടിചൂടിനിൽക്കുന്ന അമ്മയോട് നമുക്കും പ്രാർത്ഥിക്കാം. 1 സ്വർഗ്ഗ. 10നന്മ. 1ത്രിത്വ.

ചാവറപ്പിതാവിൻെറ മാതൃദർശനത്തിൽ പങ്കുചേർന്നുകൊണ്ട്, പരിശുദ്ധ അമ്മയെ നാം സ്തുതിക്കുകയും അമ്മയുടെ മാധ്യസ്ഥം തേടുകയുമായിരുന്നു. തുടർന്ന് ചാവറപ്പിതാവിൻെറ തന്നെ വാക്കുകളിൽ പരിശുദ്ധ അമ്മയുടെ ലുത്തിനിയ നമുക്ക് ചൊല്ലാം.

കർത്താവെ അനുഗ്രഹിക്കണമെ
മിശിഹായെ അനുഗ്രഹിക്കണമെ.
കർത്താവെ അനുഗ്രഹിക്കണമെ
മ്ശിഹായെ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ.
മ്ശിഹായെ ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമെ.
കാരുണ്യക്കടലായ പിതാവായ ദൈവമെ
കാരുണ്യം തന്നെയായ പുത്രനായ ഈശോയെ
കാരുണ്യ നാഥനായ പരിശുദ്ധാത്മാവേ
ഏകദൈവമായ പരിശുദ്ധ ത്രിത്വമെ.

പരിശുദ്ധ മറിയമേ
ദൈവമാതാവിൻെറ തിരുമടിയേ
കാരുണ്യ മാതാവേ
നാഥൻെറ മാതാവേ
സ്നേഹ മാതാവേ
അനുഗ്രഹത്തിൻെറ അമ്മേ
മനോഗുണത്തിൻെറ അമ്മേ
തമ്പുരാൻെറ അമ്മേ
കന്മലയമ്മേ
അമ്മയെ സ്നേഹതായേ
മംഗലൻ സുതനമ്മേ
മാതാവേ മമ നാഥേ
കറയില്ലാത്ത നാഥേ
ത്രിലോകത്തിൻെറ നാഥേ
കരുണയുള്ള നാഥേ
നിർമ്മല ഗുണ നാഥേ
നരജന്മത്തിൻ നാഥേ
മല നിഴലില്ലാത്ത നാഥേ
ദയാ നാഥേ
ഗുണ നാഥേ

സോമ പാദിനീ
മംഗല ജനനീ
വരവർണ്ണിനീ
സൂര്യവാസര മുഖീ
സ്നേഹമഹിഷീ
ജന്മപാപത്തിൻ കഷ്ടനഷ്ടം ചെയ്യവളെ
മമ സുന്ദര കപോതമേ
സങ്കേത മധ്യസ്ഥേ
മമ സ്നേഹിതേ
സൃഷ്ടികളിൽ പ്രധാന സൃഷ്ടിയേ
ഭക്തവത്സലേ
താരസമുദ്രമേ
മമ മാതാരാജ്ഞീ
രാജേശ്വരീ
സർവ്വ രാജ്ഞീ

ലോകത്തിൻെറ പാപങ്ങരം നീക്കുന്ന ദൈവത്തിൻെറ
കുഞ്ഞാടേ–3

പ്രാത്ഥിക്കാം

സർവ്വേശ്വരൻെറ പുണ്യപൂർണ്ണയായ മാതാവേ മഹത്വ കിരീടമണിഞ്ഞു് സ്വർഗ്ഗത്തിൽ വിരാജിക്കുന്ന കർമ്മലയമ്മേ, അങ്ങേപ്പക്കൽ ഞങ്ങരം അഭയം തേടുന്നു. ഈ ഭൂമിയിൽ അങ്ങേയെ മതിവരുവോളം പാടിപ്പുകഴ്ത്തിയ ചാവറപ്പിതാവിനോട് ചേർന്നു്, പരിശുദ്ധമായ ഒരു ജീവിതത്തിനായി അമ്മയുടെ മാധ്യസ്ഥം ഞങ്ങരം തേടുന്നു. എല്ലാ ആവശ്യനേരങ്ങളിലും എളിയവരായ ഈ മക്കളുടെ അപേക്ഷ അങ്ങു് ശ്രവിക്കണമെ. ത്രിത്വതിരുമുഖം ദർശിച്ചുകൊണ്ടിരിക്കുന്ന ഭാഗ്യവതിയായ അമ്മേ, ഈലോക മായകളിൽ കുടുങ്ങാതെ ഞങ്ങളുടെ ഹൃദയങ്ങളെ അങ്ങേ തിരുപ്പുത്രനിൽ ഉറപ്പിക്കുവാൻ കൃപ ചെയ്യണമെ. നാഥൻെറ തിരുമുഖം സദാ ദർശിച്ചു് ഉത്തമകന്യകമാരായി എന്നും എപ്പോഴും അവിടുത്തെ ഹിതം പ്രാവർത്തികമാക്കി കൊണ്ടു്, സമർപ്പണജീവിതം സാഫല്യമാക്കുവാൻ ഞങ്ങരംക്കു വേണ്ടി പ്രാത്ഥിക്കണമെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ . . . ആമ്മേൻ

ഗാനം

രാജകന്യകയെ കരുണയെഴുന്നൊരു ...........

# സമൂഹസല്ലാപം

ഈശോയുടെ ജീവിതം മുഴുവൻ 'കാണാകേണം' എന്ന ദാഹത്തോടെ ചാവറപ്പിതാവ് തിരുസ്സന്നിധിയിൽ നീണ്ട മണിക്കൂറുകൾ ചിലവഴിച്ചു. ജീവിതം മുഴുവനും ഒരു തപസ്യയാക്കി മാററി നിരന്തരം ദൈവസന്നിധിയിൽ ആയിരുന്നപ്പോൾ തിരു അവതാര രഹസ്യത്തിന്റെ ആഴങ്ങളിലേയ്ക്ക് അദ്ദേഹം ഇറങ്ങി. തിരുക്കുടുംബത്തെ തന്റെ ഹൃദയത്തിൽ ദർശിച്ച് വണങ്ങി. തിരു അവതാരത്തിൽ ഈ ലോകം മുഴുവനും വചനമയമാകുന്നത്, ഐശ്വര്യം–മംഗളം കൈവരുന്നത് ദർശിച്ചു. ആ വചനത്തിൽ – ഈശോയിൽ ചാവറപ്പിതാവും ലയിച്ചു. 'കാണാകേണം' എന്നത് ആത്മസാക്ഷാത്കാരമായി ദാഹത്തോടെ, അന്വേഷിച്ചത് കണ്ടെത്തിയതിലുള്ള സംതൃപ്തിയോടെ ചാവറപ്പിതാവ് പറഞ്ഞു: 'നീയാണ് എന്റെ ശരണം, നീയാണ് എന്റെ ഭക്ഷണം, നീയാണ് എന്റെ ആശ്വാസം'. തിരുസ്സന്നിധിയിൽ പാർത്ത് ഈശോയോട് ഒന്നാകുവാൻ ആഗ്രഹിക്കുന്ന നമുക്കും ചാവറപ്പിതാവിനോടുചേർന്ന് നമ്മുടെ വിശ്വാസം ഏററുപറയാം.

ഗാനം

നമുക്ക് കർത്താവിന്റെ സന്നിധിയിൽ ഏകാഗ്രമായിരുന്ന് ഈ ഒരാഴ്ചക്കാലംകൊണ്ട് നമ്മുടെ ഉള്ളിലേയ്ക്ക് കടത്തിവിട്ട സല്ലാപചിന്തകളെ അയവിറക്കാം. ദർശന ദാഹത്തോടെ തിരുസന്നിധിയിലേയ്ക്ക് കടന്നുവന്നപ്പോൾ ഒരു ദിവ്യക്ഷണം നമുക്ക് ലഭിച്ചു. "ഈശോമിശിഹായുടെ സ്നേഹത്തിൽ പാർപ്പിൻ; എപ്പോഴും തന്റെ കൺമുമ്പിൽ ഇരിപ്പിൻ; തന്റെ അരികെ നടപ്പിൻ; തന്നോടുകൂടെ എപ്പോഴും സംസാരിപ്പിൻ".

ഇങ്ങനെയുള്ള പാർക്കലും, ഇരിക്കലും, സംസാരിക്കലുമൊക്കെ ചാവറപ്പിതാവിനെ ദർശനലോകത്തിലേയ്ക്ക് നയിച്ചു. 'ഈശോയുടെ ജീവിതം മുഴുവനും കാണാകേണം' – ആ ദർശന ദാഹത്തോടെ തപസ്സിരുന്നു. വായനയിൽ ഇഷ്ടംവച്ചു. ഏകാന്തതയിൽ സന്തോഷിച്ചു. ചാവറപ്പിതാവ് ദർശനത്തിന്റെ മനുഷ്യനായി. ദൈവത്തിനു് തന്നെക്കുറിച്ചും, മററുള്ളവരെക്കുറിച്ചും, ഈ ലോകത്തെക്കുറിച്ചുമുള്ള പദ്ധതി എന്താണെന്നു്

അദ്ദേഹം വളരെ വ്യക്തമായി മനസ്സിലാക്കി. ദൈവത്തിന് മനുഷ്യനെക്കുറിച്ചുള്ള ഭാവി "കുടുംബമാണ്", കൂട്ടായ്മയാണ്.

ദൈവത്തിന്റെ ഈ പദ്ധതിയെ, ഇന്നിന്റെ ജീവിതത്തിൽ ഒരനുഭവമാക്കാൻ തിരുക്കുടുംബത്തിന് സ്വയം പ്രതിഷ്ഠിച്ചു. തിരുക്കുടുംബത്തിന്റെ മാതൃകയിൽ ദർശനഭവനങ്ങൾ പണിതു. അവിടെ "കൂടെപ്പിറപ്പുകൾ" എന്ന അനുഭവം പങ്കുവച്ചു. ശത്രുവെന്നോ മിത്രമെന്നോ ഭേദമില്ലാതെ, എല്ലാവരെയും സ്വീകരിച്ചു. മറ്റുള്ളവരുടെ വേദനകളും, പ്രശ്നങ്ങളും തന്റേതാക്കി. അങ്ങനെ പുണ്യസങ്കേതം—എല്ലായിടത്തും സ്വർഗ്ഗപിതാവിന്റെ മുഖവും സ്വരവും ദർശിക്കുന്നു; വേദനകളെ മഹത്വത്തിന്റെ മണിക്കൂറുകളായി മാറ്റുന്ന, തിരുവചനത്തെ ആശ്രയിക്കുന്ന വ്യക്തികളുടെ കൂട്ടമാണെന്ന് അദ്ദേഹം പഠിപ്പിച്ചു.

ഈ കുടുംബദർശനം 'ഓർമ്മ'യുടെ ജീവിതശൈലിയിലേയ്ക്ക് അദ്ദേഹത്തെ നയിച്ചു. സ്വർഗ്ഗസ്ഥനായ പിതാവ് തന്നെ ഓർത്ത അനുഭവങ്ങൾ; ദൈവത്തിലേയ്ക്ക് തന്നെ തിരിയിപ്പിച്ച ഓർമ്മകൾ എല്ലാം കണ്ടപ്പോൾ അപ്പന്റെ മക്കളെ എല്ലാവരേയും, അപ്പന്റെ ലോകം മുഴുവനേയും അദ്ദേഹം ഓർത്തു—തിരുസ്സഭയാകുന്ന കുടുംബം, കർമ്മലകുടുംബം, വിശുദ്ധരുടെ കൂട്ടായ്മയാകുന്ന കുടുംബം, ജന്തുകുടുംബം, സസ്യകുടുംബം. ഏറ്റം നിസ്സാരമായ കാര്യങ്ങൾപോലും ഓർത്തു, ഓർമ്മിപ്പിച്ചു.

ഓർക്കുവാൻവേണ്ടി തിരുക്കുടുംബത്തിന്റെ നാമം ധരിച്ചു. അങ്ങനെ സ്വന്തം പേര്—സ്വന്തം അഹം പൂർണ്ണമായും മറന്ന് ദൈവത്തിന്റെ നാമം തന്നിൽ ആയിത്തീരാൻ അനുവദിച്ചു. അതിന്റെ ഫലമായി തിരുക്കുടുംബം പരസ്പരം വണങ്ങിയിരുന്നതുപോലെ എല്ലാവരേയും ശ്രേഷ്ഠരായി കണ്ട് വണങ്ങി. എല്ലാമക്കളെയും—തനിക്ക് ഇഷ്ടപ്പെടാത്തവരെയും ദൈവമക്കളായി കണ്ടു.

തിരുക്കുടുംബത്തിനുള്ള പ്രതിഷ്ഠയെ അദ്ദേഹം ജീവിച്ചു. ദൈവം തന്നെ അനുഗ്രഹിച്ച് മാറ്റിനിർത്തിയത് മറ്റുള്ളവരെ അനുഗ്രഹിക്കാൻ വേണ്ടിയാണ്. താൻ ദൈവത്തിന്റേതാകയാൽ മറ്റുള്ളവർക്കുവേണ്ടിയാണ്. അഗതിത്വം, ചൊൽവിളി, മണവാളത്വം എന്നീ വ്രതങ്ങളിലൂടെ ഈ പ്രതിഷ്ഠ ചാവറ

പിതാവ് ജീവിച്ചു. ദൈവത്തിൽ ഗതി കണ്ടെത്തുവാൻവേണ്ടി അദ്ദേഹം ഗതിയില്ലാത്തവനായി; ആശ്രയിച്ചു. ചൊൽവിളിയിലൂടെ പിതാവിന്റെ സ്വരം കേട്ട് ത്രിത്വകുടുംബം തന്നിൽ അധികാരം നടത്താൻ അനുവദിച്ചു. മണവാളത്വം അത് സ്നേഹത്തിന്റെ പൂർണ്ണതയാണ്. സഹനത്തിലൂടെ വിശുദ്ധീകരിച്ച് നമ്മിൽ ഒന്നായിത്തീരാൻ ആഗ്രഹിക്കുന്ന ദൈവത്തിനുള്ള പരിപൂർണ്ണസമർപ്പണമാണിത്. കാൽവരിയാകുന്ന വിവാഹപന്തലിലേയ്ക്ക്, കുരിശാകുന്നമണവറ പൂകുവാൻ മണവാളനോടുകൂടിയുള്ള ഗമനമാണിത്.

ഇങ്ങനെ ദൈവത്തിനും സഹോദരങ്ങൾക്കുമായി പൂർണ്ണമായി പ്രതിഷ്ഠിക്കുമ്പോഴാണ് "തിരിയൽ" പൂർണ്ണമാകുന്നത്. സർവ്വശക്തിയോടുംകൂടി ചാവറപ്പിതാവ് അപ്പനിലേയ്ക്ക് തിരിഞ്ഞു. മററുള്ളവരുടെ പാപങ്ങളും, വേദനകളും വഹിച്ചുകൊണ്ട് ലോകം മുഴുവനോടും ചേർന്ന് ധൂർത്തപുത്രനായി അപ്പന്റെ വീട്ടിലേയ്ക്ക് നടന്നു. "എത്രനാളായി എന്റെ അപ്പന്റെ മുഖം കണ്ടിട്ട്." ആ ദർശനവാഞ്ഛയോടെ തപസ്സിരുന്നു. അപ്പന്റെ കാരുണ്യത്തിൽ ആശ്രയിച്ചു. ദൈവത്തിന്റെ കാരുണ്യം തന്നിലേയ്ക്ക് വാരിക്കോരിചൊരിഞ്ഞിരിക്കുന്നത് കണ്ടപ്പോൾ അനുതാപംകൊണ്ടും, സ്നേഹംകൊണ്ടും ജ്വലിച്ചു. കാരുണ്യത്തിൽ അള്ളിപ്പിടിക്കുന്ന ഒരു കൊച്ചുകുഞ്ഞായി മാറി. അപ്പന്റെ കാരുണ്യവും കൃപയും ക്രൂശിതനായ ഈശോയിൽ ദർശിച്ചു. ആ ക്രൂശിതനോട് ഒന്നായിത്തീർന്നു. അങ്ങനെ അപ്പന്റെ ഭവനത്തിൽ അപ്പനോട് ചേർന്നിരുന്ന് ദൈവമഹത്വം, ദൈവസാന്നിധ്യം, തന്റെതന്നെ നിസ്സാരത എല്ലാം അദ്ദേഹം കണ്ടെത്തി. പ്രാർത്ഥനാമുറിയിൽ ദൈവവുമായി ഒന്നിക്കാൻ ദാഹിച്ചു. ഈ ദാഹം ഒരു ജ്വരമായി മാറിയപ്പോൾ ഈ ലോകത്തിൽ ഈശോയ്ക്ക് ഏററം ഇഷ്ടപ്പെട്ട മാതാവിന്റെ മടിത്തട്ട് തന്നിലേയ്ക്ക് കൊണ്ടുവന്നു. തിരുക്കുടുംബത്തോടൊപ്പം തിരു അവതാരം കണ്ട് തെളിഞ്ഞു. അതുവഴി നിരന്തരം സന്തോഷവും സമാധാനവും അനുഭവിക്കുന്ന ജീവിതത്തിന്റെ ഉടമയായി മാറി. ആ ദർശനവും തെളിയലും പരി. ത്രിത്വത്തിന്റെ സ്നേഹത്തിലേയ്ക്കും കൂട്ടായ്മയിലേയ്ക്കും പിതാവിനെ എത്തിച്ചു. ത്രിത്വത്തോട് ഒന്നു ചേർന്നുള്ള ജീവിതത്തിന്റെ ഉടമയായി മാറി. ഉള്ളിൽ നിറഞ്ഞുനില്ക്കുന്ന ആ സ്നേഹാനുഭവം പങ്കുവയ്ക്കുവാൻ,

അങ്ങനെ മറവുള്ളവരേയും തെളിവിന്റെ [illegible]ളാക്കി മാററുവാൻ ചാവറപ്പിതാവ് വെമ്പൽകൊണ്ടു.

ത്രിതൈ്വകദൈവത്തിന്റെ സജീവസാന്നിധ്യം നിറഞ്ഞു നിൽക്കുന്ന ഈ പരിശുദ്ധ ദേവാലയത്തിൽ ആയിരുന്നുകൊണ്ടു തന്നെ നമുക്ക്, നമ്മുടെ ഉള്ളിൽ വസിക്കുന്ന പരി. ത്രിത്വത്തിന്റെ സാന്നിധ്യത്തിലേയ്ക്ക് കടന്നുചെല്ലാം. ആ ത്രിത്വത്തിന്റെ സ്നേഹവും കൂട്ടായ്മയും അല്പസമയം നമുക്ക് ശാന്തമായി, മൗനമായി അനുഭവിക്കാം.

മൗനം................പാട്ട്

ഈ ത്രിതൈ്വകസഹവാസത്തിലേയ്ക്ക് ആനയിക്കുവാനായി കാരുണ്യവാനായ ദൈവം അവിടുത്തെ പരിശുദ്ധ ഭവനത്തിൽ ഒരാഴ്ചക്കാലമായി നമ്മെ ഒരുമിച്ച് പാർപ്പിച്ചിരിക്കയായിരുന്നു. ഈ ദിവസങ്ങളിൽ അവിടുന്ന് നമുക്കോരോരുത്തർക്കും നൽകിയ വ്യക്തിപരമായ ഉൾക്കാഴ്ചകളും, സൽപ്രചോദനങ്ങളും, ലഭിച്ച കൃപകളും ഏററുപറഞ്ഞ് അവിടുത്തെ തിരുനാമത്തിന് സ്തുതിയും, മഹത്വവും, നന്ദിയും, ആരാധനയും അർപ്പിക്കാം.

പാട്ട്

സമാപനം: ഇത്രയും ദിവസം നമ്മിലേയ്ക്ക് തിരിഞ്ഞിരുന്ന് നമ്മെ അനുഗ്രഹിച്ച ദൈവത്തിനും, മറെറല്ലാ സഹോദരങ്ങൾക്കും നന്ദിപറഞ്ഞ് ആരാധന അവസാനിപ്പിക്കുന്നു.